മര്യാദകൾ എന്തായിരിക്കണം അതിന്റെ നിബന്ധനകൾ എന്തായിരിക്കണം എന്നതിനൊക്കെ വ്യക്തമായ ചട്ടമുണ്ട്. ആ ചട്ടത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് സഭാംഗങ്ങൾ പ്രസംഗിക്കുന്ന സാഹചര്യം കൂടി സൃഷ്ടിക്കപ്പെടാൻ ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധിക്കണം.

മി. സ്പീക്കർ: ചട്ടത്തിലുള്ള കാര്യങ്ങളാണ് ഇവിടെ പറയുന്നത്. ചർച്ച നടത്തുന്നത് നല്ലതാണ്.

ശ്രീ. എം. എ. വാഹീദ്: സർ, റൂൾ 303-ഉം റൂൾ 307-ഉം രണ്ടും രണ്ടായി കാണണം. രേഖയിൽ നിന്ന് നീക്കം ചെയ്യേണ്ടത് സംബന്ധിച്ചാണ് റൂൾ 307-ൽ പറയുന്നത്. ഒരു വിഷയം കഴിയുന്നതുവരെ അത് ഉന്നയിക്കാൻ മെമ്പർക്ക് അധികാരമുണ്ട്. പക്ഷേ റൂൾ 303 എന്ന് പറയുന്നത് ആ വിഷയം കഴിഞ്ഞതിന് ശേഷം മാത്രമേ ഉന്നയിക്കാവൂ. രണ്ടും രണ്ടായി കണ്ടില്ലെങ്കിൽ ഈ പറയുന്ന ചടുലതയെല്ലാം നഷ്ടപ്പെടും.

ശ്രീ. പി. സി. ജോർജ്: സർ, എന്റെ ഒരു അനുഭവം, പ്രസംഗിക്കാൻ എഴുന്നേൽക്കുമ്പോൾ മുതൽ പോയിന്റ് ഓഫ് ഓർഡർ വിളിച്ച് പ്രസംഗിക്കാൻ അനുവദിക്കാറില്ല, ബഹളമാണ്. അതിനുള്ള നടപടിയെന്താണ് എന്നുകൂടി അങ്ങയുടെ റൂളിംഗിൽ വ്യക്തമാക്കണം.

മി. സ്പീക്കർ: റൂൾ ചെയ്യുന്ന കാര്യത്തെക്കുറിച്ചാണ് ചെയർ ഇപ്പോൾ പരിശോധിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ വ്യത്യസ്തങ്ങളായ ചർച്ചകൾ നടന്നിട്ടുണ്ട്. ശ്രീ. ആര്യാടൻ മുഹമ്മദ് ഏറ്റവും റെലവന്റ് ആയിട്ടുള്ള റൂൾ ആണ് ഇവിടെ സൂചിപ്പിച്ചത്. അംഗങ്ങൾ പ്രസംഗിച്ചുകൊണ്ടിരിക്കുന്ന സമയത്ത് പ്രസംഗത്തിന് വഴങ്ങാതെ വരുമ്പോഴാണ് പലപ്പോഴും പോന്റ് ഓഫ് ഓർഡർ ഉന്നയിച്ച് പ്രസംഗം തടസ്സപ്പെടുത്തുന്നത്. ആ തടസ്സപ്പെടുത്തൽ ഉണ്ടാകാതിരിക്കുന്നതിന് വേണ്ടിയാണ് ശ്രീ. ആര്യാടൻ മുഹമ്മദ് ഈ പോയിന്റ് ഇവിടെ റെയ്സ് ചെയ്തിരിക്കുന്നത്. തീർച്ചയായും ഗൗരവത്തോടുകൂടി എല്ലാ അംഗങ്ങളും ഇതിനെ കാണണം. പരമാവധി റൂളിൽ നിന്നുകൊണ്ട് സംസാരിക്കാൻ ശ്രമിക്കണം എന്നാണ് ഇപ്പോൾ പറയാനുള്ളത്. ഇന്ന് ബി.എ.സി. യോഗമുണ്ട് അതിൽ കക്ഷി നേതാക്കളുമായികൂടി ഇക്കാര്യം ചർച്ച ചെയ്തതിന് ശേഷം ചെയർ ഇതു സംബന്ധിച്ച് റൂൾ ചെയ്യുന്നതാണ്.

VI നിയമനിർമ്മാണകാര്യം

2010-ലെ കേരള ധനകാര്യബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അങ്ങേയ്ക്ക് 2010-ലെ കേരള ധനകാര്യ ബിൽ പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായി ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, 2010-ലെ കേരള ധനകാര്യ ബിൽ പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായി ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ക്രമപ്രശ്നം

ധനകാര്യബില്ലിലെ പ്രൊവിഷനുകൾ

ശ്രീ. കെ. എം. മാണി: സർ, ബഡ്ജറ്റിലെ 230-ാം നമ്പർ പാരായിൽ ഭൂമിയുടെ ഫെയർ വാല്യു 2010 ഏപ്രിൽ 1-ന് നിലവിൽ വരുമെന്ന് പ്രഖ്യാപിച്ചിരുന്നു. സ്റ്റാമ്പ് ഡ്യൂട്ടി നിയമത്തിലെ വിവിധ ഭേദഗതികൾ അങ്ങ് നിർദ്ദേശിച്ചിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ ഫെയർ വാല്യു ഇതുവരെ നടപ്പിലായിട്ടില്ല. അതുകൊണ്ട് ബഡ്ജറ്റിലെ സ്റ്റാമ്പ് ഡ്യൂട്ടി നിയമ നിർദ്ദേശങ്ങൾ മുഴുവൻ mockery ആയിരിക്കുന്നു. നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ല, നടപ്പിൽ വരികയുമില്ല. ആ കാര്യത്തെ സംബന്ധിച്ച് എനിക്ക് യാതൊരു സംശയവുമില്ല. സ്റ്റാമ്പ് ആക്ടിലെ ഷെഡ്യൂളിൾ 21, 22.... എനിക്ക് പ്രസംഗം കൂടിയുണ്ട് അതുകൊണ്ട് പ്രസംഗം വരുമ്പോൾ ഞാൻ എക്സ്പ്ലനേഷൻ നൽകാം, ഇപ്പോൾ ചില കാര്യങ്ങൾ മാത്രമേ പറയുന്നുള്ളു. സ്റ്റാമ്പ് ആക്ടിലെ ഷെഡ്യൂൾ 21, 22 കൺവെയൻസിനെ സംബന്ധിച്ചാണ്. ഭൂമി വിൽക്കുകയോ വാങ്ങുകയോ ഒക്കെ ചെയ്യുന്നത് കൺവെയൻസാണ്. ഷെഡ്യൂളിലെ ഐറ്റം 31 ഇഷ്ട ദാനമാണ്, ഷെഡ്യൂൾ 42 ഭാഗ ഉടമ്പടിയാണ്, ഷെഡ്യൂൾ 51 ഡവറാണ്. ഈ ഇനങ്ങളിലുള്ള കാരണങ്ങൾക്ക് മുഴുവൻ ഫെയർ വാല്യുവിന്റെ നിർദ്ദിഷ്ട നിരക്കിലുള്ള ഡ്യൂട്ടി വസൂലാക്കുമെന്നാണ് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്, അതാണ് ബില്ലിലും കൊണ്ടുവന്നിരിക്കുന്നത്. ഇതെല്ലാം നിർദ്ദിഷ്ട രീതിയിലുള്ള ഫെയർ വാല്യുവിന്റെ ഇത്ര ശതമാനം ഈടാക്കുമെന്നാണ്. ഈ ബില്ലിൽ ഒരു ഡിക്ലറേഷനുണ്ട്. 1985-ലെ നിയമത്തിന്റെ 4-ാം വകുപ്പിൽ പറയുന്ന ഡിക്ലറേഷൻ, ഇതോടൊപ്പം വച്ചിട്ടുണ്ട്. ആ ഡിക്ലറേഷനോടുകൂടി ഫിനാൻസ് ബില്ല് വച്ചാൽ...., ആ ഡിക്ലറേഷൻ ബില്ലിന്റെ പേജ് 30-ൽ പറയുന്നുണ്ട്, "It is hereby declared that it is expedient in the public interest that all the provisions of this Bill shall have effect from the 1st day of April, 2010 under the Kerala Provisional Collection of Revenues Act, 1985.(10 of 1985)." ഈ നിയമം ഞാനാണ് നിയമസഭയിൽ കൊണ്ട് വന്നതും പാസ്സാക്കിയതും, 1985-ലെ Kerala Provisional Collection of Revenues Act. അനുസരിച്ച് ഈ ഡിക്ലറേഷനോട് കൂടി ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ ടാക്സേഷൻ പ്രൊപ്പോസൽ കൊണ്ട് വന്നാൽ ഏപ്രിൽ ഒന്ന് മുതൽ നടപ്പിലാക്കും. ഈ ബില്ലിന്റെ ആമുഖത്തിൽ ഒന്നാമത്തെ

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക് : സർ, ഫെയർ വാല്യു സംബന്ധിച്ച് സഭയുടെ അറിവിനുവേണ്ടി പറയാം. സർക്കാരിന്റെ ഇപ്പോഴത്തെ ചിന്ത ഇതിലുള്ള പോരായ്മകൾ, ഈ 29-ാം തീയതിയും നിറുത്തേണ്ട, ഇങ്ങനെ തെറ്റുണ്ട്, പോരായ്മയുണ്ട് എന്ന് എപ്പോഴാണോ തോന്നുന്നത്, അപ്പോൾ ഒബ്ജക്ഷൻ റെയ്സ് ചെയ്യാനുള്ള അനുവാദം കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. കാരണം സാധനം വിൽക്കാൻ പോകുമ്പോഴല്ലേ ആളുകൾ പലപ്പോഴും വന്ന് നോക്കുക. അതുകൊണ്ട് പ്രഖ്യാപിച്ചുപോയി എന്നുപറഞ്ഞ് അവസാനമായി എടുക്കേണ്ട, ഒബ്ജക്ഷൻ ഉണ്ടെങ്കിൽ റെയ്സ് ചെയ്യാം. അത് തിരുത്തുന്നതിനുള്ള പ്രൊസീഡ്യുവറും laydown ചെയ്യണമെന്നാണ് ഉദ്ദേശിക്കുന്നത്. അദ്ദേഹം വ്യാഖ്യാനിച്ചത്, ഇങ്ങനെ വന്നാൽ അതിനെയും ബാധിക്കും. അങ്ങനെ ബാധിച്ചിട്ടുണ്ട് എന്ന് പറഞ്ഞാണ് ഇക്കാര്യങ്ങൾ പറഞ്ഞത്. ഞാൻ വീണ്ടും പറയുന്നു, ബഡ്ജറ്റ് പ്രസംഗത്തിൽ ഇല്ലാത്ത ഒരു കാര്യവും ഈ ബില്ലിൽ കൊണ്ടുവന്നിട്ടില്ല.

ശ്രീ. കെ. എം. മാണി : ബഡ്ജറ്റിൽ ഇല്ലാത്തത് അങ്ങ് നീക്കം ചെയ്യുമോ? അങ്ങ് പറഞ്ഞാൽ മതി. ബഡ്ജറ്റിൽ ഇല്ലാത്തത് ഈ ബില്ലിൽ നിന്നും നീക്കം ചെയ്യുമോ? ഉത്തരമില്ല. എഴുതിക്കോ? നോട്ട് ചെയ്യണം. ഉത്തരമില്ല.

റൂളിംഗ്

മി. സ്പീക്കർ : ശ്രീ. കെ. എം. മാണിയും, ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയും റെയ്സ് ചെയ്ത ക്രമപ്രശ്നങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. ഇനി എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അത് സബ്ജക്ട് കമ്മിറ്റിയിൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്നാണ് ചെയറിന് പറയാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : ഒരു ചെറിയ പ്രസ്താവന ആമുഖമായിട്ട് നടത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ടുവച്ചിരിക്കുന്ന ജി.എസ്.ടി. നടപ്പാക്കാനുള്ള സമയബന്ധിത പരിപാടിയനുസരിച്ച് കാര്യങ്ങൾ നീങ്ങിയാൽ ഒരുപക്ഷേ വാറ്റ് നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള അവസാനത്തെ ഫിനാൻസ് ബിൽ ആയിരിക്കും സഭ കൈകാര്യം ചെയ്യാൻ പോകുന്നത്. ബഡ്ജറ്റ് സമ്മേളനം നടക്കുന്നതുകൊണ്ട് അതു സംബന്ധിച്ച യോഗത്തിൽ പങ്കെടുക്കാൻ പോയില്ലെങ്കിലും ഇപ്പോൾ വിവരങ്ങളെല്ലാം അറിഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജി.എസ്.ടി. നടപ്പാക്കുന്നതിനുവേണ്ടി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങളെ പൊതുവിൽ കേരളം സ്വാഗതം ചെയ്യുകയാണ്. ചില കാര്യങ്ങളിൽ അഭിപ്രായ വ്യത്യാസങ്ങളൊക്കെ ഉണ്ടാകാമെങ്കിലും അത് ജി.എസ്.ടി. നടപ്പാക്കുന്നതിന് തടസ്സമാകാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ജി.എസ്.ടി.-യിൽ വളരെ അടിസ്ഥാനപരമായ മാറ്റം നമ്മുടെ പരോക്ഷ നികുതി സമ്പ്രദായത്തിൽ കൊണ്ടുവരാൻപോകുകയാണ്. ഇന്നിപ്പോൾ ഒട്ടനവധി തരത്തിലുള്ള പരോക്ഷ നികുതികളുണ്ട്. കേന്ദ്രത്തിന്റെ എക്സൈസ് ഡ്യൂട്ടി, സർവ്വീസ് ടാക്സ്, വാറ്റ് ടാക്സ്, ലക്ഷ്വറി ടാക്സ് അങ്ങനെ പലതുമുണ്ട്. ഇതെല്ലാം സംയോജിപ്പിച്ച് ഒറ്റ നികുതിയാക്കി മാറ്റാൻ പോകുകയാണ്. കേന്ദ്രം പിരിക്കും, സംസ്ഥാനവും പിരിക്കും. പക്ഷേ ഒരു നികുതി മാത്രമേ ഉണ്ടാകുകയുള്ളൂ. അതുവരുമ്പോൾ ഇന്ന് സംസ്ഥാനത്ത് നിലനിൽക്കുന്ന വാറ്റിന്റെ തത്വം അഖിലേന്ത്യാ അടിസ്ഥാനത്തിൽ നടപ്പായിത്തീരും. ഇപ്പോൾ കച്ചവടക്കാരൻ പിരിക്കുന്ന നികുതിയിൽ നിന്നും അദ്ദേഹം വാങ്ങിയപ്പോൾ കൊടുത്ത നികുതി കിഴിച്ച് ബാക്കി സർക്കാരിന് കൊടുത്താൽ മതി. സെറ്റ് ഓഫ് കിട്ടും. എന്നാൽ പുറത്തുനിന്നും സാധനങ്ങൾ വാങ്ങിച്ചുകൊണ്ടുവന്ന് കഴിഞ്ഞാൽ, ബോംബെയിൽ കൊടുത്ത നികുതിക്ക് സെറ്റ് ഓഫ് ഇവിടെ കിട്ടുകയില്ല. വാറ്റ് നികുതി ഈടാക്കുന്നില്ല. ജി.എസ്.ടി. വരുന്നതോടുകൂടി വ്യത്യാസം വരാൻ പോകുന്നത്, ബോംബെയിൽ കൊടുത്ത നികുതി ഇവിടെ നമ്മൾ റീഫണ്ട് .ചെയ്യും, സെറ്റ് ഓഫ് കൊടുക്കും. അപ്പോൾ ബോംബെയിൽ പിരിച്ച നികുതി നമുക്ക് ഇങ്ങോട്ട് തരണം. ഇങ്ങനെ വരുന്നതുകൊണ്ട് ഒരു കൺസ്യൂമർ സ്റ്റേറ്റ് അല്ലെങ്കിൽ ഡെസ്റ്റിനേഷൻ ബേസ്ഡ് ടാക്സ് ആയതുകൊണ്ട് കേരളത്തിന് വളരെ ഗുണകരമാണ്. അതുകൊണ്ടാണ് ചില പ്രശ്നങ്ങളിൽ തർക്കമുണ്ടാകുമെങ്കിലും കേരളം ഇതിന് വളരെ പോസിറ്റീവ് ആയിട്ടുള്ള നിലപാട് സ്വീകരിച്ചത്. സഭയിൽ എനിക്ക് പറയാനുള്ളത് യഥാർത്ഥത്തിൽ അത് ഈ വർഷം നടപ്പാക്കാൻ പറ്റുമായിരുന്നു. ദൗർഭാഗ്യവശാൽ ചില തർക്കങ്ങൾ വന്നു. ആ തർക്കങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ സ്റ്റേറ്റ്മെന്റ് വളരെ സഹായിച്ചിട്ടുണ്ട്.

അതിൽ ആദ്യത്തെ കാര്യം ഒറ്റനിരക്ക് എന്നുള്ളത് നമുക്ക് സ്വീകാര്യമായിരുന്നില്ല. അരിക്കും ഒരു നികുതി, കാറിനും ഒരു നികുതി. അത് പറ്റുകയില്ല. അതിപ്പോൾ അംഗീകരിച്ചിട്ടുണ്ട്. 6%, 8%, 10% എന്നിങ്ങനെയാക്കി തീരുമാനിച്ചു. രണ്ടാമത്തേത്, നഷ്ടം വന്നാൽ കോമ്പൻസേഷൻ അവർ കൊടുക്കും. കേരളത്തിന് നഷ്ടത്തിന്റെ പ്രശ്നമില്ല. സി.എസ്.ടി.-യിൽ പോലും നമുക്ക് നഷ്ടമില്ല. കാരണമെന്താണെന്നുവച്ചാൽ നെഗറ്റീവ് ഗ്രോത്തായിരുന്നു. നമ്മുടെ എണ്ണയുടെ സി.എസ്.ടി. റദ്ദാക്കിയതിന്റെ ഫലമായി ജി.എസ്.ടി. നടപ്പാക്കാനുള്ള ബേയ്സ് ഇയറിൽ വരുമാനം ഗണ്യമായിട്ട് കുറഞ്ഞതുകൊണ്ട് കേരളത്തിന് ഒരു കോമ്പൻസേഷൻ ഉണ്ട്. എന്നാൽ സി.എസ്.ടി. ഇല്ലാത്തതിന്റെ ഭാഗമായി വലിയ നഷ്ടം വരുന്ന സംസ്ഥാനങ്ങളുണ്ട്. നിങ്ങൾ നികുതി കൂട്ടി വരുമാനം ഉണ്ടാക്കിക്കോ, നഷ്ടപരിഹാരം തരാൻ പറ്റില്ല എന്നൊരു നിലപാട് സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളൊക്കെ എതിർത്തുവന്നത്. ഇപ്പോൾ അത് സംബന്ധിച്ച് ഒരു സമവായം ഉണ്ടാക്കുന്നതിന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ നിലപാട് സഹായകരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മൂന്നാമത് ഉണ്ടായത്, കേന്ദ്ര ഫിനാൻസ് കമ്മീഷന് ഇതിൽ കാര്യമില്ലെങ്കിലും ഇതുവരെ രണ്ടുമൂന്ന് വർഷക്കാലമായിട്ട് സംസ്ഥാനങ്ങൾ തമ്മിൽ നടക്കുന്ന ചർച്ചകൾ, അതിന്റെ അടിസ്ഥാനത്തിലുള്ള സമവായം, ഇത് ആകെ തള്ളിക്കളഞ്ഞുകൊണ്ട് ജി.എസ്.ടി. എങ്ങനെ വേണം എന്ന നിർദ്ദേശം വച്ചു. ആ നിർദ്ദേശങ്ങൾ സംസ്ഥാനങ്ങൾക്ക് സ്വീകാര്യമല്ല. നമ്മുടെ സ്റ്റാമ്പ് ഡ്യൂട്ടിയും പെട്രോളിന്റേയും മദ്യത്തിന്റേയുംമേലുള്ള നികുതിയെല്ലാം മാറ്റണം. ഇത് ഇതിന്റെ പുറത്ത് നിറുത്തണമെന്ന് കേരളം പറയുന്നു. അതുപോലെ നിരക്ക് സംബന്ധിച്ച് പറഞ്ഞാൽ വളരെ താഴ്ത്തിയ നിരക്കായിരുന്നു. ഇങ്ങനെയുള്ള കാര്യങ്ങളുണ്ട്. ധനകാര്യ വകുപ്പുമന്ത്രി ഈ ഫിനാൻസ് കമ്മീഷന്റെ തീർപ്പുകൾ ഇന്ന് അവഗണിച്ചിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വേഗത്തിൽ ജി.എസ്.ടി. നടപ്പാക്കുന്നതിലേക്ക് നീങ്ങാൻ പറ്റുമെന്ന് കരുതുന്നു. കേരളം അതിന് സന്നദ്ധമാണ്. തയ്യാറെടുപ്പും നടത്തിയിട്ടുണ്ട്. നമ്മുടെ കമ്പ്യൂട്ടറൈസേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. 'ഗിഫ്റ്റ്' ട്രെയിനിംഗ് മോഡ്യൂൾസെല്ലാം ഉണ്ടാക്കി അഖിലേന്ത്യാ അടിസ്ഥാനത്തിൽത്തന്നെ പരിശീലനത്തിന് തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ കരട് നിയമം ഡ്രാഫ്റ്റ് ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരളം ഈ പുതിയ സമ്പ്രദായത്തിലേയ്ക്ക് പോകുന്നതിന് സന്നദ്ധമായിരിക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്, ഒറ്റ കാര്യം ഒഴിച്ച്. അതെന്താണെന്നുവച്ചാൽ മൂന്ന് വർഷത്തെ റോഡ് മാപ്പാണ് പറഞ്ഞിരിക്കുന്നത്. മൂന്ന് വർഷം കഴിഞ്ഞ് എന്താകണം എന്ന് ഇന്ന് തീരുമാനിക്കില്ല. അത് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ചർച്ച ചെയ്ത് തീരുമാനിക്കാം. കാരണം, കേരളത്തിൽ ഞാൻ പറഞ്ഞല്ലോ രണ്ട് റേറ്റ് എങ്കിലും വേണമെന്നുള്ള ശാഠ്യം. രണ്ട്, നമ്മുടെ റവന്യൂ ന്യൂട്രലായിട്ട് ഒമ്പത് ശതമാനം എന്നത് എട്ട് ശതമാനത്തിലേയ്ക്ക് താഴ്ത്താൻ നമുക്ക് ആഗ്രഹമില്ല. മൂന്ന് വർഷം കഴിഞ്ഞിട്ട് എന്തുവേണമെന്നുള്ളത് ഇപ്പോഴേ ഒപ്പിടണം എന്നുള്ള നിലപാട് മാറ്റിക്കഴിഞ്ഞാൽ ജി.എസ്.ടി.യിലേയ്ക്ക് പോകാൻ നമുക്ക് കഴിയും. ഞാൻ ഇതിൽ കൂടുതൽ സംസാരിക്കുന്നില്ല. ഈ ഫിനാൻസ് ബില്ലിന്റെ ചർച്ചയുടെ അടിസ്ഥാനത്തിൽ അതിനോട് പ്രതികരിക്കാം. ക്രിയാത്മകമായിട്ടുള്ള നിർദ്ദേശങ്ങൾ ചർച്ചയിൽ ഉന്നയിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : ശ്രീ. കെ. കുഞ്ഞിരാമൻ അങ്ങേയ്ക്ക് 1(എ) നമ്പർ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ : 2010-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-8-2010 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. ജി. കാർത്തികേയനുവേണ്ടി ശ്രീ. കെ. ശിവദാസൻ നായർ അങ്ങേയ്ക്ക് 2(ബി) നമ്പർ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ജി. കാർത്തികേയനുവേണ്ടി ശ്രീ. കെ. ശിവദാസൻ നായർ : 2010-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ഭേദഗതികൾ അവതരിപ്പിച്ചിരിക്കുന്നു. ശ്രീ. കെ. ശിവദാസൻ നായർ അങ്ങേയ്ക്ക് സംസാരം തുടരാം.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ ഈ ധനകാര്യബില്ലിൽ ജനങ്ങൾക്ക് കൂടുതൽ ഭാരം അടിച്ചേൽപ്പിക്കുന്ന നിർദ്ദേശങ്ങളെ പൊതുവായി എതിർക്കുകയാണ്. ഇപ്പോൾ ധനകാര്യ വകുപ്പുമന്ത്രി നമ്മുടെ നാട്ടിൻ പ്രദേശത്ത് പറയുന്നതുപോലെ മൂപ്പ് ഇറക്കുന്ന ഒരു ജോലിയിൽ ഏർപ്പെട്ടിരിക്കുകയാണ്. അതായത് ഒറ്റിക്കാലാവധി അവസാനിക്കുന്നതിന് തൊട്ടുമുമ്പ് എല്ലാ ആദായങ്ങളും എടുത്തതിനുശേഷം പിന്നെയും അടുത്ത വർഷവും അതിനടുത്തവർഷവും കായ്ഫലമാകുന്ന കരിക്കുവരെ വെട്ടിയെടുക്കുന്ന് ഒരു സമ്പ്രദായമുണ്ട്. വൺ ടൈം സെറ്റിൽമെന്റിൽ കൂടി പരമാവധി വരുമാനം ഊറ്റിയെടുക്കാനുള്ള ഒരു സമ്പ്രദായത്തിലാണ് ഏർപ്പെട്ടിരിക്കുന്നത്. ഇവിടെ വൺ ടൈം സെറ്റിൽമെന്റ് എന്ന നിലയിൽ ഓപ്ഷൻ നൽകിയത് ഒരു വർഷമായിരുന്നു. പിന്നെയും അതിന്റെ കാലാവധി അങ്ങ് ദീർഘിപ്പിക്കുന്നു. കാലാവധി ദീർഘിപ്പിക്കുന്നുവെന്ന് മാത്രമല്ല കഴിഞ്ഞ ഓപ്ഷന് ഓപ്ട് ചെയ്ത ആളുകൾ ഒരു ഗഡു അടച്ചു, രണ്ടാമത്തെ ഗഡു അടയ്ക്കാൻ പറ്റിയില്ല. അവരുടെ ഓപ്ഷൻ ക്യാൻസൽ ചെയ്തു, അങ്ങനെയുള്ള ആളുകൾക്കും വീണ്ടും ഓപ്ഷന് അധികാരം നൽകിയിരിക്കുകയാണ്. പഴയ ഗഡു അടച്ചത് പുതിയ ഓപ്ഷനിൽ അടയ്ക്കുന്ന തുകയായി പരിഗണിക്കുന്നു എന്നുംകൂടി പറഞ്ഞ് പരമാവധി തുക ഈ വർഷംതന്നെ എങ്ങനെയെങ്കിലും എടുക്കാമോ എന്ന് അങ്ങ് പരിശ്രമിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഇവിടെ നേരത്തെ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി പറഞ്ഞ ഒരു കാര്യം, 30(എ) യിൽ സ്റ്റാമ്പ് ആക്ടിലെ ഒരു ഭേദഗതി, ഇത് പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 206 അനുസരിച്ച് പഞ്ചായത്ത് അതിർത്തിയിലോ മുൻസിപ്പാലിറ്റി അതിർത്തിയിലോ നടക്കുന്ന കരണങ്ങളിൽ ഗവൺമെന്റ് പഞ്ചായത്തിനുവേണ്ടി ശേഖരിക്കുന്ന തുക ചട്ടം 4, 5 വകുപ്പു പ്രകാരം പഞ്ചായത്തുകൾക്ക് തിരിച്ചുനൽകുന്നുണ്ട്. പഞ്ചായത്തുകൾക്ക് വേണ്ടി ഗവൺമെന്റ് അത് കളക്ട് ചെയ്യുകയാണ്. അങ്ങു കൊണ്ടുവന്ന ഭേദഗതി പ്രകാരം അത് വേണ്ട, പഞ്ചായത്തിന് അതിന് അധികാരമില്ല എന്നു തീരുമാനിക്കുന്നതു വഴി ആ ബാധ്യതയിൽ നിന്ന് ഗവൺമെന്റ് മാറുന്നു എന്നു മാത്രമല്ല പഞ്ചായത്ത് രാജ് ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ആ ഭേദഗതിമൂലം പഞ്ചായത്തുകൾക്ക് കിട്ടിയ ആ അവകാശങ്ങളിൽ അങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

കൈകടത്തിയിരിക്കുകയാണ്. ഇത് ശരിയായ ഒരു നടപടിയല്ല. അത് അങ്ങ് തിരുത്തണം. പഞ്ചായത്തിന്റെ അധികാരങ്ങൾ ഇല്ലായ്മ ചെയ്യുന്ന ആ ഭേദഗതി അങ്ങ് പിൻവലിക്കണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പിന്നെ വസ്തുവിന്റെ ന്യായവില ഗണ്യമായി വർദ്ധിപ്പിച്ചിരിക്കുകയാണ്. വസ്തുവിന്റെ ന്യായവില വർദ്ധിപ്പിച്ചതുകൊണ്ടു തന്നെ ഒരാൾ ഒരു കരണം ജനിപ്പിക്കുന്നതിന് സബ് രജിസ്ട്രാറോഫീസിൽ ചെല്ലുമ്പോൾ കൂടുതൽ ഫീസ് നൽകേണ്ടിവരുന്നു. അതിനകത്ത് മുദ്രവില പിന്നെയും വർദ്ധിപ്പിച്ചിരിക്കുന്നു, അപ്പോൾ വീണ്ടും അധികഭാരം ആളുകളിൽ വരുന്നു എന്നുള്ളതാണ് ഇതിനകത്ത് വന്നത്. ക്രമനമ്പർ 71 (എ)(3)-ലെ ഭേദഗതി, ഇതിലുള്ളത് നൂറു രൂപയ്ക്ക് ആറു രൂപയെന്നുള്ളത് ഏഴു രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. ന്യായവില വർദ്ധിപ്പിച്ചു, മുദ്രവിലയുടെ പെർസെന്റേജും വർദ്ധിപ്പിച്ചു. അപ്പോൾ രണ്ടുതരത്തിൽ ജനങ്ങൾക്ക് ഇത് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇത് പഴയനിലയിൽ ആക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ തന്നെ പാർട്ടീഷൻ ഡീഡിൽ 2 പെർസെന്റായി ഇത് കുറച്ചിട്ടുണ്ട്. എന്നാൽ ഈ പാർട്ടീഷൻ ഡീഡ് പോലെതന്നെ പ്രധാനപ്പെട്ട മറ്റൊരു കാര്യമുണ്ട്. ഉദാഹരണത്തിന്, ഇപ്പോൾ 10 സെന്റ് വസ്തു ഇൻഹെറിറ്റഡായി മൂന്ന് ബ്രദേഴ്സിനോ സിസ്റ്റേഴ്സിനോ കിട്ടിയാൽ ആ 10 സെന്റ് വീതം വയ്ക്കാൻ അവർ ആഗ്രഹിക്കുന്നില്ല. ഒരാൾ വേറെ സ്ഥലത്താണ് താമസിക്കുന്നത്. അങ്ങനെ വരുമ്പോൾ ഈ 10 സെന്റിൽ ഒരാൾക്കുള്ള അല്ലെങ്കിൽ 2 പേർക്കുള്ള അവകാശം കൂടി ഒരു ബ്രദറിനു കൊടുക്കുകയാണെങ്കിൽ അങ്ങനെ ഒഴുകുറി കൊടുക്കുന്നതിന് ഈ പറയുന്ന 2% അല്ല. അതിന് ആധാരപ്രകാരമുള്ള 7%, കോർപ്പറേഷനിലാണെങ്കിൽ 9% വരെ കൊടുക്കണം. That is equal to a Partition Deed. പാർട്ടീഷൻ ചെയ്യാൻ വയ്യാത്തതുകൊണ്ട് from among the family members. അവർ അവരുടെ അവകാശം കൊടുക്കുന്നതിനെ പാർട്ടീഷൻ ഡീഡ് എന്നുള്ള നിലയിൽത്തന്നെ കണക്കാക്കി മുദ്രവില ഈടാക്കുന്നതിന് അനുവദിക്കണം. അത് പിന്നെയും പുറത്ത് ഒരു ആധാരം ജനിപ്പിക്കുന്ന രീതിയിൽത്തന്നെ മുദ്രവില ഈടാക്കുന്നത് ശരിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് അങ്ങ് അത് പ്രത്യേകമായി പരിഗണിക്കണമെന്ന് പറയുന്നു. അതുപോലെതന്നെ ഇപ്പോഴുള്ള 2% ടാക്സ് ഭാഗപത്രങ്ങൾക്ക് ഈടാക്കുന്നത് കുറയ്ക്കുന്നതിനെ സംബന്ധിച്ച് അങ്ങ് ശ്രദ്ധിക്കണം എന്നാണ് എനിക്ക് അതിനെ സംബന്ധിച്ച് പറയാനുള്ളത്. പവർ ഓഫ് അറ്റോർണിയുടെ മുഴുവൻ ഫീസുകളും നിലവിലുള്ളതിന്റെ നേരെ ഇരട്ടിയാക്കി. 25 എന്നുള്ളത് 50 ആക്കി, 50 എന്നുള്ളത് 100 ആക്കി, 150 എന്നുള്ളത് 300 ആക്കി, 500 എന്നുള്ളത് 1000 രൂപയാക്കി. ഇത്രയും വർദ്ധനവ് വേണോ എന്നുള്ളതിനെ സംബന്ധിച്ച് ഒന്ന് ആലോചിക്കണം. കാരണം ധാരാളം ആളുകൾ പവർ ഓഫ് അറ്റോർണി രജിസ്റ്റർ ചെയ്യുന്നുണ്ട്. അത് 100% ഇൻക്രീസ് എന്നുള്ളത് താങ്ങാനാവുന്നതല്ല. അതുകൊണ്ട് അതൊന്ന് പുനഃപരിശോധിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. എന്നാൽ അതിനോടൊപ്പം തന്നെ (ഇ) (ഇ) (3), (എഫ്) (എഫ്) എന്നീ രണ്ട് ഭേദഗതികൾ, അതായത്: പവർ ഓഫ് അറ്റോർണി കൊടുത്തുകൊണ്ട് ഇടനിലക്കാർ വൻതോതിൽ

LIBRARY ARCHIVES Kerala Legislative Assembly

വസ്തു വിൽക്കുന്നത് നമ്മുടെ നാട്ടിൽ നടക്കുന്നുണ്ട്. അതിന് എതിരായിട്ടുള്ള അല്ലെങ്കിൽ അത് നിയന്ത്രിക്കുന്നതിനുള്ള രണ്ട് ഭേദഗതികളാണ്. ആ രണ്ടു ഭേദഗതികളേയും ഞാൻ സ്വാഗതം ചെയ്യുകയാണ്. അതുപോലെതന്നെ ടൂ സ്റ്റാർ ബാർ അറ്റാച്ച്ഡ് ഹോട്ടലുകൾക്ക് മാത്രമായിരുന്നു കോമ്പൗണ്ടിംഗിന് അവകാശമുണ്ടായിരുന്നത്. അതിലേയ്ക്ക് ത്രീ സ്റ്റാർ ബാർ അറ്റാച്ച്ഡ് ഹോട്ടലുകളെ കൂടി അങ്ങ് ഇപ്പോൾ കൊണ്ടുവന്നിരിക്കുകയാണ്. യഥാർത്ഥത്തിൽ അങ്ങനെ കൊണ്ടുവരാൻ പാടില്ല എന്നുള്ളതാണ് എന്റെ നിർദ്ദേശം. കാരണം ടൂ സ്റ്റാർ ഹോട്ടലിനേക്കാൾ വലിയ ലാഭമുണ്ടാക്കുന്ന വൻകിടക്കാർ നടത്തുന്ന ഹോട്ടലുകളാണ് ത്രീ സ്റ്റാറും അതിന് മുകളിലോട്ടുമുള്ളത്. അവർക്ക് ഈ ആനുകൂല്യങ്ങൾ നൽകുന്നത് ശരിയല്ല. ഇത് അവരെ മനഃപൂർവ്വമായി സഹായിക്കുന്ന നടപടിയാണെന്നാണ് എനിക്ക് പറയാനുള്ളത്. അതായത് അവരുടെ gross profit എന്നുപറയുന്നത് 200 ശതമാനത്തിൽ അധികമാണ്. അത് പിൻവലിക്കാൻ കഴിയില്ലെങ്കിൽ കോമ്പൗണ്ടിംഗിന്റെ നിരക്ക് ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന 185%-ൽ നിന്ന് 200% ആയി വർദ്ധിപ്പിക്കാനെങ്കിലും അങ്ങ് തയ്യാറാകണം. . അങ്ങ് ബിയറിന്റേയും വൈനിന്റേയും വില കൂട്ടി. വിജയ് മല്യയെപ്പോലെയുള്ള പ്രൊഡ്യൂസേഴ്സിനാണ് ഇതിന്റെ ഗുണം ലഭിക്കാൻ പോകുന്നത്. എന്നാൽ ഇതിന്റെ ടാക്സ് അങ്ങ് 60% ൽ നിന്ന് 50% ആക്കി കുറയ്ക്കാൻ നിർദ്ദേശം വന്നിരിക്കുന്നു. അതിന്റെ പ്രയോജനം ബാർ ഹോട്ടലുകാർക്കും മദ്യകച്ചവടം നടത്തുന്ന ആളുകൾക്കുമാണ് കിട്ടുന്നത്. ബിയർ, വൈൻ എന്നിവയെ സംബന്ധിച്ചിടത്തോളം ഒരു തെറ്റായ തീരുമാനമാണ് എടുത്തിട്ടുള്ളത്. വില കൂട്ടിയതിനുശേഷം ടാക്സ് കുറയ്ക്കാനായി അങ്ങ് എടുത്ത തീരുമാനം ശരിയല്ല എന്നാണ് എന്റെ അഭിപ്രായം. അതുപോലെ തന്നെ മറ്റു മദ്യങ്ങളുടേത് 90% എന്നുള്ളത് 100% ആക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് നമ്മുടെ ഖജനാവിലെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉതകുമെന്നാണ് ഞാൻ കരുതുന്നത്. അതുകൊണ്ടുതന്നെ മദ്യത്തിന്റെ ടാക്സ് വർദ്ധിപ്പിച്ചതിൽ എന്നെ സംബന്ധിച്ചിടത്തോളം എതിരഭിപ്രായമില്ല. മറ്റൊരു കാര്യത്തിലേയ്ക്ക് കൂടി അങ്ങയുടെ ശ്രദ്ധ കൊണ്ടുവരികയാണ്. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ലാഭത്തിലാക്കാൻ വേണ്ടി ഇപ്പോൾ നടപടിയെടുത്തിരിക്കുകയാണ്. കെ.എഫ്.സി.യുടെ അറ്റലാഭം പ്രൊജക്ട് ചെയ്തിരിക്കുന്നത് 11.70 ആണ്. കെ.എഫ്.സി.യിൽ സഹകരണ സ്ഥാപനങ്ങൾക്ക് ഷെയറുണ്ടായിരുന്നു. കാർഷിക വികസന ബാങ്ക്, തിരുവനന്തപുരം, ജില്ലാ സഹകരണ ബാങ്ക്, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, എൽ.ഐ.സി., സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നിവയ്ക്കൊക്കെ ഷെയറുണ്ടായിരുന്നു. വ്യക്തികൾക്ക് ഷെയറുണ്ടായിരുന്നു. ഈ ഷെയർ ഉടമകൾക്കെല്ലാം ഡയറക്ടർ ബോർഡിലേയ്ക്ക് ഓരോ കോൺസ്റ്റിറ്റ്യൂൻസിയിൽ നിന്നായി ആളുകളെ തെരഞ്ഞെടുക്കാനുള്ള അവകാശമുണ്ടായിരുന്നു. ഞാനും ഒരുകാലത്ത് സഹകരണ ബാങ്കുകളുടെ പ്രതിനിധിയായി കെ.എഫ്.സി.യിൽ ഡയറക്ടറായി ഇരുന്നിട്ടുള്ള ഒരാളാണ്. അങ്ങ് പ്രൊഫഷണലിസ്റ്റിനെ കൊണ്ടുവരുന്നതിനു വേണ്ടി ഈ കോൺസ്റ്റിറ്റ്യൂൻസിയിൽനിന്നുള്ള തെരഞ്ഞെടുപ്പ് വേണ്ടെന്ന്.....

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. ശിവദാസൻ നായർ....

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഒരു പോയിന്റു കൂടി. ഈ കോൺസ്റ്റിറ്റ്യൂൻസിയിൽനിന്നുള്ളത് വേണ്ടെന്നു വച്ചു. പ്രൊഫഷണൽസ് മാത്രം വന്നുകൊള്ളട്ടേ. നോൺ-ഒഫിഷ്യൽസായിട്ട് സഹകരണ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നുമുള്ള രണ്ടുപേർ മാത്രമേ വരുന്നുള്ളൂ. അത് വേണ്ട, പ്രൊഫഷണൽസ് വന്നോട്ടേ. അവരാണ് ഏറ്റവും നന്നായി മാനേജ് ചെയ്യുന്നത്. ഈ ഷെയറിന്റെ മൂന്നിൽ രണ്ടുഭാഗം റെഡ്യൂസ് ചെയ്യാനായി തീരുമാനിക്കുകയും ഇത് പഴയ carryover loss-നകത്ത് തട്ടിക്കിഴിക്കുകയും ചെയ്ത് ഇത് ലാഭത്തിൽ കൊണ്ടുവരുന്നത് എന്തിനാണ്? അങ്ങനെ ലാഭത്തിൽ കൊണ്ടുവന്നുകഴിഞ്ഞാൽ ഇതിനു മുഴുവൻ നമ്മൾ ഇൻകം ടാക്സ് കൊടുക്കണ്ടേ? നേരത്തെ carryover loss-ന് പ്രൊവിഷൻ വച്ചിരുന്നെങ്കിൽ ഇത്രയധികം profit നമുക്ക് കാണിക്കേണ്ടി വരികയില്ലായിരുന്നു. That will go to the strength of the Institution. അതിനുപകരം ഈ ഷെയർ മുഴുവൻ ഏകപക്ഷീയമായി റെഡ്യൂസ് ചെയ്ത് അത് gross profit-ൽ അഡ്ജസ്റ്റ് ചെയ്ത് അങ്ങനെ ലാഭം കാണിച്ച് നമുക്കെത്ര കാലം ഒരു സ്ഥാപനത്തെ ലാഭത്തിലാണെന്ന് കാണിക്കാൻ കഴിയും? അതുകൊണ്ട് ഇതൊരു തെറ്റായ നടപടിയാണെന്ന കാര്യത്തിൽ സംശയമില്ല. അത് ഏത് പ്രൊഫഷണലാണ് ചെയ്തതെങ്കിലും അത്തരം തെറ്റായ നടപടികൾ തിരുത്തുകതന്നെ വേണം എന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്....

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഒരു കാര്യം കൂടി മാത്രം.... ഞാൻ തെറ്റായ ഒരു കാര്യവും പറയുന്നില്ല. ഒരു കാര്യം കൂടിമാത്രം സൂചിപ്പിക്കട്ടെ. കഴിഞ്ഞ വർഷം ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം 625 കോടി രൂപയാണ്. പുറംഭാഗ്യക്കുറികൾ പല പേരുകളിലായി കോടിക്കണക്കിന് രൂപയുടെ ബിസിനസ്സ് കഴിഞ്ഞ നാലുവർഷവും നമ്മുടെ സംസ്ഥാനത്ത് നടത്തിയില്ലേ. ഇനി ഒരു വർഷം കൂടി അവർ നിർബാധം നടത്തും.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.... ശ്രീ. ശിവദാസൻ നായർ, അങ്ങ് സഹകരിക്കൂ. ശ്രീ. വി. ശിവൻകുട്ടി.....

ശ്രീ. കെ. ശിവദാസൻ നായർ: പക്ഷേ ഈ ഒരു വർഷം കഴിയുമ്പോൾ അങ്ങും ശ്രീ. വി.എസ്. അച്ചുതാനന്ദനും നിലപാട് മാറ്റും. അന്യസംസ്ഥാന ലോട്ടറികൾക്കെതിരെ അപ്പോൾ സംസാരിക്കും. അവർ തരാനുള്ള പതിനായിരം കോടി രൂപയെ സംബന്ധിച്ച് അങ്ങ് സംസാരിക്കും. അങ്ങയുടെ നാലുവർഷക്കാലം നിർബാധം ഈ ബിസിനസ്സിവിടെ നടന്നു. അങ്ങയുടെ ഒരു വർഷക്കാലം കൂടി നിർബാധം ഈ ബിസിനസ്സ് നാട്ടുകാരെ പറ്റിച്ചു കൊണ്ടു നടത്തും. അങ്ങേക്ക് ....(മൈക്ക് ഓഫ്)....

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്. അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. കെ. ശിവദാസൻ നായർ: ....ഗവൺമെന്റ് മുന്നോട്ടുകൊണ്ടു പോകുന്നത്. ...

ശ്രീ. വി. ശിവൻകുട്ടി: സർ, ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. അങ്ങ് ഇനി ചിരിക്കില്ല എന്ന് ഒരു പ്രതിജ്ഞ എടുത്തു. അങ്ങ് ചിരിക്കുമ്പോ ഴുള്ള അങ്ങയുടെ പുരുഷസൗന്ദര്യവും അങ്ങയുടെ മുഖത്തുള്ള ഐശ്വര്യവും ധനതത്വശാസ്ത്രജ്ഞന്റെ ഒരു ഗാംഭീര്യവും കണ്ടുകൊണ്ട് അസൂയ തോന്നിയതുകൊണ്ടാണ് ശ്രീ. കെ. എം. മാണി അങ്ങയെക്കൊണ്ട് ഇത് പറയിപ്പിച്ചത്. എന്നുമാത്രമല്ല, ഞങ്ങളുടെ നാട്ടിലെ ജനങ്ങളുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട നിവേദനവുമായി വരുമ്പോൾ അങ്ങ് ചിരിച്ചുകൊണ്ട് അതെല്ലാം പരിഹരിക്കാമെന്ന് പറയുമ്പോൾ ഞങ്ങൾക്ക് കിട്ടുന്ന ഒരു ആശ്വാസം എങ്ങനെയാണ് അങ്ങയെ ബോദ്ധ്യപ്പെടുത്തുന്നത് എന്നറിയില്ല. അതുകൊണ്ട് അങ്ങയുടെ ഈ ചിരി തുടരണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്. സംസ്ഥാന സർക്കാരിന്റെ ധനസുസ്ഥിരത തന്നെയാണ് ധനവകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടമെന്ന് പറയുന്നത്. ക്ഷേമ ചെലവുകൾക്കും വികസന പദ്ധതികൾക്കും പണമില്ല എന്ന പല്ലവി ഇന്ന് കേൾക്കുന്നില്ല. വരുമാനം വർദ്ധിപ്പിച്ച് ധനസമാഹരണത്തിനുള്ള ശക്തമായ പരിശ്രമമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. മുൻ യു.ഡി.എഫ്. സർക്കാരിൽനിന്നും ഈ സർക്കാരിന്റെ ധനനയത്തിന് കാതലായ വ്യത്യാസമുണ്ട്. ധനചെലവുകൾ വെട്ടിച്ചുരുക്കിയും വികസന പ്രവർത്തനത്തിനും ക്ഷേമപ്രവർത്തനത്തിനും ധനം നൽകാത്ത ധനവിരുദ്ധ നയമല്ല ഡോ. തോമസ് ഐസക്കിന്റെ ധനകാര്യ വകുപ്പ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആഗോളവൽരണത്തിന്റേയും ഉദാരവൽക്കരണത്തിന്റെയും കാലഘട്ടത്തിൽ ലോകത്തെമ്പാടും സാമ്പത്തിക തകർച്ചയുണ്ടായപ്പോഴും ഒരു ബദൽ ഇടതുപക്ഷ സാമ്പത്തികനയം കേരള ജനതയ്ക്ക് ആശ്വാസം പകരും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പാവങ്ങളുടെ പെൻഷൻ, ജീവനക്കാരുടെ ക്ഷാമബത്ത, നിർമ്മാണ പ്രവർത്ത നങ്ങളുടെ ബില്ലുകൾ ഇവയെല്ലാം കുടിശ്ശികയാക്കിയിട്ടാണ് യു.ഡി.എഫ്. ഭരണം അവസാനിപ്പിച്ചത്. ഈ സർക്കാർ എല്ലാ കുടിശ്ശികകളും കൊടുത്തുതീർത്തതി നുപുറമേ 5000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുകയും ചെയ്തു. യു. ഡി. എഫ്.-ന്റെ കാലഘട്ടത്തിൽ ട്രഷറി അടച്ചുപൂട്ടുക എന്നത് ഒരു വാർത്തയല്ലാതായിരുന്ന കാലഘട്ടമായിരുന്നു. 200-ഉം 300-ഉം ദിവസങ്ങൾ ഓവർ ഡ്രാഫ്റ്റിന്റെ കാര്യത്തിലും അഡ്വാൻസിന്റെ കാര്യത്തിലും മുൻപന്തിയിലായിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഒരു ദിവസംപോലും ട്രഷറി പൂട്ടേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. ഇടതുപക്ഷ ഗവൺമെന്റ് ചെലവുകൾക്ക് മൊറട്ടോ റിയം പ്രഖ്യാപിച്ചിട്ടില്ല. അയ്യായിരം കോടി രൂപയുടെ നിർമ്മാണ പ്രവർത്തന ങ്ങൾക്കാണ് ഈ ഗവൺമെന്റ് അനുമതി നൽകിയിട്ടുള്ളത്. 2009-10-ൽ എൽ.ഡി.എഫ്. ഒരു ദിവസംപോലും ട്രഷറി അടച്ചു പൂട്ടിയിട്ടില്ല. ഓവർ ഡ്രാഫ്റ്റ് ഉണ്ടായിട്ടില്ല. മൂലധന ചെലവിലാകട്ടെ സർവ്വകാല റിക്കാർഡാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കിയിട്ടുള്ളത്. 2009-2010-ലെ പദ്ധതിചെലവ് 95 ശതമാനത്തിലേറെയാണ്. വരുമാനം വർദ്ധിപ്പിച്ചു. ആ വരുമാനവർദ്ധനവുതന്നെ ഉണ്ടായത് ഒരു രാഷ്ട്രീയ ഇച്ഛാശക്തിയുടെ ഫലമായിട്ടാണ്. എൽ.ഡി.എഫ്. സർക്കാർ ഇന്ന് ധനസുസ്ഥിരത കൈവരിച്ചുകൊണ്ടിരിക്കുകയാണ്. എൽ.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ റവന്യൂ കമ്മി 3.33 ശതമാനമായിരുന്നു. 2009-10-ൽ അത് 1.9 ശതമാനമായി കുറച്ചിരിക്കുന്നു. 2010-11-ൽ റവന്യൂകമ്മി ഇല്ലാതാക്കാനുള്ള ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. 2010-11-ൽ ഇത് 1.4 ശതമാനമായി കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 13-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്തിന്റെ കേന്ദ്ര നികുതി വിഹിതം 2.6 ശതമാനമായിരുന്നത് 2.3 ശതമാനമായി കുറച്ചിരിക്കുകയാണ്. 13-ാം ധനകമ്മീഷൻ തീർപ്പുകൾ, ധനകമ്മീഷൻ അവാർഡ് ഇവയിലൂടെ ഈ കാലയളവിൽ സംസ്ഥാന സർക്കാരിന് ഏതാണ്ട് 5,000 കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഈ പ്രതികൂല കാലാവസ്ഥയിലും റവന്യൂകമ്മി കുറയ്ക്കുന്നതിനുള്ള നടപടികളാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ കമ്മി പൂജ്യമാക്കണമെങ്കിൽ ശമ്പള പരിഷ്കരണ ചെലവുകളും സാമൂഹ്യക്ഷേമ ചെലവുകളും പെൻഷൻ ചെലവുകളും വേണ്ടെന്ന് വയ്ക്കണം. അങ്ങനെ ഒരു നിലപാട് കേരളത്തിലെ ഗവൺമെന്റ് സ്വീകരിക്കുന്നില്ല. അർഹമായ കേന്ദ്ര നികുതി വിഹിതം നിഷേധിച്ച് റവന്യൂകമ്മി ഇല്ലാതാക്കുന്നതിന്റെ ഭാരം ഈ നാട്ടിലെ പാവപ്പെട്ട ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്നതിനുവേണ്ടി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. ധനകമ്മിക്ക് യാന്ത്രിക പരിധി നിശ്ചയിക്കുന്നതിനോട് സംസ്ഥാന സർക്കാർ യോജിക്കുന്നില്ല. എന്നാൽ ഇതിനെ സംബന്ധിച്ച് ഒരു പരിധി കടന്നുകൂടാ എന്ന ഒരു അഭിപ്രായമാണ് എൽ.ഡി.എഫ്.-നുള്ളത്. സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതിക്ക് താങ്ങാവുന്നതിനപ്പുറം കടം പാടില്ല എന്ന നയം സ്വീകരിക്കുന്നതിൽ തെറ്റില്ല. മൂലധന ചെലവുകൾക്ക് കടംവാങ്ങാൻ പാടില്ല എന്ന നിലപാട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനില്ല. താങ്ങാവുന്ന രൂപത്തിൽ മാത്രമേ കടംവാങ്ങാൻ പാടുള്ളൂ. മൂലധന ചെലവുകളിൽ ഉണ്ടായിട്ടുള്ള നാടകീയമായ വളർച്ച സംസ്ഥാന ധനനയത്തിന്റെ അഭിവൃദ്ധി തെളിയിക്കുന്നതാണ്. 2004-05-ൽ 682 കോടിരൂപ മാത്രമായിരുന്ന മൂലധന ചെലവ് 2010-11-ൽ 4,145 കോടി രൂപയായി ഉയരുകയാണ്. ഇത് സർവ്വകാല റിക്കാർഡാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വരുമ്പോൾ പെൻഷനുകൾക്കും പി.ഡബ്ളിയു.ഡി. വർക്കിനുമൊക്കെ തന്നെ 23 മാസക്കാലത്തെ കുടിശ്ശിക ഉണ്ടായിരുന്നു. ഐക്യകേരള രൂപീകരണത്തിനുശേഷം കേരളത്തിന്റെ വിവിധ തലത്തിലുള്ള പെൻഷനുകൾ അഡ്വാൻസായി കൊടുക്കുവാൻ കഴിയുന്ന ഒരു സാമ്പത്തിക നിലയിലേക്ക് കേരളം ചെന്നെത്തിയിരുക്കുന്നു എന്നത് ഏറ്റവും ആശ്വാസകരമായ ഒരു കാര്യമാണ്. യു.ഡി.എഫ്.-ന് നിഷേധിക്കാൻ കഴിയുമോ? 110 രൂപയായിരുന്ന പെൻഷനുകളെല്ലാം ഇന്ന് 300 രൂപയാക്കി

LIBRARY ARCHIVES Kerala Legislative Assembly

മാറ്റിയത് ഒരു സത്യമായ കാര്യമല്ലേ? കടാശ്വാസ പദ്ധതികൾക്കായി ഈ സർക്കാർ 500 കോടി രൂപയല്ലേ ചെലഴിച്ചത്? 38 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപയുടെ അരി നൽകുകയും കടാശ്വാസ പദ്ധതികൾക്കായി 500 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. കയർ, കശുവണ്ടി തുടങ്ങിയ ക്ഷേമനിധി ബോർഡുകൾക്കുള്ള കുടിശ്ശികയെല്ലാം കൊടുത്തു തീർത്തു. കുടിയേറ്റ ത്തൊഴിലാളി, ക്ഷീര കർഷകത്തൊഴിലാളി, ലോട്ടറി വിൽപ്പനക്കാർ, കക്കത്തൊ ഴിലാളി, ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളികൾ എന്നി വർക്കായി ക്ഷേമനിധികൾ രൂപീകരിച്ചു. എല്ലാ ചെലവുകൾക്കുംശേഷം മാത്രം പാവപ്പെട്ടവർക്ക് ആനുകൂല്യം നൽകുക എന്നതല്ല ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നയമെന്ന് പറയുന്നത്. പാവപ്പെട്ട വന്റെ ക്ഷേമ ചെലവുകൾക്ക് ആദ്യം പണം നൽകുക. അതിനുശേഷം മറ്റു കാര്യങ്ങൾക്ക് വേണ്ടി പണം മുടക്കുക എന്ന നയമാണ് ഇടതുപക്ഷ ജനാധി പത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഇത് പാരമ്പര്യ വ്യവസായ മേഖലയ്ക്കും പൊതുവിദ്യാഭ്യാസത്തിനുമുള്ള സർക്കാർ വിഹിതം ഇരട്ടിയാക്കി മാറ്റിയ ഒരു കാലഘട്ടമാണ്. സർവ്വകലാശാലകൾക്ക് പദ്ധതി യിനത്തിൽ ഈ സാമ്പത്തിക വർഷം തന്നെ 60 ശതമാനം അധിക വിഹിതം നൽകി. യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ പദ്ധതിയേതര ഗ്രാന്റ് ഇനത്തിൽ ഒരു പൈസപോലും സർവ്വകലാശാലകൾക്ക് നൽകിയില്ല എന്നത് വളരെ ഗൗരവമുള്ള വിഷയമാണ്. 2009-10-ൽ മാത്രം 5,000 കോടി രൂപയുടെ റോഡുകൾക്കും പാലങ്ങൾക്കുമാണ് അനുമതി നൽകിയത് എന്ന് പറയുന്നതിന് എന്തിനാണ് യു.ഡി.എഫ്.-ന്റെ സുഹൃത്തുക്കൾ മടികാണിക്കുന്നത്. ആഗോള സാമ്പത്തിക മാന്ദ്യം ബാധിച്ചിട്ടും സംസ്ഥാനത്തിന്റെ വാണിജ്യ വിൽപ്പന നികുതി 14 ശതമാനവും കഴിഞ്ഞ് നാലു വർഷം ശരാശരി നികുതി വളർച്ച 20%-മാക്കി ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. 2010 -11 ജൂൺ വരെയുള്ള കണക്ക് പ്രകാരം നികുതി വരുമാനം 25 ശതമാനം വർദ്ധിച്ചിരിക്കുകയാണ്. 2005-06-ൽ 6,983 കോടി രൂപ വാണിജ്യ നികുതിയി നത്തിൽ വരുമാനം ഉണ്ടായിരിക്കുകയാണ്. 2009-10-ൽ 13,194 കോടി രൂപ യാണ് ആ ഇനത്തിൽ വന്നിരിക്കുന്നത്. യു.ഡി.എഫ്.ന്റെ കാലഘ ട്ടത്തിൽനിന്നും വ്യത്യസ്തമായി സ്വർണ്ണത്തിന്മേലുള്ള വാണിജ്യ നികുതി 21 കോടി രൂപയിൽ നിന്ന് 161 കോടി രൂപയായും 40 കോടി രൂപയായിരുന്ന ആഡംബര നികുതി 102 കോടി രൂപയായും വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ മദ്യത്തിന്മേലുള്ള വാണിജ്യനികുതി 1,427 കോടി യിൽനിന്നും 3,164 കോടി രൂപയായി ഉയർത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഈ നിലയിൽ നികുതി പിരിച്ചെടുത്ത്, നികുതി ചോർച്ചയില്ലാതെ കേരളത്തിൽ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനമാണ് ഡോ. തോമസ് ഐസകിന്റെ നേതൃത്വത്തിലുള്ള ധനമന്ത്രാലയം ചെയ്തു കൊണ്ടിരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഇച്ഛാശക്തിയാണ് ഇത് തെളിയിക്കുന്നത്. സംസ്ഥാനത്തിന്റെ പ്രമുഖ അതിർത്തി ചെക്ക്പോസ്റ്റുകളെല്ലാം ആധുനികവൽക്കരിക്കുന്നതിനും ചെക്ക് പോസ്റ്റുകളിലെ അഴിമതി ഇല്ലാതാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കു കയുണ്ടായി. വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതി നിരക്കുകൾ ഉയർത്തി

369/14

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളുടെമേൽ അധികഭാരം അടിച്ചേൽപ്പിക്കുന്നതിനുള്ള ഒരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. അതിനുപകരം നികുതി ചോർച്ചയുള്ള വഴികളടച്ചും കാര്യക്ഷമത ഉയർത്തിയുമാണ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചത്. വിലക്കയറ്റത്തിന്റെ നാളുകളിൽ പെട്രോളിന്റേയും ഡീസലിന്റേയും വില വർദ്ധിപ്പിച്ച കേന്ദ്ര സർക്കാർ സമീപനത്തിൽ നിന്നും തികച്ചും വിഭിന്നമായിട്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നയം സ്വീകരിക്കുന്നത്. നികുതിയേതര വരുമാനത്തിലുണ്ടാകുന്ന വർദ്ധനവാണ് വരുമാന വർദ്ധനവിന്റെ ഏറ്റവും പ്രധാനപ്പെട്ട അടിസ്ഥാന വസ്തു.

2005-2006-ൽ 231 കോടി രൂപയായിരുന്ന സംസ്ഥാന ഭാഗ്യക്കുറിയുടെ വിറ്റുവരവ് 2009-2010-ൽ 625 കോടി രൂപയായി മാറ്റുന്നതിന് കഴിഞ്ഞു. ലാഭവും നികുതിയും ചേർത്ത് സർക്കാരിന്റെ വരുമാനമെന്നു പറയുന്നത് യു.ഡി.എഫ്. -ന്റെ കാലഘട്ടത്തിൽ 60 കോടി രൂപയായിരുന്നുവെങ്കിൽ ഡോ. തോമസ് ഐസകിന്റെ കാലഘട്ടത്തിൽ അത് 144 കോടി രൂപയായി എന്ന് അഭിമാനത്തോടുകൂടി തന്നെ പറയാൻ കഴിയും. സർക്കാർ ജീവനക്കാരോടും പെൻഷൻകാരോടും ഏറ്റവും അനുഭാവപൂർണ്ണമായ നടപടികളാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇന്നിവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചവർ വളരെ ശക്തിയായി കാര്യങ്ങൾ ഒന്നും പറഞ്ഞില്ലെങ്കിൽപ്പോലും പ്രതിപക്ഷം എന്നുള്ള നിലയിൽ ചില ഉത്തരവാദിത്തങ്ങൾ അവർ നിർവ്വഹിച്ചു എന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളിൽനിന്നും നമുക്ക് ആർക്കെങ്കിലും മാറിനിൽക്കാൻ കഴിയുമോ? ഇന്നത്തെ പത്രങ്ങളിലാകെത്തന്നെ ഏറ്റവും പ്രധാനപ്പെട്ട വാർത്ത, അതായത് അധ്യാപകന്റെ കൈവെട്ടൽ കേസുമായി ബന്ധപ്പെട്ട് മുഖ്യ പ്രതി യൂനസ് അറസ്റ്റിൽ, അതിൽ ഒരു കാര്യം കൂടി പറഞ്ഞു. അത് എല്ലാ പത്രങ്ങളിലുമുണ്ട്, യൂനസ് പോപ്പുലർ ഫ്രണ്ട് ജില്ലാ സായുധ മേധാവിയാണെന്നാണ് പറയുന്നത്. കേരളവും ഇൻഡ്യയുമാകെത്തന്നെ ചർച്ചചെയ്തുകൊണ്ടിരിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് ഈ സംഭവം. കഴിഞ്ഞദിവസം ഞാൻ ടെലിവിഷനിലും അതുപോലെതന്നെ വാർത്തയിലും പത്രങ്ങളിലും കണ്ടു ശ്രീ. കെ. എം. മാണി സാർ അടക്കമുള്ള യു.ഡി.എഫ്. -ന്റെ പ്രമുഖ നേതാക്കൾ അധ്യാപകന്റെ വീട് സന്ദർശിച്ച ശേഷം പത്രക്കാരെ അഭിമുഖീകരിക്കുന്ന രംഗം. കേരളത്തിലെ, ഇൻഡ്യയിലെ എല്ലാ പത്രങ്ങളിലും ഈ വാർത്ത വന്നിരിക്കുന്നു, മനുഷ്യത്വ രഹിതമായ ഈ സംഭവത്തിന് നേതൃത്വം കൊടുത്തത് പോപ്പുലർ ഫ്രണ്ടാണെന്ന്. എന്നിട്ട് ഈ അധ്യാപകനെ സന്ദർശിച്ചതിനുശേഷം പുറത്തിറങ്ങി പത്രക്കാരെ കണ്ട ശ്രീ. കെ. എം. മാണി സാറിന്റെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. -ന്റെ നേതാക്കൾ പോപ്പുലർ ഫ്രണ്ടാണ് ഈ കൊടും ക്രൂരതയ്ക്ക് നേതൃത്വം കൊടുത്തത് എന്ന് ഒരു വാക്കുപോലും പറയാൻ തയ്യാറായിട്ടില്ല എന്നുള്ള കാര്യം വളരെ ഗൗരവമുള്ള ഒരു വിഷയമാണ്. കഴിഞ്ഞദിവസം പത്രങ്ങളിൽ വന്നു മുസ്ലീം ലീഗിൽ ....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ഈ കൊടും ക്രൂരത ചെയ്തതിനു ത്തരവാദി ആരാണെങ്കിലും അവരുടെ മേൽ നടപടി സ്വീകരിക്കണമെന്ന് ശക്തമായി ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. അത് പോപ്പുലർ ഫ്രണ്ടാണെങ്കിലും ആരാണെങ്കിലും. അതിൽ ഗവൺമെന്റ് എടുക്കുന്ന എല്ലാ നടപടിയേയും ഞങ്ങൾ പിന്തുണയ്ക്കുമെന്ന് പറഞ്ഞിട്ടുണ്ട്. എന്നിട്ട് ഇത്തരം ആക്ഷേപങ്ങൾ ഉന്നയിക്കുന്നത് ശരിയാണോ?

ശ്രീ. വി. ശിവൻകുട്ടി: ശ്രീ. ജോസഫ് എം. പുതുശ്ശേരി അച്ചൻ പത്തായത്തിലുമില്ല, കിണറ്റിലുമില്ല എന്ന് പറഞ്ഞിട്ട് കാര്യമുണ്ടോ? ശ്രീ. പുതുശ്ശേരി, ശ്രീ. കെ. എം. മാണി സാറിന് ഉപദേശം കൊടുക്ക്. പോപ്പുലർ ഫ്രണ്ടാണ് ഈ അധ്യാപകനെ വെട്ടിയതെന്നും പോപ്പുലർ ഫ്രണ്ടെന്ന് പറയുന്ന ഭീകരവാദ സംഘടനയെ നിരോധിക്കണമെന്നും ശ്രീ. കെ. എം. മാണി സാർ ഈ സഭയിൽ പ്രസംഗിക്കുന്നതിനുവേണ്ടി, ബഹുമാനപ്പെട്ട പുതുശ്ശേരി അദ്ദേഹത്തിന് ഒരു ഉപദേശം കൊടുക്കുന്നതിന് തയ്യാറാകുമോ? തയ്യാറാകണം. ഞാൻ പറയുന്നത് ഇന്നലെത്തന്നെ ഇവിടെ വലിയ ഒരു പ്രശ്നമുണ്ടായി, ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി തീവ്രവാദമെന്ന ഒരു വാക്ക് പ്രയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ ഇന്നലെ ഇവിടെ സഭയിൽ മോശപ്പെട്ട ഒരു കീഴ്വഴക്കമല്ലേ ഉണ്ടാക്കിയത്? ഒരു പ്രശ്നമുണ്ടായാൽ നമ്മുടെ സഭയിലെ കീഴ്വഴക്കമെന്താണ്? ബഹുമാനപ്പെട്ട മന്ത്രി അത് പിൻവലിച്ചു, ബഹുമാനപ്പെട്ട സ്പീക്കർ അത് സഭാ രേഖകളിൽ നിന്ന് ഒഴിവാക്കപ്പെട്ടു എന്ന് പറഞ്ഞു. അതിനുശേഷവും ഈ സഭയിലെ ചില സീനിയർ മെമ്പർമാർ കാണിച്ച കാര്യങ്ങൾ നമ്മുടെ സഭയ്ക്ക് ഒട്ടും യോജിച്ച കാര്യങ്ങളല്ല എന്നുള്ള കാര്യം കൂടി ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ഇവിടെ മുസ്ലീം ലീഗ്.................ഇന്നത്തെ പത്രങ്ങളിലൊക്കെ ചില വാർത്തകൾ വന്നിട്ടുണ്ട്, വന്നിരിക്കുന്ന വാർത്ത.................

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ബഹുമാനപ്പെട്ട മാണി സാർ പ്രസംഗിക്കുമ്പോൾ പറയും പോപ്പുലർ ഫ്രണ്ട് എന്നല്ല, കൈവെട്ടുന്നത് ആരായാലും അവരെ നിരോധിക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. അത് സി.പി.എം. ആണെങ്കിലും അങ്ങനെ വേണം. സി.പി.എം. ന്റെ സാധാരണ പരിപാടി അതാണല്ലോ. ....(ബഹളം)..............

ശ്രീ. വി. ശിവൻകുട്ടി: ഇവിടെ കേരളത്തിൽ സി.പി.എം. ആരെയും കൈവെട്ടിയിട്ടില്ല. കേരളത്തിൽ ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്ന ആർ.എസ്.എസ്. -നേയും അതുപോലെ പോപ്പുലർ ഫ്രണ്ടിനേയും തള്ളിപ്പറയുന്നതിന് യു.ഡി.എഫ്. തയ്യാറാണോ എന്ന കാര്യമാണ് അറിയേണ്ടത്. ഇന്നലെ വരെ ഈ പറഞ്ഞ കൈവെട്ടുകാരുടെ വോട്ട് കൊണ്ടല്ലേ ഈ സഭയിൽ വന്നുകൊണ്ടിരുന്നത്? ഇപ്പോഴും അവരുടെ വോട്ട് കൊണ്ടാണല്ലോ ഇവിടെ നിങ്ങൾ വന്നിരിക്കുന്നത്. നിങ്ങൾ ആദ്യം രാജിവച്ചിട്ട് കാര്യം............. പറയൂ.................അപ്പോൾ നമുക്ക് സംസാരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. എ. റഹീം: കേരളാ കോൺഗ്രസ്സിലെ ശ്രീ. കെ. എം. മാണിയുടെ സ്വഭാവത്തെ സംബന്ധിച്ച് പറഞ്ഞു, മുസ്ലീം ലീഗിൽ ഈ കാര്യത്തിൽ രണ്ടഭിപ്രായവും തർക്കവും നടക്കുന്നതായിട്ട് അറിയാമോ? ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറും ശ്രീ. ഇ. അഹമ്മദും തമ്മിൽ.

ശ്രീ. വി. ശിവൻകുട്ടി: മുസ്ലീം ലീഗിൽ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന് ഒരഭിപ്രായമുണ്ട്, അതുപോലെ ശ്രീ. ഇ അഹമ്മദിന് ഒരഭിപ്രായമുണ്ട്. മുസ്ലീം ലീഗ് പോപ്പുലർ ഫ്രണ്ടിനെ നിരോധിക്കണമെന്നും പോപ്പുലർ ഫ്രണ്ട് ചെയ്ത കാര്യങ്ങളെ സംബന്ധിച്ച് എതിർത്തുകൊണ്ടും ഒരു പ്രസ്താവന ഇറക്കുന്നതിന് തയ്യാറായിട്ടില്ല.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, തീവ്രവാദ സംഘടനയായ പോപ്പുലർ ഫ്രണ്ടിനെ ശക്തിയായി എതിർത്ത ഏക പാർട്ടി മുസ്ലീം ലീഗാണ്.

ശ്രീ. വി. ശിവൻകുട്ടി: ഡോ. തോമസ് ഐസകിന്റെ ശ്രദ്ധയിൽ ഒരു കാര്യംകൂടിപ്പെടുത്തുന്നു.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, എൽ.ഡി.എഫ്.-നെയും പോപ്പുലർ ഫ്രണ്ടിനെയും പറ്റി പറയുമ്പോൾ നാദാപുരത്തെ ബിനുവിനെ കൊന്നുകൊണ്ട് അന്ന് ആ നബിസുവിന്റെ പ്രചരണവുമായി രംഗത്തിറങ്ങിയവർ ലീഗ് ആയിരുന്നോ, യു.ഡി.എഫ്. ആയിരുന്നോ എന്നുള്ള വിവരം അങ്ങേയ്ക്കറിയാമോ?

ശ്രീ. വി. ശിവൻകുട്ടി: എനിക്ക് മാത്രമല്ല, കേരളത്തിലെ എല്ലാവർക്കും ഈ കള്ളക്കളികൾ അറിയാം. ഞാൻ ഇവിടെ സൂചിപ്പിച്ചത് കഴിഞ്ഞ സഭയിലും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ ഗവൺമെന്റിനെ വെല്ലുവിളിച്ചുകൊണ്ട് ചില ചോദ്യങ്ങൾ ചോദിക്കുന്നതിന് തയ്യാറായി. അതിൽ ഏറ്റവും പ്രധാനപ്പെട്ട ചോദ്യം കഴിഞ്ഞ നാലു വർഷക്കാലമായി നിങ്ങൾ അഴിമതി ആരോപണങ്ങളെ സംബന്ധിച്ച് പറയുന്നല്ലോ, നിങ്ങൾ ഒരു നടപടിയും സ്വീകരിക്കുന്നതിനു തയ്യാറായില്ലല്ലോ എന്ന് ശ്രീ. ഉമ്മൻചാണ്ടി എൽ.ഡി.എഫ്. ഗവൺമെന്റിന്റെ മന്ത്രിമാരെ വെല്ലുവിളിക്കുന്ന ഒരു സ്വരം കേട്ടു. വിജിലൻസ് എൻക്വയറിയും മറ്റു കാര്യങ്ങളും നടത്താൻ തയ്യാറാകാത്തത് ഒരുപക്ഷേ എൽ.ഡി.എഫ്. ന്റെ മാന്യതയായിരിക്കാം. എനിക്ക് പറയാനുള്ളത് അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയാണ്. യു.ഡി.എഫ്. ന്റെ കാലഘട്ടത്തിൽ ധനപരമായി ചോർച്ചയുണ്ടാക്കിയ എല്ലാ വിഷയങ്ങളെ സംബന്ധിച്ചും എത്രയും പെട്ടെന്ന് ബന്ധപ്പെട്ട കേന്ദ്രങ്ങളെക്കൊണ്ട് അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എം. മാണി: സർ, ഈ ബില്ല് ധനകാര്യ ബില്ലാണ്. ഇതിൽ പോപ്പുലർ ഫ്രണ്ട് എങ്ങനെ കയറിവന്നു എന്ന് എനിക്കറിഞ്ഞുകൂടാ. ഞാൻ ഇടയ്ക്ക് ഒരത്യാവശ്യത്തിന് പുറത്തോട്ട് പോയതാണ്. ഞാൻ ഇങ്ങനെ ബില്ലിന്റെ ചർച്ചയിൽ പറയാറില്ല. എങ്കിലും പറഞ്ഞ സ്ഥിതിക്ക് ഒരു വാക്കോ

LIBRARY ARCHIVES Kerala Legislative Assembly

ടുകൂടി തുടങ്ങാം. ഞങ്ങൾ ഈ പോപ്പുലർ ഫ്രണ്ടിന്റെ പ്രവർത്തനത്തെ അധ്യാപകന്റെ കൈ വെട്ടിയതിൽ ദുഃഖം രേഖപ്പെടുത്താനും അത് ചെയ്ത ആളുകളുടെ അധർമ്മത്തെ പ്രതിഷേധിക്കാനും വേണ്ടിയാണ് പോയത്. ഒരു സംശയവും വേണ്ട, കേരളത്തിലെ പോപ്പുലർ ഫ്രണ്ടിന്റെ ഈ ചെയ്തികളെ ഞാൻ അപലപിക്കുന്നു. പോപ്പുലർ ഫ്രണ്ടിനെതിരെ നടപടി സ്വീകരിക്കണം. പക്ഷെ ഈ പോപ്പുലർ ഫ്രണ്ടുകാരെ വേറെ ഉടുപ്പിടീപ്പിച്ചും, പി.ഡി.പി. യുടെ പേരിലും ഇസ്ലാമിനെയെല്ലാം കൂട്ടുപിടിച്ച്, വർഗ്ഗീയ കക്ഷികളുമായി കൂട്ടുപിടിച്ചു നടന്ന മാർക്സിസ്റ്റ് പാർട്ടി, നിങ്ങളുടെ കരങ്ങൾ പരിശുദ്ധമല്ല. ഇത് വേശ്യയുടെ ചാരിത്ര്യ പ്രസംഗം പോലിരിക്കുന്നു. അതുകൊണ്ട് ഇതൊന്നും ഇവിടെ വേണ്ട. അത് അങ്ങ് മാറ്റി വച്ചാൽ മതി. കേരളാ കോൺഗ്രസ്സ് എന്നുപറയുന്ന പാർട്ടി വർഗ്ഗീയ കക്ഷികളുമായി യാതൊരു ചങ്ങാത്തവും പുലർത്താത്ത പാർട്ടിയാണ്. സാർ ക്ഷമിക്കണം, ഞാൻ ധനകാര്യ ബില്ലിന് പുറത്തു കാര്യങ്ങൾ പറഞ്ഞതിന് അങ്ങ് ക്ഷമിക്കണം. ഞാൻ ബില്ലി ലേയ്ക്ക് വരികയാണ്. ഒരു കാര്യം ഞാൻ പറയട്ടെ, ഞാൻ ഒബ്ജക്ഷൻ രേഖപ്പെടുത്തിയപ്പോൾ ബഹുമാന്യനായ ധനകാര്യ മന്ത്രി പറഞ്ഞു അങ്ങയുടെ പ്രസംഗത്തിലെ 230-ാമത്തെ വകുപ്പ് ഞാൻ വായിക്കാം. ഫെയർ വാല്യൂ, ആദ്യം സ്റ്റാമ്പ് ഡ്യൂട്ടിയിൽ കുറെ ഇളവുകൾ നടത്തിയതിനു ശേഷം ഇതോടൊപ്പം കേരളത്തിലെ ഭൂമി പതിനഞ്ചിനങ്ങളായി തിരിച്ച് ഓരോ പ്രദേശത്തുമുള്ള ന്യായവില ഏപ്രിൽ ഒന്ന് മുതൽ നടപ്പിൽ വരുന്നതാണെന്ന് പ്രഖ്യാപിക്കുന്നു. എന്റെ കയ്യിൽ ഉള്ളത് കേരളാ സ്റ്റാമ്പ് അമെന്റ്മെന്റ് ബിൽ 2010, ബിൽ നമ്പർ 353 ആണ്. ഇത് നിങ്ങൾ കൊണ്ടുവന്ന ഓർഡി നൻസ് റീ-പ്ലേസ് ചെയ്യുവാൻ വേണ്ടി ഇവിടെ സർക്കുലേറ്റ് ചെയ്തിരിക്കുന്ന ബില്ലാണ്. അത് ഒന്നുകിൽ ഡോ. തോമസ് ഐസക് വായിച്ചില്ല, നിങ്ങൾ മന്ത്രിസഭ കൂടിയിരുന്ന് അപ്രൂവ് ചെയ്ത ബില്ലാണിത്. നിങ്ങൾ പ്രൊമുൾഗേറ്റ് ചെയ്ത ബില്ല്, ഓർഡിനൻസ് റീ-പ്ലേസ് ചെയ്യാനായിട്ടാണ്. ഞാൻ അതിന്റെ Statement of Objects and Reasons വായിക്കുമ്പോൾ ഡോ. തോമസ് ഐസക് പറഞ്ഞതു മുഴുവൻ കളവാണ് എന്ന് വരുന്നതാണ്.

Statement of Objects and Reasons Sub-section (1) of section 28A of the Kerala Stamp Act, 1959 (17 of 1959) empowers the Revenue Divisional Officer to fix the fair value of the lands situate within the area of his jurisdiction for the purpose of determining the duty chargeable at the time of registration of instruments involving lands. Accordingly, 21 Revenue Divisional Officers in the State have fixed the fair value of lands in the State and necessary notification............. അത് ഞാനും എഗ്രി ചെയ്തതാണ്. അങ്ങ് പറഞ്ഞത് ഇതാണ് ....State and necessary notification has been published in the Kerala Gazette Extraordinary No. 515 dated, 6th March, 2010. അത് ശരിയാണ്.

2010-ൽ ബഡ്ജറ്റ് അവതരിപ്പിച്ചതിന് പിറ്റേദിവസം, അതായത് മാർച്ച് ആറാം തീയതി 21 റവന്യൂ ഡിവിഷണൽ ഓഫീസർമാർ ഫിക്സ് ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly

ഫെയർ വാല്യൂ ഗവൺമെന്റ് ഗസറ്റായി പ്രസിദ്ധീകരിച്ചു. അത് ഫൈനൽ അല്ല. ഇനി വരുന്ന വാചകങ്ങൾ വായിക്കുമ്പോൾ മനസ്സിലാകും അത് ഫൈനൽ അല്ല എന്ന്. Sub-section (4) of section 28A provides that any person aggrieved by the fixation of fair value under sub-section (1) may, within thirty days of its publication under sub-section (3), appeal to the Collector. അപ്പീൽ കൊടുക്കാം. Since the notification was voluminous, അത് നിങ്ങളുടെ ഭാഷയാണ്. Since the notification was voluminous, the printing was completed only on 25th March, 2010. Its distribution took further time............... ഇതെല്ലാം നീണ്ടുപോയതിനുള്ള അപ്പോളജിയാണ്. Its distribution took further time and the notification reached the concerned officers only by the end of March, 2010. So the aggrieved persons could not get enough time to file appeal within the specified time of thirty days from the date of publication of such fair value in the Gazette. Government find it necessary to provide further time to the persons aggrieved by fixation of fair value to file appeal, for which the time limit for filing appeal under sub-section (4) of section 28A is to be extended. ആക്ഷേപം പുറപ്പെടുവിക്കാൻ സമയം നീട്ടിക്കൊടുക്കണമെന്ന് ഗവൺമെന്റ് കരുതുന്നു. Hence, Government have decided to extend the present time limit for filing appeal from thirty days to ninety days immediately so as to enable the aggrieved persons to file appeal. 90 ദിവസം നീട്ടിക്കൊടുക്കുന്നു. As per the existing provisions, the time limit of thirty days to file appeal against fixation of fair value is over by 4th April, 2010.............. ഡോക്ടർ തോമസ് ഐസക്, അങ്ങ് കാണിച്ചത് ബ്ലണ്ടറാണെന്ന് ഞാൻ പറയുന്നില്ല, inadvertence ആയിരുന്നു. അങ്ങേയ്ക്ക് പറ്റിയ ആദ്യത്തെ ബ്ലണ്ടർ ബഡ്ജറ്റ് അവതരിപ്പിച്ചത് മാർച്ച് 5-ാം തീയതിയാണ്. അങ്ങ് പറയുന്നു ഒന്നാം തീയതി മുതൽ നടപ്പിലാകുമെന്ന്. ഇതിൽ പറഞ്ഞിരിക്കുന്ന ആദ്യത്തെ നോട്ടിഫിക്കേഷൻ അനുസരിച്ച് ഏപ്രിൽ നാലാം തീയതി വരെ ആക്ഷേപം കേൾക്കാൻ സമയം കൊടുത്തിരുന്നു. അതാണ് ഇവിടെ പറയുന്നത്. .... the time limit of thirty days to file appeal against fixation of fair value is over by 4th April, 2010 as the Gazette notification was published on 6th March, 2010. അപ്പോൾ ഏപ്രിൽ നാലാം തീയതിവരെ ആക്ഷേപം കൊടുക്കാൻ സമയം കൊടുത്തിരുന്ന ഒരു കാര്യത്തിനാണ് അങ്ങ് ബഡ്ജറ്റിലൂടെ ഏപ്രിൽ ഒന്നാം തീയതി നടപ്പിൽ വരുമെന്ന് പറഞ്ഞത്. അത് ഒന്നാമത്തെ തെറ്റ്. രണ്ടാമത്, In order to carry out the intention behind the legislation, it is necessary to give retrospective effect to the provisions of the Ordinance. Hence, Government have also decided to give retrospective effect to the amendment with effect from 1st April, 2010. ഏപ്രിൽ ഒന്നാം തീയതി മുതൽ റിട്രോസ്പെക്ടീവായി മൂന്ന് മാസം സമയം കൊടുത്തുകൊണ്ട് നിങ്ങൾ പുറപ്പെടുവിച്ച ഓർഡിനൻസിന്റെ റീപ്ലേസിംഗാണ്. ആ മൂന്ന് മാസം

LIBRARY ARCHIVES Kerala Legislative Assembly

എന്നുപറയുന്നത് കഴിഞ്ഞ ജൂൺ മാസം 29-ാം തീയതി വരെയാണ്. അങ്ങ് ഒരു കാര്യം സമ്മതിക്കണം, കഴിഞ്ഞ ജൂൺ 29 വരെ നിയമപരമായി ഇത് നടന്നിട്ടില്ല. ആക്ഷേപം കേൾക്കാൻ വേണ്ടി സ്റ്റാറ്റ്യൂട്ടറിയായി സമയം കൊടുത്തത് അവസാനിക്കുന്നത് ജൂൺ 29-ാം തീയതിയാണ്. അതുവരെ ഫെയർ വാല്യൂ ഫിക്സേഷൻ നടന്നുവെന്ന് പറയില്ല, നടന്നിട്ടില്ല. ഇതുകഴിഞ്ഞിട്ടേ ഫെയർ വാല്യൂ ഫിക്സേഷൻ നടപ്പിലാകൂ. The Bill seeks to replace the Ordinance No. 20 of 2010 by an Act of the State Legislature. ഞാനൊരു കാര്യംകൂടി പറയുന്നു, അപ്പോൾ undisputed ആയിട്ടുള്ള ഒരു കാര്യം, ഡോക്ടർ തോമസ് ഐസകിന് എതിർപ്പുണ്ടെങ്കിൽ പറയാം, കഴിഞ്ഞ 29-ാം തീയതി വരെ നടപ്പിലായിട്ടില്ല. ഇനിയൊരു കാര്യം, ഓർഡിനൻസിന്റെ കാലാവധി കഴിഞ്ഞു. ഇനി കളക്ടേഴ്സാണ് ഇത് നിശ്ചയിക്കേണ്ടത്. ഫെയർ വാല്യൂ ഫിക്സേഷൻ റൂൾസുണ്ട്. അതിലെ 5-ാമത്തെ റൂൾ, 4-ാമത്തെ സബ് റൂളനുസരിച്ച് ഇതിൻമേൽ തീരുമാനമെടുക്കാൻ കളക്ടർക്ക് മൂന്ന് മാസം സമയമെടുക്കാം. കളക്ടർക്ക് വേണമെങ്കിൽ സെപ്റ്റംബറിനകം ഡിസിഷനെടുത്താൽ മതി. അതിന്റെ അർത്ഥം ഏപ്രിൽ ഒന്നാം തീയതി നടപ്പിലാകുമെന്ന് പറഞ്ഞത് ഒന്നാം തീയതി നടപ്പിലായില്ല, ജൂൺ 29-ന് നടപ്പിലായില്ല, ഇന്ന് നടപ്പിലായിട്ടില്ല, ഇനി എന്ന് നടപ്പിലാകുമെന്ന് അറിഞ്ഞുകൂടാ. അപ്പോൾ അങ്ങ് പറഞ്ഞത് തെറ്റാണ്. ഇത് നടപ്പിലായിട്ടില്ല. ഇത് നടപ്പിലായിട്ടില്ലെങ്കിൽ This is the pivotal point, ഇതിലാണ് അങ്ങയുടെ ബഡ്ജറ്റ് കെട്ടി ഉയർത്തിയിരിക്കുന്നത്. സ്റ്റാമ്പ് ഡ്യൂട്ടിയുടെ വിവിധ വകുപ്പുകളെല്ലാം ഭേദഗതി ചെയ്തുകൊണ്ട്, ഫെയർ വാല്യൂവിന്റെ ഇത്ര ശതമാനമായിരിക്കുമെന്ന് പറഞ്ഞുകൊണ്ട് വിവിധ വിഷയങ്ങളിൻമേൽ അങ്ങ് അമെന്റ്മെന്റ് വരുത്തിയിരിക്കുന്നത് ഇതിന്റെ അടിസ്ഥാനത്തിലാണ്. ആ അമെന്റ്മെന്റെല്ലാം ഏപ്രിൽ ഒന്ന് മുതൽ നടപ്പിലാകുമെന്ന് പറഞ്ഞു. ആ അമെന്റ്മെന്റെല്ലാം shatter ചെയ്യപ്പെട്ടിരിക്കുന്നു. അതൊന്നും നടപ്പിലാവുകയില്ല, നടപ്പിലായിട്ടില്ല. എന്റെ പോയിന്റ് ഞാൻ undisputed ആയി unequivocal ആയി എസ്റ്റാബ്ലിഷ് ചെയ്തുകഴിഞ്ഞു. ഇനി ഇതിൽ ആർക്കും തർക്കിക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല. അതുകൊണ്ട് ഇക്കാര്യത്തെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്, ഇന്നുവരെ നടപ്പിലാകാത്ത ഒരു കാര്യം ഏപ്രിൽ ഒന്ന് മുതൽ നടപ്പിലായിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് ഈ ബിൽ ഇവിടെ അവതരിപ്പിക്കാമോ? പുതിയ ബിൽ കൊണ്ടുവരണം. ഫിനാൻസ് ബിൽ എന്നുപറയുന്നത് ബഡ്ജറ്റിന്റെ പ്രൊപ്പോസലനുസരിച്ച്, This is entirely different from a normal Bill. This is a Finance Bill. ബിൽ അവതരിപ്പിക്കുമ്പോൾ തന്നെ നിലവിൽ വരുന്ന വേറെ ഏതെങ്കിലും ഒരു ബില്ലുണ്ടോ ? ഇല്ല. ലോകത്തിൽ ഒരു ബില്ലേയുള്ളു ബിൽ അവതരിപ്പിക്കുമ്പോൾ നിലവിൽ വരുന്നത്. ബില്ലിനകത്ത് ഏപ്രിൽ ഒന്നാം തീയതി എന്നുപറഞ്ഞാൽ, കേന്ദ്ര നിയമം അനുസരിച്ച് ഞാൻ ഒരു ബിൽ കൊണ്ടുവന്നപ്പോൾ അന്ന് എന്തൊക്കെ പ്രക്ഷോഭങ്ങളായിരുന്നു? ഞാൻ എല്ലാ വകുപ്പുമന്ത്രിമാരുടെയും അധികാരം കയ്യടക്കുന്നു എന്നു പറഞ്ഞ് പ്രതിപക്ഷത്തുനിന്ന് ഭയങ്കരമായ ആരോപണം വന്നു. ഞാൻ അതിനെ നേരിട്ടു. പക്ഷേ ഇപ്പോൾ ധനകാര്യമന്ത്രിമാർ പ്രഖ്യാപിച്ചാലുടൻ

LIBRARY ARCHIVES Kerala Legislative Assembly

നിയമം നടപ്പിൽ വരികയാണ്. പക്ഷേ നിർഭാഗ്യവശാൽ അങ്ങ് പ്രഖ്യാപിച്ചതൊന്നും നടപ്പിലായിട്ടില്ല. ഓർഡറിൽ അല്ലാത്ത ഒരു കാര്യം, ഏപ്രിൽ ഒന്നിന് നിലവിൽ വന്നിരിക്കുന്നു എന്നുപറഞ്ഞ് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഫിനാൻസ് ബിൽ ഓർഡറിലല്ല. ഏത് പൊട്ടക്കണ്ണനും സമ്മതിക്കും ഇത് ഓർഡറിലല്ലെന്ന്. ഈ കേരളത്തിൽ സാമാന്യ വിദ്യാഭ്യാസമുള്ള ഏത് വ്യക്തിയും പറയും ഇത് ഓർഡറിലല്ല എന്ന്.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): അങ്ങ് പറഞ്ഞു, ഏത് പൊട്ടക്കണ്ണനും ഇത് ഓർഡറിലല്ലെന്ന് പറയുമെന്ന്. ഞങ്ങൾ പറയുന്നു ഓർഡറിലാണെന്ന്. അപ്പോൾ അപ്പുറത്തുള്ളവരൊക്കെ പൊട്ടക്കണ്ണൻമാരാണോ?

ശ്രീ. കെ. എം. മാണി: നിങ്ങൾ ഓർഡറിലാണെന്ന് പറയുന്നു, നിങ്ങൾക്ക് അന്ധത ബാധിച്ചിരിക്കുന്നു. യഥാർത്ഥ പൊട്ടക്കണ്ണൻമാർ നിങ്ങളാണ്. ഇരുട്ട് പകലാണെന്ന് പറയും, പകൽ ഇരുട്ടാണെന്ന് പറയും. നിങ്ങൾക്ക് രാഷ്ട്രീയ ഡിമെൻഷ്യ ബാധിച്ചിരിക്കുന്നു എന്നാണ് എനിക്ക് തോന്നുന്നത്. ഭരണഘടന 265 - Taxes not to be imposed save by authority of law. No tax shall be levied or collected except by authority of law. - ഒന്നാം തീയതി മുതൽ ഇന്നുവരെ സ്റ്റാമ്പ് രജിസ്ട്രേഷന്റെ അടിസ്ഥാനത്തിൽ ഇതിൽ പറഞ്ഞിരിക്കുന്ന കൺവേയൻസുകൾക്കും മറ്റെല്ലാമുള്ള തുക പിരിച്ചിട്ടുണ്ടെങ്കിൽ It is without statutory authority, it is without authority of law. നിങ്ങൾ ലാ-യുടെ അതോറിറ്റിയില്ലാതെയാണ് ഇക്കഴിഞ്ഞ ഒന്നാം തീയതി മുതൽ ഇന്നുവരെ രജിസ്റ്റർ കച്ചേരികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കരണങ്ങളിൻമേൽ കൂടിയ സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കിയത്. It is without authority of law. അതിന് സമാധാനം പറയണം. വെറുതെ പറയുന്നതല്ല, ഞാൻ നിയമം വച്ച് പറയുന്നതാണ്. കോൺസ്റ്റിറ്റ്യൂഷൻ വച്ച് പറയുന്നതാണ്. ആ രൂപ തിരിച്ചുകൊടുക്കണം. ഇത് വലിയൊരു പ്രശ്നമാണ്.

രണ്ടാമത്തെ കാര്യം, ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഫെയർ വാല്യു ഭൂമിയെ അടിസ്ഥാനമാക്കിയുള്ളതാണ്. ഈ ബിൽ വന്നപ്പോൾ ഡോ. തോമസ് ഐസകിന് ഇതെല്ലാം നോക്കാൻ പറ്റുമോ, ധനകാര്യ മന്ത്രി

12.00 NOON.] മാർക്ക് ഇതെല്ലാം നോക്കാൻ സമയം കിട്ടിയോ എന്ന് എനിക്കറിയില്ല. ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഫെയർ വാല്യു ഭൂമിയെ സംബന്ധിച്ചാണ്. അത് ഞാൻ വായിച്ചല്ലോ. അങ്ങ് പറഞ്ഞിരിക്കുന്നത് ഭൂമിയെ പത്തിനമായി തിരിച്ച് ഫെയർ വാല്യു നിശ്ചയിക്കുമെന്നാണ്. ബിൽ വന്നപ്പോൾ ഭൂമിക്ക് പുറമെയുള്ള immovable property-ക്ക് മുഴുവൻ വന്നു. ജംഗമ വസ്തുക്കൾ മുഴുവൻ വന്നു. അത് എന്താണ്? അത് തെറ്റല്ലേ. അത് നിങ്ങൾ വിഭാവന ചെയ്തതല്ലല്ലോ. നിങ്ങൾ വിഭാവന ചെയ്തത് ഭൂമിയെ പതിനഞ്ച് ഇനമായി തിരിച്ച് ഭൂമിയുടെ ഫെയർ വാല്യു നിശ്ചയിക്കും. കെട്ടിടത്തിന്റെ ഫെയർ വാല്യു അല്ല. ഒരു കാർ വിറ്റാലുള്ള ഫെയർ വാല്യു അല്ല. ഒരു ഫ്ളാറ്റ് വിറ്റാലുള്ള ഫെയർ വാല്യു അല്ല. റബ്ബർ മരങ്ങൾ വെട്ടി സ്ലോട്ടർ ടാപ്പിന്

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്താൽ ഉള്ള ഫെയർ വാല്യു അല്ല. ഭൂമി വിറ്റാലുള്ള ഫെയർ വാല്യു ആണ് നിങ്ങൾ ബഡ്ജറ്റിനകത്ത് പറഞ്ഞത്. പക്ഷേ ഇപ്പോൾ വന്നത് എന്താണ്. സ്റ്റാമ്പ് ആക്ട് ഷെഡ്യൂൾ 21, 22 -ൽ പറയുന്നത് കൺവെയൻസിന് ഫെയർ വാല്യു ആപ്ലിക്കബിളായി എന്നാണ്. കൺവെയൻസിന്റെ ഡെഫനിഷൻ, സ്റ്റാമ്പ് ആക്ട് സെക്ഷൻ 2 (ഡി)-ൽ പറയുന്നത്, പുസ്തകം നോക്കി എടുക്കാൻ വലിയ ബുദ്ധിമുട്ടാണ്, സ്റ്റാമ്പ് ആക്ട് 2 (ഡി)-ൽ പറയുന്നത്, 'Conveyance' includes a conveyance on sale and every instrument by which property, whether movable or immovable is transferred........ ." ഷെഡ്യൂളിലെ 21, 22 ഇനങ്ങൾ, കൺവെയൻസിനെ സംബന്ധിച്ചുള്ള ഇനങ്ങൾ ഫെയർ വാല്യുവിന്റെ അടിസ്ഥാനത്തിൽ അങ്ങ് ഫിക്സ് ചെയ്തപ്പോൾ ആപ്ലിക്കബിളായിട്ടുള്ളത് "Not only for immovable property but for movable property also. Not only for land but also for other immovable properties and movable properties" . അതിന്റെ പിശക് വന്നത്, ഒരു കെട്ടിടത്തോടുകൂടി ഞാൻ ഒരു വസ്തു വാങ്ങുകയാണ്. ഞാൻ കൺസിഡറേഷൻ വയ്ക്കുന്നു, എത്ര വിലകൂടിയ കെട്ടിടമാണെങ്കിലും പ്രമാണത്തിൽ ഫെയർ വാല്യു വച്ചാൽ ഞാൻ വയ്ക്കുന്നത് കൺസിഡറേഷനാണ്. എന്നാൽ ആ കൺസിഡറേഷൻ കുറഞ്ഞിരുന്നാൽ ഫെയർ വാല്യു വച്ച് ഫിക്സ് ചെയ്യാം. അപ്പോൾ ഗവൺമെന്റിന് നഷ്ടം വരുന്നു. 50 ലക്ഷം രൂപ വിലയുള്ള കെട്ടിടവും പത്ത് സെന്റ് സ്ഥലവുംകൂടി കൊടുത്താൽ നിങ്ങൾ ഫെയർ വാല്യു നിശ്ചയിക്കുന്നത് ലാന്റിന്റേതാണ്. കെട്ടിടത്തെ സംബന്ധിച്ചിടത്തോളം കെട്ടിടം ഫെയർ വാല്യു വരുന്നതല്ല. നിങ്ങൾ നിർവ്വചിച്ചിരിക്കുന്ന ഭൂമിയെ സംബന്ധിച്ചുള്ള ഫെയർ വാല്യുവിൽ അല്ല കെട്ടിടം വരുന്നത്. അതുകൊണ്ട് ബഡ്ജറ്റിൽ വിഭാവന ചെയ്യാത്ത ഒരു കാര്യം ഇതിൽ കടന്നുകൂടിയിരിക്കുന്നു. മറ്റൊരു കാര്യം ഒരേക്കർ സ്ഥലത്ത് റബ്ബർ സ്ളോട്ടർ ടാപ്പിന് കൊടുക്കും. മുമ്പാണെങ്കിൽ ആ സ്ളോട്ടർ ടാപ്പിന് കൊടുത്താൽ റബ്ബർ മരത്തിന്റെ വാല്യു എടുത്ത് 50,000 രൂപയ്ക്കാണ് കൊടുത്തതെങ്കിൽ ആ 50,000 രൂപയ്ക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കിയാൽ മതി. ഇപ്പോൾ വന്നിരിക്കുന്ന കുഴപ്പം എന്താണ്? ഒരേക്കറിന്റെ ഫെയർ വാല്യു പത്ത് ലക്ഷം ആണെങ്കിൽ, ഞാൻ 50,000 രൂപയ്ക്ക് റബ്ബർ മരം വാങ്ങിയതിന് പത്ത് ലക്ഷത്തിനുള്ള ഫെയർ വാല്യു കൊടുക്കണം. പത്ത് ലക്ഷത്തിന്റെ ഫെയർ വാല്യു എന്നു പറയുന്നത് 7 ശതമാനം വച്ച് 70,000 രൂപയാണ്. ഒരേക്കറിന് പത്ത് ലക്ഷം രൂപയാണ് കാൽക്കുലേറ്റ് ചെയ്ത ഫെയർ വാല്യു എങ്കിൽ 7 ശതമാനം വച്ച് 70,000 രൂപ കൊടുക്കണം. മുമ്പാണെങ്കിൽ ഈ ഇടപാടിന് 50,000 രൂപയുടെ 6 ശതമാനം മതിയായിരുന്നു. വെറും 3,500 രൂപ മതിയായിരുന്നു. അപ്പോൾ തിരിച്ചും മറിച്ചുമാണ്. ഒരു വശത്ത് നഷ്ടം വരുന്നു. വേറൊരു വശത്ത് ജനങ്ങൾക്ക് ഉപദ്രവം കൂടി വരികയാണ്. അതുകൊണ്ട് അങ്ങ് വിഭാവന ചെയ്യാത്ത ഈ മറ്റ് സ്ഥാവരവസ്തുക്കളിൻമേലും ജംഗമ വസ്തുക്കളിന്മേലും ഫെയർ വാല്യു ആപ്ലിക്കബിളാക്കുന്ന ആ ആശയം ബഡ്ജറ്റിലില്ലായിരുന്നു. അതിന്റെ സ്പിരിറ്റിന് എതിരാണ്. ബഡ്ജറ്റിൽ പറയാത്ത രണ്ട് മൂന്നു കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അവസാനിപ്പിക്കാം. ബഡ്ജറ്റിൽ പറയാത്ത ഒന്നും ഇല്ലെന്ന് അങ്ങ് പറഞ്ഞു. നമുക്ക് ഇപ്പോൾ അങ്ങോട്ടും ഇങ്ങോട്ടും വാശി വേണ്ട. അങ്ങേയ്ക്ക് ബോധ്യമാകുന്നെങ്കിൽ ഞാൻ പറയുന്നത് ശരിയാണെന്ന് പറഞ്ഞാൽമതി. സ്റ്റാമ്പ് ആക്ട് ഷെഡ്യൂളിൽ 21, 22 ഇനങ്ങളിൽ മോർട്ട്ഗേജ് പണയം വയ്ക്കുന്നതിനും പാട്ടത്തിന് കൊടുക്കുന്നതിനും ഈ കൺവെയൻസിന്മേൽ ഈടാക്കുന്ന ഡ്യൂട്ടി തന്നെയായിരുന്നു മുമ്പ് നിലവിലുണ്ടായിരുന്നത്. എന്നുപറഞ്ഞാൽ മോർട്ട്ഗേജ് ഷെഡ്യൂളിലെ മുപ്പതാമത്തെ ഇനവും ലീസ് ഷെഡ്യൂളിലെ മുപ്പത്തിമൂന്നാമത്തെ ഇനവുമായിരുന്നു. ഇപ്പോൾ മോർട്ട്ഗേജിനും ലീസിനും നികുതി പരിഷ്ക്കരിക്കാൻ ബഡ്ജറ്റിൽ നിർദ്ദേശം ഉണ്ടായിരുന്നില്ല. മോർട്ട്ഗേജിനും പാട്ടത്തിനും നികുതി പരിഷ്ക്കരിക്കാൻ ബഡ്ജറ്റിൽ വിഭാവന ചെയ്തിരുന്നില്ല. ഇപ്പോൾ വന്നിരിക്കുന്നത് ഷെഡ്യൂൾ 21-ഉം 22-ഉം ഭേദഗതി ചെയ്തപ്പോൾ consequential ആയിട്ട്... മോർട്ട്ഗേജിനെയും ലീസിനെയും എക്സ്ക്ലൂഡ് ചെയ്യണമായിരുന്നു ഈ ബില്ലിൽ. "Notwithstanding anything contained in this clause it shall not apply to mortgage or lease" എന്ന് പറയുന്നുണ്ട്. മോർട്ട്ഗേജിനെയും ലീസിനെയും എക്സ്ക്ലൂഡ് ചെയ്യാത്തതുകൊണ്ട് ഇപ്പോൾ ഫെയർ വാല്യു മോർട്ട്ഗേജിനും ലീസിനുംകൂടി ബാധകമായിരിക്കുന്നു. അങ്ങ് അത് ബഡ്ജറ്റിൽ വിഭാവന ചെയ്തതല്ല. അതുപോലെതന്നെ, സെറ്റിൽമെന്റിനെക്കുറിച്ച് പറയാം. ഇത് മുസ്ലീങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. ബഡ്ജറ്റ് പാര 232-ൽ കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം. അതിൽ ദാന വിഷയം, ദാനം സ്റ്റാമ്പ് ഡ്യൂട്ടി അഞ്ച് രൂപയിൽ നിന്ന് രണ്ട് രൂപയായി കുറയ്ക്കുന്നു. അത് നല്ല കാര്യമാണ്. സെറ്റിൽമെന്റിന്റെ ഡെഫനിഷനിൽ പറയുന്നത്, സ്റ്റാമ്പ് ആക്ടിലെ 2 (ക്യു)-ൽ പറയുന്നത്. ...."disposition in writing, of movable or immovable property made"

(i) in consideration of marriage

(ii) or for the purpose of distributing property....... among his family .... or

(iii) for any religious or charitable purpose".

ഇതിന്റെ അടിസ്ഥാനത്തിലാണ് ബില്ലിലെ ക്ലോസ് 3 (9)അനുസരിച്ച് സെറ്റിൽമെന്റിന് ഭേദഗതി കൊണ്ടുവന്നപ്പോൾ മാര്യേജിനോടനുബന്ധിച്ച് മുസ്ലീംസ് നൽകുന്ന മഹറിന് ഉണ്ടായിരുന്ന എക്സംപ്ഷൻ ഒഴിവായി. സ്റ്റാംപ് ഡ്യൂട്ടി ആക്ടിൽ മുസ്ലീംസ് മഹർ കൊടുക്കുന്നത് സ്ത്രീധനമായിട്ടല്ല. മഹർ കൊടുക്കുന്നതിന് എക്സംപ്ഷൻ ഉണ്ടായിരുന്നു. ഇപ്പോൾ എക്സംപ്ഷൻ പോയപ്പോൾ അഞ്ച് ശതമാനം നികുതിക്ക് വിധേയമായിരിക്കുന്നു. അത് തെറ്റാണ്. സ്റ്റാമ്പ് ആക്ട് ഷെഡ്യൂൾ 51 (എ)-ക്ക് പകരം ബില്ലിൽ 3 (9) എന്ന പുതിയ ക്ലോസ് കൊണ്ടുവന്നതിന്റെ ഫലമായി അവർക്ക് ഉണ്ടായിരുന്ന എക്സംപ്ഷൻ പോയി.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മാണി സാർ അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. കെ. എം. മാണി: ഞാൻ അവസാനിപ്പിക്കാം. ബഡ്ജറ്റ് പാര 214 215 ഒക്കെ ബഡ്ജറ്റിൽ പറയാത്ത പുതിയ വിഷയങ്ങളാണ്. ചെറുകിട യൂണിറ്റുകളെ സഹായിക്കാൻ ഉണക്കമീൻ, ഉണക്ക ചെമ്മീൻ ഇവ സംഭരിക്കുന്നതിന് ...(മൈക്ക് ഓഫ്).... ബഡ്ജറ്റിൽ വിഭാവന ചെയ്യാത്ത വിഷയങ്ങളാണ് ഈ ബില്ലിനകത്ത് വന്നിരിക്കുന്നത്. അതുകൊണ്ട് ബഡ്ജറ്റിൽ വിഭാവന ചെയ്യാത്തത് ഈ ബില്ലിൽ ഉൾപ്പെടുത്തിയത് തെറ്റാണ്. ബില്ലിൽ ഇന്ന സ്ഥലത്ത് .... (മൈക്ക് ഓഫ്) .....ചൂണ്ടിക്കാണിക്കണം. അതാണ് എനിക്ക് പറയാനുള്ളത്. ഞാൻ നിർത്തുന്നു.

ശ്രീ. ബാബു പോൾ: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. കെ. എം. മാണി തുടങ്ങിയത് വർഗ്ഗീയ കക്ഷികളുമായി കേരളാ കോൺഗ്രസ് പാർട്ടിക്ക് യാതൊരുവിധ ബന്ധവുമില്ല എന്നുള്ള തരത്തിലാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം മുമ്പ് എന്റെ മണ്ഡലത്തിനോട് ചേർന്ന് കിടക്കുന്ന പാലാ മണ്ഡലത്തിൽ ഉൾപ്പെടുന്ന വെളിയന്നൂർ പഞ്ചായത്തിൽ കേരളാ കോൺഗ്രസ് പാർട്ടിയും ബി.ജെ.പി.യും പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ സഖ്യത്തിലായിരുന്നു. മാത്രമല്ല അന്ന് രണ്ട് കൂട്ടരുംകൂടി തീരുമാനിച്ചത് താമര ചിഹ്നവും വേണ്ട രണ്ട് ഇലയും വേണ്ട എന്നാണ്. എല്ലാവരും മാങ്ങ ചിഹ്നത്തിലാണ് മത്സരിച്ചത്. അങ്ങനെയുള്ള സ്വതന്ത്രന്മാരെ സൂക്ഷിക്കണമെന്നാണ് ഇപ്പോൾ ഇടയ ലേഖനത്തിൽ പറഞ്ഞിട്ടുള്ളത്. ഞാൻ ബില്ലിന്റെ ചർച്ചയിലേയ്ക്ക് വരികയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പിന്നിട്ട നാല് വർഷങ്ങൾ ധന സുഭിക്ഷതയുടെ നാളുകളായിരുന്നു. കേരളത്തിന്റെ പുരോഗതിക്കും ജനങ്ങളുടെ ക്ഷേമത്തിനും അടിത്തറ പാകിയ മുകവുറ്റ ധനമാനേജുമെന്റാണ് ഇവിടെ നടന്നിട്ടുള്ളത്. കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ ഏറ്റവും പുതിയ റിപ്പോർട്ട് തന്നെ ഇതിന് വ്യക്തമായ തെളിവാണ്. ഏറെ പ്രതികൂലവും വൈഷമ്യം നിറഞ്ഞതുമായ ഒരു സാമ്പത്തിക സ്ഥിതിയെ ഭാവനാപൂർണ്ണമായ നടപടിയിലൂടെ എങ്ങനെ സംസ്ഥാനത്തിന്റെ വികസനത്തിന് അനുഗുണമായ തലങ്ങളിലേയ്ക്ക് മാറ്റിയെടുക്കാമെന്ന് തെളിയിക്കുകയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് ഇവിടെ ചെയ്തിട്ടുള്ളത്. പണം ഇല്ലായ്മയുടേയും ട്രഷറി പൂട്ടലിന്റേയും പദ്ധതി വെട്ടിച്ചുരുക്കലിന്റേയും പ്ലാൻ ഹോളിഡേകളുടേയും ചരിത്രം സംസ്ഥാനത്ത് പഴങ്കഥകളായി മാറിയിരിക്കുന്നു. അതെല്ലാം യു.ഡി.എഫ്. ഭരണകാലത്താണ്. എൽ.ഡി.എഫ്. ഭരണത്തിൽ തനത് മൂലധന നിക്ഷേപത്തിലും മൂലധന ചെലവിലും വൻ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. സാധാരണ ജനങ്ങളുടെ മേൽ ഒരു പൈസയുടെ അധിക നികുതിപോലും അടിച്ചേൽപ്പിക്കാതെയാണ് ഈ വരുമാന വർദ്ധനവ് സംസ്ഥാനത്ത് ഉണ്ടാക്കിയിട്ടുള്ളത്. യു.ഡി.എഫിന്റെ കാലത്ത് ബഡ്ജറ്റ് വരുമ്പോൾ ജനങ്ങൾക്ക് ഭയമായിരുന്നു. എത്ര ഇരട്ടി നികുതി അധികമായി അടിച്ചേല്പ്പിക്കുവാൻ പോകുന്നു എന്ന

LIBRARY ARCHIVES Kerala Legislative Assembly

ഭയപ്പെടായിരുന്നു ജനങ്ങൾക്ക് ഉണ്ടായിരുന്നത്. ആ വിധത്തിലാണ് യു.ഡി.എഫ്. ഓരോ ബഡ്ജറ്റുകളും അവതരിപ്പിച്ചതെങ്കിൽ, എൽ.ഡി.എഫ്. അഞ്ച് ബഡ്ജറ്റുകൾ അവതരിപ്പിച്ചു. ഒരു ബഡ്ജറ്റിലും സാധാരണക്കാരന്റെ മേൽ ഒരു പൈസയുടെ പോലും നികുതിഭാരം അടിച്ചേൽപ്പിക്കുന്ന നടപടികൾ ഇവിടെ ഉണ്ടായിട്ടില്ല. രാഷ്ട്രീയ ഇച്ഛാശക്തിയോടെ സ്വീകരിച്ച നടപടികളിലൂടെയാണ് വരുമാനത്തിൽ വൻ നേട്ടം ഈ സംസ്ഥാനത്ത് ഇപ്പോൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽപ്പോലും 2010-11-ൽ 23,198 കോടി രൂപയായി നമ്മുടെ തനത് വരുമാനം വർദ്ധിച്ചിരിക്കുന്നു. 2004-05-ൽ ഇത് കേവലം 9782 കോടി രൂപയായിരുന്നു. ഇവിടെ 42 ശതമാനത്തിന്റെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. നികുതി വകുപ്പിൽ ഉണ്ടായിട്ടുള്ള ഭരണ നവീകരണ പ്രവർത്തനങ്ങളാണ് ഈ വരുമാന വർദ്ധനവിന് നിദാനമെന്ന് കണ്ടെത്താൻ കഴിയും. പ്രധാനപ്പെട്ട അതിർത്തി ചെക്ക് പോസ്റ്റുകളെല്ലാം ആധുനികവത്കരിച്ചു, അഴിമതി തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു. നികുതി കണക്കുകൾ കമ്പ്യൂട്ടർ മുഖാന്തിരം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി, ഇ-റിട്ടേൺ, ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തി. ഇതുവഴി നികുതി തട്ടിപ്പിനും അഴിമതിക്കുമുള്ള സാധ്യതകൾ കുറഞ്ഞു. വാണിജ്യ നികുതി വകുപ്പിലെ ക്രമക്കേടുകൾക്കെതിരെ ശക്തമായ വിട്ടുവീഴ്ച ഇല്ലാത്ത സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെയെല്ലാം ഫലമായിട്ടാണ് സംസ്ഥാനത്ത് നികുതി വരുമാനത്തിൽ ഈ വിധത്തിലുള്ള വർദ്ധനവ് ഉണ്ടായിട്ടുള്ളത്. 2005-06-ൽ 6983 കോടി രൂപയാ്യിരുന്ന വാണിജ്യ നികുതിയുടെ വരുമാനം ഇന്ന് 13194 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. 14 ശതമാനത്തിന്റെ വർദ്ധനവാണ്. ഉണ്ടായിട്ടുള്ളത്. സ്വർണ്ണത്തിനുമേലുള്ള വാണിജ്യ നികുതി 21 കോടി രൂപയിൽനിന്ന് 161 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. മദ്യത്തിന്റെ വാണിജ്യ നികുതി 1427 കോടി രൂപയിൽനിന്ന് 3164 കോടി രൂപയായും മൂല്യ വർദ്ധിത നികുതി 3321 കോടി രൂപയിൽനിന്ന് 6945 കോടി രൂപയായും ആഡംബര നികുതി 40.5 കോടി രൂപയിൽനിന്ന് 102.43 കോടി രൂപയായും വാറ്റിതര വിൽപ്പന നികുതി 3661 കോടി രൂപയിൽനിന്ന് 6248 കോടി രൂപയായും വർദ്ധിച്ചിരിക്കുന്നു. സംസ്ഥാനത്ത് നികുതിയേതര വരുമാന സാധ്യതകളും ധനകാര്യ വകുപ്പുമന്ത്രി കണ്ടെത്തിയിരിക്കുന്നു. ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്ത് വരുമാനമുണ്ടാക്കുവാൻ കഴിയുമെന്ന് അദ്ദേഹം കണ്ടെത്തിയിരിക്കുന്നു. ഈ ഇനത്തിൽ 2314 കോടി രൂപയുടെ വരുമാനമാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. ചെളിയും മണലുമെല്ലാം യു.ഡി.എഫിന്റെ ഭരണ കാലത്തും നമ്മുടെ ഡാമുകളിൽ ഉണ്ടായിരുന്നില്ലേ? ഇതിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വരുമാനം ഉണ്ടാക്കുവാൻ കഴിയുമെന്ന് നിങ്ങൾ ചിന്തിച്ചോ? അതെങ്ങനെയാണ്? ഇവരുടെ തലയിൽ ആ വിധത്തിലുള്ള വല്ല ചിന്തയും വേണ്ടേ? ബുദ്ധിയും ഭാവനയും ഉണ്ടായാൽ മാത്രമേ ഈ വിധത്തിലുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്താൻ കഴിയൂ. മറിച്ച് ജനങ്ങളുടെ മേൽ നികുതി ഭാരംകൊണ്ട് കുതിര കയറുക എന്നുള്ള നിലപാടല്ലേ യു.ഡി.എഫ്.-ന്റെ കാലയളവിലെല്ലാം സ്വീകരിക്കപ്പെട്ടിട്ടുള്ളത്. റവന്യൂ വരുമാനം വർദ്ധിപ്പിക്കുവാൻ മാത്രമല്ല റവന്യൂകമ്മിയും ധനകമ്മിയും കുറയ്ക്കുവാനും ഈ ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2.3 ശതമാനമായിരുന്ന റവന്യൂകമ്മി 2009-10-ൽ ഇത് 1.9 ശതമാനമായി കുറഞ്ഞിരിക്കുന്നു. യു.ഡി.എഫിന്റെ ഭരണ കാലത്തെപ്പോലെ വികസന മൂലധന ചെലവിലും സാമൂഹിക സേവന മൂലധന ചെലവിലും വെട്ടിക്കുറവ് വരുത്തിക്കൊണ്ടല്ല റവന്യൂകമ്മി കുറവു വരുത്തിയിട്ടുള്ളത്. മറിച്ച് വികസന സേവന രംഗങ്ങളിലെ മൂലധന ചെലവ് വർദ്ധിപ്പിച്ചുകൊണ്ടുതന്നെ റവന്യൂകമ്മി കുറയ്ക്കുവാൻ കഴിയുമെന്ന് ഗവൺമെന്റ് തെളിയിച്ചിരിക്കുകയാണ്. 2010-11-ൽ റവന്യൂകമ്മി പൂജ്യമാക്കും എന്ന് ധനകാര്യവകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു. പക്ഷേ അതിലേക്ക് എത്തുകയില്ലെന്ന് ധനകാര്യ മന്ത്രിതന്നെ തുറന്നു സമ്മതിച്ചു. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ തീർപ്പുകൾ തന്നെയാണ് അതിന് അടിസ്ഥാനപരമായ കാരണം. സംസ്ഥാനത്തിനുള്ള കേന്ദ്ര നികുതി വിഹിതം 2.6 ശതമാനമായിരുന്നത് പതിമൂന്നാം ധനക്കമ്മീഷൻ 2.3 ശതമാനമായി വെട്ടിക്കുറച്ചിരിക്കുന്നു. 5,000 കോടി രൂപയുടെ നഷ്ടമാണ് നമ്മുടെ സംസ്ഥാനത്തിന് ഇതുവഴി ഉണ്ടാകുവാൻ പോകുന്നത്. ഇതിനെക്കുറിച്ച് അപ്പുറത്തിരിക്കുന്നവർക്ക് എന്താണ് പറയാനുള്ളത്? ഇന്നിപ്പോൾ പണമില്ലാത്തതുകൊണ്ട് വികസന പ്രവർത്തനങ്ങളും ക്ഷേമ പദ്ധതികളും ഈ സംസ്ഥാനത്ത് മുടങ്ങുന്നില്ല. വിവിധ വിഭാഗങ്ങൾക്കുള്ള ക്ഷേമ ആനുകൂല്യങ്ങളും ജീവനക്കാരുടെ ശമ്പളവും ഡി.എ.യും കരാറുകാരുടെ ബില്ലുകളുമെല്ലാം കുടിശ്ശികയില്ലാതെ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഡി.എ.ക്കു വേണ്ടി യു.ഡി.എഫ്.-ന്റെ കാലത്ത് ജീവനക്കാരും അദ്ധ്യാപകരും എത്ര പണിമുടക്ക് സമരമാണ് ഈ സംസ്ഥാനത്ത് നടത്തിയിട്ടുള്ളത്? കോൺഗ്രസ്സിന്റെ എൻ.ജി.ഒ അസ്സോസ്സിയേഷൻ അടക്കമുള്ള സംഘടനകൾക്ക് നിരന്തരമായ പണിമുടക്ക് സമരം നടത്തേണ്ടി വന്നില്ലേ? എന്നാൽ ഈ ഗവൺമെന്റ് ഭരണം ഏറ്റെടുത്ത നാലു വർഷക്കാലത്തിനിടയിൽ ഡി.എ. കുടിശ്ശിക ലഭ്യമാക്കുന്നതിനുവേണ്ടി ജീവനക്കാരുടെ ഭാഗത്തുനിന്ന് ഒരു പണിമുടക്ക് സമരവും

നമുക്ക് കാണാൻ കഴിഞ്ഞിട്ടില്ല. കരാറുകാർക്ക് നിങ്ങൾ എത്രയാണ് കുടിശ്ശിക വരുത്തിയിരുന്നത്? അയ്യായിരം ആറായിരം കോടി രൂപയുടെ കുടിശ്ശിക. അത് മുഴുവൻ ഈ ഗവൺമെന്റ് വന്നതിനു ശേഷമല്ലേ കൊടുത്തു തീർത്തിട്ടുള്ളത്? ക്ഷേമനിധി പെൻഷനുകൾ എല്ലാം കുടിശ്ശികയല്ലായിരുന്നോ? കർഷക തൊഴിലാളി ക്ഷേമനിധി പെൻഷൻ 32 മാസക്കാലത്തെ കുടിശ്ശികയായിരുന്നു. ക്ഷേമനിധി ബോർഡുകൾ കൊടുക്കേണ്ട വിവിധങ്ങളായ ആനുകൂല്യങ്ങൾ എല്ലാം കുടിശ്ശികയല്ലായിരുന്നോ? ഈ ഗവൺമെന്റ് വന്നതിനുശേഷം ആ കുടിശ്ശികയെല്ലാം തീർത്ത് കൊടുത്തു എന്ന് മാത്രമല്ല ക്ഷേമനിധി പെൻഷനുകൾ 100-110 രൂപയിൽനിന്ന് മുന്നൂറ് രൂപയായി വർദ്ധിപ്പിച്ച് അഡ്വാൻസായി പെൻഷനുകൾ കൊടുക്കുവാൻ കഴിയുമെന്ന് പ്രഖ്യാപനം നടത്താനും ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു. പുതിയതായി ആർക്കൊക്കെയാണ് ഈ ഗവൺമെന്റ് ക്ഷേമനിധി നടപ്പിലാക്കിയിട്ടുള്ളത്? കക്ക തൊഴിലാളികൾ, നിലത്തെഴുത്ത് ആശാന്മാർ, ലോട്ടറി വൽപ്പനക്കാർ, കുടിയേറ്റ തൊഴിലാളികൾ, അംഗൻവാടി ജീവനക്കാർ തുടങ്ങിയവർക്കെല്ലാം ഇപ്പോൾ ക്ഷേമനിധി ഉണ്ടാക്കിയില്ലേ? 35 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് പ്രതിമാസം 25 കിലോ ഭക്ഷ്യധാന്യം ഞങ്ങൾ കൊടുക്കുകയല്ലേ? അതിന് 500 കോടി രൂപയാണ് നമ്മുടെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ യു.പി.എ. അധികാരത്തിൽ വന്നാൽ രാജ്യത്തു മുഴുവൻ മൂന്ന് രൂപ നിരക്കിൽ അരി കൊടുക്കുമെന്ന് പറഞ്ഞവരല്ലേ നിങ്ങൾ ? അധികാരത്തിൽ വന്നിട്ട് പതിനഞ്ച് മാസക്കാലം കഴിഞ്ഞല്ലോ? കൊടുത്തോ? എന്ത് കൊടുത്തു, എവിടെ കൊടുത്തു? ഈ സംസ്ഥാനത്ത് എവിടെയെങ്കിലും കൊടുത്തിട്ടുണ്ടോ? അപ്പോൾ പാലം കടക്കുവോളം നാരായണ, നാരായണ പാലം കടന്നു ചെന്നാൽ കൂരായണ കൂരായണ. നിങ്ങൾ ജനങ്ങളെ പറഞ്ഞു പറ്റിക്കുകയാണ്. ഇത് നിങ്ങളുടെ സ്ഥിരം പരിപാടിയാണ്. ഓരോ തെരഞ്ഞെടുപ്പ് വരുമ്പോഴും ജനങ്ങളെ പറ്റിക്കുവാനുള്ള 'ഗരീബി ഹഠാവോ' അടക്കമുള്ള ഓരോ മുദ്രാവാക്യങ്ങൾ നിങ്ങൾ കരുതി വച്ചിട്ടുണ്ട്. പക്ഷേ തെരഞ്ഞെടുപ്പ് കഴിഞ്ഞ് അധികാരത്തിൽ വരുമ്പോൾ അതെല്ലാം അപ്പാടെ മറക്കുന്ന ഒരു നയമാണ് നിങ്ങൾക്കുള്ളത്. ഇങ്ങനെ ജനങ്ങളെ പറ്റിക്കുന്ന നിങ്ങളെ എങ്ങനെ ജനങ്ങൾ പഞ്ചായത്തിലും നിയമസഭയിലും ജയിപ്പിക്കുമെന്നാണ് പറയുന്നത്? മലർപ്പൊടിക്കാരന്റെ സ്വപ്നം മാത്രമാണ് നിങ്ങൾ കണ്ടുകൊണ്ടിരിക്കുന്നത്. സമഗ്രമായ ആരോഗ്യ ഇൻഷുറൻസ് പദ്ധതി ഞങ്ങളല്ലേ ഇവിടെ നടപ്പിലാക്കിയത്? കേന്ദ്ര ഗവൺമെന്റ് പതിനൊന്ന് ലക്ഷം ബി.പി.എൽ കുടുംബങ്ങളുടെ ലിസ്റ്റ് അംഗീകരിച്ചു. പക്ഷേ അവർക്ക് മാത്രമല്ല, കൂലിവേലക്കാരായ മുഴുവൻ ആളുകൾക്കും ആ ഇൻഷ്വറൻസ് പരിരക്ഷയുടെ ആനുകൂല്യം ലഭ്യമാക്കാൻ ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. കർഷകർ, മത്സ്യത്തൊഴിലാളികൾ, കയർ തൊഴിലാളികൾ, പട്ടികജാതിക്കാർ, പട്ടിക വർഗ്ഗക്കാർ എന്നിവർക്കുള്ള കടാശ്വാസ പദ്ധതികൾക്കെല്ലാംകൂടി 500 കോടി രൂപയാണ് ഈ ഗവൺമെന്റ് ഇപ്പോൾ ചെലവഴിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

യു.ഡി.എഫ്.ന്റെ കാലയളവിൽ കാർഷിക മേഖലയുടെ അടങ്കൽ തുക 250 കോടി രൂപ മാത്രമായിരുന്നു. പക്ഷേ ഈ ഗവൺമെന്റ് അത് 625 കോടി രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. കർഷക പെൻഷൻ ഇന്ത്യക്കുതന്നെ മാതൃകയായി സംസ്ഥാനത്ത് നടപ്പിലാക്കി. ഈ ഗവൺമെന്റ് ഒരു കിലോ നെല്ലിന് ഖജനാവിൽനിന്ന് മൂന്ന് രൂപ അധികമായി നൽകിക്കൊണ്ട് പന്ത്രണ്ട് രൂപയ്ക്ക് നെല്ല് സംഭരണ വിലയിൽ ഒരു മാറ്റം വരുത്തണമെന്ന് ആവശ്യപ്പെടാനുള്ള ഉത്തരവാദിത്വം അപ്പുറത്തിരിക്കുന്നവർക്കില്ലേ ? ഈ ഗവൺമെന്റ് സംസ്ഥാനത്ത് എട്ട് ലക്ഷത്തോളം വരുന്ന ഭവന രഹിതർക്ക് മുഴുവൻ സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കുകയല്ലേ ? മൂന്നു ലക്ഷം വീടുകൾ ഇതിനോടകം നിർമ്മിച്ചു കഴിഞ്ഞു. 2011 മാർച്ച്, ഏപ്രിൽ മാസമാകുമ്പോഴേക്കും അവശേഷിക്കുന്ന അഞ്ച് ലക്ഷം കുടുംബങ്ങൾക്കുകൂടി സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കും. വിലക്കയറ്റം തടഞ്ഞു നിർത്താൻ ശക്തമായ നടപടികളാണ് സംസ്ഥാനത്ത് സ്വീകരിച്ചിട്ടുള്ളത്. വിലക്കയറ്റം തടഞ്ഞു നിർത്തുന്നതിനുവേണ്ടി സപ്ലൈകോയ്ക്കും കൺസ്യൂമർ ഫെഡ്ഡിനും 600 കോടിരൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പരമ്പരാഗത വ്യവസായ മേഖലയുടെ സ്ഥിതി എന്തായിരുന്നു? പട്ടിണി മരണമായിരുന്നു നിങ്ങളുടെ കാലഘട്ടത്തിൽ നടന്നുകൊണ്ടിരുന്നത്. ഈ ഗവൺമെന്റ് ഈ മേഖലക്ക് മാറ്റിവച്ചിരിക്കുന്നത് എത്രയാണ്? 2006 വരെ കയർ മേഖലയ്ക്ക് 23 കോടി രൂപയാണ് നീക്കി വച്ചതെങ്കിൽ ഇപ്പോൾ അത് 82.5 കോടി രൂപയാണ്. കശുവണ്ടി മേഖലയ്ക്ക് വേണ്ടി 32 കോടി രൂപയായിരുന്നുവെങ്കിൽ ഇന്ന് അത് 59 കോടി രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. നിങ്ങളുടെ കാലയളവിൽ കൈത്തറി മേഖലയുടെ വിഹിതം 28 കോടി രൂപയായിരുന്നു ഇന്ന് 57 കോടി രൂപയായി അത് വർദ്ധിച്ചിരിക്കുന്നു. ചെറുകിട വ്യവസായ മേഖലയിൽ അഞ്ച് കോടി, ആറ് കോടി രൂപയല്ലേ നിങ്ങൾ വകയിരുത്തി ചെലവഴിച്ചുകൊണ്ടിരുന്നത്. ഇപ്പോൾ നാൽപത് കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു. നിങ്ങളുടെ കാലത്ത് 60 കോടി രൂപ നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതിയിൽ മാറ്റം വരുത്തി 249.5 കോടി രൂപ ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായി പൊതുമേഖലാ സ്ഥാപനങ്ങളെ മാറ്റി. മാത്രമല്ല 125 കോടി രൂപ മുടക്കി പുതിയതായി എട്ട് പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ആരംഭിക്കാൻ തീരുമാനിച്ചു. പൊതുജനാരോഗ്യമേഖല ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് സമ്പന്ന വർഗ്ഗത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുന്ന ഗവൺമെന്റല്ല. പാവപ്പെട്ടവന്റെ, സാധാരണക്കാരന്റെ, പണിയെടുക്കുന്നവന്റെ, കൃഷിക്കാരന്റെ, ജീവനക്കാരന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന ഗവൺമെന്റാണ്. അത് ജനം തിരിച്ചറിഞ്ഞുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഈ വരുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിലും

LIBRARY ARCHIVES Kerala Legislative Assembly

അതിനുശേഷം നടക്കാൻ പോകുന്ന നിയമസഭാ തെരഞ്ഞെടുപ്പിലുമെല്ലാം ഞങ്ങൾ അധികാരത്തിൽ വരും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ജനം ഞങ്ങളോടൊപ്പമാണ്. നിങ്ങളുടെ കൂടെ ഇടയലേഖനം മാത്രമേയുള്ളു. ജനങ്ങളാകുന്ന വോട്ട് പെട്ടി ഞങ്ങളുടെ കയ്യിലാണ്. നിങ്ങളുടെ കയ്യിൽ താക്കോൽ മാത്രമേയുള്ളു. നിങ്ങൾ താക്കോലും വച്ചു കൊണ്ട് സമാശ്വസിക്കുക എന്നല്ലാതെ ജനം നിങ്ങളെ വ്യക്തമായി തിരിച്ചറിഞ്ഞു കഴിഞ്ഞിരിക്കുന്നു. അത്തരമൊരു ഗവൺമെന്റിന്റെ ബില്ലിനെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ ശ്രീ. എം. ചന്ദ്രൻ]

ശ്രീ. എം. ഉമ്മർ: സർ, ഞാൻ ധനകാര്യബില്ലിനെ എതിർക്കുകയാണ്. സാമ്പത്തിക അച്ചടക്കം പാലിക്കാത്ത, ചെറിയ ആനുകൂല്യങ്ങൾ മാത്രം പ്രഖ്യാപിക്കുന്ന, ജനങ്ങളെ കൊള്ളയടിക്കുന്ന വ്യവസ്ഥകളാണ് ഈ ധനകാര്യ ബില്ലിലുള്ളത്. എല്ലാ കണക്കുകളും തെറ്റിച്ച് എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾ വർദ്ധിക്കുന്നതല്ലാതെ അതിനനുസരിച്ച് വികസന ചെലവുകൾ വർദ്ധിക്കുന്നില്ല. 2009-10-ലെ മൊത്തം നോൺപ്ലാൻ ചെലവ് 27,194.19 കോടി രൂപയാണ്. അതേ അവസരത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതി ഉൾപ്പെടെ പദ്ധതി ചെലവ് 6,113.27 കോടി രൂപയാണ്. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്ക് പരിശോധിച്ചാൽ റവന്യൂ ചെലവിലുണ്ടായ വർദ്ധനവ് 5116.49 കോടി രൂപയാണ്. അതേസമയം പദ്ധതി ചെലവിൽ മൂന്ന് വർഷം കൊണ്ടുണ്ടായ വർദ്ധനവ് 564.40 കോടി രൂപ മാത്രമാണ്. മൂലധന ചെലവിൽ 466.61 കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ മൂന്ന് വർഷത്തെ ഈ സർക്കാരിന്റെ സാമ്പത്തിക മാനേജ്മെന്റിന്റെ വൈകല്യമാണ് ഇത് കാണിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മൊത്തം കട ബാധ്യത 41,191 കോടി രൂപയായിരുന്നു. ഇപ്പോൾ അത് വർദ്ധിച്ച് 67,354 കോടി രൂപയായി എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 25,562 കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. 25,562 കോടി രൂപയുടെ കട ബാധ്യതയുള്ള നാല് വർഷത്തെ ഭരണ നേട്ടമാണ് ഇവിടെ അവശേഷിക്കുന്നത്. വികസന പ്രവർത്തനങ്ങൾക്ക് ചെലവിനായി മൂന്ന് വർഷംകൊണ്ട് 7704.4 കോടി രൂപയുടെ വർദ്ധനവ് മാത്രമാണ് ഉണ്ടായിട്ടുള്ളത്. വികസനത്തിന്റെ പേരിൽ കടമെടുത്ത പണം യഥാർത്ഥത്തിൽ ധൂർത്തടിക്കുകയാണ് ചെയ്യുന്നത്. ഇളവുകൾ പ്രഖ്യാപിക്കുമ്പോൾത്തന്നെ അതിന്റെ പതിൻമടങ്ങ് തിരിച്ചു പിടിക്കുന്നതായാണ് ഈ ബില്ലിൽ കാണുന്നത്. ബഹുമാനപ്പെട്ട മാണി സാർ ആ കാര്യങ്ങളെക്കുറിച്ച് ഇവിടെ വിശദമായി പ്രതിപാദിക്കുകയുണ്ടായി. സ്റ്റാമ്പ് ഡ്യൂട്ടിയിൽ വരുത്തിയ മാറ്റങ്ങളും ന്യായവിലയിൽ ഉണ്ടായിട്ടുള്ള അശാസ്ത്രീയമായ വിലതിട്ടപ്പെടുത്തലുംകൊണ്ട് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായി. ഇപ്പോൾ പറയുന്നത് ഏത് സമയത്തും മാറ്റാം എന്നാണ്. അപ്പീൽ കൊടുക്കാൻ കളക്ടർമാരെ എപ്പോൾ വേണമെങ്കിലും കാണാം. വെറും പാവപ്പെട്ട ആളിന് അഞ്ച് സെന്റ് സ്ഥലം വിൽക്കണമെങ്കിൽ ഒരു കളക്ടറെ കാണാൻ നേരെ

LIBRARY ARCHIVES Kerala Legislative Assembly

ചെന്നാൽ മതിയോ? വില്ലേജ് ഓഫീസറെ പോയി കണ്ട് അതിനു മുകളിൽ ആർ.ഐ.യെ കണ്ട് തഹസീൽദാരെ കണ്ട് ഡെപ്യൂട്ടി കളക്ടറെ കണ്ട് കളക്ടറുടെ അടുത്ത് അപ്പീൽ എത്തുമ്പോഴേക്കും കൊടുക്കേണ്ടവരെയൊക്കെ കണ്ട് കാണേണ്ടവരെയൊക്കെ കണ്ട് കഴിയുമ്പോഴേയ്ക്കും അഞ്ച് സെന്റിന് കൊടുക്കുന്ന പൈസ തീർന്നുപോകും. ഇങ്ങനെ പാവപ്പെട്ടവരെ പ്രയാസപ്പെടുത്തുന്ന ഒട്ടനവധി പരിഷ്കാരങ്ങളാണ് ഈ ബില്ലിലും ധനകാര്യ കാര്യങ്ങളിലും പറയാൻ കഴിയുന്നത്. നിലവിലെ ഭേദഗതിമൂലം സ്റ്റാമ്പ് ഡ്യൂട്ടിയുടെ ഭാരവും കൂടിയാകുമ്പോൾ സ്ഥിതി കൂടുതൽ വഷളാകും. റിയൽ എസ്റ്റേറ്റ് മാഫിയക്ക് സഹായം ലഭിക്കത്തക്കവിധം ഫ്ളാറ്റുകൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഇളവും നൽകിയിട്ടുണ്ട്. ഇതാണ് ഈ ഗവൺമെന്റിന്റെ ധനകാര്യ കാഴ്ചപ്പാട്. ഞാൻ ഈ ധനകാര്യ ബില്ലിൽ ഒതുങ്ങി നിന്ന് സംസാരിക്കണമെന്ന് ഉദ്ദേശിച്ചതാണ്. പക്ഷേ ഇവിടെ നടന്ന സംസാരങ്ങളിലൊക്കെത്തന്നെ ചില ആളുകൾ നടത്തിയ പരാമർശങ്ങൾ വളരെയധികം തെറ്റിദ്ധാരണ പരത്തുന്നതാണ്. ചില ആളുകൾ എന്തുവന്നാലുംശരി മുസ്ലീംലീഗിന്റെ നെഞ്ചിൽനിന്ന് ഒരു റാത്തൽ ഇറച്ചി കിട്ടുമെങ്കിൽ അത് രുചിക്കാമെന്നുള്ള വ്യാമോഹവുമായി പല തെറ്റിദ്ധാരണകളും പരത്തുന്ന കാര്യങ്ങളാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. വഖഫ് ബോർഡ് അന്വേഷണ കമ്മീഷനുമായി ബന്ധപ്പെട്ട കാര്യത്തെ സംബന്ധിച്ച് ശ്രീ. പി. ജയരാജൻ കഴിഞ്ഞ ദിവസം പറയുകയുണ്ടായി. ഒരു ജുഡീഷ്യൽ അന്വേഷണം നടത്തുമ്പോൾ ആ കമ്മീഷനെക്കുറിച്ച് നമുക്കൊരു ധാരണയുണ്ട്. "Justice not only be done but also seem to be done " എന്നാണ്. നീതി നടപ്പിലാക്കിയാൽ പോര അത് നടപ്പിലാക്കുമെന്ന് ബോധ്യപ്പെടുകയും വേണം. ഇവിടെ നിയമിച്ചിട്ടുള്ള കമ്മീഷന്റെ സ്ഥിതിയെന്താണ്? റിട്ടയേർഡ് ജഡ്ജി നിസാറിന്റെ നേതൃത്വത്തിൽ വഖഫ് ബോർഡുകളെ സംബന്ധിച്ച് സമുദായത്തിന്റെ സ്ഥാപനങ്ങളെ സംബന്ധിച്ച് അന്വേഷിക്കാൻ വന്ന കമ്മീഷൻ തികഞ്ഞ രാഷ്ട്രീയക്കാരനാണ്. കഴിഞ്ഞ കണ്ണൂർ മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ മുസ്ലീം ലീഗ് സ്ഥാനാർത്ഥിയോട് ദയനീയമായി പരാജയപ്പെട്ട ആളെയാണ് ഈ വഖഫ് ബോർഡിന്റെ അന്വേഷണ കമ്മീഷനായി കൊണ്ടുവന്നിട്ടുള്ളത്. മാത്രമോ ശ്രീ. പിണറായി വിജയന് ലാവലിൻ കേസ് നടത്തുന്നതിനുവേണ്ടി തന്റെ ഒരു മാസത്തെ ശമ്പളം സംഭാവന നൽകി കൂറ് പ്രഖ്യാപിച്ച ആളാണ്. അങ്ങനെയുള്ള ആളെയാണ് അന്വേഷണ കമ്മീഷനായി നിയമിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ കൂടെ നിൽക്കുന്ന സെക്രട്ടറിയെ സംബന്ധിച്ച് ഞാൻ ഒന്നും പറയുന്നില്ല. സെക്രട്ടറിയെ സംബന്ധിച്ച് അതിന്റെ ചെയർമാനായിട്ടുള്ള നിസാർ പറയുന്നത്, "The allegation in that case includes alleged claim of TA as Member Secretary of Wakf Enquiry Commission as well as Hajj Officer as well allegation regarding the alleged misuse by him; mobile phones bills are paid by Wakf Enquiry Commission. The files in this office

include files regarding above matters. Since the said vigilance case is under investigation, it is not safe or permissible to allow Shri Abubakar Chenghat, former Member Secretary of this Commission to deal with the files of this Commission." ഇങ്ങനെയുള്ള ഒരാളാണ് മെമ്പർ സെക്രട്ടറിയായിട്ടുള്ളത്. മെമ്പർ സെക്രട്ടറിയെ സംബന്ധിച്ച് അദ്ദേഹത്തിന് ഫയൽ കൊടുക്കരുത് അദ്ദേഹത്തെ സംബന്ധിച്ച് വിജിലൻസ് അന്വേഷണമുണ്ട് അതുകൊണ്ട് ഞാൻ എന്റെ സെയ്ഫ് കസ്റ്റഡിയിൽ വച്ചിരിക്കുകയാണ് എന്നാണ് ചെയർമാൻ പറയുന്നത്. മാത്രമല്ല അദ്ദേഹത്തെ സംബന്ധിച്ച് മുൻപ് കമ്മിറ്റിയിൽ ഉണ്ടായിരുന്ന മറ്റൊരാൾ അഭിപ്രായം പറഞ്ഞിട്ടുണ്ട്. അത് അതിലേറെ രസകരമാണ്. നിസാർ, എം. മോഹൻദാസ്, ഗുണ്ടാ ആക്ട് കമ്മിറ്റിയുടെ ജഡ്ജിമാരായിട്ടുള്ള രണ്ട് ആളുകൾ അവർ പറഞ്ഞിട്ടുള്ളത് എന്താണ്? "A true copy of complaint filed against him before......" എന്നു പറഞ്ഞാൽ ഈ മെമ്പറെ സംബന്ധിച്ച് ".......Vigilance court is perused by us and we have reason to believe that the allegation mentioned therein are not false. It is seen that Home Department of Government of Kerala was pleased not to appoint him this year 2009 as Hajj Special Officer. Therefore, we are of the opinion that it is not proper to appoint such a person as Secretary of the Board which is the highly responsible job" . ഇതാണ് മെമ്പർ സെക്രട്ടറിയെ സംബന്ധിച്ച് രണ്ട് സെക്രട്ടറിമാർ പറഞ്ഞിട്ടുള്ള അഭിപ്രായം. അങ്ങനെയുള്ള രണ്ട് ആളുകൾ കൂടി വന്നിട്ടുള്ള അന്വേഷണ കമ്മീഷനാണ് ഇവിടെയുള്ളത്. ആ കമ്മീഷന്റെ റിപ്പോർട്ട് വച്ചിട്ടാണ് ശ്രീ. പി. ജയരാജൻ പറഞ്ഞത് മുസ്ലീം ലീഗ് എവിടെയൊക്കെയോ കൊള്ളയടിച്ചു, വഖഫ് സ്വത്ത് കൊള്ളയടിച്ചു എന്നൊക്കെ. യഥാർത്ഥത്തിൽ വഖഫ് സ്വത്തിനെ സംബന്ധിച്ച് ആധികാരികമായി അഭിപ്രായം പറയാനുള്ള ആളാരാണ്. ആ വഖഫ് സ്വത്ത് ഉപയോഗിച്ചത് ശരിയാണോ തെറ്റാണോ എന്ന് പറയാനുള്ളത് വഖഫ് ബോർഡാണ്. ഞങ്ങളുടെ വഖഫ് ബോർഡാണെങ്കിൽ പഴയകാലത്ത് ഉമ്മർ അലി തങ്ങളോ അല്ലെങ്കിൽ മുസ്ലീംലീഗിന്റെ നേതാക്കൻമാരോ ഉൾപ്പെടുന്ന വഖഫ് ബോർഡ് പറയുന്നതാണെങ്കിൽ വിശ്വസിക്കാൻ പ്രയാസമുണ്ടാകും കമ്മ്യൂണിസ്റ്റുകാർക്ക്. ഇപ്പോൾ ഈ നടപടിയെ സംബന്ധിച്ച്, തളിപ്പറമ്പിൽ നടന്നിട്ടുള്ളതിനെ സംബന്ധിച്ച് വഖഫ് ബോർഡിന്റെ അന്വേഷണ കമ്മീഷൻ പറഞ്ഞിട്ടുള്ള കാര്യങ്ങളെന്താണ് ? കേരള സ്റ്റേറ്റ് വഖഫ് ബോർഡിനെ സംബന്ധിച്ച് അതിന്റെ എട്ട് അംഗങ്ങൾ ഒപ്പിട്ട് ഈ ഇടപാടിനെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള വിധിയാണ് ഞാൻ വായിക്കുന്നത്.

വഖഫ് ബോർഡിന്റെ ചെയർമാൻ ശ്രീ. കെ. വി. അബ്ദുൾ ഖാദർ എംഎൽഎ. ആണ്. ഈ ഗവൺമെന്റ് നിയമിച്ച ആളാണ് ശ്രീ. ഹുസൈൻ മടവൂർ. ശ്രീ. പി. പി. അബ്ദുറഹിമാൻ ജമാഅത്തെ ഇസ്ലാമിയുടെ ഷൂറാ മെമ്പർ,

LIBRARY ARCHIVES Kerala Legislative Assembly

ജനാബ് അലി അബ്ദുള്ള. എ.പി. വിഭാഗം സുന്നി നേതാവ്, അഡ്വക്കേറ്റ് കെ.എ. ഹസ്സൻ, പി.ഡി.പി.യുടെ സ്ഥാനാർത്ഥിയായി ആലപ്പുഴയിൽ മൽസരിച്ച ആൾ, മറ്റൊന്ന് ഗവൺമെന്റ് നോമിനേറ്റ് ചെയ്ത ജനാബ് മുഹമ്മദലി വാലഞ്ചേരി എന്ന ആൾ. ഇങ്ങനെ നോമിനേറ്റ് ചെയ്ത എട്ട് ആളുകൾ ഉണ്ട്. ഞാൻ ഇതിലെ ഒരംഗമാണ്. പക്ഷേ ഞാൻ ഈ ജഡ്ജ്മെന്റിൽ ഒപ്പിട്ടിട്ടില്ല. തളിപ്പറമ്പിൽ ഇപ്പോൾ നടന്നുവെന്ന് പറയപ്പെടുന്ന മുസ്ലീംലീഗിന് അവിഹിതമായി ഗുണം ചെയ്തു എന്നുപറഞ്ഞതിനെ സംബന്ധിച്ച് ഈ എട്ടാളുകൾ പുറപ്പെടുവിച്ചിരിക്കുന്ന വിധി എന്താണ്? "The advertisement was in respect of educational institutions run by Trust Committee. Now it is common knowledge that education in our State has become really competitive in every respect. So since the Committee had properly entered the fact that Rs.50,000 was spent in the accounts pertaining the Wakf. " 50,000 രൂപ കൊടുത്തു എന്നുപറയുന്നതിൽ യാതൊരു തെറ്റുമില്ലെന്ന് ശ്രീ. കെ. വി. അബ്ദുൾ ഖാദർ ചെയർമാനായ കമ്മിറ്റി, സി.പി.ഐ.(എം) നോമിനേറ്റ് ചെയ്ത ഭൂരിപക്ഷമുള്ള കമ്മിറ്റി ശരിവച്ചിരിക്കുകയാണ്. എന്നിട്ട് മുസ്ലീം ലീഗിന്റെ പേരിൽ കുതിരകയറുന്നതിന് എന്ത് അർത്ഥമാണുള്ളത്? അതുപോലെതന്നെ മറ്റൊരു കാര്യം പറഞ്ഞിരിക്കുന്നത്, വഖഫ് ബോർഡിന്റെ ജില്ലാ ....

ശ്രീ. സി. കെ. പി. പത്മനാഭൻ: ഇപ്പോൾ കമ്മീഷൻ കണ്ടെത്തിയിരിക്കുന്നത് വഖഫിന്റെ സ്വത്ത് ഈ സമുദായത്തിന്റെ ഉദ്ധാരണത്തിനുവേണ്ടി വിനിയോഗിക്കേണ്ടതാണ് എന്നാണ്. വഖഫിന്റെ സ്വത്തിൽ നിന്നാണ് ലീഗിന്റെ സമ്മേളനത്തിന് 50,000 രൂപ എടുത്തത്. അതിനുപുറമെ അവിടെ നിരവധി കെട്ടിടങ്ങൾ ലീഗിന്റെ ഓഫീസുകളാക്കിയെടുത്തിട്ടുണ്ട്. അതൊക്കെ കണ്ടെത്തിയിട്ടുണ്ട്. അക്കാര്യത്തിൽ എന്താണ് നിങ്ങളുടെ അഭിപ്രായം?

ശ്രീ. എം. ഉമ്മർ: അതിനെ സംബന്ധിച്ചാണ് വഖഫ് ബോർഡ് തീരുമാനം എടുത്തത്. വഖഫിന്റെ കേസ്സ് വന്നപ്പോൾ ശ്രീ. കെ. വി. അബ്ദുൾ ഖാദർ അടക്കമുള്ളവർ എടുത്തത് ഒരു സ്കൂളിനുവേണ്ടി കൊടുത്ത സംഭാവനയാണ്. സ്കൂളിന് മാത്രമല്ല, ശ്രീ. സി. കെ. പി. പത്മനാഭൻ മനസ്സിലാക്കണം, ഒരു സുവനീർ ഇറക്കുന്നതിനുവേണ്ടി 14 സ്കൂളുകൾക്ക് കൊടുത്തിട്ടുള്ളത് ഒരു പരസ്യം മാത്രമാണ്. അത് ശരിയാണെന്നുള്ള വഖഫ് ബോർഡിന്റെ തീരുമാനം അങ്ങ് മനസ്സിലാക്കണം. അതല്ലാതെ മുസ്ലീം ലീഗ് എടുത്തതല്ല. തളിപ്പറമ്പിലെ വഖഫ് സ്വത്തിലാണ് ഇന്ന് അവിടെയുള്ള ഫയർ സ്റ്റേഷൻ നിലനിൽക്കുന്നത്. മാത്രമല്ല, കൊച്ചിയിലുള്ള വഖഫ് ബോർഡിന്റെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം സംബന്ധിച്ചാണ് വലിയ ആക്ഷേപമുന്നയിച്ചത്. എന്താണ് ആക്ഷേപം? അത് മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. അത് നടത്തിയതിൽ വലിയ

LIBRARY ARCHIVES Kerala Legislative Assembly

അഴിമതിയുണ്ട്. എന്നിട്ട് എന്താണ് കണ്ടെത്തൽ? ആകെ ചെലവ് വന്നത് ഒരുകോടി പതിനഞ്ച് ലക്ഷത്തി അമ്പത്തിമൂവായിരത്തി ഒരുനൂറ്റി പതിനാറ് രൂപ. ഈ കമ്മീഷൻതന്നെ മറ്റൊരു സൂപ്രണ്ടിംഗ് എഞ്ചിനീയറെക്കൊണ്ട് പരിശോധിപ്പിച്ചു. അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ഒരു കോടി പതിനഞ്ച് ലക്ഷത്തി അമ്പത്തിരണ്ടായിരത്തി അറുന്നൂറ്റി അൻപത് രൂപ എന്നാണ്. 1035 രൂപയുടെ വ്യത്യാസം. മാത്രമല്ല, ഈ കെട്ടിടത്തിന്റെ നിർമ്മാണം നടത്തിയത് പ്രൊഫ. കെ.എ. ജലീൽ ചെയർമാനായിരുന്ന കാലത്താണ്. പ്രൊഫസർ കെ. എ. ജലീലിനെ നിയമിച്ചത് ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റാണ്. ഇടതുപക്ഷ ഗവൺമെന്റ് നിയമിച്ച പ്രൊഫ. കെ. എ. ജലീലും അന്നത്തെ വകുപ്പ്മന്ത്രിയായിരുന്ന ശ്രീ. പാലോളി മുഹമ്മദ് കുട്ടിയുടെ പി. എ. സൈനുദ്ദീൻ കുഞ്ഞ് അടക്കമുള്ളവരും അംഗങ്ങളായ കമ്മിറ്റിയാണ് ഇത് ടെണ്ടർ ചെയ്തിരിക്കുന്നതും മേൽനോട്ടം വഹിച്ചിട്ടുള്ളതും. അവരുടെ മേൽനോട്ടത്തിലാണ് പ്രവർത്തനം നടത്തിയിട്ടുള്ളതും തറക്കല്ലിട്ടതും. അതിന്റെ ഉത്തരവാദിത്തം മുസ്ലീം ലീഗിൽ ചുമത്തി വലിയ അഴിമതി നടത്തിയെന്നുപറഞ്ഞ് ദേശാഭിമാനി വെണ്ടയ്ക്ക അക്ഷരത്തിൽ നിരത്തിയിരിക്കുകയാണ്. ഇങ്ങനെയുള്ള അടിസ്ഥാനരഹിതമായ ആരോപണങ്ങൾ പറഞ്ഞുകൊണ്ട് മുസ്ലീം ലീഗ് പാർട്ടിയെ ചെറുതാക്കിക്കാണാൻ ശ്രമിക്കുന്നത് ഉത്തരവാദപ്പെട്ട രാഷ്ട്രീയപ്പാർട്ടിക്ക് ഒട്ടും യോജിച്ചതല്ലെന്ന് മാത്രമേ പറയാനുള്ളു. അതുപോലെ ശ്രീ. വി. ശിവൻകുട്ടി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനെപ്പറ്റി പറയുകയുണ്ടായി. ഞങ്ങൾക്കറിയാം പോപ്പുലർ ഫ്രണ്ടിന്റെ ആളുകൾ നാളെ ജയിലിലേയ്ക്ക് പോകുകയാണെങ്കിൽ ജയിലിൽപ്പോയി കണ്ട് തെരഞ്ഞെടുപ്പ് വരുമ്പോൾ അവരോട് സഹതാപമുണ്ടായി അവർ കുറ്റക്കാരല്ല എന്നു കാണുകയാണെങ്കിൽ, അതല്ല, അവർക്ക് പരോൾ ലഭിക്കുകയാണെങ്കിൽ നിങ്ങൾ അവരെ സ്വീകരിക്കാൻ, ശംഖുംമുഖത്ത് മന്ത്രിമാരും സി.പി.ഐ.(എം) നേതാക്കൻമാരും വോട്ടിനുവേണ്ടി കാത്തിരിക്കുമെന്ന കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല. "മതമല്ല, മതമല്ല, മതമല്ല പ്രശ്നം എരിയുന്ന, പൊരിയുന്ന വയറാണ് പ്രശ്നം" എന്നു പറഞ്ഞ കമ്മ്യൂണിസ്റ്റുകാർക്ക് ഇപ്പോൾ "മതമല്ല, മതമല്ല, മതമല്ല പ്രശ്നം വോട്ടാണ്, വോട്ടാണ്, വോട്ടാണ് പ്രശ്നം" . അതുകൊണ്ടാണ് ഭൂരിപക്ഷ വർഗ്ഗീയതയെ പ്രീണിപ്പിക്കുന്നതിനുവേണ്ടി, ന്യൂനപക്ഷത്തെ തള്ളിപ്പറയുന്നതിനുവേണ്ടി ഏതവസരം കിട്ടിയാലും മുസ്ലീംലീഗിനെ ഒറ്റപ്പെടുത്താനും അപമാനിക്കാനും ശ്രമിക്കുന്നത്. മാറിയ രാഷ്ട്രീയ സാഹചര്യത്തിൽ നിങ്ങൾക്കുള്ള ബാന്ധവം 1977-ലെ നിങ്ങളുടെ പലരാഷ്ട്രീയ കൂട്ടുകെട്ടിനും തുടക്കം കുറിച്ചിട്ടുണ്ട്. പക്ഷേ നിങ്ങൾ ഒരുകാര്യം ഓർക്കണം, ഇത് കേരളമാണ്. 1977-ൽ നിങ്ങളെ മൂലയ്ക്കിരുത്തിയ കേരളത്തിലെ ജനങ്ങൾ, അങ്ങനെയുള്ള അവിശുദ്ധ കൂട്ടുകെട്ടുമായി

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ മുന്നോട്ടു പോകുകയാണെങ്കിൽ 1977-ൽ കേരള നിയമസഭയിൽ 17 അംഗങ്ങളായി ചുരുങ്ങിയ ദയനീയമായ അവസ്ഥയിലേയ്ക്കെത്തുമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ പിന്താങ്ങുകയാണ്. ട്രഷറി പൂട്ടാതെ, ഓവർ ഡ്രാഫ്റ്റ് എടുക്കാതെ സങ്കീർണ്ണമായ കേരളത്തിലെ സാമ്പത്തിക രംഗം അത്ഭുതകരമായ വിധത്തിൽ നിലനിർത്തിയ ധനകാര്യമന്ത്രി ഡോ. തോമസ് ഐസകിനെ ഞാൻ ആദ്യമായി ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. ഈ ധനകാര്യമന്ത്രിയുടെ കാലഘട്ടത്തിൽ വമ്പൻമാരായ നികുതിയടയ്ക്കേണ്ട ആളുകളുടെ പക്കൽ നിന്നും ആ നികുതിപ്പണം പിരിച്ചെടുത്ത് ട്രഷറിയിലേക്ക് മുതൽക്കൂട്ടി. പഴയ കാലത്ത് ഈ വമ്പൻമാരെല്ലാംതന്നെ രക്ഷപ്പെടുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിഞ്ഞത്. അതുപോലെ കെ.എസ്.എഫ്.ഇ.യുടെ ലാഭം ചരിത്രത്തിൽ ഇല്ലാത്ത രീതിയിൽ നമുക്ക് വർദ്ധിപ്പിക്കാൻ സാധിച്ചു. ട്രഷറിയുടെ ഡിപ്പോസിറ്റ് ആയിരക്കണക്കിന് രൂപയാണ് വർദ്ധിച്ചത്. കേരളത്തിൽ കിട്ടാവുന്ന സോഴ്സുകളിൽനിന്നെല്ലാംതന്നെ ഖജനാവിലേയ്ക്ക് വരേണ്ട പണം പിരിച്ചെടുക്കുകയും പാവപ്പെട്ട ഒരു മനുഷ്യനേയും ദ്രോഹിക്കാതെ, അവരെ വേദനിപ്പിക്കാതെ കേരളത്തിൽ ഒരു ധനകാര്യ മാനേജ്മെന്റ് ആദ്യമായിട്ടാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇവിടെ പല ധനകാര്യമന്ത്രിമാരും ഉണ്ടായിട്ടുണ്ട്. ദീർഘകാലം ധനകാര്യമന്ത്രിയായിരുന്നു ശ്രീ. കെ. എം. മാണി. അദ്ദേഹം ഇവിടെ കുറേ കണക്കുകളും കാര്യങ്ങളുമെല്ലാം പറഞ്ഞു. അദ്ദേഹം ഒരു വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ച സന്ദർഭത്തിൽ നിങ്ങളുടെ ബഡ്ജറ്റ് മിച്ചമാണോ കമ്മിയാണോ എന്ന് ചോദിച്ചപ്പോൾ കൃത്യമായ ഉത്തരം പറയാൻ കഴിയാതെ പോയ ധനകാര്യമന്ത്രിയാണ് ശ്രീ. കെ. എം. മാണി. കമ്മിയാണെന്നും മിച്ചമാണെന്നും ഇതുരണ്ടുമാണെന്നും പറയാം. അങ്ങനെ പറഞ്ഞിട്ടുള്ള ധനകാര്യമന്ത്രിയാണ്. എന്നാൽ ട്രഷറിയിലേയ്ക്ക് കിട്ടാവുന്ന പുതിയ ധനസ്രോതസ്സുകൾ കണ്ടെത്തി പണം സ്വരൂപിച്ച് കേരളത്തിന്റെ നാനാവിധത്തിലുള്ള വികസന പ്രവർത്തനങ്ങൾക്കുവേണ്ടി, വിവിധ വകുപ്പുകൾക്കുവേണ്ടി നിർലോഭം ചെലവഴിച്ചുകൊണ്ടിരിക്കുകയാണ് ഇന്നത്തെ ധനകാര്യ വകുപ്പുമന്ത്രി. എപ്പോഴും നാമെല്ലാം പറയുന്ന, കേരളത്തിൽ മുമ്പെങ്ങുമില്ലാത്ത രീതിയിലുള്ള വികസനത്തിന്റെ ഒരു മലവെള്ളപ്പാച്ചിലാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. അത് ട്രഷറിയിൽ പണമുണ്ടായതുകൊണ്ടുതന്നെയാണ്. പണം ഉണ്ടാക്കിയതിന്റെ മികവ് അദ്ദേഹത്തിനുള്ളതാണ്, ഈ ഗവൺമെന്റിനുള്ളതാണ്. ഇത്രയധികം പണം എങ്ങനെയാണ് ഇദ്ദേഹത്തിന് സ്വരൂപിക്കാൻ കഴിഞ്ഞതെന്ന അന്ധാളിപ്പാണ് പ്രതിപക്ഷ സുഹൃത്തുക്കൾക്കുള്ളത്. ഏതായാലും ഇതുമായി ബന്ധപ്പെട്ട് ഒട്ടനവധി ചർച്ചകൾ ഇവിടെ നടന്നുകഴിഞ്ഞു. ആ ചർച്ചയിലെല്ലാംതന്നെ അടുത്ത് നടക്കാൻ പോകുന്ന

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുകൊണ്ടാണ് പലരും പറഞ്ഞ് അവസാനിപ്പിക്കുന്നത്. എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. എം. ഉമ്മറും അവസാനം പറഞ്ഞത് അതാണ്. നിങ്ങൾ പഴയ 1977-ലേയ്ക്ക് എത്തിക്കുമെന്നാണ് പറഞ്ഞത്. അത് അദ്ദേഹത്തിന്റെ സ്വാതന്ത്ര്യം. ഞങ്ങളെ എതിർക്കാൻ വരുന്നവർ ആരാണ്? ഇവിടെ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ പോകുന്ന രണ്ട് പ്രധാനപ്പെട്ട മുന്നണി യു.ഡി.എഫും എൽ.ഡി.എഫും തന്നെയാണ്. നേർക്കുനേരെയുള്ള പോരാട്ടം തന്നെയാണ് ഇവിടെ നടക്കാൻ പോകുന്നത്. യു.ഡി.എഫ്-ൽ ആരൊക്കെയാണുള്ളത്?

ശ്രീ. പി. ടി. എ. റഹീം : നിങ്ങൾ അടുത്ത ഇലക്ഷനെ സംബന്ധിച്ചാണ് പറയുന്നത്. ഇവിടെ മത്സരം രണ്ടാം സ്ഥാനവും മൂന്നാം സ്ഥാനവും സംബന്ധിച്ചാണ്. രണ്ട് മൂന്നാണോ മൂന്ന് രണ്ടാണോയെന്നുള്ളതിനെ സംബന്ധിച്ചാണ്. അത് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : അത് മാണിസാറും ഉമ്മർസാറും തമ്മിലുള്ള ഫൈറ്റാണ്. അത് വേറെ രീതിയിൽ നടക്കട്ടെ. ഞാൻ പറയുന്നത് യു.ഡി.എഫ്. എന്നു പറയുന്ന ഈ മുന്നണിയിൽ ആരൊക്കെയാണുള്ളത്? നമുക്കറിയാം, ജനാധിപത്യത്തിന്റേയും മതേതരത്വത്തിന്റേയും പേരുപറഞ്ഞ് നടക്കുന്ന കോൺഗ്രസ്സ് ജനങ്ങളെ വഞ്ചിക്കുകയാണ്. അവരാണ് ഇതിന്റെ നേതൃത്വത്തിൽ ഇരിക്കുന്നവർ.

പാവപ്പെട്ട മുസൽമാന്റെ പേരുപറഞ്ഞ് അവസരവാദ രാഷ്ട്രീയം കളിച്ചിട്ടുളള, കളിച്ചുകൊണ്ടിരിക്കുന്ന മുസ്ലിംലീഗ്, അതുപോലെ പള്ളിയേയും പട്ടക്കാരേയും തരാതരം പോലെ സ്വീകരിക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നവർ, അദ്ധ്വാനവർഗ്ഗത്തിന്റെ മാലാഖ ചമയുന്ന ചില രാഷ്ട്രീയക്കാർ ഇവരെല്ലാംകൂടിച്ചേർന്ന ഒരു അലവലാതി മുന്നണിയാണ് യു.ഡി.എഫ്. ഈ മുന്നണിയാണ് എൽ.ഡി.എഫ്.നെ എതിർക്കാൻ ഇവിടെ വരുന്നത്. തത്വാധിഷ്ഠിതമായ നയങ്ങളുയർത്തിപ്പിടിച്ച്, തൊഴിലാളി വർഗ്ഗരാഷ്ട്രീയത്തിന് ഊന്നൽ നൽകി വർഗ്ഗീയതയ്ക്കും ഭീകരവാദത്തിനുമെതിരായി സന്ധിയില്ലാസമരം നടത്തുന്ന എൽ.ഡി.എഫ്. ആണ് ഇവിടെ ജയിച്ചുവരേണ്ടതെന്ന് കേരളത്തിലെ പ്രബുദ്ധരായിട്ടുളള ജനത തീരുമാനിക്കാൻ പോകുകയാണ്. യു.ഡി.എഫ്-ന്റെ കൂടാരമെന്നുപറയുന്നത്...., നമുക്ക് അറിയാം പാമ്പ് വേലായുധന്റെ കൂടാരം. അവിടെ മൂർഖനുണ്ട്, അണലിയുണ്ട്, എല്ലാമുണ്ട്. അതേപോലെ ആരൊക്കെയുണ്ട് ഇപ്പോൾ? എല്ലാവരുമുണ്ട്. ഭീകരവാദിയുണ്ട്, തീവ്രവാദിയുണ്ട്, സമാധാനവാദിയുണ്ട്, മതേതരത്വത്തിന്റെ ആളുണ്ട്, അതുപോലെയാണ് നിങ്ങളുടെ യു.ഡി.എഫ്. ഇപ്പോൾ. ഇവരാണ് ഇടതുപക്ഷത്തിനെതിരായിട്ടുള്ള പ്രചാരവേലയുമായി വരുന്നത്. ബഹുമാനപ്പെട്ട ചില തിരുമേനിമാർ,....എല്ലാ ബഹുമാനങ്ങളും നിലനിർത്തിക്കൊണ്ടുതന്നെ പറയുന്നു ....ഒന്നും വിടുന്നില്ല. ആരേയും വിടുന്നില്ല. എന്തിനാണ്, അവരെ വിടേണ്ട ആവശ്യമെന്ത്? അതൊന്നും വേണ്ട. അങ്ങനെയൊരു പ്രത്യേകത ആർക്കുമില്ല.... ബഹുമാനപ്പെട്ട തിരുമേനിമാരോട് എല്ലാ ബഹുമാനങ്ങളും നിലനിർത്തി

LIBRARY ARCHIVES Kerala Legislative Assembly

ക്കൊണ്ടുതന്നെ പറയുകയാണ്. .... തിരുമേനിമാരോട് എല്ലാ ബഹുമാനങ്ങളും നിലനിൽത്തിക്കൊണ്ടുതന്നെ പറയുകയാണ്. തിരുമേനിമാരുടെ കഴിഞ്ഞ 2001 -06 കാലഘട്ടം മറന്നോ? നെയ്യാറ്റിൻകരയിലെ ബിഷപ്പ് ഹൗസ് ആക്രമിച്ചത് ആരായിരുന്നു? തൃശ്ശൂരിലെ പള്ളിയങ്കണത്തിൽ കയറി വികാരിയച്ചനെ കൊന്നത് ആരായിരുന്നു ? ഇല്ലാത്ത പരാമർശങ്ങൾ പിൻവലിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒളവണ്ണയിലെ കന്യാസ്ത്രീകളെ ആക്രമിച്ചത് ആരായിരുന്നു? അന്ന് ഈ ബഹുമാനപ്പെട്ട തിരുമേനിമാരും ഒരു ഇടയലേഖനവും ഇറക്കിയതായി ഞങ്ങൾ കണ്ടിട്ടില്ല. അതുകൊണ്ടാണ് ഇത് പറയുന്നത്.

<u>ശ്രീ. സാജു പോൾ:</u> സർ, സ്വതന്ത്രന്മാർക്ക് വോട്ട് ചെയ്യരുത്, അവനവന്റെ സ്ഥാപനങ്ങളിൽത്തന്നെ കുട്ടികളെ പഠിപ്പിക്കണം എന്നൊക്കെ പറഞ്ഞ് ഇപ്പോൾ ഒരുപാട് ഇടയലേഖനങ്ങൾ വരുന്നുണ്ട്. പക്ഷേ ഡോ. സുകുമാർ അഴീക്കോട് അടുത്ത ദിവസം പറഞ്ഞ ഒരു പ്രധാനപ്പെട്ട കാര്യം ഏറ്റവും ആദ്യത്തെ പരിശുദ്ധനായ ഇടയനോട് നീതി പുലർത്തുന്നതാകണം ഈ ഇറക്കുന്ന ഓരോ ഇടയലേഖനങ്ങളും എന്നാണ്. അദ്ധ്വാനിക്കുന്നവർ, ഭാരം ചുമക്കുന്നവർ, അങ്ങനെയുള്ളവരെ കാരുണ്യത്തോടുകൂടി കണ്ട പരിശുദ്ധനായ ആദ്യത്തെ ഇടയനോട് നീതി പുലർത്താത്തതാണ് ഇപ്പോഴിറക്കുന്ന പല ഇടയലേഖനങ്ങളും എന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. കൃഷ്ണപ്രസാദ്:</u> സർ, ഈ ഇടയലേഖനത്തിൽ നിരീശ്വരവാദികൾക്ക് വോട്ട് ചെയ്യാൻപാടില്ല എന്ന ഒരു രാഷ്ട്രീയ പ്രഖ്യാപനം ഒരു മതനേതൃത്വം ഇറക്കുമ്പോൾ കോൺഗ്രസ്സിനെപ്പോലുള്ള ഒരു മതേതരപാർട്ടി... ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കേൾക്കണം നിങ്ങളെപ്പോലുള്ള ഒരു മതേതരപാർട്ടി അതുസംബന്ധിച്ച് ഇതുവരെ ഒരക്ഷരം പറഞ്ഞിട്ടില്ലെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി:</u> സർ, അതാണ് ഞാൻ ആദ്യം തന്നെ പറഞ്ഞത് മതേതരത്വത്തിന്റെ, ജനാധിപത്യത്തിന്റെ പേര് പറഞ്ഞ് ജനങ്ങളെ വഞ്ചിക്കുന്ന യു.ഡി.എഫ്. നേതൃത്വമാണ് ഇവിടെയുള്ളത്. അവർക്ക് അവരുടെ വോട്ട് ബാങ്കിനുവേണ്ടി .....ഇല്ല........ഇല്ല....എനിക്ക് രണ്ട് മിനിട്ടേയുള്ളു......

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ഇവിടെ പ്രധാനപ്പെട്ട പ്രശ്നമെന്താണ്? ഇവിടെ ഈശ്വരവിശ്വാസിക്ക് സ്വന്തം വിശ്വാസം പ്രൊട്ടക്ട് ചെയ്യാനുള്ള അധികാരമുണ്ട്. ഈശ്വര വിശ്വാസമില്ലാത്തവർക്ക് എങ്ങനെ വേണമെങ്കിലും പോകാം. ഇവിടെ ഈശ്വരവിശ്വാസിക്ക് അനുകൂലമായി ചിന്തിക്കണം എന്ന് ഈശ്വരവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഒരു മതവിഭാഗത്തിന്റെ തലപ്പത്ത് ഇരിക്കുന്ന ആൾ പറഞ്ഞാൽ അതിലെന്താണ് തെറ്റ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി: സർ, ഒന്ന് രക്ഷപ്പെടുത്തണം. എനിക്ക് ചില കാര്യങ്ങൾ പറയാനുണ്ട്. ഇവിടെ പറയുന്നത് ഇന്ത്യൻ ഭരണഘടന നമുക്കെല്ലാം തരുന്ന അവകാശമെന്താണ്?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, മതവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ആ മതവിശ്വാസത്തെക്കുറിച്ച് ചിലർ നടത്തുന്ന വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയത്തിൽ ഇടപെടുന്നത് ശരിയാണ് എന്നാണോ അങ്ങ് പറയുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മതം മതത്തിന്റെ വഴിക്കും രാഷ്ട്രീയം അതിന്റെ വഴിക്കും പൊയ്ക്കോട്ടെ. പക്ഷേ സൗകര്യാത്മകമായ സന്ദർഭത്തിൽ അടവുനയം എന്നുപറഞ്ഞ് മതത്തിന്റെ കാല് പിടിക്കുകയും അതിന്റെ പിന്നാലെ പോകുകയും ചെയ്യുന്ന രാഷ്ട്രീയ കാപട്യത്തേയാണ് ഞങ്ങൾ ചോദ്യം ചെയ്യുന്നത്?

ഡോ. തോമസ് ഐസക്: സർ, ...കോൺഗ്രസ്സ് എന്ന് പറഞ്ഞാൽ മതി.

മി. ചെയർമാൻ: ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി അങ്ങ് സംസാരിക്കണം.

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി: സർ. ഇവിടെ എല്ലാ മതത്തിലും എല്ലാ രാഷ്ട്രീയത്തിലും വിശ്വസിക്കാൻ എല്ലാപേർക്കും അവകാശമുണ്ട്. ഞാൻ അവസാനം വഴങ്ങാം. ചെയർ അനുവദിക്കുകയാണെങ്കിൽ അവസാനം വഴങ്ങാം.......

ശ്രീ. കെ. ബാബു: സർ, പോയിന്റ് ഓഫ് ഓർഡർ. കോൺഗ്രസ്സ് ഈ രാജ്യത്തെ ഏറ്റവും വലിയ മതേതര പാർട്ടിയാണ്. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം മതനിഷേധം കോൺഗ്രസ്സിന്റെ നയമല്ല. എന്നാൽ എല്ലാ മതവിശ്വാസികളോടും കോൺഗ്രസ്സ് ഒരേ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. മതതീവ്രവാദത്തിന് കോൺഗ്രസ്സ് എന്നും എതിരാണ്. എന്നാൽ മാർക്സിസ്റ്റ് പാർട്ടിയുടെ നിലപാട് അതല്ല. മാർക്സിസ്റ്റ് പാർട്ടി സൗകര്യം പോലെ...

മി. ചെയർമാൻ: ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി, അങ്ങ് സംസാരിക്കുക.

ശ്രീ. കെ. ബാബു: സർ, എന്റെ പോയിന്റ് ഓഫ് ഓർഡർ കോൺഗ്രസ്സിന്റെ നയമിതായിരിക്കെ ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി പറഞ്ഞത് ഓർഡറിലാണോ?

മി. ചെയർമാൻ: ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി, അങ്ങേക്ക് സംസാരിക്കാം.

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി: സർ, ഇവിടെ എല്ലാത്തിനേയും വിശ്വസിക്കാനും വിശ്വസിക്കാതിരിക്കാനും ഒക്കെയുള്ള സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ട്. ഞാൻ ഇവിടെ പറഞ്ഞിട്ടുള്ള ഒരേയൊരു കാര്യം ബഹുമാനപ്പെട്ട തിരുമേനിമാർ ഇറക്കുന്ന ഇടയലേഖനത്തെക്കുറിച്ചു മാത്രമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അവരോട് എല്ലാ റെസ്പെക്ടും നിലനിർത്തിക്കൊണ്ടുതന്നെയാണ് പറയുന്നത്. ഒരു ഈശ്വരവിശ്വാസത്തെയോ മതവിശ്വാസത്തേയോ ഞാൻ ഇതുവരെ എന്റെ സംസാരത്തിൽ ചോദ്യം ചെയ്തിട്ടില്ല. പക്ഷേ അതിന്റെ വക്താക്കളായി നടക്കുന്നവരോട് ചില ചോദ്യങ്ങൾ ചോദിക്കാനുണ്ട്. ആ ചോദ്യമെന്നു പറയുന്നത് സമയമില്ലാത്തതുകൊണ്ട്....... ശ്രീ. എം. ഉമ്മർ സാഹിബ് പറഞ്ഞിട്ടുള്ള കാര്യത്തെ സംബന്ധിച്ച് ഇവിടെ വഖഫുമായി ബന്ധപ്പെട്ട ഒരു അന്വേഷണ കമ്മീഷൻ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. ആ കമ്മീഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് അത് അന്വേഷിച്ച ജഡ്ജിയുടെ ജാതകമാണ് നിങ്ങൾ പരിശോധിച്ച് ഇവിടെ പറഞ്ഞത്. അങ്ങനെ കേരളത്തിലുള്ള എല്ലാ ജഡ്ജിമാരുടേയും ജാതകമൊന്നും പരിശോധിക്കാൻ നിൽക്കണ്ട. അത് എല്ലാ ഭാഗത്തും അങ്ങോട്ടുമിങ്ങോട്ടുമൊക്കെയുണ്ടാകാം. വിഷയമെന്തെന്ന് ചോദിച്ചാൽ വഖഫ് എന്നുപറയുന്നത് ഇസ്ലാമികമായ ഒരു തത്വശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ഉയർത്തിക്കൊണ്ടുവന്നിട്ടുള്ള ഒന്നാണ്. ആ വഖഫ് എന്തിനുവേണ്ടിയാണോ ഒരു മനുഷ്യൻ ചെയ്തത് ആ ഉദ്ദേശത്തെ മറികടക്കാൻ ഒരാൾക്കും അധികാരമില്ല. ഞാൻ പഠിച്ച ഇസ്ലാം അതാണ്. ആ നിലയിൽ വഖഫിന്റെ മുതലെടുത്ത് മുസ്ലിംലീഗിന്റെ സുവനീറിന് അരലക്ഷം രൂപ സംഭാവന കൊടുക്കാൻ ഏത് ഇസ്ലാമിക നിയമമാണ് അനുശാസിക്കുന്നത്? മറ്റൊരു കാര്യം മലപ്പുറം ജില്ലയിലെ വളാഞ്ചേരി -മൂന്നാക്കൽ പള്ളി, വാഴക്കാട് ദാറുൽ ഉലമ മദ്രസാ വിദ്യാഭ്യാസ കോംപ്ലക്സ് എന്നിവയിലെ സാമ്പത്തിക ഇടപാടുകൾ സുതാര്യമല്ലെന്ന് ഒരു കമ്മീഷൻ.......

ശ്രീ. പി. സി. ജോർജ്: വഖഫ് ബോർഡിനെപ്പറ്റി നിങ്ങൾ തമ്മിലുള്ള തർക്കത്തിലൊന്നും ഞാൻ ഇടപെടുന്നില്ല. പക്ഷേ ഒരു സത്യമുണ്ട്. ഞാൻ വഖഫ് കമ്മീഷൻ റിപ്പോർട്ട് പരിശോധിച്ചതുകൊണ്ട് പറയുകയാണ്. ഒരു കമ്മീഷനെ നിയമിച്ചുകഴിഞ്ഞാൽ ആ കമ്മീഷൻ റിപ്പോർട്ട് കൊടുക്കേണ്ടത് അതിന്റെ ചെയർമാനാണ്. ഇതിനകത്ത് ചെയർമാൻ റിപ്പോർട്ട് കൊടുത്തിരിക്കുന്നു എന്നു മാത്രമല്ല ആ കമ്മിഷന്റെ മെമ്പർ സെക്രട്ടറിയായിട്ടുള്ള ആൾ വേറെ ഒരു റിപ്പോർട്ടും കൊടുത്തിരിക്കുകയാണ്. ആ കമ്മിഷൻ സെക്രട്ടറിയുടെ റിപ്പോർട്ട് സ്വീകരിച്ച് ഒരു ഗവൺമെന്റ് നിയമസഭയിൽ ഇങ്ങനെ റിപ്പോർട്ട് കൊടുക്കുന്നത് ഇൻഡ്യയുടെ ചരിത്രത്തിലാദ്യമാണ്.

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി: ശ്രീ. പി. സി. ജോർജിന് ഇസ്ലാമിക തത്വശാസ്ത്രത്തെ സംബന്ധിച്ച് എന്തറിയാം. വെറുതേ വേണ്ടാത്തതിന് നിൽക്കണ്ട.

ശ്രീ. പി. ടി. എ. റഹിം: ഇവിടെയുള്ള പ്രശ്നം കമ്മീഷനിൽ ആരെന്നുള്ളതല്ല. തളിപ്പറമ്പ് മുസ്ലിം ജമാഅത്ത് കമ്മിറ്റി 50000 രൂപ മുസ്ലിം ലീഗിന് സംഭാവന കൊടുത്തു. അത് ആ വഖഫിന്റെ ഉദ്ദേശത്തിൽപ്പെട്ടതല്ല. മാത്രമല്ല അത് ശ്രീ. അബ്ദുൾ ഖാദറിനോട് ചോദിക്കണമെന്നാണ് പറയുന്നത്. ശ്രീ. അബ്ദുൾ ഖാദർ വരുന്നതിനുമുൻപ് അഞ്ച് കൊല്ലമായി ഇത് സംബന്ധിച്ച പെറ്റീഷൻ നീട്ടിവച്ച് നീട്ടിവച്ച് പോകുകയാണ്. ഒരു തീരുമാനവും എടുക്കാതെ. എന്തിനാണ് അത് ശ്രീ. അബ്ദുൾ ഖാദറിനോട് ചോദിക്കുന്നത് ?

369/14

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി: ഇതൊക്കെ അവിടെയുള്ളവർക്ക് അറിയാം. അതേപോലെ 404 ഏക്കർ ഭൂമി കോളേജ് മാനേജ്മെന്റ് കമ്മിറ്റിക്ക് വിറ്റത്, തളിപ്പറമ്പ് ജുമാഅത്ത് പള്ളിക്ക് 400 ഏക്കർ ഭൂമി നഷ്ടപ്പെട്ടത്. എറണാകുളത്തെ വടക്കേക്കര സത്താർ ഐലൻഡ് എന്ന പേരിലുള്ള 154 ഏക്കർ വഖഫ് ഭൂമി വെറും അഞ്ച് കോടി രൂപയ്ക്ക് വിറ്റത്. ഇതെല്ലാം ഏത് ഇസ്ലാമിക നിയമപ്രകാരമാണെന്നാണ് ഞങ്ങൾക്കറിയേണ്ടത്. അതിന്റെ വക്താക്കളായതുകൊണ്ടാണ് ആ ചോദ്യം ചോദിക്കുന്നത്. ഏതായാലും ഇസ്ലാമിക നിയമം ഈ രാജ്യത്ത് ഒരു മുസ്ലീം ലീഗിന് മാത്രം കുത്തകയാക്കി വയ്ക്കേണ്ടതില്ല. അത് ഈ രാജ്യത്തെ എല്ലാ മുസ്ലീങ്ങൾക്കും ബാധകമാണ്. ഈ രാജ്യത്തെ മുസ്ലീം ബഹുജനങ്ങൾ പഴയതുപോലെയല്ല. ഇന്ന് കുറേക്കൂടി പ്രബുദ്ധരാണ് ; കാര്യങ്ങൾ മനസ്സിലാക്കുന്നവരാണ്. അവർ ഈ രാജ്യത്ത് എൻ.ഡി.എഫ്-ന്റെ ഭീകരവാദത്തിനും അതുപോലെതന്നെ മറ്റ് സാമുദായിക ശക്തികൾക്കും എതിരായി മതേതര ശക്തികളുടെ കൂടെ ഉറച്ചുനിൽക്കുന്ന ഒരു വിഭാഗമായി മാറിയിരിക്കുന്നു എന്ന യാഥാർത്ഥ്യം ഈ രാജ്യത്തെ മുസ്ലീം ലീഗിന്റെ നേതാക്കൾ മനസ്സിലാക്കുന്നത് നന്നായിരിക്കും. ഞാൻ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. കെ. ടി. ജലീൽ : സർ, ധനകാര്യബില്ലിനെ ഞാൻ അനുകൂലിക്കുന്നു. കേരളത്തിന്റെ ചരിത്രത്തിൽ ധനതത്വശാസ്ത്രത്തിൽ പ്രാവീണ്യമുള്ള രണ്ടാമത്തെ ധനകാര്യ വകുപ്പുമന്ത്രിയാണ് ആ കസേരയിലിരിക്കുന്ന ഡോ. തോമസ് ഐസക്. ആദ്യത്തേത് കേരളത്തിന്റെ പ്രഥമ മന്ത്രിസഭയിലെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന സി. അച്യുതമേനോൻ ആയിരുന്നു. അതിനുശേഷം ധനതത്വശാസ്ത്രത്തിൽ പ്രാവീണ്യമുള്ള ഒരാൾ ആ കസേരയിൽ ഇരുന്നതുകൊണ്ട് എന്താണ് പ്രയോജനമുണ്ടായതെന്ന് കഴിഞ്ഞ നാലു വർഷത്തെ ബഡ്ജറ്റ് എടുത്ത് പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയും. ജനങ്ങളെ പ്രത്യക്ഷത്തിൽ ബാധിക്കാത്ത നാമമാത്ര നികുതി ഏർപ്പെടുത്തിയും ഒരിക്കലും കിട്ടുകയില്ല എന്ന് കരുതിയിരുന്ന നികുതി കുടിശ്ശിക വൻതോതിൽ പിരിച്ചെടുത്തും ധനസമാഹരണം നടത്തിക്കൊണ്ടാണ് കേരളത്തിൽ അഭൂതപൂർവ്വമായ വികസന മുന്നേറ്റം കഴിഞ്ഞ രണ്ടുമൂന്നുവർഷമായി നടത്താൻ സാധിച്ചത്. 1990-കൾക്കുശേഷം നമ്മുടെ രാജ്യത്തെ സാമ്പത്തിക മേഖലയിൽ ഒരു പുതിയ വീക്ഷണം കടന്നുവരികയുണ്ടായി. ലോകത്ത് ആകമാനം ഉണ്ടായ സാമ്പത്തിക മാറ്റത്തിന്റെ പ്രതിഫലനമെന്നോണമാണ് അത്തരമൊരു മാറ്റം നമ്മുടെ സമ്പദ്ഘടനയിലും പ്രതിഫലിച്ചുതുടങ്ങിയത്. അതിനുശേഷം സർവ്വീസ് സെക്ടർ പാടേ അവഗണിക്കപ്പെട്ടു. ക്ഷേമപ്രവർത്തനങ്ങൾക്ക് നൽകപ്പെടുന്ന സംഖ്യയിൽ ഭീമമായ കുറവ് വരുത്തി. കഴിഞ്ഞ 20 കൊല്ലക്കാലത്തെ ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളുടെ ബഡ്ജറ്റ് എടുത്തുപരിശോധിച്ചുനോക്കിയാലും സെൻട്രൽ ഗവൺമെന്റിന്റെ ബജറ്റ് എടുത്ത് പരിശോധിച്ചുനോക്കിയാലും കേരളത്തെപ്പോലെ ഇത്രമാത്രം സർവ്വീസ് മേഖലയ്ക്ക് പ്രാമുഖ്യം നൽകിയ ഒരു ബഡ്ജറ്റ് വേറെ കാണാൻ കഴിയില്ല. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നു പറയുന്ന ആശയം നമ്മുടെ സംസ്ഥാനത്ത് ഉയർന്നുവന്നത് ഗവൺമെന്റിന് സ്വന്തമായി

സ്ഥാപനങ്ങൾ നടത്താൻ സാമ്പത്തിക ബുദ്ധിമുട്ടുള്ളതിനാൽ സ്വാശ്രയ വിദ്യാഭ്യാസം പരിപോഷിപ്പിക്കുകയല്ലാതെ നമ്മുടെ മുൻപിൽ വേറെ മാർഗ്ഗങ്ങളില്ല എന്നു പറഞ്ഞുകൊണ്ടാണ്. കേരളത്തിൽപ്പോലും അങ്ങനെയൊരു ചിന്താഗതിക്ക് മേൽക്കൈ കിട്ടുന്ന മാനസികാവസ്ഥയുണ്ടായി. കേരളത്തിലെ സ്ഥിതി ഇതാണെങ്കിൽ ഇടതുപക്ഷബോധം പോലും തൊട്ടുതീണ്ടാത്ത പല സംസ്ഥാനങ്ങളുടെയും മനസ്സ് ഇതിന് വളരെ അനുകൂലമാകുമെന്നുള്ള കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലോ. കഴിഞ്ഞ പത്തുവർഷമായി നമ്മുടെ സംസ്ഥാനത്ത് ഗവൺമെന്റ് മേഖലയിലും എയ്ഡഡ് മേഖലയിലും എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ നമുക്ക് കഴിഞ്ഞു ? കഴിഞ്ഞ 20 കൊല്ലത്തിനിടയിൽ ഒരു ഗവൺമെന്റ് കോളേജ് സംസ്ഥാനത്ത് തുടങ്ങുന്നത് ഇപ്പോഴാണ്. ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴയിൽ ഈ അധ്യയന വർഷം ഒരു സർക്കാർ കോളേജ് ആരംഭിക്കുകയാണ്. ഒരു ഗവൺമെന്റ് കോളേജ് ആരംഭിക്കുക എന്നുള്ളത് ഇനി അസാധ്യമായിട്ടുള്ള കാര്യമാണ്, എയ്ഡഡ് കോളേജിന് അനുമതി നൽകുക എന്നു പറയുന്നത് ഒരിക്കലും സംഭവിക്കാത്ത കാര്യമാണ് എന്നൊക്കെയാണല്ലോ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ യഥേഷ്ടം നിലവിൽ വരുന്നതിന് അനുകൂലമായി സംസ്ഥാനത്ത് ഉയർത്തപ്പെട്ടുകൊണ്ടിരുന്ന വാദഗതികൾ. 178 പുതിയ പ്ലസ്ടു ഹയർ സെക്കണ്ടറി സ്കൂളുകളാണ് എയ്ഡഡ് മേഖലയിൽ മലബാറിൽ ആരംഭിച്ചിരിക്കുന്നത്. കഴിഞ്ഞ രണ്ടുവർഷങ്ങൾക്കുള്ളിൽ 24000 -ഓളം സീറ്റുകളാണ് പ്ലസ്ടു-ന് ഗവൺമെന്റ് സ്കൂളുകളിൽ വർദ്ധിപ്പിച്ചത്. വെറുതേ വർദ്ധിപ്പിക്കുകയല്ല ചെയ്തത്. നിലവിലുള്ള അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തി ഈ 24000 കുട്ടികളെ പഠിപ്പിക്കാനുള്ള ഒരു സാഹചര്യമുണ്ടാക്കുകയുമല്ല ഗവൺമെന്റ് ചെയ്തത്. 5000-ഓളം അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചുകൊണ്ടാണ് 24000-ഓളം സീറ്റുകൾ മലബാറിൽ വർദ്ധിപ്പിച്ചത്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് 178 സ്കൂളുകൾ പുതിയതായി ആരംഭിച്ചിരിക്കുന്നു. 5500-ഓളം അദ്ധ്യാപക തസ്തികകളാണ് ഇതുമായി ബന്ധപ്പെട്ട് നിലവിൽ വരാൻ പോകുന്നത്. മൊത്തം 11000 അദ്ധ്യാപക തസ്തികകൾ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി ഈ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഒരു ഗവൺമെന്റ് കോളേജ് നമ്മുടെ സംസ്ഥാനത്ത് ആരംഭിക്കാൻ പോകുന്നു. ഇത് വിദ്യാഭ്യാസ മേഖലയുടെ സ്ഥിതിയാണ്.

<u>ശ്രീ. കെ. സി. ജോസഫ്:</u> അങ്ങ് ഒരു പ്രഗത്ഭനായ യുവജന നേതാവായിരുന്നു. 20 കൊല്ലമായി കേരളത്തിൽ കോളേജുകൾ ഉണ്ടായിട്ടില്ല. ആകെ ഒരു ഗവൺമെന്റ് കോളേജ് അമ്പലപ്പുഴയിൽ വരാൻ പോകുന്നതാണ് എന്ന് അങ്ങ് പറഞ്ഞു. പ്ലസ്ടു കഴിഞ്ഞാൽ പഠിക്കാനുള്ള സൗകര്യം ഇല്ല. നമ്മുടെ ഗവൺമെന്റിന് പണം മുടക്കി പുതിയ കോളേജുകൾ ഉണ്ടാക്കാൻ സാധിക്കുന്നില്ല. .സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിന്റെ ഒരു പഠനം പറയുന്നത് ഒരു കൊല്ലം കേരളത്തിലെ കുട്ടികൾ പഠിക്കാൻവേണ്ടി 2000 കോടി രൂപ കോയമ്പത്തൂരിലും ബാംഗ്ലൂരിലുമൊക്കെയായി ചെലവഴിക്കുന്നു എന്നാണ്. ഈ സാഹചര്യത്തിൽ സ്വാശ്രയ കോളേജല്ലാതെ എന്ത് ഓപ്ഷനാണ് പറയാനുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജലീൽ: സംസ്ഥാനത്ത് പത്ത് എഴുപതിനായിരത്തോളം കുട്ടികൾ പ്ലസ്ടു-ന് പഠിക്കാൻ അവസരമില്ലാതെ പുറത്തുനിന്നപ്പോൾ നമ്മൾ പറഞ്ഞിരുന്ന ന്യായം ഇതുതന്നെയായിരുന്നു. ഈ കുട്ടികൾക്ക് പഠിക്കണമെങ്കിൽ സ്വാശ്രയ മേഖലയിൽ അൺഎയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ തുടങ്ങണം. അല്ലാതെ സർക്കാരിന് തുടങ്ങാൻ കഴിയില്ല. ആ വാദം പൊളിച്ചെഴുതിക്കൊണ്ട് 178 എയ്ഡഡ് സ്കൂളുകൾ ഹയർ സെക്കണ്ടറി മേഖലയിൽ ആരംഭിച്ചുകൊണ്ട് ഒരു പുതിയ വിപ്ലവത്തിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തുടക്കം കുറിച്ചിരിക്കുകയാണ്. ഡോ. തോമസ് ഐസകിന്റെ കൈയിൽത്തന്നെ ധനകാര്യ വകുപ്പ് ഒരു പത്ത് വർഷംകൂടി നിൽക്കുമെങ്കിൽ തീർച്ചയായും ഉന്നത വിദ്യാഭ്യാസ മേഖലയിൽ നാം അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പ്രതിസന്ധികൾക്ക് പരിഹാരം കാണുമെന്നുള്ള കാര്യത്തിൽ ഒരു തർക്കവുംവേണ്ട

ശ്രീ. കെ. സി. ജോസഫ്: ഇക്കാര്യത്തിൽ എന്താണ് പരിഹാരം?

ശ്രീ. കെ. ടി. ജലീൽ: നേരത്തെ ഹയർസെക്കണ്ടറി മേഖലയിൽ 70000 കുട്ടികൾക്ക് പഠിക്കാനുള്ള അവസരം നിഷേധിക്കപ്പെട്ടപ്പോൾ അൺ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ തുടങ്ങുകയല്ലാതെ മറ്റു മാർഗ്ഗങ്ങളില്ല എന്നാണ് നമ്മൾ പറഞ്ഞത്. ആ വാദം പൊളിച്ചെഴുതി 178 എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളാണ് സംസ്ഥാനത്ത് ആരംഭിക്കാൻ പോകുന്നത്. അതിലൂടെ 5500 അദ്ധ്യാപക തസ്തികകളാണ് സൃഷ്ടിക്കപ്പെടുന്നത്. കോളേജുകളുടെ കാര്യത്തിലും ഭാവിയിൽ ഇത് നമുക്ക് നടപ്പിലാക്കാൻ കഴിയും, സംശയം വേണ്ട.

ശ്രീ. എ. പി. അനിൽകുമാർ: അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത് പുതിയ അദ്ധ്യാപക നിയമനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന കാര്യമാണ്. അങ്ങേയ്ക്കറിയാമല്ലോ കഴിഞ്ഞ നാലര വർഷക്കാലമായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ എയ്ഡഡ് സ്കൂളുകളിലെ 4500-ഓളം അദ്ധ്യാപകരുടെ നിയമന അംഗീകാരത്തിനുവേണ്ടി ഗവൺമെന്റിന്റെ മുന്നിൽ നിൽക്കുന്നു. ഇതുവരെ അവർക്ക് നിയമന അംഗീകാരം കൊടുത്തിട്ടില്ല എന്ന വിവരം അങ്ങേയ്ക്കറിയാമോ?

ശ്രീ. കെ. ടി. ജലീൽ: സർ, ആ അദ്ധ്യാപകർക്ക് മുഴുവൻ അംഗീകാരം കൊടുക്കും. അത് ഘട്ടംഘട്ടമായി കൊടുത്തുകൊണ്ടിരിക്കുകയാണ്, തീർച്ചയായും കൊടുക്കും. അക്കാര്യത്തിലൊന്നും ഒരു തർക്കവും, സംശയവും വേണ്ട. നിയമനം യഥാവിധിയാണ് നടത്തിയിട്ടുള്ളതെങ്കിൽ, സർക്കാർ മുന്നോട്ട് വച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചാണ് നിയമനം നടത്തിയിട്ടുള്ളതെങ്കിൽ, ആ നിയമനങ്ങൾ അംഗീകരിക്കപ്പെടും. എത്രയോ അദ്ധ്യാപകർക്ക് കൊടുത്തല്ലോ? പത്ത് രണ്ടായിരത്തോളം അദ്ധ്യാപകർക്ക് കൊടുത്തു. ഇനിയും കൊടുക്കാനുണ്ട്. അത് തീർച്ചയായും കൊടുക്കുമെന്നാണ് ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിതന്നെ ഈ സഭയിൽ പറഞ്ഞിട്ടുള്ളത്. എത്ര വർഷമായി ? നിങ്ങൾക്ക് കൊടുക്കാമായിരുന്നല്ലോ? നേരത്തെ ഇവിടെ ഒരു അടിയന്തരപ്രമേയത്തിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് എന്റെ സ്നേഹിതൻ.......

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, 3-4 മാസങ്ങൾക്കുമുമ്പ് 6000 തസ്തികകൾ സൃഷ്ടിച്ചിരുന്നു. ഒരു മാനേജുമെന്റ് നിയമനം നടത്തിയാൽ അതിന് അംഗീകാരം കൊടുക്കുന്ന ഒരു ഏർപ്പാടില്ല. മറിച്ച് നിയമപ്രകാരം ഒഴിവ് വന്ന് അവിടെ നിയമിച്ചാൽ അത് സർക്കാർ അംഗീകരിക്കും. ഇതിനുപുറമേ പുതിയ ഡിവിഷനുകൾ വന്നു. നല്ല സ്കൂളുകളിൽ പുതിയ ഡിവിഷനുകളിലൊന്നും അദ്ധ്യാപകരില്ല. കാരണം 6-7 വർഷങ്ങളായി നിരോധനമാണ്. അത് മാറ്റി 6000 തസ്തികകൾ സൃഷ്ടിച്ചു.

ശ്രീ. കെ. ടി. ജലീൽ: സർ, ഇന്ന് രാവിലെയുള്ള അടിയന്തരപ്രമേയാവതരണത്തിൽ പറഞ്ഞത് നാം കേട്ടു. സ്വാശ്രയ മാനേജുമെന്റുകളുടെ കോളേജുകളിൽ പരീക്ഷ നടന്നു, കുട്ടികൾ എഴുതാൻ വന്നില്ല, പരീക്ഷയ്ക്കിരുന്നവരുടെ എണ്ണം കുറഞ്ഞു എന്നൊക്കെ. ഏത് കോളേജുകളിലാണ് ഈ പരീക്ഷ നടന്നത്? ഈ ഗവൺമെന്റുമായി സംഘർഷത്തിലേർപ്പെട്ട, ഗവൺമെന്റിന്റെ വ്യവസ്ഥകളെ പുല്ലുപോലെ വലിച്ചെറിഞ്ഞ കോളേജുകളിൽ മഹാഭൂരിഭാഗം കോളേജുകളും ആരുടെ കയ്യിലാണ്? പത്ത് ലക്ഷം രൂപ കൊടുത്താലേ അപേക്ഷാ ഫോം കിട്ടൂ എന്ന് നിങ്ങൾ പറഞ്ഞു. ഇത് കമ്മ്യൂണിസ്റ്റുകാർ നടത്തുന്ന കോളേജുകളല്ലല്ലോ. യഥാർത്ഥത്തിലുള്ള ശുദ്ധമത വിശ്വാസികൾ നടത്തുന്ന കോളേജാണ്. 99 ശതമാനം മെഡിക്കൽ കോളേജുകളും, എഞ്ചിനീയറിംഗ് കോളേജുകളും ദൈവത്തിൽ നിന്ന് നേരിട്ട് ഇറങ്ങി വന്ന വിശ്വാസികൾ നടത്തുന്ന കോളേജുകളാണ്. അപ്പോൾ പ്രശ്നം എവിടെയാണ്; ആരുടെ ഭാഗത്താണ് കുഴപ്പം?

ശ്രീ. സാജു പോൾ: സർ, സ്വാശ്രയ സ്ഥാപനങ്ങളേയും അൺ എയ്ഡഡ് സ്ഥാപനങ്ങളേയും വളരെ ശക്തിയായി പിന്തുണച്ചും ന്യായീകരിച്ചും നിൽക്കുന്ന സ്നേഹിതന്മാരാണ് യു.ഡി.എഫ്. ലുള്ളത്. ഈ കൊല്ലം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികളുടെ എണ്ണം വളരെയേറെ കുറഞ്ഞു. പൊതു വിദ്യാഭ്യാസ സമ്പ്രദായം ഇല്ലാതായിത്തീർന്നാൽ ഈ അൺഎയ്ഡഡ് സ്ഥാപനങ്ങളും സ്വാശ്രയ സ്ഥാപനങ്ങളും പറയുന്ന ഫീസ് കൊടുത്ത് പഠിക്കാൻ ഈ കുട്ടികൾ നിർബന്ധിതരാകില്ലേ? അതിനെക്കുറിച്ചെന്താണ് ഈ ആളുകൾ ചിന്തിക്കാത്തത്?

ശ്രീ. കെ. ടി. ജലീൽ: സർ, ഇത് വളരെ പ്രസക്തമായിട്ടുള്ള കാര്യമാണ്. കേരളത്തിലെ സ്വാശ്രയ, എൻജിനീയറിംഗ് കോളേജുകളായാലും മെഡിക്കൽ കോളേജുകളായാലും മഹാ ഭൂരിഭാഗവും ശുദ്ധമത വിശ്വാസികളായിട്ടുള്ള ആളുകൾ നടത്തുന്നതാണ്. അവരുടെ സ്ഥാപനത്തിൽ പത്ത് ലക്ഷം രൂപ കൊടുത്താലേ അപേക്ഷാഫോം കിട്ടൂവെങ്കിൽ അത്തരത്തിലുള്ള മതവിശ്വാസത്തിന് എന്തോ കേട് പറ്റിയിട്ടുണ്ടെന്നല്ലേ നമ്മൾ മനസ്സിലാക്കേണ്ടത്; അത് തിരുത്താനല്ലേ നമ്മൾ ശ്രമിക്കേണ്ടത്?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, അങ്ങ് ഇവിടെ പറഞ്ഞല്ലോ, പത്ത് ലക്ഷം രൂപ കൊടുത്താലേ അപേക്ഷാ ഫോം തരുകയുള്ളൂവെന്ന്. അത് അങ്ങ് പറഞ്ഞ മെഡിക്കൽ കോളേജുകളല്ല. ആ നാല് കോളേജുകളിലല്ല

LIBRARY ARCHIVES Kerala Legislative Assembly

ഇത് നടക്കുന്നത്. അങ്ങ് അത് മനസ്സിലാക്കണം. സർക്കാരുമായി എഗ്രിമെന്റ് ഉണ്ടാക്കിയ കോളേജുകളാണ് ഇവ.

ശ്രീ. കെ. ടി. ജലീൽ: സർ, സർക്കാരുമായി എഗ്രിമെന്റുണ്ടാക്കിയ കോളേജുകളായാലും എഗ്രിമെന്റുണ്ടാക്കാത്ത കോളേജുകളായാലും ഇതൊക്കെ ആരുടെ മാനേജുമെന്റിന്റെ കീഴിലാണ് വരുന്നത്? ഈ കോഴയുടെ ഏർപ്പാടുകൾ തടയാൻ ലക്ഷ്യമിട്ട് ഇവരെ നിയന്ത്രിക്കാൻ സർക്കാർ ഒരു നിയമം കൊണ്ടുവരുന്നു എന്ന് വിചാരിക്കുക. അപ്പോൾ എന്തായിരിക്കും ഇവിടത്തെ പുകിൽ? ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അവകാശത്തെ ധ്വംസിക്കുവാൻ വേണ്ടി കമ്മ്യൂണിസ്റ്റുകാരുടെ ഗവൺമെന്റ് ശ്രമിക്കുന്നു എന്ന് പറഞ്ഞ് ആളുകളെ സമരത്തിനിറക്കും. ആ സമരത്തെ നിങ്ങൾ തന്നെ സ്പോൺസർ ചെയ്യും. അതല്ലേ വിദ്യാഭ്യാസ ബില്ലിന്റെ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തുണ്ടായത്? ഈ സഭയിൽ നമ്മൾ ഏകകണ്ഠമായി മണിക്കൂറുകൾ ചർച്ചചെയ്ത് ഉണ്ടാക്കിയ നിയമം, കാറ്റിൽ പറത്തി തന്നിഷ്ടം കാണിക്കാൻ നോക്കിയവർക്ക് അപ്പുറത്തിരിക്കുന്നവർ എല്ലാ ഒത്താശയും ചെയ്തുകൊടുത്തു. എന്നിട്ട് ഇവിടെ വന്ന് ഗീർവാണ പ്രസംഗം നടത്തുന്നു.

ശ്രീ. വി. ശിവൻകുട്ടി: യു.ഡി.എഫ്-ന്റെ കാലഘട്ടത്തിൽ ഒരു തിരുമേനിയുടെ കയ്യിൽ നിന്ന് ലീഗിന്റെ നേതാക്കൾ കാശ് വാങ്ങിയതിന്റെ പേരിൽ ശ്രീ. ഉമ്മൻ ചാണ്ടി പോലും കോടതിയിൽ ഹാജരായ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ടി. ജലീൽ: സർ, തീർച്ചയായും. ഇപ്പോൾ 178 സ്കൂളുകൾ അനുവദിച്ചു. എയ്ഡഡ് സ്കൂളുകളാണ് അനുവദിച്ചത്. ഒരു സെൽഫ് ഫിനാൻസിംഗ് ബി.എഡ്. കോളേജ് ആരംഭിക്കുന്നതിന്റെ പേരിലാണ് ഈ പ്രശ്നമുണ്ടായത്. 178 എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ സംസ്ഥാനത്ത് ഇപ്പോൾ അനുവദിച്ചു. ബഹുമാന്യനായ പാണക്കാട് സെയ്ദ് ഹൈദരലി ശിഹാബ്തങ്ങൾ പ്രസിഡന്റായിട്ടുള്ള സ്കൂളിനുവരെ പ്ലാസ് ടു കൊടുത്തു. അദ്ദേഹം പത്ത് പൈസ ആർക്കെങ്കിലും കൊടുത്തിട്ടുണ്ടോ? അങ്ങനെ ഒരു ആക്ഷേപം ഉണ്ടായിട്ടുണ്ടോ? അഴിമതി നടത്തുക എന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം പണം കൊടുക്കലും പണം വാങ്ങലുമാണ്. പണം കൊടുത്തു എന്ന് പറയുന്ന കുറ്റം തങ്ങൾ ചെയ്തു എന്ന് ഒരിക്കലും ഞാൻ വിശ്വസിക്കില്ല. നിങ്ങൾക്ക് അങ്ങനെയൊരു ആക്ഷേപം ഉന്നയിക്കാൻ കഴിയില്ല.

മി. ചെയർമാൻ: ശ്രീ. കെ. ടി. ജലീൽ അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. സി. കെ. പി. പത്മാഭൻ: സർ, മലപ്പുറം ജില്ലയിൽ എത്ര പ്ലസ് ടു സ്കൂളുകൾ കൊടുത്തു എന്ന് അറിയാമോ?

ശ്രീ. കെ. ടി. ജലീൽ: സർ, മലപ്പുറം ജില്ലയിൽ 19 പഞ്ചായത്തുകളിൽ പ്ലസ് ടു സ്കൂളുകളേ ഉണ്ടായിരുന്നില്ല. ആ 19 പഞ്ചായത്തിലും സ്കൂളുകൾ കൊടുത്തു. അതിനുപുറമേ കൂടുതൽ ജനസംഖ്യയുള്ള മേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly

9 സ്കൂളുകൾ വേറെയും കൊടുത്തു. അങ്ങനെ 28 സ്കൂളുകളിൽ പ്ലസ് ടു ആരംഭിച്ചു. സർ, സ്റ്റാമ്പ് ഡ്യൂട്ടി 9 ശതമാനമാക്കി കുറച്ചിരിക്കുകയാണ്. തീർച്ചയായും അതിന്റെ ഗുണഫലം ഭൂമിയുടെ ക്രയവിക്രയ രംഗത്തുണ്ടാക്കും. എന്റെ വിനീതമായ അഭ്യർത്ഥന ഇനിയും ഇത് കുറച്ചുകൊണ്ടുവരാൻവേണ്ടി അങ്ങ് ശ്രമിക്കണം എന്നതാണ്. അങ്ങനെ ചെയ്താൽ നികുതി ഇനത്തിൽ തുക ലഭിക്കുകയേ ചെയ്യൂ.

മി. ചെയർമാൻ: ശ്രീ. കെ. ടി. ജലീൽ അങ്ങയുടെ സമയം കഴിഞ്ഞു. ശ്രീ. എ. എം. ആരിഫ് അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ അയ്യംകുന്ന്- ആറളം പഞ്ചായത്തുകളിൽ ക്രിസ്ത്യൻ മാനേജുമെന്റ് നടത്തുന്ന സ്കൂളുകളാണ് ഉള്ളത്. അത് ബഹുമാനപ്പെട്ട കെ. സി.-ക്കറിയാം. നമ്മുടെ പായം പഞ്ചായത്തും കുന്നോത്തും കിളിയന്തറയും അയ്യംകുന്ന് പഞ്ചായത്തിലെ കരിക്കോട്ടക്കരിയും...........ആ സ്കൂളിൽ പ്ലസ് ടു-ന്വേണ്ടി കഴിഞ്ഞ 5 വർഷക്കാലം യു.ഡി.എഫ്. ഗവൺമെന്റിന്റെ പുറകെ നടന്നിട്ട് കൊടുത്തില്ല എന്നാണ് അവർ എന്നോട് പറഞ്ഞത്. ഇപ്പോൾ കൊടുത്തത് ആരാണ്?

ശ്രീ. കെ. ടി. ജലീൽ: സർ, ഈ ബില്ലിൽ കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രത്തിന് ഉണ്ടായിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി എക്സംഷൻ എടുത്ത് കളഞ്ഞിട്ടുണ്ട്. പാവപ്പെട്ട നിരവധി കുടുംബങ്ങൾക്ക് ഇത് വിനയാകും. അതുകൊണ്ട് നേരത്തെയുണ്ടായിരുന്ന അവസ്ഥ നിലനിർത്തണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഞാൻ ഈ ധനകാര്യബില്ലിനെ പിന്തുണയ്ക്കുന്നു.

ശ്രീ. എ. എം. ആരിഫ്: സർ, സമസ്ത രംഗങ്ങളുടെയും ക്ഷേമത്തിനും വികസന പ്രവർത്തനങ്ങൾക്കുമെല്ലാം തുക വിനിയോഗിക്കുന്നതിനായിട്ടുള്ളനികുതി നിർദ്ദേശങ്ങൾ അടങ്ങുന്ന ഈ ധനകാര്യ ബില്ലിനെ അനുകൂലിക്കുകയാണ്. ബഹുമാന്യനായ കെ. എം. മാണി. ബില്ലിൽ ഇടപെട്ടുകൊണ്ടുള്ള അദ്ദേഹത്തിന്റെ ചർച്ചയിൽ പറഞ്ഞത് ഫെയർ വാല്യൂ ഫിക്സ് ചെയ്തില്ല അതുകൊണ്ട് ഈ ബില്ലിലെ നികുതി നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കഴിയില്ല എന്നാണ്. ഫെയർ വാല്യൂ ഫിക്സ് ചെയ്തുകൊണ്ടുള്ള നോട്ടിഫിക്കേഷൻ വളരെ നേരത്തെ തന്നെ ഇറങ്ങുകയും അത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളിൽ ഇടപെടേണ്ടിവന്നതുകൊണ്ടുമാണ് യഥാർത്ഥത്തിൽ വ്യക്തമായി ബോധ്യപ്പെടാൻ കഴിഞ്ഞിട്ടുള്ളത്. ഫെയർ വാല്യൂ ഫിക്സ് ചെയ്യുന്നതു സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ കടന്നുവന്ന സന്ദർഭത്തിൽ അതിന്റെ ആക്ഷേപങ്ങൾ സമർപ്പിക്കുവാനുള്ള സാവകാശം നൽകുകയാണ് ഉണ്ടായത്. ഇത്തരത്തിൽ ഫെയർ വാല്യൂ ഫിക്സ് ചെയ്ത സന്ദർഭത്തിൽ ചില ഭൂപ്രദേശങ്ങൾ വിട്ടുപോയതുസംബന്ധിച്ചുള്ള ആക്ഷേപങ്ങൾ വന്നപ്പോൾ ഞാനടക്കം പല ആർ.ഡി.ഒ.-മാരേയും വിളിച്ച് അവരെ വാല്യൂ ഫിക്സ് ചെയ്യുന്നതിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിക്കാൻ ഇടവന്നിട്ടുണ്ട്. അപ്പോൾ യഥാർത്ഥത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം ഏതർത്ഥത്തിലാണ് ഫെയർ വാല്യൂ ഫിക്സ് ചെയ്യുന്നതിന് നോട്ടിഫിക്കേഷൻ വന്നിട്ടില്ലെന്ന് വ്യാഖ്യാനിച്ചത് എന്ന് മനസ്സിലാകുന്നില്ല. ബഹുമാനപ്പെട്ട കെ. ശിവദാസൻ നായർ ലോട്ടറിയുമായി ബന്ധപ്പെട്ട ചില വിമർശനങ്ങൾ അദ്ദേഹത്തിന്റെ ചർച്ചയിൽ ഉന്നയിക്കുകയുണ്ടായി. അനധികൃതമായി ലോട്ടറി വിൽപ്പന തടയുന്നതിനാവശ്യമായ നടപടികൾ ഈ ഗവൺമെന്റ് വന്നതിനുശേഷം എടുത്തിട്ടുണ്ട്. മുൻ ഗവൺമെന്റിന്റെ സമീപനം എന്തായിരുന്നുവെന്ന് ശ്രീ. പുതുശ്ശേരി അടക്കമുള്ളവർക്ക് അറിയാവുന്നതാണ്. അനധികൃത ലോട്ടറിക്കെതിരായി യാതൊരു നടപടിയും സ്വീകരിക്കുന്നതല്ല എന്ന് പറഞ്ഞുകൊണ്ട് സുപ്രീം കോടതിയിൽ സത്യവാങ്മൂലം കൊടുത്തത് യു.ഡി.എഫ്. ഗവൺമെന്റാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം നല്ല ശക്തരായ അഭിഭാഷകരെ വച്ച് കേസ് വാദിച്ച് ആ കേസ്സിൽ ഇവർക്കെതിരായി നടപടി എടുക്കാനുള്ള അധികാരം സംസ്ഥാന ഗവൺമെന്റിൽ നിക്ഷിപ്തമാണെന്നുള്ള അനുകൂല വിധി സുപ്രീം കോടതിയിൽ നിന്ന് സമ്പാദിക്കുകയുണ്ടായി. എന്നാൽ കേന്ദ്ര ഗവൺമെന്റ് ലോട്ടറി നിയമത്തിലെ ചട്ടങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് ലോട്ടറിയുടെ കാര്യങ്ങളിൽ ഇടപെടാനുള്ള സംസ്ഥാന ഗവൺമെന്റിന്റെ അധികാരത്തെ എടുത്തുകളയുകയാണ് ചെയ്തത്. അങ്ങനെ അധികാരം എടുത്തു കളയുകയും ഓൺലൈൻ ലോട്ടറിയെ നിയമവിധേയമാക്കുകയുമാണ് ചെയ്തത്. യഥാർത്ഥത്തിൽ അതിനെതിരെ ഈ ഗവൺമെന്റ് ശക്തമായ നിലപാട് എടുക്കുകയും അന്യസംസ്ഥാന ലോട്ടറിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്തു. സംസ്ഥാന ലോട്ടറിയെ മെച്ചപ്പെടുത്താൻ ഈ ഗവൺമെന്റ് എടുത്ത് നടപടിയുടെ ഭാഗമായി ഗണ്യമായ തോതിൽ ലോട്ടറി വിൽപ്പനയിലൂടെ വരുമാനമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2005-06-ൽ 237.28 കോടി രൂപയാണ് വരുമാനമെങ്കിൽ 2009-10 ആയപ്പോഴേക്കും 625.74 കോടി രൂപ ലോട്ടറി വിൽപ്പനയിലൂടെ നമുക്ക് ലഭിച്ചു. ഏതാണ്ട് 114 കോടി രൂപയുടെ ലാഭവും നികുതിയായി 229.80 കോടി രൂപയും നമുക്ക് ലഭിക്കുകയുണ്ടായി. യഥാർത്ഥത്തിൽ സർക്കാർ വരുമാനം വർദ്ധിപ്പിക്കുന്നതിന് ആത്മാർത്ഥമായ നടപടി സ്വീകരിക്കുകയും അതിനനുസൃതമായി നികുതി നിർദ്ദേശങ്ങൾ സമർപ്പിച്ചതുകൊണ്ടുമാണ് ഇന്നിപ്പോൾ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്നത്. മുമ്പെങ്ങുമില്ലാത്ത തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടക്കുകയാണ്. അതിന്റെ ഗുണഫലങ്ങൾ ഏറ്റവുമധികം അനുഭവിക്കുന്നത് യഥാർത്ഥത്തിൽ പ്രതിപക്ഷത്തിരിക്കുന്നവരാണ്. പ്രതിപക്ഷത്തിരിക്കുന്ന ഓരോരുത്തരുടേയും മണ്ഡലങ്ങളിലൂടെ ഒന്ന് സഞ്ചരിച്ചുനോക്കിയാൽ ഇവരെല്ലാം ചിരിച്ചുകൊണ്ട് നിൽക്കുന്ന നല്ല ഒന്നാംതരം ഫ്ളെക്സ് ബോർഡുകൾ കാണാം. പാലങ്ങൾ, റോഡുകൾ കെട്ടിടങ്ങൾ ഇതെല്ലാം അനുവദിപ്പിച്ച ഇവരുടെ ഓരോരുത്തരുടേയും പേരും 70 എം.എം. ചിരിയുമായിട്ടുള്ള വലിയ ഫോട്ടോകളും

LIBRARY ARCHIVES Kerala Legislative Assembly

പതിപ്പിച്ച ബോർഡ് കാണാം. ഇവരുടെയെല്ലാം നല്ല മനോഹരമായ ചിത്രങ്ങളാണ് ഇവരുടെ മണ്ഡലങ്ങളിലെല്ലാം കാണാൻ കഴിയുന്നത്. ഇന്നലെ ബഹുമാനപ്പെട്ട കെ. ബാബു, ഇവിടെ പ്രതിരോധ വകുപ്പ് കേരളത്തിന് നൽകുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ചും കേരളത്തിന് അനുവദിച്ചിട്ടുള്ള പദ്ധതികളെ സംബന്ധിച്ചും അതുനിമിത്തം കേരളത്തിനു ലഭിക്കുന്ന നേട്ടങ്ങളെ സംബന്ധിച്ചും ദീപിക പത്രം ഉയർത്തി കാട്ടി ഉദ്ദിഷ്ട കാര്യത്തിന് ഉപകാരസ്മരണ എന്ന രീതിയിൽ പരസ്യം കൊടുക്കണം, ശ്രീ. എ. കെ. ആന്റണിയുടെ ഫോട്ടോ വച്ചുള്ള പരസ്യം കൊടുക്കണമെന്നാണ് അദ്ദേഹം നിർദ്ദേശിച്ചത്. ഇവരോട് ഞാൻ നിർദ്ദേശിക്കുന്നില്ല, കാരണം ഇവർ പറഞ്ഞാൽ അനുസരിക്കുകയില്ല. കേരളത്തിലെ ഗവൺമെന്റ് ഒരു മണ്ഡലത്തിൽ ചുരുങ്ങിയത് 15 കോടി, രൂപ എന്നുള്ളത് ചിലപ്പോൾ പ്രതിപക്ഷാംഗങ്ങൾക്ക് കുറച്ച് കൂടുതൽ കൊടുത്തതായിട്ടാണ് അറിവ്. കാരണമെന്താണെന്നുവച്ചാൽ കഴിഞ്ഞ ദിവസം ഇവിടെ ബഹുമാനപ്പെട്ട കെ. അച്ചുതൻ ചോദ്യോത്തര വേളയിൽ എന്റെ ഒരു നാല് കോടി രൂപ കുറഞ്ഞുപോയത് ഇതുവരെ ശരിയായില്ല എന്നു പറയുകയുണ്ടായി. അപ്പോൾ ഇതെല്ലാം വച്ചുകൊണ്ട് ഇവർ സത്യത്തിൽ ചെയ്യേണ്ടത് സഖാവ് വി. എസ്. അച്യുതാനന്ദന്റേയും ഡോ. തോമസ് ഐസകിന്റേയും പടംകൂടി ഇവരുടെ പടത്തിനോടൊപ്പം വയ്ക്കേണ്ടതാണ്. ഇവർ ആ മര്യാദ കാണിക്കുകയില്ല. യഥാർത്ഥത്തിൽ ഉദ്ദിഷ്ട കാര്യത്തിന് ഉപകാരസ്മരണ എന്നതിൽ ഡോ. തോമസ് ഐസക്-ന്റേയും സഖാവ് വി.എസ്-ന്റേയും പടംകൂടി നിങ്ങൾ പരസ്യപ്പെടുത്തുകയാണ് വേണ്ടത്. നിങ്ങളുടെയൊക്കെ മണ്ഡലത്തിന്റെ ചരിത്രത്തിൽ ഇന്നോളം ഉണ്ടായിട്ടില്ലാത്ത തരത്തിൽ നിങ്ങളെല്ലാം വികസന നായകന്മാരായി................ ഞങ്ങൾ ഇപ്പുറത്തിരിക്കുന്നവരെപ്പോലെയല്ലല്ലോ? ഞാനൊന്ന് പറഞ്ഞോട്ടേ, നിങ്ങളെല്ലാം വളരെ സീനിയേഴ്സാണല്ലോ, ഞങ്ങളിൽ കുറച്ചധികം പേരും ജൂനിയേഴ്സാണ്. ഇത്രയധികം സീനിയേഴ്സായിട്ടുള്ള ആളുകളെ സംബന്ധിച്ച് യൂത്ത് കോൺഗ്രസ്സിന്റെ പരാമർശം ഞാൻ പറയുന്നില്ല. യയാദി, ബഗൻ തുടങ്ങിയ ചില പ്രയോഗങ്ങൾ ആരെക്കുറിച്ചാണെന്നൊക്കെ നിങ്ങൾക്ക് അറിയാമല്ലോ? ഞാൻ അതല്ല പറഞ്ഞത്. സീനിയേഴ്സായിട്ടുള്ള നിങ്ങൾ യയാദി, ബഗൻ-ബഗന്റെ ആരോഗ്യവും സൗന്ദര്യവും കടമായി ചോദിച്ച് ഇതെല്ലാം യൂത്ത് കോൺഗ്രസ്സിന്റെ വിവരണത്തിൽ നിന്ന് പഠിച്ചതാണ്. അപ്പോൾ അങ്ങനെയുള്ള സീനിഴേയ്സായിട്ടുള്ള ആളുകൾക്ക് നിങ്ങളുടെ ഇത്രയും കാലത്തെ ചരിത്രത്തിൽ ഏറ്റവുമധികം വികസന പ്രവർത്തനങ്ങൾ, ഒരുപക്ഷേ നിങ്ങൾ നടത്തിയിട്ടുണ്ടാവും. ഇല്ലായെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, നിങ്ങൾ ഭരണത്തിലിരിക്കുമ്പോൾ നടത്തിയതിനേക്കാൾ കൂടുതൽ വികസനപ്രവർത്തനങ്ങൾ നിങ്ങൾ പ്രതിപക്ഷത്തിരിക്കുന്ന ഈ സന്ദർഭത്തിൽ നിങ്ങളുടെ മണ്ഡലങ്ങളിൽ നടത്താൻ കഴിയത്തക്കനിലയിൽ.........

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥത്തിൽ പ്രതിപക്ഷ മെമ്പർമാരുടെ ഈ ഫ്ളെക്സുകളിൽ ഉണ്ടാക്കിവച്ചിട്ടുള്ള, ഫ്ളെക്സുകളിലെ പട്ടിക ഊരി വിറ്റാൽ തന്നെ ഒരു നല്ല പദ്ധതിക്കുള്ള പണം കിട്ടും. അത്രയധികം വികസനപ്രവർത്തനങ്ങൾ മിക്കവാറും എല്ലാ മണ്ഡലങ്ങളിലും അത് ഭരണ പ്രതിപക്ഷ ഭേദമന്യേ നടത്താൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ..............

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സത്യം പറഞ്ഞാൽ നിങ്ങൾ ആന്റീ ഫ്ളെക്സാണെന്നൊന്നും ഞങ്ങൾക്ക് അഭിപ്രായമില്ല. നിങ്ങൾ അത് ചെയ്യുന്നുമുണ്ടാകും. പക്ഷേ, യാതൊരു കാര്യവുമില്ലാതെ മുഖ്യമന്ത്രിയുടെ പടം വെറുതെ വയ്ക്കും. എന്നിട്ട് വകുപ്പുമന്ത്രി കൂട്ടത്തിൽ ഇരിക്കും. ഇങ്ങനെ എത്ര കാര്യമാണ്. ഒരു മുഖ്യമന്ത്രി പങ്കെടുക്കാത്ത യോഗത്തിൽ പ്പോലും മുഖ്യമന്ത്രിയുടെ പടം വയ്ക്കും, അത് മുഖ്യമന്ത്രിയെ കൈകാര്യം ചെയ്യാനാണെന്ന് ഞങ്ങൾക്ക് മനസ്സിലാകും. ഈയിടയായി അദ്ദേഹത്തിനും അത് മനസ്സിലായിട്ടുണ്ട്. ആ നിലയിൽ...... ഞങ്ങൾ സ്വീകരിക്കുന്ന നടപടിയെ കാണരുത്. രണ്ടാമതായി, ഈ ബഡ്ജറ്റ് വർക്കിന് പണം വയ്ക്കുന്നതിനും ഗവൺമെന്റിന് എന്താണ് കാര്യം. ഈ ഗവൺമെന്റ് ഇല്ല, ഇവിടെ ഉദ്യോഗസ്ഥന്മാർ മാത്രമാണ് ഇരിക്കുന്നതെന്ന് വിചാരിച്ചോ? അങ്ങനെവന്നാൽ പോലും ബഡ്ജറ്റ് വർക്ക് അതിനകത്ത് നടക്കും. അതിന് പ്രത്യേകിച്ചൊരു പ്രശ്നമില്ല. അത് അറിയാൻ അങ്ങേയ്ക്ക് കുറച്ചുകൂടി സമയമെടുക്കും. അത്രയേയുള്ളൂ.

ശ്രീ. എ. എം. ആരിഫ് : ഇത് നമുക്ക് പരിശോധിക്കാം. നിങ്ങൾ ഭരണത്തിലിരുന്ന സമയത്തും നിങ്ങൾ ഇപ്പോൾ പ്രതിപക്ഷത്തിരിക്കുന്ന സമയത്തുമുള്ള ബഡ്ജറ്റ് വർക്ക് നമുക്കൊന്ന് അവലോകനം ചെയ്യാം. അങ്ങനെ അവലോകനം ചെയ്താൽ ഇക്കാര്യത്തിൽ ഈ ഗവൺമെന്റ് തികഞ്ഞ, നമ്മുടെ നാടിന്റെ വികസന പ്രശ്നങ്ങൾ കണ്ടറിഞ്ഞ് അത് പരിഹരിക്കാനാവശ്യമായ ആത്മാർത്ഥമായ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് സുവ്യക്തമാണ്. പൊതു വിദ്യാഭ്യാസ രംഗത്ത് വന്ന മാറ്റം; അതുപോലെതന്നെ ഉയർന്ന വിജയശതമാന നിരക്ക് അതിനെക്കുറിച്ച് പറയുമ്പോൾ അതിന്റെ നേട്ടം എം.എൽ.എ.യ്ക്ക്. അതുപോലെ കുടിവെള്ള പദ്ധതി ലഭ്യമായത്, അതുകൊണ്ട് കുടിവെള്ള പ്രശ്നത്തിന് പരിഹാരമുണ്ടായത് അതിന്റെയെല്ലാം നേട്ടം എം.എൽ.എ.യ്ക്ക്. സമ്പൂർണ്ണ വൈദ്യുതീകരണം, അതിന്റെ നേട്ടം എം.എൽ.എ.-യ്ക്ക്, കൃഷിയിൽ ഉണ്ടായ വർദ്ധനവ് ഇതെല്ലാം നിങ്ങൾ ഉണ്ടാക്കിയതാണോ? ഓരോ രംഗത്തും വികസന കാര്യങ്ങളിൽ എന്തെല്ലാമാണ് മുൻഗണനാക്രമങ്ങൾ. ഇപ്പോൾ നാം നേരിടുന്ന പ്രശ്നമെന്താണ്? ഇതൊക്കെ ഭരണ പ്രതിപക്ഷ ഭേദമന്യേ ചിന്തിക്കുന്ന പ്രധാനപ്പെട്ട ഒരു പ്രശ്നമല്ലേ? ഇന്ന് കൃഷിയോഗ്യമായ ഭൂമി മുഴുവൻ കൃഷിക്ക് ഉപയോഗപ്പെടുത്താനും വിളവെടുപ്പ് നടത്താനും കഴിഞ്ഞിട്ടുണ്ടോ? അതുപോലെയുള്ള കാര്യങ്ങൾക്കാണ് നാം ഊന്നൽ നൽകേണ്ടത്. അങ്ങനെ നോക്കിയാൽ നമുക്ക് നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്ന

LIBRARY ARCHIVES Kerala Legislative Assembly

മേഖലകളിലേക്ക് നേട്ടങ്ങൾ ഉണ്ടാക്കാൻ വേണ്ടിയുള്ള മുൻഗണനാക്രമങ്ങൾ നിശ്ചയിച്ച് കൃഷിയിലും വ്യവസായത്തിലും വിദ്യാഭ്യാസത്തിലും മറ്റ് പശ്ചാത്തല വികസന കാര്യങ്ങളിലുമെല്ലാം എത്രത്തോളം മുന്നോട്ടുപോകാൻ കഴിയുമെന്ന് കണ്ടറിഞ്ഞുകൊണ്ടുള്ള വികസനമാണ് കേരളത്തിൽ നടപ്പാക്കിവരുന്നത്. പോരായ്മകൾ ഉണ്ട്, ഇല്ലായെന്ന് ഞാൻ പറയുന്നില്ല, എല്ലാ രംഗത്തും സമ്പൂർണ്ണമാണെന്ന് പറയുന്നില്ല. പക്ഷേ ഈ നേട്ടങ്ങളെ അംഗീകരിച്ചുകൊണ്ട് ഇതിനകത്തെ പോരായ്മകൾ ചൂണ്ടിക്കാണിക്കുന്നതിനുപകരം പ്രതിപക്ഷം എന്താണ് ചെയ്യുന്നത്? ഈ കൈവരിച്ച നേട്ടങ്ങൾ മുഴുവൻ കേരളത്തിന്റെ ഭാവിയിലേക്കു പോലും.......... ഭരണത്തിൽ ആരുവേണമെങ്കിലും വരട്ടെ ഇപ്പോൾ ഭരണത്തിൽ വരുമെന്ന് പ്രതീക്ഷിച്ചിരിക്കുന്ന നിങ്ങൾ അനുഭവിക്കാൻ പോകുന്നത് എന്താണെന്ന് കണ്ടറിഞ്ഞു കൊള്ളണം. ഇതുപോലെ പണ്ട് ഞങ്ങളും കണക്കുകൂട്ടിയതാണ്. ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പിൽ വലിയ ഭൂരിപക്ഷം നേടി 14 ൽ 13 ജില്ലാ പഞ്ചായത്തുകളിലും ജയിച്ച് ഉജ്ജ്വലമായി നിൽക്കുമ്പോൾ അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ വീണ്ടും ഞങ്ങൾ അധികാരത്തിൽ വരുമെന്ന് വിചാരിച്ചിരിക്കുമ്പോഴാണ് ബഹുമാനപ്പെട്ട രാജീവ് ഗാന്ധി വെടിയേറ്റ് മരിച്ചത്. സംഗതി രാഷ്ട്രീയം മൊത്തം മാറി. അപ്പോൾ പിന്നീട് അറിയാമല്ലോ? പിന്നീട് നടന്നത് സഹതാപ തരംഗമാണ്. അത് അങ്ങനെപോയി. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. എന്തായാലും ഇങ്ങനെ നിൽക്കുന്ന കേരളത്തിൽ വരികയോ പോവുകയോ എന്നുള്ളതല്ല. നമ്മൾ കാണേണ്ടത് കേരളം ഭീകരവാദികളുടെ നാടായി നിങ്ങൾ പ്രചരിപ്പിക്കുകയാണ്. വാസ്തവത്തിൽ ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളെയും അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ തീവ്രവാദപ്രവർത്തനമുള്ളത് ഈ കേരളത്തിലാണെന്ന് ശ്രീ. പ്രണബ് മുഖർജിയല്ലേ പറഞ്ഞത്. ഇതാരാണ് പറഞ്ഞത്? ശ്രീ. പ്രണബ് മുഖർജി. ശ്രീ. പ്രണബ് മുഖർജി കേരളത്തിന് അവാർഡ് നൽകിക്കൊണ്ട് പറഞ്ഞ പ്രസംഗമെടുത്ത് വായിച്ചുനോക്കൂ. ബഹുമാനപ്പെട്ട പി. സി. ജോർജിനോട് ഇത് എന്താണ് പറയുന്നത് ? ബഹുമാനപ്പെട്ട പി.സി. ജോർജിനോട് എനിക്ക് ബഹുമാനമൊക്കെയുണ്ട്. പക്ഷേ, അങ്ങ് വസ്തുതകൾ മനസ്സിലാക്കാതെ സംസാരിക്കരുത്. ശ്രീ. പ്രണബ് മുഖർജി ഈ കേരളത്തിന് അവാർഡു നൽകിക്കൊണ്ട് മൂന്ന് തവണ തുടർച്ചയായിട്ടാണ് അവാർഡ്. കേരളം ഭീകരവാദികളുടെ നാടായി, കേരളത്തിലാകെ പനിയാണ്, കേരളത്തിലാകെ വ്യവസായ തകർച്ചയാണ്. വാസ്തവത്തിൽ ഇങ്ങനെയുള്ള സന്ദേശം ഇന്ത്യയ്ക്കാകെ നൽകിക്കൊണ്ട് ഈ കേരളത്തിന്റെ ഭാവി വളർച്ചയെപ്പോലും തടയാൻ താല്ക്കാലികമായ രാഷ്ട്രീയ ലാഭത്തിനുവേണ്ടി, നേട്ടത്തിനുവേണ്ടി നിങ്ങൾ ഉപയോഗിക്കുന്ന അപവാദ പ്രചരണങ്ങൾ, നുണ പ്രചരണങ്ങൾ, കള്ള പ്രചാര വേലകൾ കേരളത്തിന്റെ ഭാവി തലമുറയെ പോലും അപകടപ്പെടുത്തുന്ന നിലയിലാണ് എന്നുള്ള കാര്യം പറയാതിരിക്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly

വാസ്തവത്തിൽ എത്രയോ ടൂറിസ്റ്റുകൾ നമ്മുടെ നാട്ടിലേയ്ക്ക് വരേണ്ടതാണ്. ആ സന്ദർഭത്തിലാണ് ഇവിടെ പനിയാണെന്നൊക്കെ പറഞ്ഞ് പ്രചാരവേല നടത്തുന്നത്. ഇൻഡ്യ ഒട്ടാകെ പനിയാണ്. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ കുടുംബാംഗങ്ങൾക്ക് പനിപിടിച്ച് കിടക്കുകയായിരുന്നു. എച്ച്1എൻ1 പോലെയുള്ള പനികൾ എത്രയോ പേർക്കുണ്ടായി. ഡൽഹിയിലും ബോംബെയിലുമൊക്കെ ഈ അടുത്ത കാലത്ത് സഞ്ചരിച്ചിട്ടുള്ളവർക്കറിയാം, അവിടത്തെ ജനങ്ങൾ മൂക്കുംവായുമെല്ലാം കെട്ടിപ്പൊതിഞ്ഞു നടക്കുകയാണ്. നിങ്ങൾ പനിയുടെ തോത്, ഓരോ സംസ്ഥാനങ്ങളിലേയും കണക്കെടുത്തുവച്ച് നോക്കൂ. സാധാരണ ഇവിടെ കർക്കിടക മാസത്തിൽ പനിയുണ്ടാകും. എല്ലാവർക്കുമറിയാം. മഴക്കാലത്ത് പനിയുണ്ടാകും. പക്ഷേ ഇല്ലാത്ത പ്രചാരവേലകൾ നടത്തി കേരളത്തിലേയ്ക്ക് വരുന്ന ടൂറിസ്റ്റുകളേയും ആളുകളേയുമെല്ലാം നിരുത്സാഹപ്പെടുത്തുന്ന രീതിയിലുള്ള അപവാദപ്രചരണങ്ങൾ നിങ്ങൾ നടത്തുകയാണ്. ഈ അപവാദ വ്യവസായം യഥാർത്ഥത്തിൽ നമ്മുടെ നാടിന്റെ ഭാവിയെ തകർക്കുമെന്നത് തീർച്ച. മാന്യമായ വിമർശനങ്ങളാകാം. പക്ഷേ അതല്ലല്ലോ നിങ്ങൾ ചെയ്യുന്നത്? കേരളത്തെ മുഴുവൻ തീവ്രവാദികളുടെ നാടായി ചിത്രീകരിച്ചുകൊണ്ട് നടത്തുന്ന പ്രചാരവേലകൾ വലിയ അപകടത്തിലേയ്ക്കെത്തിക്കും. അതുമായി ബന്ധപ്പെട്ട് ഒരു കാര്യം പറയാം, ഇവിടെ നിരീശ്വരവാദത്തെക്കുറിച്ചും വിശ്വാസത്തെക്കുറിച്ചുമെല്ലാം സംസാര വിഷയമാണ്. യഥാർത്ഥത്തിൽ ഞങ്ങൾ ഇപ്പോൾ തോൽക്കുകയോ ജയിക്കുകയോ ചെയ്യട്ടെ. തോൽക്കുന്ന സന്ദർഭത്തിലും ജയിക്കുന്ന സന്ദർഭത്തിലും കേരളത്തിൽ ഞങ്ങൾക്ക് ഏറ്റവും ചുരുങ്ങിയത് 70-75 ലക്ഷം വോട്ട് കിട്ടുന്നുണ്ട്. തോൽക്കുന്ന സന്ദർഭത്തിലും ജയിക്കുന്ന സന്ദർഭത്തിലും കിട്ടും. എന്തായാലും 70-75 ലക്ഷം വോട്ട് എൽ. ഡി. എഫ്.-ന് കിട്ടുന്നതിൽ, കൂടി വന്നാൽ ഒരു പത്തോ പതിനായിരമോ നിരീശ്വരവാദികളുടെ വോട്ട് കാണും. അങ്ങേയറ്റം പോയാൽ ഒരു ലക്ഷം നിരീശ്വരവാദികളുടെ വോട്ട് കാണും. ബാക്കിവരുന്ന വോട്ട് ആരുടേതാണ്? ഇവിടത്തെ നല്ല ഒന്നാംതരം വിശ്വാസികളുടെ വോട്ടല്ലേ? ആ വിശ്വാസികളുടെ വോട്ടിൽ ക്രൈസ്തവരുടേതും മുസ്ലീങ്ങളുടേതും ഹൈന്ദവരുടേതും സമസ്ത ജാതിവിഭാഗങ്ങളുടേതും അങ്ങനെ എല്ലാ മതവിശ്വാസികളുടേതുമായ വോട്ടല്ലേ കിട്ടുന്നത്? ആ മതവിശ്വാസികൾ, അവരുടെ മതവിശ്വാസത്തിന് എൽ. ഡി. എഫ്. എതിരാണെങ്കിൽ ഈ പത്തെഴുപത്തഞ്ച് ലക്ഷം ആളുകൾ വോട്ട് ചെയ്യുമോ? നിങ്ങൾ വിശ്വാസികൾ.... ഇവിടെ നമ്മൾ കാണേണ്ടത്, ഇവിടെ ആരാധനാലയങ്ങളെ ഒരു ചെറിയ വിഭാഗം ആളുകൾ, എൻ.ഡി.എഫ്. പോലുള്ള പ്രസ്ഥാനങ്ങൾ ആയുധപ്പുരകളാക്കാൻ ശ്രമിക്കുകയാണ്. ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട പരിസരപ്രദേശങ്ങളിൽ നിന്നാണ് ആയുധങ്ങൾ കണ്ടെടുക്കുന്നത്. കുറച്ചു പ്രദേശങ്ങളിലെങ്കിലും അത് ചെയ്യുന്നുണ്ട്. ആരാധനാലയങ്ങളെ ആയുധപ്പുരകളാക്കാൻ അവർക്ക് കഴിഞ്ഞത് നിസ്സാരമായി നമ്മൾ കാണരുത്. ആദ്യം എങ്ങനെയാണ് അവർ തുടങ്ങിയത്? വെള്ളിയാഴ്ച ജുമ കഴിഞ്ഞിറങ്ങുമ്പോഴേയ്ക്കും പോപ്പുലർ ഫ്രണ്ടിന്റെ ഒരു കടലാസ്സ് തരും. പള്ളിയിലാണ് അവരുടെ പ്രചാരവേല കേന്ദ്രീകരിക്കപ്പെടുന്നത്. അങ്ങനെ കൊടുക്കുന്ന ഈ

LIBRARY ARCHIVES Kerala Legislative Assembly

തുണ്ടുകടലാസ്സുകൾ വച്ച് അവർ ആരാധനാലയങ്ങളിലേയ്ക്ക് കടന്നുകയറി ഇപ്പോൾ ആരാധനാലയങ്ങളുടെ പരിസരപ്രദേശം അവരുടെ ആയുധപ്പുരകളാക്കാൻ ശ്രമിക്കുകയാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം അങ്ങയുടെ പ്രസംഗം ചുരുക്കണം.

ശ്രീ. എ. എം. ആരിഫ്: ഒരു മിനിട്ടുകൂടി. മറ്റുള്ളവർക്കൊക്കെ ആറും ഏഴും മിനിറ്റൊക്കെ കൊടുത്തു.

മി. ചെയർമാൻ: നിർദ്ദേശമുണ്ട്. ഒരു മിനിറ്റിനകത്ത് ചുരുക്കണം.

ശ്രീ. എ. എം. ആരിഫ്: അങ്ങനെ ഇപ്പോൾ ഇവിടെ.......

മി. ചെയർമാൻ: ഒരു മിനിറ്റേ കൊടുക്കാൻപാടുള്ളൂ എന്നാണ് നിർദ്ദേശം.

ശ്രീ. എ. എം. ആരിഫ്: കെ. സി. ബി. സി. ഇത്തരത്തിൽ വളരെ പ്രത്യക്ഷമായ രാഷ്ട്രീയ നിലപാട് എടുക്കുകയാണ്. രാഷ്ട്രീയ കക്ഷി വഴക്കുകളുടേയും രാഷ്ട്രീയ കക്ഷി നിലപാടുകളുടേയും അടിസ്ഥാനത്തിലേയ്ക്ക് ക്രൈസ്തവസഭകൾ ഇങ്ങനെ ആരാധനാലയങ്ങളെ ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് വ്യക്തമായൊരു നിലപാട് നിങ്ങൾ സ്വീകരിക്കുന്നില്ല. വ്യക്തമായ നിലപാട് സ്വീകരിക്കാതിരിക്കുന്നത് ഭാവിയിൽ ഓരോ സമുദായവും അവരുടെ ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് ഇത്തരം രാഷ്ട്രീയ പ്രചരണത്തിന്റെ വേദികളാക്കി മാറ്റുന്നത് ഇന്ന് കേരളത്തിൽ നിലനിൽക്കുന്ന മതസൗഹാർദ്ദവും മതേതരത്വവും തകരുന്നതിന് ഇടയാകും. ഇത് അപകടകരമായ നിലയിലേയ്ക്ക് പോകുകയാണ്. അവരവർക്ക് അവരവരുടെ വിശ്വാസത്തിനനുസരിച്ചുള്ള നിലപാടുകൾ എടുക്കാം. പക്ഷേ ഇവിടെ ക്രൈസ്തവ വിശ്വാസികൾ അവരുടെ വിദ്യാലയങ്ങളിൽ മാത്രം പഠിച്ചാൽമതി എന്ന് പറഞ്ഞപ്പോൾ അതിനെതിരായിപ്പോലും ഒരക്ഷരം നിങ്ങൾ ഉരിയാടിയില്ല. നിങ്ങളുടെ അർത്ഥഗർഭമായ മൗനമുണ്ടല്ലോ; അത് ഭാവിയിൽ ഉണ്ടാക്കാൻ പോകുന്ന ഭവിഷ്യത്ത് നിസ്സാരമല്ല.

മി. ചെയർമാൻ: ആ പോയിന്റുകൂടി പറഞ്ഞ് അങ്ങ് നിർത്തണം. ബഹുമാനപ്പെട്ട ആരിഫ്....നിങ്ങളുടെ പ്രസംഗം നിർത്തണം.

ശ്രീ. എ. എം. ആരിഫ്: സർ, ഞാൻ ഇപ്പോൾ നിർത്താം. ഇത്തരത്തിലുള്ള നിലപാടുകൾ നമ്മുടെ കേരളത്തിന്റെ ഐക്യത്തേയും സൗഹാർദ്ദത്തേയുമെല്ലാം തകർക്കുന്ന രൂപത്തിലാണ്. അതുകൊണ്ട് ഈ വക കാര്യങ്ങളിലെല്ലാം നമ്മൾ കേരളത്തിന്റെ ഭാവിയെ കണക്കിലെടുത്തുകൊണ്ടുള്ള തീരുമാനം മാത്രമേ എടുക്കാവൂ എന്നാണ് എനിക്ക് പറയാനുള്ളത്.

മി. ചെയർമാൻ: അവിടെ നിൽക്കട്ടെ....... ഇല്ല.....ഇല്ല. ശക്തമായ നിർദ്ദേശമുണ്ട്. ബഹുമാനപ്പെട്ട അംഗം ശക്തമായ തീരുമാനമുണ്ട്. പ്രസംഗം ചുരുക്കണം. അങ്ങ് പ്രസംഗം ചുരുക്കണം. ചുരുക്കാനുള്ള സമയമാണ് തരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എം. ആരിഫ്: സഹകരണ മേഖല എല്ലാ രംഗങ്ങളിലും സ്വാധീനം ഉറപ്പിക്കാൻ ശ്രമിക്കുകയാണ്. അത് നമ്മൾ പ്രോത്സാഹിപ്പിക്കുകയല്ലേ വേണ്ടത്? എന്നാൽ ടൂറിസം മേഖലയിൽ സഹകരണ മേഖല വരാൻ പാടില്ല. ബാക്കി എല്ലാ മേഖലയിലും വരാം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം അങ്ങേയ്ക്ക് വൈൻഡ് അപ് ചെയ്യാനുള്ള സമയമായി. ഒരു അര മിനിറ്റിനകത്ത് നിങ്ങൾ വൈൻഡ്അപ് ചെയ്യണം.

ശ്രീ. എ. എം. ആരിഫ്: ഒരു കാര്യം കൂടി.

മി. ചെയർമാൻ: ഇല്ല. ഇനി ഒരു കാര്യവുമില്ല. എല്ലാ കാര്യവും കഴിഞ്ഞു. ഇനി അങ്ങ് വൈൻഡ്അപ് ചെയ്താൽ മതി.

ശ്രീ. എ. എം. ആരിഫ്: പെട്രോളിന്റെയും, ഡീസലിന്റെയും വില.........

മി. ചെയർമാൻ: അങ്ങ് പ്രസംഗം വൈൻഡ്അപ് ചെയ്യണം. അങ്ങ് വൈൻഡ്അപ് ചെയ്യണം. ഇനിയുള്ളത് അടുത്ത ആൾ പറയും.

ശ്രീ. എ. എം. ആരിഫ്: ഇല്ല സർ, പാകിസ്ഥാനിൽ പെട്രോളിന്റെ വില 26 രൂപയാണ്. ബംഗ്ലാദേശിൽ പെട്രോളിന്റെ വില 22 രൂപയാണ്. നേപ്പാളിൽ 34 രൂപയാണ്. ഇത്തരത്തിൽ പെട്രോളിന്റേയും ഡീസലിന്റേയും അമിതമായ നികുതി നിർദ്ദേശങ്ങൾ നമ്മുടെ സംസ്ഥാനത്ത് അടിച്ചേൽപ്പിക്കുകയാണ്. നമ്മുടെ രാജ്യത്ത് ഏറ്റവും കുറഞ്ഞ നിരക്കിൽ കിട്ടേണ്ട പെട്രോളിനും ഡീസലിനും പാചകവാതകത്തിനും അമിത വില ഈടാക്കുകയാണ്.

മി. ചെയർമാൻ: അടുത്തതായി ശ്രീ. കെ. പി. മോഹനൻ. ഏഴ് മിനിറ്റ്. അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. എ. എം. ആരിഫ്: നികുതി നിർദ്ദേശങ്ങൾ വർദ്ധിപ്പിച്ച് ജനങ്ങളെ ബുദ്ധിമുട്ടിച്ചിട്ട് കള്ളപ്പരസ്യങ്ങൾ കൊടുക്കുന്നതിനെതിരെ ഇവർ ഒരക്ഷരം മിണ്ടുന്നില്ല. ....ജനങ്ങളെ ദ്രോഹിക്കുന്നവർക്ക്...ഒരു ഇടയലേഖനവും....

മി. ചെയർമാൻ: അങ്ങ് അവസാനിപ്പിക്കണം. അടുത്തതായി ശ്രീ. കെ. പി. മോഹനൻ.

ശ്രീ. എ. എം. ആരിഫ്: സാമ്പത്തിക രംഗത്തും വികസന രംഗങ്ങളിലും എല്ലാ അർത്ഥത്തിലും മുന്നോട്ടുനയിക്കുന്ന ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. എ. വാഹീദ്]

ശ്രീ. കെ. പി. മോഹനൻ: സർ, സംസ്ഥാനത്ത് അടിസ്ഥാനപരമായി സാമ്പത്തിക വളർച്ചയുണ്ടാക്കാൻ സാധിക്കാത്തതുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. സംസ്ഥാനത്തിന്റെ ആകെ വരുമാനത്തിന്റെ പത്ത് ശതമാനംപോലും കാർഷിക മേഖലയ്ക്ക് നൽകാൻ സാധിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

വ്യാവസായിക മേഖലകൊണ്ടുണ്ടാകുന്ന നേട്ടം 7.5 ശതമാനമാണ്. കൃഷിയും വ്യവസായവും അധോഗതി പ്രാപിച്ചുകൊണ്ടിരിക്കുമ്പോൾ കേരളത്തിന്റെ സാമ്പത്തിക വളർച്ച സാങ്കല്പികം മാത്രമാണ്. ഇത് മാറ്റാനും അടിസ്ഥാന മേഖലയുടെ വളർച്ച കൈവരിക്കാനും സാധിക്കണം. അതിന് സാധിക്കുന്നില്ല. കേരളത്തിന്റെ വളർച്ച ഇന്ന് സേവനമേഖലയാണ്. അന്യസംസ്ഥാനങ്ങളിൽ, അന്യരാജ്യങ്ങളിൽ സേവനത്തിലേർപ്പെടുന്നവരുടെ വരുമാനമാണ് ഇന്ന് കേരളത്തിന്റെ സാമ്പത്തിക വളർച്ച. ഇന്ന് നിർണ്ണായകമായ പങ്ക് വഹിക്കുന്നതും അതാണ്. പ്രവാസികളുടെ പണം കെട്ടിടനിർമ്മാണത്തിനും ഗതാഗതം, ബാങ്കിംഗ് തുടങ്ങിയ മേഖലകളിലുമൊക്കെയായി വിനിയോഗിക്കുകയാണ്. പ്രവാസികളുടെ സമ്പത്ത് ഉപയോഗിച്ച് കേരളത്തിന്റെ അടിസ്ഥാന മേഖലയെ പരിപോഷിപ്പിക്കാനാവശ്യമായ ചെറുതും വലുതുമായ പദ്ധതികൾ നിർബന്ധമായും ഉണ്ടാകണ്ടേ? അവരെ സഹകരിപ്പിക്കണം. എന്റെ മണ്ഡലത്തിൽ ഒരു പ്രവാസി സംഗമം സംഘടിപ്പിച്ചുകൊണ്ട് വിദ്യാഭ്യാസം, വ്യവസായം, കാർഷികം തുടങ്ങിയ മേഖലകളിലേയ്ക്ക് പദ്ധതികൾ ആവിഷ്ക്കരിച്ച് അവരുടെ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കിവരികയാണ്. കേരളത്തിന്റെ ഉൽപ്പാദന മേഖല മന്ദീഭവിച്ചിരിക്കുകയാണ്. ഇത് പരിഹരിക്കാനുള്ള കർമ്മപദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ നിർവ്വഹിക്കാൻ സർക്കാർ തയ്യാറാകണം. സംസ്ഥാനത്ത് പാവങ്ങളുടെ ജീവിതനിലവാരം ഉയരുന്നില്ല. കേരളത്തിന്റെ വരുമാനത്തിൽ 45 ശതമാനം ശമ്പളം കൊടുക്കാനും 18 ശതമാനം പലിശ കൊടുക്കാനുമാണ് ഉപകരിക്കുന്നത്. ബാക്കി 37 ശതമാനം മാത്രമാണ് കേരളത്തിന്റെ മൊത്തം വികസനത്തിന് ഉപയോഗിക്കുന്നത്. ഇതുകാരണം സർക്കാർ സേവനങ്ങളുടെ വിശേഷിച്ചും വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ഓരോ ദിവസം കഴിയുംതോറും ഗുണമേന്മ കുറയുകയാണ്. ഇവിടെ വിദ്യാഭ്യാസത്തെക്കുറിച്ചൊക്കെത്തന്നെ അപ്പുറത്ത് നിന്നുകൊണ്ട് പലരും വാതോരാതെ പ്രസംഗിക്കാറുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കേരളത്തിൽ നൽകാൻ കഴിയാത്തതു കാരണം പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുകയാണ്. മികച്ച ചികിത്സാ സൗകര്യമില്ലാത്തതുകാരണം പാവപ്പെട്ട രോഗികൾ നിസ്സാര രോഗങ്ങൾ പിടിപെട്ടാൽപ്പോലും മരണപ്പെടുന്നു. കാൻസർപോലെയുള്ള മാരക രോഗങ്ങൾക്ക് തിരുവനന്തപുരം ആർ. സി. സി.-യിലും മലബാർ കാൻസർ സെന്ററിലും വിദഗ്ദ്ധ ചികിത്സ ലഭിക്കാതെ നിരവധി രോഗികൾ ദിവസവും മരണപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇന്നത്തെ ഏറ്റവും ഡിമാന്റുള്ള വലിയ വാഹനമായി മാറിയിരിക്കുന്നത് ആംബുലൻസുകളാണ്. ഇൻഡ്യൻ സംസ്ഥാനങ്ങളിൽ പ്രതിശീർഷ കടത്തിലും തൊഴിലില്ലായ്മയിലും കേരളത്തിന് ഒന്നാം സ്ഥാനമാണ് ഇന്നുള്ളത്. നിരവധി പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കിയെന്ന് മേനി പറയുന്നുണ്ടെങ്കിലും അവിടെ എത്രപേർക്ക് തൊഴിൽ ലഭിച്ചെന്ന് പറയാൻ സാധിക്കില്ല. കേരളത്തിലെ തൊഴിലില്ലായ്മ 50 ലക്ഷത്തിലെത്തുകയാണ്. പൊതുകടം 2010-ൽ 70,017 കോടിരൂപയിലെത്തി. ദയനീയമായ ഈ അവസ്ഥയിൽ നിന്ന് കേരളത്തെ രക്ഷിക്കാൻ സാധിക്കണം. കേരളത്തിൽ 120 പൊതുമേഖലാ സ്ഥാപനങ്ങൾ ഇന്നും നഷ്ടത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുന്നതായിട്ടാണ് കണക്കുകൾ കാണിക്കുന്നത്. നമ്മൾ ലാഭമുണ്ട് എന്നൊക്കെ പറയുമ്പോഴും ശരിയായ കണക്ക് വരുമ്പോൾ ഏകദേശം 120 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാണ്. ഇവയുടെ ആസ്തികൾ ഫലപ്രദമായി വിനിയോഗിക്കണം. സ്വകാര്യ മേഖലയിലേയ്ക്ക് കൈമാറി വിഭവ സമാഹരണം നടത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കണമെന്നതാണ് ഇന്നത്തെ നയമായി കാണുന്നത്. ചിതറിക്കിടക്കുന്ന സർക്കാർ ഭൂമി ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കണം. മിച്ചഭൂമി പിടിച്ചെടുത്ത് കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണം. നികുതിപിരിവ് കാര്യക്ഷമമാക്കണം. ജനകീയ പ്രശ്നങ്ങളായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നമ്മുടെ മണ്ഡലങ്ങളിലെ റോഡുകൾക്കും മറ്റ് ഇൻഫ്രാസ്ട്രക്ച്ചറുകൾക്കുമൊക്കെയായി, പ്രത്യേകിച്ച് മലബാർ മേഖലയിൽ ഒരു പാക്കേജ് പ്രഖ്യാപിച്ചു. വളരെയധികം പക്ഷപാതപരമായിട്ടാണ് അതിന്റെ കാര്യങ്ങളൊക്കെ നീങ്ങുന്നത്. കഴിഞ്ഞ യു. ഡി. എഫ്. ഭരണകാലത്ത് എന്റെ മണ്ഡലത്തിൽ കിട്ടിയതിന്റെ പത്തിലൊന്നുപോലും ഇപ്പോൾ എനിക്ക് കിട്ടിയില്ല. ......പ്രതിപക്ഷത്തായിട്ടും....പ്രതിപക്ഷത്തായപ്പോൾ പറയുമ്പോൾത്തന്നെ കാര്യങ്ങളൊക്കെ നിർവ്വഹിക്കപ്പെടാറുണ്ട്. മലബാർ പാക്കേജിലും സ്റ്റിമുലസ് പാക്കേജിലും ഉൾപ്പെടുത്തി 15 കോടി രൂപയാണ് അദ്ദേഹം വാഗ്ദാനം ചെയ്തത്. പതിനഞ്ച് കോടി രൂപയിൽ കൂടുതലായിട്ടുള്ള സംഖ്യകൾ പല മണ്ഡലങ്ങളിലും കൊടുത്തപ്പോൾ എന്റെ മണ്ഡലത്തിൽ അത് നൽകിയില്ലെന്നുമാത്രമല്ല വളരെ മോശപ്പെട്ട രീതിയിലുള്ള ഒരു സമീപനമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തു നിന്നുമുണ്ടായത്. ഇക്കാര്യം ഞാൻ പലപ്പോഴായി ചോദിക്കുമ്പോഴും ഒരു mocking രീതിയിൽ, ഒരു തമാശ രൂപത്തിലാണ് കണ്ടത്. ഇവിടെ ശ്രീ. വി. ശിവൻകുട്ടി പ്രസംഗിക്കുമ്പോൾ ചിരിയെക്കുറിച്ചൊക്കെ പറഞ്ഞു. അദ്ദേഹത്തിന്റെ ചിരി പല രീതിയിലാണ്. കൊലച്ചിരി, കള്ളച്ചിരി, കളിയാക്കൽച്ചിരി, ശൃംഗാരച്ചിരി ഇങ്ങനെ പല ചിരിയുമുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഞങ്ങളോടൊക്കെ വളരെയധികം കള്ളച്ചിരിയോടെയാണ് സംസാരിക്കാറുള്ളത്. എന്തെങ്കിലും കാര്യം സംസാരിച്ചാൽ, അത് നമുക്ക് കൈകാര്യംചെയ്യാം, ചർച്ചചെയ്യാം എന്നൊക്കെ പറയും. പക്ഷേ അവസാനമാകുമ്പോൾ ഇതൊന്നും നടക്കാറില്ല. വളരെയധികം തമാശയാക്കുന്ന രൂപത്തിലേയ്ക്കാണ് പിന്നെ കാര്യങ്ങൾ പോകുന്നത്. ഈ അടുത്ത ദിവസം ഞാൻ ഇതിനെക്കുറിച്ച് ചോദിച്ചപ്പോൾ പ്രിന്റൗട്ടെടുത്ത് തരാമെന്ന് പറഞ്ഞു. 20 കോടി 50 ലക്ഷത്തിന്റെ പ്രിന്റൗട്ടാണ് എന്റെ മണ്ഡലത്തിനുള്ളത്. അതിൽ വളരെ തമാശയുണ്ട്. ഏകദേശം 7 കോടി രൂപയുടെ പദ്ധതികൾക്കുമാത്രമേ എനിക്ക് അവിടെ അനുമതിയും ഭരണാനുമതിയും ലഭിച്ചിട്ടുള്ളു. വളരെ ഗൗരവത്തോടുകൂടി പറയാനുള്ള മറ്റൊരു കാര്യം കൂത്തുപറമ്പ്-കോട്ടയം-പാട്യം വാട്ടർസപ്ലൈ സ്ക്കീമിനാണ് 13 കോടി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്. ഈ 13 കോടി 50 ലക്ഷം രൂപയും കൂട്ടിച്ചേർത്തുകൊണ്ടാണ് 20 കോടി രൂപ വരുന്നത്. അപ്പോൾ എനിക്കെന്നു പറഞ്ഞുകൊണ്ട് 13 കോടി 50 ലക്ഷം രൂപ വകയിരുത്തിയതിൽ ഏകദേശം

LIBRARY ARCHIVES Kerala Legislative Assembly

ആറ് വാർഡുകൾ മാത്രമാണ് എന്റെ മണ്ഡലത്തിൽ ഉൾപ്പെടുന്നത് ബാക്കിയുള്ളത് കൂത്തുപറമ്പ് മണ്ഡലത്തിലാണ്. ഇന്ന് കാലത്ത് ശ്രീ. പി. ജയരാജൻ അക്കാര്യം ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയോട് ചോദിച്ചിരുന്നു. വളരെയധികം insulting ആയിട്ടാണ് ഞങ്ങളോടൊക്കെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പെരുമാറിയത് എന്നുപറയേണ്ടി വന്നതിൽ ഖേദമുണ്ട്. അതുകൊണ്ടാണ് ഞാൻ പറയുന്നത്. ഇത് വളരെയധികം മോശമായിപ്പോയി. നമുക്ക് തരുന്നില്ലെങ്കിൽ ആണത്തത്തോടുകൂടി 'തരില്ല ' എന്ന് പറയണം. അതിനു സാധിക്കാതെ ഈ രൂപത്തിലുള്ള പ്രവർത്തനവുമായി മുന്നോട്ടുപോകുന്നത് ഒരിക്കലും ശരിയല്ലെന്നാണ് എന്റെ അഭിപ്രായം.. നിഷ്പക്ഷതയും ആത്മാർത്ഥതയുമുണ്ടാകണം. അപ്പോഴേ ശ്രീ. വി. ശിവൻകുട്ടി പറഞ്ഞതുപോലെയുള്ള ചിരിയെക്കുറിച്ചൊക്കെ വിവരിക്കാൻ പറ്റുകയുള്ളൂ. സംസ്ഥാനത്തെ മാലിന്യമുക്തമാക്കണമെന്ന് പറഞ്ഞു.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: അങ്ങേക്ക് ഒരു 13 കോടി രൂപ കിട്ടിയെന്ന് പറയുന്നു, എത്ര കോടി രൂപയാണ് കിട്ടിയത്? 7 കോടി രൂപ, 7 കോടി രൂപ ഇതിന് മുൻപ് എപ്പോഴെങ്കിലും കിട്ടിയിട്ടുണ്ടോ?

<u>ശ്രീ. കെ. പി. മോഹനൻ</u>: പറയാം, കഴിഞ്ഞ 5 വർഷത്തിനിടയിൽ 7 കോടി രൂപയേക്കാൾ കൂടുതൽ എനിക്ക് കിട്ടിയിട്ടുണ്ട്. ഇപ്പോഴും കിട്ടിയെന്ന് മാത്രമല്ല ഇതൊന്നും നടപ്പിലായിട്ടില്ല. 60 ലക്ഷം രൂപയുടെ ഒരു വർക്ക് മാത്രമാണ് തുടങ്ങിയത്. അതോടൊപ്പംതന്നെ 13 കോടി 50 ലക്ഷം രൂപ തന്നു എന്ന് പറയുന്നത് എന്റെ നിയോജകമണ്ഡലത്തിലല്ല. അങ്ങയുടെ പ്രയോറിറ്റി ലിസ്റ്റ് തരണമെന്ന് എന്നോട് ആവശ്യപ്പെട്ടിരുന്നു. ആ പ്രയോറിറ്റി ലിസ്റ്റ് കൊടുത്തപ്പോൾ 1-ഉം, 2-ഉം, 3-ഉം, 4-ഉം, 5-ഉം, 6-ഉം, 7-ഉം, 8-ഉം മാറ്റിക്കൊണ്ട് 9-ാമത്തെതാണ് ആദ്യം തന്നത്. അതിലെന്തോ ഇടപെടൽ ഉണ്ടായിട്ടുണ്ട്, അതാണ് ഞാൻ പറയുന്നത്, അതാണ് എനിക്ക് സംശയം വരുന്നത്. ശ്രീ. പ്രദീപ് കുമാർ അത് ചോദിച്ചത് നന്നായി. പ്രയോറിറ്റി എന്ന് പറയുന്നത് നമ്മൾ കൊടുക്കുന്ന ലിസ്റ്റാണ്. അതിൽ 1, 2, 3, 4 എന്ന് കൊടുത്താൽ 1-ഉം, 2-ഉം, 3-ഉം, 4-ഉം, 5-ഉം, 6-ഉം, 7-ഉം 8-ഉം തന്നിട്ടേ 9-ാമത്തേത് തരാവൂ. എന്തായാലും തന്നത് നന്നായി. പക്ഷേ അതേ സമയം 1-ഉം, 2-ഉം, 3-ഉം തരാതെയാണ് ഇതിലേക്ക് കടക്കുന്നത്. അവിടെയാണ് ഇടപെടലുകൾ ഉണ്ടായത്, അതാണ് ഞാൻ പറഞ്ഞത്. നിയോജകമണ്ഡലത്തിലെ പ്രയോറിറ്റി ലിസ്റ്റ് തരണമെന്ന് ഞങ്ങളോട് ആവശ്യപ്പെട്ടതനുസരിച്ച് തരേണ്ടത് ഞങ്ങൾക്ക് തന്നില്ല. 2 പാലങ്ങൾ ആവശ്യപ്പെട്ടിരുന്നു അത് തന്നില്ല. അത് തരാതെ ഇപ്പോൾ പുതിയതായി ഉൾപ്പെടുത്തിയത് 13 കോടി 50 ലക്ഷം രൂപയാണ്. ഇവിടെയാണ് ഏറ്റവും തമാശയുള്ളത്, അത് എന്റെ മണ്ഡലത്തിൽപ്പെട്ടതല്ല; 6 വാർഡുകൾ മാത്രമാണ് എന്റെ മണ്ഡലത്തിലുള്ളത്. അതിനാകെ 1 കോടി രൂപ പോലും ഉണ്ടാവില്ല. ഇത് വളരെയേറെ അപമാനിക്കുന്ന രൂപത്തിലേക്കാണ് വന്നിട്ടുള്ളത്. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ഇതൊന്നുമില്ലാതെ വളരെ ധീരതയോടെ പറയണം, ആണത്തം കാണിക്കേണ്ടത് അവിടെയാണ്. നമ്മൾ എന്ത് പറഞ്ഞാലും തമാശയാക്കുന്ന, വലിയ പ്ലാനിംഗ് വിദഗ്ദ്ധനാണെങ്കിൽപ്പോലും ഞങ്ങളോടുള്ള ഈ സമീപനം മാറ്റിയില്ലെങ്കിൽ.............ഇതൊരു മോശപ്പെട്ടൊരു രീതിയല്ലേ? അതുകൊണ്ട് ബഹുമാനപ്പെട്ട ചെയർ ഇടപെട്ടുകൊണ്ട് ഇക്കാര്യത്തിൽ ഒരു തീരുമാനമുണ്ടാകണം. അതോടൊപ്പംതന്നെ ഫിനാൻസിംഗ് ഇടപാട് സംസ്ഥാനത്ത്.........

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു ഒരു മിനിട്ടിനകത്ത് അങ്ങയുടെ പ്രസംഗം ചുരുക്കണം..........

ശ്രീ. കെ. പി. മോഹനൻ: ഒരു മിനിട്ടേ എടുക്കുന്നുള്ളു........... ബഹുമാനപ്പെട്ട മന്ത്രി ഇടയ്ക്ക് ഞങ്ങളുടെ ജില്ലയിലെ യോഗങ്ങൾ.......... ജില്ലയിൽ ഞങ്ങൾതന്നെ യോഗം വിളിക്കാറുണ്ട്. അവിടെ യോഗം വിളിച്ചാൽ ഉദ്യോഗസ്ഥന്മാരൊക്കെ വളരെ നല്ല രീതിയിലാണ് ഞങ്ങളോട് പറയാറുള്ളത്. കണ്ണൂരിന്റെ യോഗം ഇവിടെ വിളിച്ചപ്പോൾ വളരെ മോശപ്പെട്ട രീതിയിൽ കണ്ണൂരിലെ ഉദ്യോഗസ്ഥന്മാരെയൊക്കെ മന്ത്രി വഴക്ക് പറയുകയുണ്ടായി. അത് ഞങ്ങളെ, നാടൻ ഭാഷയിൽ പറഞ്ഞാൽ ഞങ്ങളെ സോപ്പിടാൻ, വേണ്ടിയാണ്. അത് മാറ്റിയെടുത്തുകൊണ്ട്, കാര്യങ്ങൾ നടക്കണം, ജില്ലയിലെ കാര്യങ്ങൾ നടക്കാൻ വേണ്ടി ഞങ്ങൾ അവിടെ യോഗങ്ങൾ വിളിക്കുന്നുണ്ട്, ഇവിടെ യോഗങ്ങൾ വിളിക്കുന്നത് ഒരു പ്രഹസനമാക്കിയിരിക്കുകയാണ്. ഒന്നും നടക്കാതെ ഇവിടെ യോഗം വിളിച്ചു എന്ന് കാണിക്കാൻ വേണ്ടിയുള്ള ഒരു പ്രഹസനം. അതുകൊണ്ട് ഇതിനെ ഒരിക്കൽ കൂടി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ധനകാര്യ ബില്ലിനേയും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തേയും ഞാൻ പിന്താങ്ങുകയാണ്. ധനകാര്യ വകുപ്പിനെക്കുറിച്ച് പറയുമ്പോൾ എനിക്ക് മുൻപ് പ്രസംഗിച്ച ശ്രീ. കെ. പി. മോഹനൻ, അദ്ദേഹത്തോട് കാണിക്കുന്ന വിവേചനത്തെക്കുറിച്ച് പറഞ്ഞത് അദ്ദേഹത്തിനും ആ വകുപ്പിനും മാത്രമേ പറയാൻ കഴിയൂ, ഞാൻ അതേക്കുറിച്ചൊന്നും പറയുന്നില്ല. പക്ഷേ ഈ നാല് വർഷക്കാലം കേരളത്തിലെ ധനകാര്യ വകുപ്പിനെക്കുറിച്ച് ചർച്ച ചെയ്യുന്ന നിഷ്പക്ഷമതികൾക്കാർക്കും കെടുകാര്യസ്ഥതയുടെ എന്തെങ്കിലും ഒരു ലാഞ്ചന ഈ വകുപ്പിൽ ഉണ്ടായതായി ആരോപിക്കാൻ കഴിയില്ല എന്ന പൂർണ്ണ വിശ്വാസമാണ് എനിക്കുള്ളത്. ധനകാര്യ വകുപ്പുമന്ത്രിമാർ, സാധാരണ ഏത് ഗവൺമെന്റിലും ധാരാളം പരിചയസമ്പന്നർ, ശ്രീ. കെ. എം. മാണി ഉൾപ്പെടെ ഇവിടെയുണ്ട്. ആരായിരുന്നാലും ഏത് കാര്യത്തിനും എതിർ നിൽക്കുക എന്നതാണ് ധനകാര്യ വകുപ്പുമന്ത്രിമാരുടെ മുഖമുദ്ര. ഇന്നലെവരെയും അങ്ങനെയായിരുന്നു. ഏത് കാര്യവും അവിടെ എത്തുമ്പോഴാണ് ഒബ്ജക്ഷൻ. എന്നാൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ ശരിയായ കാര്യങ്ങളുമായി മുന്നോട്ട് പോയാൽ ഒബ്ജക്ഷൻ ഉണ്ടാകാത്ത ഒരു നിലപാട് ധനകാര്യ വകുപ്പിൽ നിന്നും ഉണ്ടായിട്ടുണ്ട്, അതാണ് വേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ചിരിയുടെ അർത്ഥം അതാണ്. നല്ല നിലയിൽ പെരുമാറുകയും നല്ല നിലയിൽ സ്വീകരിക്കുകയും ചെയ്യുക. ധനകാര്യ വകുപ്പുമന്ത്രി പോസിറ്റീവും പ്രാക്ടിക്കലും ആകണമെന്നതാണ് സാധാരണ ജനപ്രതിനിധികൾ ആഗ്രഹിക്കുക. ആ നിലവാരത്തിലേയ്ക്ക് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ഉയർന്നിട്ടുണ്ട് എന്ന കാര്യത്തിൽ ആർക്കും ഭിന്നാഭിപ്രായമുണ്ടാകാൻ ഇടയില്ല. ധനകാര്യ മാനേജ്മെന്റ്, അത് എല്ലാവരും ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ അതിൽ അധികം പോകാൻ ആഗ്രഹിക്കുന്നില്ല. എങ്ങനെയാണ് ഇത്രയേറെ പണമുണ്ടായത് എന്ന് ഒരു മെമ്പർ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് അലാവുദ്ദീന്റെ അത്ഭുതവിളക്കൊന്നും ധനകാര്യ വകുപ്പുമന്ത്രിയുടെ കയ്യിൽ ഉണ്ടായതുകൊണ്ടല്ല, നികുതി പിരിവ് കാര്യക്ഷമമാക്കിയതുകൊണ്ടാണ്. നികുതി പിരിവ് കാര്യക്ഷമമാക്കി എന്ന് പറയുമ്പോൾ കഴിഞ്ഞ രണ്ട്-മൂന്ന് വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ നികുതി പിരിവിലെ വ്യത്യാസം നമുക്ക് കാണാൻ കഴിയും. അവിടെയും ധനകാര്യ വകുപ്പുമന്ത്രി മിതത്വം പാലിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത് എന്ന് ഇന്നലെ അദ്ദേഹം നടത്തിയ പ്രസ്താവന നോക്കിയാൽ കാണാം. നികുതിപിരിവ് ഇനിയും 40 ശതമാനമേ ആയിട്ടുള്ളു എന്നാണ് അദ്ദേഹം സമ്മതിച്ചത്. അപ്പോൾ യാഥാർത്ഥ്യ ബോധത്തോടെ അദ്ദേഹം ആ പ്രശ്നത്തെ കാണുന്നുണ്ട് എന്നാണ് അതിനർത്ഥം. നികുതിപിരിവ് 2005-ൽ 10,715 കോടി രൂപയായിരുന്നെങ്കിൽ 2009-2010-ൽ അത് 19,000-കോടിരൂപയായും, ഈ കൊല്ലമാകുമ്പോൾ അത് 23,198 കോടി രൂപ യായും വർദ്ധിച്ചു എന്നത് എങ്ങനെയാണ് നിഷേധിക്കാൻ കഴിയുക? വാറ്റിന്റെ കാര്യം വേറെയുണ്ട്. വാറ്റിന്റെ ഗുണമുണ്ട്. ധനകാര്യ വകുപ്പുമന്ത്രിമാർക്ക് ഓരോ കാലത്തും ഓരോ ഗുണം ഉണ്ടാകുമല്ലോ?.......(തടസ്സം)....അത് വേറെ കാര്യം. ഞാൻ പറയുന്നത് ഉണ്ട് എന്നത് അംഗീകരിക്കുക, എന്ത് കാരണമാ യാലും. ആ പിരിവ് നേരത്തേയും ധനകാര്യ വകുപ്പുമന്ത്രിമാർക്ക് കാര്യക്ഷമ മാക്കാമായിരുന്നു. ശ്രീ. കെ. എം. മാണിയെ പോലുള്ള പ്രഗല്ഭൻമാർ ധനകാര്യ വകുപ്പുമന്ത്രിയായി പ്രവർത്തിച്ചിരുന്ന കാലത്തും അതിൽ കാര്യക്ഷമത ഉണ്ടായിരുന്നില്ലല്ലോ ? ....(തടസ്സം).........വാറ്റ് മാത്രമല്ലല്ലോ കാര്യക്ഷമത. അങ്ങനെയൊന്നും തെറ്റിദ്ധരിപ്പിക്കേണ്ട. വാറ്റിന്റെ കാര്യത്തിലും ഇരട്ടി വരുമാനമുണ്ടായിട്ടുണ്ടെന്നാണ് കാണാൻ കഴിയുന്നത്. അതുമാത്രമല്ല, നികുതി പിരിവിലൂടെയും ചെക്ക് പോസ്റ്റുകളിൽ നിലനിന്നിരുന്ന അഴിമതി അവസാനി പ്പിക്കുന്നതിനുവേണ്ടി ജാഗ്രതയോടുകൂടിയ ശ്രമങ്ങൾ നടത്തിയതിന്റെയും ഫലമായിട്ടാണ് നികുതി വർദ്ധന ഉണ്ടായിട്ടുള്ളത്. ഇവിടെ ശ്രീ. ഉമ്മർ സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞു ഇവിടെ ധൂർത്തടിക്കുകയാണെന്ന്. ഈ നാല് കൊല്ലം ഗവൺമെന്റിന്റെ ഒരുപാട് പ്രസംഗങ്ങൾ ഈ സഭയിൽ കേട്ടെങ്കിലും ഇന്നാണ് ഈ ഗവൺമെന്റ് ധൂർത്തടിക്കുന്നു എന്നൊരു വാക്ക് കേൾക്കാൻ ഇടയായത്........(തടസ്സം).........

ശ്രീ. കെ. ബാബു: അത് ശ്രീ. എ. കെ. ശശീന്ദ്രൻ കേൾക്കാതിരുന്ന തിന് കാരണം അങ്ങ് ഒപ്പിട്ടിട്ട് പോകുകയായിരുന്നു പതിവ്. കാരണം ആരേയും പിന്താങ്ങാനും അനുകൂലിക്കാനും പറ്റില്ലല്ലോ? ഇവിടെ സ്ഥിരമായിട്ട് പറഞ്ഞിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ശശീന്ദ്രൻ: ഇല്ല അങ്ങനെ സ്ഥിരമായിട്ട് ആ വാക്ക് ഉപയോഗിച്ചിട്ടില്ല. നമുക്ക് രേഖ പരിശോധിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഗവൺമെന്റിന്റെ വാർഷികത്തോടനുബന്ധിച്ച് 13.5 കോടി രൂപയുടെ പരസ്യമാണ് കൊടുത്തത്. ഇപ്പോഴും പരസ്യം വന്നുകൊണ്ടിരിക്കുകയാണ്. അത് 20 കോടിരൂപ കവിയുമെന്നാണ് ഇപ്പോൾ കണക്കുകളിൽ കാണുന്നത്. ഇതിന്റെ പേര് ധൂർത്തെന്നാണോ അതോ മിതത്വമെന്നാണോ; എന്താണ് ഇതിന്റെ പേര്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഞാൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിച്ചതിന് അതേ അർത്ഥത്തിൽ മറുപടി പറയണമെങ്കിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടത്തിയ ധൂർത്തുകളെക്കുറിച്ച് പറയണം. ഞാൻ ആ റേഞ്ചിലേയ്ക്ക് വരുന്നില്ല. .... (ബഹളം)......... പരസ്യം മാത്രമാണ് ധൂർത്ത് എന്ന ഒരു ധാരണയിലാണെങ്കിൽ അങ്ങനെ എടുത്തോളൂ. പക്ഷേ പരസ്യം മാത്രമല്ല ധൂർത്ത്. ഏതായാലും ഈ ഗവൺമെന്റിന്റെ കാലത്ത് കടം വർദ്ധിച്ചിട്ടുണ്ട് എന്നത് ശരിയാണ്. അത് ധൂർത്തടിച്ചതുകൊണ്ടാണെങ്കിൽ രണ്ടു രൂപയ്ക്ക് അരി കൊടുക്കാൻ വേണ്ടിയുള്ള തീരുമാനത്തിന്റെ ഫലമായി പണം ചെലവഴിച്ചത് ധൂർത്തായി കാണുന്നവർക്കേ അങ്ങനെ പറയാൻ പറ്റൂ. പെൻഷൻ വർദ്ധിപ്പിച്ചു. ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു. ക്ഷേമപെൻഷനുകൾ വർദ്ധിച്ചു. അതിനെല്ലാം ഏതാണ്ട് 500 കോടി രൂപയോളമാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത്. അത് ധൂർത്ത് ആണോ? നമ്മുടെ കഴിഞ്ഞ കാലങ്ങളിൽ ജീവനക്കാർ ഡി.എ. കുടിശ്ശികയ്ക്കുവേണ്ടി എത്ര സമരം നടത്തിയിട്ടുണ്ട്. എല്ലാ ജീവനക്കാരും എൻ.ജി.ഒ. യൂണിയനായാലും എൻ.ജി.ഒ. അസോസിയേഷനായാലും ഈ സെക്രട്ടേറിയറ്റ് പടിക്കൽ ഡി.എ. കുടിശ്ശിക കിട്ടുന്നതിനു വേണ്ടി യോജിച്ചും അല്ലാതെയും പ്രക്ഷോഭം നടത്തിയിട്ടുണ്ട്. ഈ പ്രാവശ്യം അങ്ങനെയൊരു പ്രക്ഷോഭത്തിന്റെ കൊടി സെക്രട്ടേറിയറ്റ് പടിക്കൽ ഉയരാൻ കാത്തുനിൽക്കാതെ ജീവനക്കാരുടെ ഡി.എ. അതാതുകാലത്ത് കൊടുത്തുവെന്ന് മാത്രമല്ല അഡ്വാൻസായി കൊടുക്കുന്ന നിലപാടും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായി. ജീവനക്കാരെ സംബന്ധിച്ചിടത്തോളം ആശ്വാസകരമായ നടപടി സ്വീകരിച്ചപ്പോൾ സാമ്പത്തിക ചെലവ് വർദ്ധിച്ചിട്ടുണ്ടാകും. അല്ലാതെ ഇത് കൊടുക്കാൻ സാധിക്കുകയില്ലല്ലോ. അങ്ങനെ കൊടുത്തതിന്റെ ഫലമായി ചിലപ്പോൾ കാശ് കടം വാങ്ങിയേക്കാം. നോൺ പ്ലാൻ എക്സ്പെൻഡിച്ചറിലേയ്ക്കാണ് കാശൊക്കെ പോയതെന്ന് പറയുന്നത് കേട്ടു. പ്ലാൻ എക്സ്പെൻഡിച്ചർ കാര്യക്ഷമമായി നടക്കണമെങ്കിൽ നോൺ പ്ലാൻ എക്സ്പെൻഡിച്ചറും സമാന്തരമായി നല്ല നിലയിൽ നടക്കേണ്ടതല്ലേ. അങ്ങനെയല്ലാതെ എങ്ങനെയാണ് ഈ ഭരണ പ്രവർത്തനങ്ങൾ നടക്കുക? അത് എനിക്കറിയില്ല. പ്ലാൻ എക്സ്പെൻഡിച്ചർ വർദ്ധിക്കുന്ന മുറയ്ക്ക് നോൺപ്ലാൻ എക്സ്പെൻഡിച്ചർ വർദ്ധിക്കണം. എന്നാൽ മാത്രമേ ആരോഗ്യകരമായ ഒരു സാമ്പത്തിക മാനേജുമെന്റ് വളർത്തിയെടുക്കാൻ കഴിയുകയുള്ളൂ. ഞാൻ ഒരുപാട് കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പറയാൻ ആഗ്രഹിക്കുന്നില്ല. ചെലവുകൾ വെട്ടിച്ചുരുക്കാതെയും ക്ഷേമപദ്ധതികൾക്ക് തുക വർദ്ധിപ്പിച്ചും കുടിശ്ശികകൾ തീർത്തും ട്രഷറികളുടെ പ്രവർത്തനം ഭദ്രമാക്കി. പലരും ട്രഷറിയിൽ പോകാറുണ്ട്. ആരാണ് അവിടെ നേരത്തെ പോകുക? കുറേ പെൻഷൻകാർ, പിന്നെ ശമ്പളം വാങ്ങിക്കാൻ പോകുന്നവർ, പിന്നെ കുറേ കരാറുകാർ. ഇന്ന് അതാണോ സ്ഥിതി? കാര്യക്ഷമമായ പ്രവർത്തനം എന്നുപറയുമ്പോൾ ട്രഷറി നിക്ഷേപത്തിന് പലിശ നിരക്ക് വർദ്ധിപ്പിച്ചുകൊണ്ട് നിക്ഷേപകരെ ആകർഷിക്കുന്നതിലൂടെ നല്ല ഒരു ശക്തി ട്രഷറികൾക്കുണ്ടായി. ജീവിതത്തിന്റെ സമസ്ത മേഖലയിലും പെട്ടവർ പങ്കാളികളായിക്കൊണ്ടുള്ള പ്രവർത്തനമാണ് ട്രഷറി മേഖലയിൽ നടന്നുകൊണ്ടിരിക്കുന്നത്. അത് ആരോഗ്യകരമായ ഒരു സമ്പദ്ഘടനയുടെ ലക്ഷണമാണ്. അതിനെ എങ്ങനെയാണ് നമുക്ക് ചെറുതായിക്കാണാൻ കഴിയുക? അതേപോലെതന്നെയാണ് മലബാർ പാക്കേജിന്റെ കാര്യം. ആര് ഭരിച്ചാലും മലബാർ മേഖലയിലെ വികസന പ്രവർത്തനങ്ങൾ അവിടുത്തെ എം.എൽ.എ.മാർക്ക് ഓണം കേറാമൂലയായിരുന്നു. ആ മേഖലയിൽ പ്രത്യേകമായ ശ്രദ്ധ പതിപ്പിച്ചുകൊണ്ട് കാസർഗോഡ് മുതൽ തൃശ്ശൂർ വരെയുള്ള തൃശ്ശൂർ മലബാർ അല്ലെങ്കിലും തൃശ്ശൂർ വരെയുള്ള മേഖലകളിൽ എന്തെല്ലാം വികസന പദ്ധതികളാണ് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചത്. അതിന്റെ 50 ശതമാനം പ്രവർത്തനമെങ്കിലും ഈ കാലഘട്ടങ്ങളിൽ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അതാത് സ്ഥലത്തെ എം.എൽ.എ.മാർ സാക്ഷ്യപ്പെടുത്തുന്നില്ലേ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം അങ്ങയുടെ സമയം കഴിഞ്ഞു. ഒരു മിനിട്ടിനകത്ത് ചുരുക്കണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: ......(ബഹളം)....... ഞാൻ എന്റെ സമയത്തു തന്നെ നിർത്തിക്കോളാം. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ ധനകാര്യ മാനേജുമെന്റ് എന്നുപറയുന്നത് 1957-നുശേഷം ഇന്നേവരെ കേരളം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും മികച്ച ധനകാര്യ മാനേജുമെന്റാണ്. ഈ രൂപത്തിൽ ശക്തമായ അടിത്തറയോടുകൂടി നമ്മുടെ ധനകാര്യ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകാനായാൽ അത് ഭാവി കേരളത്തിന് പ്രയോജനം ചെയ്യുമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. ചെയർമാൻ: അധികം സമയമില്ല.

ശ്രീ. കെ. കെ. ഷാജു: ശ്രീ. വക്കം പുരുഷോത്തമൻ ഇവിടെ എവിടെയെങ്കിലും വന്ന് നിൽക്കുന്നതുപോലെ തോന്നരുത്. ഞാൻ പറയുകയാണ്.........

മി. ചെയർമാൻ: അതൊരു ദുഃസൂചനയാണ്.

ശ്രീ. കെ. കെ. ഷാജു: ശ്രീ. വി. സുരേന്ദ്രൻപിള്ളയാണോ ശ്രീ. എ. കെ. ശശീന്ദ്രനാണോ ആദ്യം പട്ടികയിൽ വരേണ്ടതെന്നുള്ള കാര്യത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഒരു സംശയം ഇപ്പോൾ ഉണ്ടായിയെന്ന് തോന്നുന്നു. ശരിയാണോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: എന്റെ ശ്രീ. കെ. കെ. ഷാജു താങ്കൾക്ക് അറിയാവുന്ന രാഷ്ട്രീയ ഭാഷയാണ് താങ്കൾ പറയുന്നത്. താങ്കൾ ഒഴിച്ച് പ്രതിപക്ഷത്തിരിക്കുന്ന ഒരു മെമ്പറും എന്നോട് ആ ചോദ്യം ചോദിക്കുകയില്ലായെന്ന് മാത്രമേ ഞാൻ അതിനെപ്പറ്റി പറയുന്നുള്ളൂ.

മി. ചെയർമാൻ: അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: ഞാൻ നിർത്തുകയാണ്. അതുകൊണ്ട് ഏതെങ്കിലും വാഗ്ദാനങ്ങളുടെ പുറകേപോകുന്ന താങ്കൾ പരിചയപ്പെട്ട ആളുകളുടെ കൂട്ടത്തിൽ ദയവായി എന്നെപ്പെടുത്തരുത് എന്നേ എനിക്ക് അതിനെപ്പറ്റി പറയാനുളളൂ. രാഷ്ട്രീയം ചോദിച്ചതുകൊണ്ട് ഒരു കാര്യം പറയാം.

മി. ചെയർമാൻ: സമയം കുറവാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: തീവ്രവാദത്തിനെതിരെയുള്ള വലിയ ചർച്ച നമ്മുടെ ഈ സഭയിൽ നടന്നു. തീവ്രവാദത്തേയും വർഗീയതയേയും ചെറുക്കണമെങ്കിൽ മതേതര കക്ഷികൾ, ജനാധിപത്യ കക്ഷികൾ, പുരോഗമന ശക്തികൾ ഒരുമിച്ച് ഒറ്റക്കെട്ടായി ആ വിപത്തിനെതിരെ പോരാടിയേ പറ്റൂ. ആ പോരാട്ടത്തിൽ ഇന്ത്യയുടെ മാതൃക ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രസ്ഥാനമാണെന്ന തിരിച്ചറിവ് തന്നെയാണ് എന്നെപ്പോലെയുള്ള ആളുകൾ ഈ നിലപാട് സ്വീകരിക്കാൻ ഇടയായത്. ആ നിലപാടിനെ കഴിഞ്ഞ എല്ലാ കാലത്തും ഇവിടെ ഇരിക്കുന്ന ശ്രീ. കെ. സി. ജോസഫ് ഉൾപ്പെടെയുള്ളവർ......

മി. ചെയർമാൻ: ചുരുക്കണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: ആ നിലപാടിനെ അംഗീകരിക്കുകയും അനുകൂലിക്കുകയും ചെയ്തിട്ടുള്ളതാണ്. അതുകൊണ്ട് ശ്രീ. കെ. കെ. ഷാജുവിനെപ്പോലെയുള്ളവർ ഏതെങ്കിലും ഒരു മിഠായി കാണിച്ച് കാര്യം നടത്താൻ കഴിയുമെന്ന ഒരു വിഭാഗത്തിൽ ഞങ്ങൾപെടുമെന്ന........

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം പ്രസംഗം ചുരുക്കണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: ധാരണ ദയവായി തിരുത്തണമെന്ന് മാത്രം ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ബില്ലിനേയും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തേയും ഞാൻ പിന്താങ്ങുന്നു.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ പിന്തുണയ്ക്കുകയാണ്. വളരെ പ്രതീക്ഷയോടുകൂടിയാണ് ശ്രീ. കെ. എം. മാണിയുടെ പ്രസംഗം കേട്ടത്. ആ പ്രസംഗം കേട്ടപ്പോൾ എന്റെ മനസ്സിൽവന്നത് എന്റെ നാട്ടിലുള്ള ഒരു മൂത്താശാരിയെയാണ്. മൂത്താശാരി നല്ല പണിക്കാരനാണ്. പക്ഷേ പണി ഏൽപ്പിച്ചാൽ എവിടെയെങ്കിലും കള്ളുകുടിച്ച് കിടന്ന് പണിയറിയാത്ത കുറേ ആൾക്കാരെക്കൊണ്ട് പണിയെടുപ്പിച്ച് വീട് കുളം കോരുന്ന ഒരവസ്ഥയിൽ എത്തിക്കും. അങ്ങനെ ആ മൂത്താശാരിക്ക് പണി കിട്ടാതിരുന്ന അവസരത്തിൽ നല്ല പ്രഗൽഭനായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഇളയ ആശാരിക്ക്, നാട്ടുകാർ എല്ലാവരും പണി കൊടുക്കും. അദ്ദേഹത്തിന്റെ ആദ്യത്തെ പുര ഏറ്റവും ഭംഗിയായി പണിത് തീർത്ത് കഴിഞ്ഞപ്പോൾ തന്റെ ഗുരുനാഥനെ ആ പുതിയ വീട്ടിലേയ്ക്ക് ക്ഷണിച്ചു. അവിടെ പോയ മൂത്താശാരി കുറ്റങ്ങളും കുറവുകളും നോക്കിയപ്പോൾ ആ പുരയ്ക്ക് യാതൊരു കുറ്റവുമില്ല. വീട് ഏറ്റവും മനോഹരമായി പണിത് പൂർത്തിയാക്കിയത് കണ്ട് ആ മൂത്താശാരി അവസാനം കണ്ടുപിടിച്ച വിദ്യ, നേരെ പൂമുഖത്തെ പടിവാതിൽക്കൽ കട്ടളപ്പടിയിൽ തന്റെ തോർത്തെടുത്ത് വിരിച്ച് വട്ടംകിടന്നു. ആരെങ്കിലും വന്നുകയറുമ്പോൾ ഒന്ന് മാറാൻ പറഞ്ഞാൽ ഉടൻതന്നെ ബഹളം ഉണ്ടാക്കും. എന്നെ ആക്ഷേപിച്ചു എന്ന് പറഞ്ഞ് അവിടെ ബഹളം വയ്ക്കും. ഒന്ന് വട്ടം ചവിട്ടി അപ്പുറത്തേയ്ക്ക് പോയാൽ അപ്പോഴും ബഹളം. ആ പുരവാർപ്പ് വീടിന്റെ എല്ലാ സാമഗ്രികളും ചോറും കറിയും എടുത്തെറിയുന്ന ഒരു മൂത്താശാരിയുടെ അവസ്ഥയാണ് എനിക്ക് ഇവിടെ കാണാൻ കഴിഞ്ഞത്. ഞാൻ ഇത് പറഞ്ഞത്, ഈ ഗവൺമെന്റ് അതായത് ലെഫ്റ്റ് ആന്റ് ഡെമോക്രാറ്റിക് ഗവൺമെന്റ് അധികാരത്തിലേയ്ക്കുവന്ന അവസരത്തിൽ ഇവിടുത്തെ ധനകാര്യം തലകുത്തി നിൽക്കുന്ന അവസ്ഥയിലായിരുന്നു. കാലിലല്ല നിന്നിരുന്നത്. തലകുത്തി നിന്ന് കാലിലൂടെ ഭക്ഷണം ട്രിപ്പായി കയറ്റി ധനസ്ഥിതി തകർന്നുകൊണ്ടിരിക്കുന്ന ആ അവസ്ഥ, ഈ അവസ്ഥയെക്കുറിച്ച് പറയട്ടെ. നമ്മുടെ കോൺട്രാക്ടർമാർക്ക് 1,000 കോടി രൂപ കുടിശ്ശികയായി കൊടുക്കാനുണ്ട്. ജീവനക്കാരുടെ ആനുകൂല്യം വെട്ടിക്കുറച്ചു. സേവന മേഖല സ്വകാര്യവത്ക്കരിച്ചു. ധന ഉത്തരവാദിത്വ നിയമം പാസ്സാക്കിയ ഒരു ഘട്ടത്തെയാണ് ഞാൻ ഓർക്കുന്നത്. ആ ഘട്ടത്തിൽ റവന്യൂ കമ്മി 3.75 ശതമാനം ഉയർന്നു, ശ്രീ. വക്കം പുരുഷോത്തമന്റെ ബഡ്ജറ്റ് ആയിരുന്നു. അതുപോലെ ധനകമ്മി 5.42 ശതമാനം ഉയർന്നു. ആ ധനകമ്മിയെ 2.7 ശതമാനമായി കുറച്ചുകൊണ്ട് വന്നതാരാണ്? അതുപോലെ റവന്യൂകമ്മി 1.4 ആയി കുറയ്ക്കാൻ കഴിഞ്ഞത് ആർക്കാണ്? അത് ഡോ. തോമസ് ഐസകിന് അല്ലേ? അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, നിങ്ങൾ പെരുന്തച്ചൻ ചെയ്തതു പോലെ ഏറ്റവും പ്രഗൽഭനായ തന്റെ മകനെ ഉളിയിട്ട് കൊല്ലുകയാണ്. പക്ഷേ ഇവിടെ പെരുന്തച്ചനെപ്പോലെ പല ആളുകളും ഈ ഗവൺമെന്റിനെ ഉളിയിട്ട് കൊല്ലാൻ ശ്രമിക്കുന്നുണ്ടെങ്കിലും അതൊന്നും ഫലിക്കാത്ത ഒരു അവസ്ഥയാണ്. ഒരു നാടിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യം ആരോഗ്യമാണ്. ജനങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് ഏറ്റവും പ്രധാനപ്പെട്ടത് പ്രാണവായു. രണ്ടാമത് കുടിവെള്ളം, മൂന്നാമത് ഭക്ഷണം. ഈ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ അതിൽ വ്യക്തമായി പറഞ്ഞത് തന്റെ ബഡ്ജറ്റ് സാമൂഹ്യനീതി ഉറപ്പാക്കുമെന്നും പരിസ്ഥിതിയെ സംരക്ഷിക്കുമെന്നുമാണ്. പരിസ്ഥിതി സംരക്ഷിക്കുമ്പോൾ പ്രാണവായു സംരക്ഷിക്കുന്നു. കുടിവെള്ളം, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നാലുവർഷംകൊണ്ട് 128 ശതമാനം നികുതി പിരിച്ചെടുത്ത ഒരു ഗവൺമെന്റാണ് ഇത്. അത് മറ്റാർക്കും ഇതുവരെയും കഴിഞ്ഞിട്ടില്ല. അങ്ങനെയുള്ള ഗവൺമെന്റ് തങ്ങൾ അദ്ധ്വാനിച്ച് പിരിച്ചെടുത്ത, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രത്യേകിച്ചുള്ള കഴിവുകൊണ്ട് പിരിച്ചെടുത്ത 128 ശതമാനം വർദ്ധനവ് ഉപയോഗിച്ചുകൊണ്ട് ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്ത രീതിയിലാണ് ഫൈനാൻസിംഗ് നടന്നത്. ബഡ്ജറ്റിന്റെ 60 ശതമാനം കൺസ്ട്രക്ഷന് വേണ്ടിയാണ് ചെലവഴിക്കുന്നത്. അത് കണക്കിലെടുക്കുമ്പോൾ പൊതുമരാമത്ത് വകുപ്പിന് 3,000 കോടി രൂപയാണ് ഈ ഗവൺമെന്റ് അംഗീകരിച്ച് കൊടുത്തത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

എന്നുമാത്രമല്ല മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യമായ കുടിവെള്ളത്തിന്റെ അവസ്ഥയെന്താണ്? സംസ്ഥാനത്തെ 44 നദികളും പൊല്യൂട്ടഡ് ആണ്. ഗവൺമെന്റ് കിണറുകൾ പ്രത്യേകം പരിശോധിച്ചപ്പോൾ അതിലെ വെള്ളവും പൊല്യൂട്ടഡ് ആണെന്ന് കാണാൻ കഴിഞ്ഞു. സാധാരണ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിക്ക് 2000 കോടി രൂപയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അനുവദിച്ചത്. ഇത് ദിശാബോധത്തെയാണ് സൂചിപ്പിക്കുന്നത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾ ഞങ്ങളെ കുറിച്ച് പറഞ്ഞത് ഞങ്ങൾ കുന്തിരിക്കം കത്തിച്ച് പുകമറ സൃഷ്ടിക്കുന്നുവെന്നാണ്. ഞങ്ങൾ കുന്തിരിക്കം കത്തിക്കുന്നുണ്ടോ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഡെറ്റോളിട്ട് മുഴുവൻ കഴുകി വൃത്തിയാക്കി. കുന്തിരിക്കവും സാമ്പ്രാണിയും ഡെറ്റോളുമൊക്കെ ഉപയോഗിച്ച് ഈ നാട്ടിലെ ജനങ്ങളെ രക്ഷിക്കുന്ന ഒരു ഗവൺമെന്റാണിത്. അതിന്റെ ഫൈനാൻസ് ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇതെല്ലാം പറയുമ്പോൾ ഈ രാജ്യത്തിന്റെ, ഈ നാടിന്റെ, ഈ ഭാരതത്തിന്റെ അവസ്ഥ തിരിച്ചറിയണം. ബഹുമാനപ്പെട്ട ശ്രീ. പി. സി. അലക്സാണ്ടർ. നിങ്ങളെല്ലാം അദ്ദേഹത്തെ ബഹുമാനിക്കുന്നു. ബഹുമാനപ്പെട്ട കോൺഗ്രസ് അംഗങ്ങൾ അദ്ദേഹത്തെ അടുത്തറിയുന്നവരാണ്. ഇന്ദിരാഗാന്ധിയുടെ പ്രൈവറ്റ് സെക്രട്ടറി, മഹാരാഷ്ട്രാ ഗവർണ്ണർ. അദ്ദേഹം ജനുവരി മാസം ഹൈദ്രാബാദിൽ നിന്നും പുറത്തിറങ്ങുന്ന ഡെക്കാൺ ക്രോണിക്കലിൽ ഒരു ലേഖനം എഴുതി. ആ ലേഖനത്തിൽ പറയുന്നത്, ഇന്ത്യയുടെ പച്ചയായ അവസ്ഥ തന്റെ കറുത്ത മഷികൊണ്ട് ഹൃദയത്തിൽ കുത്തി എഴുതിയിരിക്കുന്നു എന്നാണ്. 1991-നും 2001-നും ഇടയിൽ എട്ട് മില്ല്യൺ കൃഷിക്കാർ കൃഷിയിൽ നിന്നും പിന്മാറി. ഇന്ത്യയുടെ വരാൻ പോകുന്ന ഏറ്റവും വലിയ വിപത്തിനെ കുറിക്കുന്ന അവസ്ഥയാണ്. 1991-നും 2001-നും ഇടയിൽ എട്ട് മില്ല്യൺ കൃഷിക്കാർ തങ്ങളുടെ കൃഷി അവസാനിപ്പിച്ചത്. കാരണം കൃഷി ലാഭകരമല്ല. ഇക്കാലത്ത് ഭരിച്ചത് ഏത് ഗവൺമെന്റാണ്? ആ ഗവൺമെന്റിന്റെ പിടിപ്പുകേടും കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായിട്ടുള്ള നയങ്ങളുമാണിത്. എന്നുമാത്രമല്ല ഗ്രാമീണ കർഷകരുടെ അവസ്ഥ എന്താണ്? ജോലിയില്ലാതെ കൃഷിയിൽ നിന്നും പിൻമാറിയ ഈ കൃഷിക്കാർ കർഷകതൊഴിലാളികൾ എന്നിവർ ജോലിക്കുവേണ്ടി നഗരത്തിലേയ്ക്ക് മൈഗ്രേറ്റ് ചെയ്യുമ്പോൾ, അവർ പുതിയ തൊഴിലിടത്തിലേയ്ക്ക് വരുമ്പോൾ അവർക്ക് ഒരു കുടിലില്ലാത്ത അവസ്ഥകൂടി സംജാതമാകുന്നു. അവർ തെരുവിൽ കഴിയുന്നു. അവർ പട്ടിണി കിടക്കുന്നു. ഏതെങ്കിലും കൃഷിക്കാരൻ ഒരിക്കൽ പോലും ഗ്രാമത്തിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

പുറത്തേക്ക് പോകാൻ ഇഷ്ടപ്പെടുന്നില്ല. ബീഹാറിന്റെ ഗ്രാമങ്ങളിൽ ചുറ്റിക്കറങ്ങിയ അവസരത്തിൽ സ്വന്തം ഗ്രാമം വിട്ട് പോകാത്ത നിരവധി കർഷകരെ ഞാൻ കണ്ടു. സോപ്പുപോലും ജീവിതത്തിൽ കണ്ടിട്ടില്ലാത്ത കർഷകർക്കൊപ്പം അവരുടെ കൂടെ മണ്ണെടുത്ത് ദേഹം തേച്ച് കുളിച്ച ആ അനുഭവത്തിൽ നിന്നും ഞാൻ പറയുകയാണ്, എന്തുകൊണ്ട് ഇന്ത്യയിലെ കർഷകർ തങ്ങളുടെ ഒറ്റപ്പെട്ട ഗ്രാമത്തിൽ നിന്നും മൈഗ്രേറ്റ് ചെയ്യുന്നു? ചെറുതല്ല, ഏറ്റവും വലിയ കൃഷിക്കാർ. രണ്ടാമത്, ബഹുമാനപ്പെട്ട ഡോ. പി. സി. അലക്സാണ്ടറുടെ ലേഖനത്തിൽ പറയുന്നത് 1997-നും 2007-നും ഇടയിൽ ഇന്ത്യയിൽ 1,82,936 കൃഷിക്കാർ ആത്മഹത്യ ചെയ്തുവെന്നാണ്. ഇതിൽ മൂന്നിൽ രണ്ട് ഭാഗം ആത്മഹത്യ നടന്ന സ്റ്റേറ്റുകളുടെ പേരാണ് ഞാൻ വായിക്കുന്നത്. ഒന്ന് മഹാരാഷ്ട്ര, രണ്ട് ആന്ധ്രാപ്രദേശ്, മൂന്ന് മദ്ധ്യപ്രദേശ്, നാല് കർണ്ണാടക, അഞ്ച് ഛത്തീസ്ഗഡ്. ഈ പറയുന്നതിൽ ബംഗാളിന്റെയോ കേരളത്തിന്റെയോ ത്രിപുരയുടേയോ പേരില്ല. ഈ മൂന്നിൽ രണ്ട് ആത്മഹത്യ നടന്നത് ഈ പറയുന്ന സംസ്ഥാനങ്ങളിലാണ്. ആത്മഹത്യ ചെയ്ത ഭൂരിഭാഗം കർഷകരും 45 വയസ്സിന് താഴെയുള്ള പുരുഷന്മാരാണ്. ഇതിന്റെ ഒരു സോഷ്യൽ ഇംപാക്ട് നാം കാണണം. നാം നിയമസഭയ്ക്കകത്ത്, പാർലമെന്റിനകത്ത് ചർച്ച ചെയ്യുമ്പോൾ ഈ രാജ്യത്തിന്റെ തനതായ അവസ്ഥ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ കേന്ദ്ര ഗവൺമെന്റിന് കഴിയുന്നില്ലെങ്കിൽ അത് സ്റ്റേറ്റ് ഗവൺമെന്റിന് കഴിഞ്ഞു. ഇന്നും ഇന്ത്യയുടെ പല ഭാഗങ്ങളിലും ആത്മഹത്യകൾ നടക്കുന്നു. ഇതിന്റെ സോഷ്യൽ ഇംപാക്ട് എന്താണ്? പുരുഷന്മാർ ആത്മഹത്യ ചെയ്യുമ്പോൾ വിധവകളെ സൃഷ്ടിച്ചുകൊണ്ടാണ് അവർ മരിക്കുന്നത്. അവരുടെ ഭാര്യമാർ വിധവകളായി മാറുന്നു. അവരുടെ കുട്ടികൾ അച്ഛനില്ലാത്ത കുട്ടികളായിട്ട് മാറുമ്പോൾ നാളെ അവർ ഭരണകൂടത്തിനെതിരായി കലാപകാരികളായി മാറിയാൽ അത് ഈ സമൂഹത്തിന്റെ സൃഷ്ടിയാണെന്നും, കേന്ദ്ര ഗവൺമെന്റിന്റെ സൃഷ്ടി യാണെന്നും കണ്ട് അത് പരിഹരിക്കണം. നാടിനെ നാം അപകടത്തിലേക്ക് കൊണ്ടുപോകരുത്. മറ്റൊന്ന്, നമ്മുടെ മറ്റൊരു 'ഇക്കണോമിക് ടൈംസ്' എന്ന പത്രം 2010 ജൂലൈ 15-ാം തീയതി റിപ്പോർട്ട് ചെയ്തതിൽ കഴിഞ്ഞ അഞ്ചു മാസക്കാലമായി വിലകൂടുന്നു. പത്ത് ശതമാനത്തിനുമേൽ സ്റ്റെഡിയായി വില നിലനിൽക്കുന്നു. നാടിന്റെ ഏറ്റവും ഭീകരമായ ഒരു അവസ്ഥയാണ് ഇത്. നമ്മുടെ ഹോൾസെയിൽ ഇൻഡക്സ് എന്ന് പറയുന്നത്, (ഡബ്ല്യു.പി.ഐ.) വിലക്കയറ്റ സൂചിക. ഞാൻ കണക്ക് വായിക്കാം ജൂൺ 10.55%, മെയ് 10.12%, ഏപ്രിൽ 11.23%. മെയ് അവസാനം എണ്ണ വില കൂടുകയാണ്. ഹോൾസെയിൽ ഇൻഡക്സ് ഈ പറയുന്ന സ്ഥിതിയിലേയ്ക്ക്, ഇതിൽനിന്നും ഒരിക്കലും താഴേയ്ക്ക് വരാൻ പറ്റാത്ത ഒരു അവസ്ഥ. ഈ അവസ്ഥയെ ഏറ്റവും റിയലിസ്റ്റിക് ആയിട്ട് വിശകലനം ചെയ്തിട്ടുള്ളതാണ് 'ഏഷ്യൻ ഡവലപ്പ്മെന്റ് ഔട്ട് ലുക്ക്' എന്ന് പറയുന്ന ഒരു പത്രം. അത് എ.ഡി.ബി.യുടെ പത്രമാണ്. ആ പത്രത്തിൽ, ഒരു വർഷത്തിൽ ഒരിക്കലാണ് ഈ പത്രം ഇറങ്ങുന്നത്. അത് റിപ്പോർട്ട് പോലെയാണ്. 'ഇക്കണോമിക് ടൈംസ്'

LIBRARY ARCHIVES Kerala Legislative Assembly

2010 ഏപ്രിലിൽ റിപ്പോർട്ട് ചെയ്തതാണ്. അതിൽ പറയുന്നത് ഇന്ത്യ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം വിലക്കയറ്റമാണ് എന്നാണ്. എ.ഡി.ബി. പറയുമ്പോഴാണ് പെട്രോളിന്റെയും ഡീസലിന്റെയും മണ്ണെണ്ണയുടെയും വില കൂട്ടുന്നത്. അപ്പോൾ ഈ വിലക്കയറ്റം 10%-ൽ നിന്നും എങ്ങോട്ടാണ് കയറിപ്പോകുന്നത്? ഇന്ത്യ നേരിടുന്ന മറ്റൊരു പ്രശ്നം ഭക്ഷ്യ വിലയിലുള്ള വർദ്ധനവാണ്. ഭക്ഷ്യ വസ്തുക്കളുടെ വില കുതിച്ചു കയറുന്നു. വില പിടിച്ചുനിറുത്താൻ കഴിഞ്ഞ ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട സ്റ്റേറ്റ് കേരളമല്ലേ ?. നമ്മൾ ഇപ്പോൾ പൊതു മാർക്കറ്റിൽ നിന്ന് 80 രൂപയ്ക്ക് ഉഴുന്ന് വാങ്ങണം. പക്ഷേ ത്രിവേണിയിൽ ചെന്നാൽ നമുക്ക് 38 രൂപയ്ക്ക് കിട്ടുന്ന ഒരു അവസ്ഥ ഇവിടെ ഉണ്ടായില്ലേ. അതുപോലെതന്നെ അരിയുടെ കാര്യം. ഭക്ഷ്യ സുരക്ഷയെ ലാക്കാക്കിക്കൊണ്ട് ബഹുമാനപ്പെട്ട ധനാകാര്യ വകുപ്പുമന്ത്രി രണ്ട് രൂപയ്ക്ക് അരികൊടുക്കുമ്പോൾ ജനസംഖ്യയുടെ പകുതിയോളം പേർക്ക് ആ ഗുണഫലം കിട്ടുന്ന ഒരു അവസ്ഥയാണ് ഉണ്ടായിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന പല നിയമങ്ങളും നാട്ടിൽ കലഹവും കലാപവും സൃഷ്ടിക്കുന്ന ഒരു അവസ്ഥാന്തരത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് ഗ്ലോബലൈസേഷനോടൊപ്പമാണ്. ഗ്ലോബലൈസേഷന്റെ ഓരോ ചുവടും വച്ചുകൊണ്ടാണ് കേന്ദ്രം മുന്നോട്ടുപോകുന്നത്. മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിലല്ല, ജീവിത നിലവാരത്തിന്റെ പ്രധാന സൂചികയാണ് വരുമാനം. ആ വരുമാനം കൂട്ടണം. അതുകൊണ്ടാണ് നമ്മുടെ സ്റ്റേറ്റ് ഗവൺമെന്റ് ഒരു പൈസ പോലും ടാക്സായിട്ട് അടിച്ചേൽപ്പിക്കാത്ത ഒരു ബഡ്ജറ്റാണ് ഈ വർഷം കൊണ്ടുവന്നത്. മറ്റൊന്ന് ആരോഗ്യം, വിദ്യാഭ്യാസം. നമ്മുടെ കുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കണം. ആരോഗ്യത്തിന്റെ ഏറ്റവും അടിസ്ഥാനം ശിശു അതിജീവന കണക്കിലും പ്രതിദിന ജീവിത കാലയളവിലും മരണനിരക്ക് കുറയ്ക്കുക എന്നുള്ളതാണ്. വരാൻ പോകുന്ന കേരളത്തിന്റെ മറ്റൊരു അവസ്ഥ നമ്മുടെ കുഞ്ഞുങ്ങളുടെ പോപ്പുലേഷൻ കുറയുന്നു. ആ അവസരത്തിൽ വൃദ്ധൻമാരുടെ സംഖ്യ വർദ്ധിക്കുന്ന ഒരു അവസ്ഥയാണ്. ഞങ്ങൾ സാമൂഹ്യ നീതിയെ കാണുന്നുവെന്നാണ് ബഡ്ജറ്റിൽ ആവർത്തിച്ചു പറയുന്നത്. മൊത്തം ആഭ്യന്തര ഉൽപ്പാദനം സാമ്പത്തിക വളർച്ചയെ അളക്കാനുള്ള എളുപ്പ ഉപാധിയാണ്. ഏറ്റവും എളുപ്പം കേന്ദ്ര ഗവൺമെന്റ് എടുത്തുകാണിക്കുന്നത് ജി.ഡി.പി. എങ്ങനെ കൂട്ടാം എന്നാണ്. ജി.ഡി.പി.യുടെ വർദ്ധനവിലൂടെ നമ്മുടെ നാട് പുരോഗമിക്കുന്നുവെന്ന് കൃത്യമായിട്ട് നമുക്ക് കാണിക്കാൻ കഴിയും. കേന്ദ്ര ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത് എന്താണ്? അവർക്ക് ഇഷ്ടം പോലെ കമ്മട്ടത്തിൽ പണം അടിച്ചുകൂട്ടാം. അത് ഒരു പരിഹാരമല്ല. വിദേശത്ത് നിന്ന് പണം വായ്പ വാങ്ങാം. അതും പരിഹാരമല്ല. ഭാരതത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയത്തിന്റെ ഫലമായി വളർച്ചയ്ക്കൊപ്പം ദാരിദ്ര്യം വർദ്ധിക്കുന്നു. അതുകൊണ്ട് ഇന്ത്യയിൽ കേരളം അടക്കമുള്ള മദ്ധ്യ വിഭാഗം ജനങ്ങൾക്ക്, മിഡിൽ ക്ലാസിന്, ഏൽക്കുന്ന ആഘാതം നിസ്സാരമല്ല. പാചകവാതകം ഉപയോഗിക്കുന്ന 55% പേരും മിഡിൽ ക്ലാസ് ആളുകളാണ്. അതുപോലെതന്നെയാണ് പെട്രോൾ

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പന്നങ്ങൾക്കും ധാന്യങ്ങൾക്കും മരുന്നിലും വില വർദ്ധിക്കുമ്പോഴുള്ള സ്ഥിതി. ഇന്ത്യയിൽ കഴിഞ്ഞ വർഷം 27,000 കോടി രൂപയുടെ മരുന്നാണ് ഇന്ത്യക്കാർ ഭക്ഷിച്ചുതീർത്തതെങ്കിൽ നമ്മുടെ മലയാളികൾ 7,000 കോടി രൂപയുടെ മരുന്നാണ് കഴിച്ചത്. കേരളത്തെ സംബന്ധിച്ച് ആരോഗ്യമേഖലയിൽ ....

മി. ഡെപ്യൂട്ടി സ്പീക്കർ : കൺക്ളൂഡ് ചെയ്യുക.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : സർ, ഒന്ന് പറഞ്ഞോട്ട്, പി.എസ്.സി.ക്കുപോലും ഡിസേബിൾഡിന് ഒരു പരിഗണനയുണ്ടല്ലോ, ഒന്ന് കൺസിഡർ ചെയ്യുക. അപ്പോൾ എനിക്ക് പറയാനുള്ളത്, കേരളത്തെ സംബന്ധിച്ച് ഹൃദ്രോഗമായാലും ഡയബറ്റീസ് ആയാലും അധികരിക്കുന്ന ഈ സാമൂഹ്യ പരിതഃസ്ഥിതിയെ മറികടക്കുന്നതിനുവേണ്ടിയാണ് ഗവൺമെന്റ് ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പിന്നെ മറ്റൊന്ന് വികസനമെന്നുവച്ചാൽ രാജ്യത്തിന്റെ പ്രധാന വിഭവം ജനങ്ങളാണെന്ന് തിരിച്ചറിഞ്ഞതാണ്. അവർക്ക് ഉയരാൻ കഴിഞ്ഞില്ലെങ്കിൽ ഈ രാജ്യം തകരും. ആ രാജ്യം തകരുന്ന ഒരു അവസ്ഥ ഉണ്ടാകരുത്.

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ് പ്ലീസ്, സൈമൺ ബ്രിട്ടോ.............

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: ഒരു കാര്യംകൂടി. രണ്ട് വാക്കുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. മറ്റൊന്നുമല്ല സ്വാമി വിവേകാനന്ദൻ നമ്മളോട് പറഞ്ഞ രണ്ടേ രണ്ട് വാക്ക്. അതായത് മതങ്ങളും ജാതികളും മനുഷ്യനെ ഇവിടെ ചുട്ടുകൊല്ലുന്ന ഒരു അവസ്ഥയാണെന്നാണ് സ്വാമി വിവേകാനന്ദൻ പറഞ്ഞത്. സർവ്വശക്തനായ സ്നേഹത്തിൽ നമുക്ക് വിശ്വാസമുണ്ടോ? നമുക്ക് സ്നേഹമുണ്ടോ? എങ്കിൽ നീ സർവ്വശക്തനാണ്. അന്ധമായ ഗീതാ പാരായണത്തെക്കാൾ അർത്ഥവത്തായ ഫുട്ബോൾ കളിയാണ് ആവശ്യം. അതിലൂടെ നമുക്ക് ഈശ്വരനെ കാണാം. അർത്ഥമില്ലാത്ത ഗീതാ -പാരായണം, ബൈബിൾ വായന, ഖുർ-ആൻ വായന അതിനേക്കാൾ മഹത്വമുള്ളത് ആത്മാർത്ഥമായ ഫുട്ബോൾ കളിയാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഒരിക്കൽ കൂടി ധനകാര്യ ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ വൈലോപ്പിള്ളി കവിത ഉദ്ധരിച്ചതിനുശേഷം പച്ച

2.00 PM] പരിസ്ഥിതിബോധത്തിന്റെ വർണ്ണമെങ്കിൽ സാമൂഹ്യനീതിയുടെ വർണ്ണമാണ് ചുവപ്പ് എന്നു പറയുകയുണ്ടായി. അദ്ദേഹം തന്റെ ബഡ്ജറ്റിനെ വിശേഷിപ്പിച്ചത് റെഡ് ഗ്രീൻ ബഡ്ജറ്റ് എന്നാണ്. 1977-ൽ ബി.ജെ.പി.യുമായി ചേർന്നുള്ള ജനതാ പാർട്ടിയുടെ കൊടിയുടെ നിറം പച്ചയും ചുവപ്പുമായിരുന്നു. അങ്ങനെയുള്ള ഒരു മുന്നണിയുടെ കാലൊച്ച ഞാൻ ഇതിൽ കേൾക്കുകയാണ്. അന്ന് നിങ്ങളും ജനതാ പാർട്ടിയും ഒരു ചേരിയിലായിരുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ കഴിവിൽ എനിക്ക് അഭിപ്രായവ്യത്യാസമില്ല.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ ഫണ്ടുണ്ടാക്കുന്നതിനുവേണ്ടി ഏഴര ശനിയുടെ വരവാണെങ്കിലും വരവല്ലേ ചെലവല്ലല്ലോ എന്ന് ചിന്തിക്കുന്ന രീതിയിൽ ചില കാര്യങ്ങളെങ്കിലും അദ്ദേഹം ചെയ്യുന്നുണ്ട്. നാലുവർഷത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അഹന്ത നിറഞ്ഞതും അഹങ്കാരം നിറഞ്ഞതുമായ ഗർവ്വിഷ്ഠമായൊരു കാലത്തിന്റെ കാലൊച്ചകളുമായി ഭരണത്തിന്റെ കടുംവെട്ടും കെടുകാര്യസ്ഥതയുടെ പെരുങ്കളിയാട്ടവുമാണ് ഈ സർക്കാരിന്റെ മുഖമുദ്ര. കേരളത്തിൽ ഒരു വർഷം രണ്ടു ലക്ഷം കോടിയുടെ ഉല്പന്നങ്ങളാണ് വിറ്റഴിക്കുന്നത്. പത്തു ശതമാനം നികുതി കണക്കാക്കിയാൽ 20,000 കോടി രൂപ വരണം. കേരളത്തിൽ യു.ഡി.എഫ്. ന്റെ ഭരണ കാലത്ത് 5,000 കോടിയായിരുന്നത് എൽ.ഡി.എഫ്. ന്റെ കാലത്ത് 10,000 കോടിയായി എന്നാണ് ഫെബ്രുവരി 14-ാം തീയതിയിലെ കലാകൗമുദിക്ക് അനുവദിച്ച ഒരു അഭിമുഖ സംഭാഷണത്തിൽ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി പറഞ്ഞത്. ഏറ്റവും കൂടുതൽ നികുതി ലഭിക്കുന്നത് മദ്യത്തിൽ നിന്നും പെട്രോളിയം ഉല്പന്നങ്ങളിൽ നിന്നുമാണ്. വാഹനം, സിമന്റ്, റബ്ബർ, ജൂവലറി, മരുന്ന്, സ്വർണ്ണത്തേക്കാൾ നികുതി ടിവി, ഫ്രിഡ്ജ്, മാർബിൾ, ഗ്രാനൈറ്റ് എന്നിവയ്ക്കാണ്. കേരളത്തിൽ 20,000 കോടി രൂപയുടെ സ്വർണ്ണ വില്പനയാണ് ഒരു വർഷം നടക്കുന്നത്. സ്വർണ്ണത്തിന് കാലാനുസൃതമായ വില്പനയ്ക്കനുസരിച്ചുള്ള നികുതി പിരിക്കുവാൻ നമുക്ക് സാധിക്കുന്നില്ല. ശമ്പളം ആഗസ്റ്റ് മുതൽ എ.ടി.എം. വഴിയാക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി പറഞ്ഞിരുന്നു. അദ്ദേഹം മറ്റൊന്നു കൂടി പറഞ്ഞു. 3% മുതൽ 4% വരെ സർക്കാർ ജീവനക്കാർ ശമ്പളബിൽ എഴുതാനാണ് സമയം ചെലവഴിക്കുന്നതെന്ന്. 2009-10-ലെ കണക്കനുസരിച്ച് ജൂവലറിക്ക് 163 കോടി 4 ലക്ഷവും പെട്രോളിന് 2,903 കോടി രൂപയും മദ്യത്തിന് 2,984 കോടി രൂപയും കോഴിക്ക് 114 കോടി രൂപയുമാണ് നികുതിയിനത്തിൽ ലഭിച്ചത്. കൂടാതെ വാറ്റ് നികുതി നടപ്പാക്കിയപ്പോഴുണ്ടായ നഷ്ടത്തിന് കേന്ദ്രം നൽകിയ കോമ്പൻസേഷനും ഉണ്ട്. വാറ്റിനത്തിൽ നികുതി വർദ്ധനവ് 1,353 കോടി രൂപയാണ്. പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധിക്കുന്നതിനനുസരിച്ച് നികുതി ഈടാക്കിയപ്പോൾ 924 കോടി രൂപ അധികം കിട്ടി. മദ്യത്തിൽ 1,557 കോടി രൂപ കിട്ടി. സിമന്റിന്റെ വില 232 രൂപയായി വർദ്ധിച്ചപ്പോൾ അങ്ങനെയും കിട്ടി. ഭൂമി വില കൂടുന്നതിനനുസരിച്ച് സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധിച്ചതുകൊണ്ട് അതിന്റെ വിഹിതം കിട്ടി. അതുകൊണ്ട് കാലാനുസൃതമായ വർദ്ധനവ് നികുതി വരുമാനത്തിൽ ഉണ്ടായി എന്നുള്ളത് സത്യമാണ്. 2006 മാർച്ച് 31-ലെ കണക്ക് പ്രകാരം പൊതുകടം, 45,929 കോടി രൂപയും ബാധ്യത 1,903 കോടി രൂപയുമാണ്. കഴിഞ്ഞ അഞ്ചുവർഷത്തെ യു.ഡി.എഫ്. ഭരണകാലത്ത് ഇപ്പുറത്തിരിക്കുന്നവർ ഒരു പ്രാവശ്യമെങ്കിലും, നായനാർ പോകുമ്പോൾ 23,000 കോടിയുടെ പൊതുകടം 45,000 കോടി രൂപയാക്കി എന്ന് പ്രസംഗിക്കാതെ ഇരുന്നിട്ടില്ല. 2006-ൽ 45,929 കോടി രൂപയുടെ പൊതുകടം ഉണ്ടായിരുന്നത് 2010 ആയപ്പോഴേയ്ക്കും 70,235 കോടിരൂപയായി വർദ്ധിച്ചിരിക്കുകയാണ്. 1,903 കോടി രൂപയുടെ ബാധ്യതയുണ്ടായിരുന്നത് ഇന്ന് 2,992 കോടിയായി വർദ്ധിച്ചിരിക്കുകയാണ്. 2010 മാർച്ച് 31-ൽ ആളോഹരി കടം 22,058 രൂപയായി വർദ്ധിച്ചിരുന്നു. ഇത് 2008-09-നേക്കാൾ 6,965 കോടി രൂപ ആളോഹരി കടത്തിൽ കൂടിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

2006 മാർച്ച് 31-ന് റവന്യൂ കമ്മി 3,129 കോടി രൂപയായിരുന്നു. 2010 മാർച്ച് 31-ന് അത് 4,126 കോടി രൂപയായി വർദ്ധിച്ചു. 2001-ലെ സെൻസസിന്റെയും 2007 മാർച്ച് 31-ലെ എ.ജി. കണക്കുകളുടെയും അടിസ്ഥാനത്തിൽ 2007 മാർച്ച് 31-ൽ ആളോഹരി കടം 15,664 രൂപയായിരുന്നു. 2010 മാർച്ച് 31-ലെ ആളോഹരി കടം 22,058 രൂപയായി വർദ്ധിച്ചിരിക്കുകയാണ്. കേരളത്തിലെ തോട്ടങ്ങളുടെ പാട്ടത്തുക വർദ്ധിപ്പിക്കാൻ കഴിഞ്ഞില്ല. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ 20 കോടിരൂപ കിട്ടുമെന്ന് പറഞ്ഞിരുന്നു. ടാറ്റ അടക്കമുള്ളവരുടെ പാട്ടത്തുക വർദ്ധിപ്പിക്കാത്തതിന്റെ കാരണം. വ്യക്തമല്ല. മണലെടുപ്പു വഴി 5 ലക്ഷം ക്യൂബിക് മീറ്റർ മണൽ മലമ്പുഴയിൽ നിന്നുമാത്രം കിട്ടുമെന്ന് പറഞ്ഞിരുന്നു. ജില്ലാ കളക്ടർ അസസ്മെന്റ് നടത്തി പറഞ്ഞത് 90000 ക്യൂബിക് മീറ്ററാണെന്നാണ്. മണലെടുപ്പിലും ഉദ്ദേശിച്ച ഫലം കണ്ടില്ല. 2009-10 കാലയളവിൽ ത്രീ സ്റ്റാർ ഹോട്ടലുകളുൾപ്പെടെ ഹെറിറ്റേജ് ഹോട്ടൽ, ക്ലബ്ബ് എന്നിവയ്ക്ക് കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി അടയ്ക്കാൻ പാടില്ല എന്നായിരുന്നു തീരുമാനം. മറിച്ച് ടേണോവറിനായിരുന്നു നികുതി. 2010-11-ൽ ധനകാര്യ ബില്ലിൽ ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് കോമ്പൗണ്ടിംഗ് റേറ്റിൽ നികുതി അടയ്ക്കാൻ താഴെപ്പറയുന്ന വ്യവസ്ഥകൾ നിർദ്ദേശിക്കുകയാണ്. മുനിസിപ്പാലിറ്റിയിൽ മദ്യത്തിന്റെ പർച്ചേസ് വിലയുടെ 150 ശതമാനം അല്ലെങ്കിൽ തുടർച്ചയായ മൂന്ന് വർഷത്തെ ടേണോവറിന്റെ 125 ശതമാനം. ഇത് നികുതി വെട്ടിപ്പു നടത്തുന്നവർക്ക് ഒരു ചാകരയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വ്യക്തിപരമായി അഴിമതിക്കാരനാണെന്ന് എനിക്ക് അഭിപ്രായമില്ല. പക്ഷേ ഇതിന്റെ പിന്നിൽ ദുരൂഹതയുണ്ട്. നിലവിൽ ടു സ്റ്റാർ ഹോട്ടലുകൾക്ക് 150 ശതമാനമാണ് നികുതി. ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് 200 ശതമാനം കാണിക്കുന്നു. കോമ്പൗണ്ടിംഗ് അപേക്ഷയുടെ തീയതി 30-6-2010 എന്നത് 31-7-2010 വരെ നീട്ടിക്കൊടുക്കുകയും ചെയ്തിരിക്കുന്നു. ആട്ടോമൊബൈൽ റിപ്പയർ കോൺട്രാക്ട് ഡീലർമാർക്ക് 1-4-2005 വരെ മുൻകാല പ്രാബല്യത്തോടുകൂടി കോമ്പൗണ്ടിംഗ് അനുവദിച്ചിരിക്കുന്നു. അതുപോലെ ഇവിടെ നികുതി ഇളവ് നൽകിയത് മുഴുവൻ മുൻകാല പ്രാബല്യത്തോടുകൂടിയാണ്. ആ കാര്യത്തിലും ദുരൂഹതയുണ്ട്. പാമ്പ് പടംപൊഴിക്കുംപോലെ പുതിയ പ്രഖ്യാപനങ്ങൾ മന്ത്രിമാർ നടത്തുകയാണ്. കുറത്തി കൈ നോക്കുമ്പോൾ പറഞ്ഞു. നല്ലകാലത്ത് ഗുണം വരുമെന്ന്. നല്ല കാലത്ത് ഗുണം വരുമെന്നും അടുത്തു വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ രക്ഷപ്പെടുമെന്നും കരുതിയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി കാത്തിരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ഫണ്ടെല്ലാം ഉണ്ടാക്കി ഇവിടെ ധൂർത്തിനും അഴിമതിക്കുമാണ് കൊടുക്കുന്നത് എന്നുള്ള കാര്യത്തിൽ തർക്കമില്ല. അഴിമതിയുടെയും ധൂർത്തിന്റെയും പിൻബലം പാമ്പൻ പാലത്തിന് ഉറപ്പേകുന്ന പിൻബലം ശങ്കർ സിമന്റെന്ന് പറയുന്നതുപോലെ ഈ മന്ത്രിമാർക്ക് പിൻബലം ധനകാര്യവകുപ്പു മന്ത്രി ഡോ. തോമസ് ഐസക്കാണ്. ഈ മന്ത്രിസഭയിൽ കാതലുള്ള മരങ്ങൾ വളരെ കുറവാണ്. ഒരു ഇല്ലമരവും കുറച്ച് പടുമരവും കുറച്ച് കാതലുള്ള മരങ്ങളുമാണ്. ഡോ. തോമസ് ഐസക് കാതലുള്ള മരമാണ് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. അങ്ങയെപ്പോലെ ഒരാൾ തികച്ചും അപഹാസ്യമായി

LIBRARY ARCHIVES Kerala Legislative Assembly

റോഡിലെ കുഴികളുടെ എണ്ണം പറയാൻ പാടില്ലായിരുന്നു. അങ്ങ് കുഴിയുടെ എണ്ണം കുറച്ചു എന്നു പറഞ്ഞു. ഇതു പറഞ്ഞപ്പോൾ എനിക്ക് ഓർമ്മ വന്നത് ഞാൻ പണ്ടു കേട്ടൊരു കഥയാണ്. ഒരു ബാർബർ ഷോപ്പിൽ ഒരാൾ ഷേവ് ചെയ്യാൻ പോകുന്നു. ദിവസവും ഓരോ മുറിവുണ്ടാക്കുന്നു. അങ്ങനെ മുറിവുണ്ടാക്കിയപ്പോൾ ബാർബർ പറഞ്ഞു, ഇനി ഒരു മുറിവുണ്ടായാൽ ഒരു മുറിവിന് ഞാൻ നിനക്ക് അഞ്ചു രൂപ തരാമെന്ന്. ഒരു ദിവസം ഷേവ് ചെയ്തപ്പോൾ അഞ്ചു മുറിവുണ്ടായി. അയ്യഞ്ച് ഇരുപത്തിയഞ്ച് രൂപ കൊടുക്കണമല്ലോ എന്നോർത്ത് ബാർബർക്ക് ഭയമായി, അപ്പോൾ ബാർബർ ഈ അഞ്ചു മുറിവും കൂടി ഒരു മുറിവാക്കി മാറ്റി എന്നു പറഞ്ഞതുപോലെ 72000 കുഴികൾ കൂട്ടിച്ചേർത്ത് എല്ലാ കുഴികളുടെയും എണ്ണം കുറച്ച് 20000 ആക്കി മാറ്റി. ഞാൻ ഇന്നലെ പത്രത്തിൽ ശ്രീ. വി. ശിവൻകുട്ടിയോടൊപ്പം ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി കുഴി നികത്തുന്നത് കാണാൻ പോയത് കണ്ടു. അങ്ങ് ഈ വേഷംകെട്ടലിനു നിൽക്കരുത് എന്നാണ് എന്റെ അഭ്യർത്ഥന.

തിരുവനന്തപുരത്ത് പഴയ കോടതിയിൽ സാക്ഷി പറഞ്ഞിരുന്ന ഒരു കുട്ടപ്പനുണ്ടായിരുന്നു. കുട്ടപ്പനോട് എല്ലാ വക്കീലന്മാരും പരാജയപ്പെട്ടു. ഉത്തരം മുട്ടിയപ്പോൾ അവസാനം ഒരു ചോദ്യം ചോദിച്ചു, ചിറയിൻകീഴ് താലൂക്കിൽ എത്ര കാക്കകളുണ്ട് എന്ന്. കുട്ടപ്പൻ പറഞ്ഞു 4,517 എന്ന്. എണ്ണി നോക്കുമ്പോൾ കൂടിയാലോ എന്ന് ചോദിച്ചപ്പോൾ തൊട്ടടുത്ത നെയ്യാറ്റിൻകര താലൂക്കിൽ നിന്നും ഇങ്ങോട്ട് വന്നുകാണുമെന്ന് അദ്ദേഹം പറഞ്ഞു. എണ്ണി നോക്കുമ്പോൾ കുറവുണ്ടെങ്കിലോ എന്ന് ചോദിച്ചപ്പോൾ നെയ്യാറ്റിൻകര താലൂക്കിലേക്ക് പറന്നു പോയിക്കാണുമെന്ന് പറഞ്ഞു. അതുപോലെയായി കുഴിയുടെ എണ്ണം.

<u>ശ്രീ. വി. ശിവൻകുട്ടി</u>: ശ്രീ. സി. പി. മുഹമ്മദ് ചെറുകഥയും തമാശയുമൊക്കെ പറഞ്ഞതിൽ വളരെ സന്തോഷമാണ്. ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോ വ്യത്യാസമില്ലാതെ സത്യസന്ധമായി പറഞ്ഞാൽ, യഥാർത്ഥത്തിൽ ഡോ. തോമസ് ഐസക് ഇതിന്റെ ചുമതലയെടുത്തശേഷം റോഡ് പാച്ച്വർക്ക് ചെയ്യുന്ന കാര്യത്തിലും മെയിന്റനൻസ് ചെയ്യുന്ന കാര്യത്തിലും ഒരു മാറ്റമുണ്ടായിട്ടില്ലേ? അങ്ങ് സത്യസന്ധമായി ചില കാര്യങ്ങളൊക്കെ പറയുന്ന ആളാണ്.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: ഞാൻ അതിലേയ്ക്കാണ് വരുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, പൊതുമരാമത്ത് രംഗത്ത് വരുന്ന ധൂർത്തിനെക്കുറിച്ച് വ്യക്തിപരമായി യോജിക്കുന്നയാളാണ് ഞാൻ. പി.ഡബ്ല്യു.ഡി. വകുപ്പിൽ നടക്കുന്ന അഴിമതി, അതുപോലെ പൊതുമരാമത്ത് ഖജനാവ് ചോരുന്നത്, ഈ സംസ്ഥാനത്തെ ഇറിഗേഷൻ പ്രോജക്ടുകളുടെ കണക്കെടുത്ത് പരിശോധിച്ചാൽ എന്റെ ജില്ലയിലെ കാഞ്ഞിരപ്പുഴ, കാരാപ്പുഴ, മൂവാറ്റുപുഴ, കല്ലടയടക്കമുള്ള പദ്ധതികൾക്ക് പതിനായിരക്കണക്കിന് കോടി രൂപയാണ് ഖജനാവിൽനിന്നും ചോർന്നിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ തന്നെയാണ് പൊതുമരാമത്തും. പക്ഷേ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എം.എൽ.എ.മാർക്ക് വർക്ക് തന്നു, അതിന് യോഗം വിളിച്ചു. അതിനെയൊക്കെ ഞാൻ അഭിനന്ദിക്കുകയാണ്. പക്ഷേ അപ്പുറത്തുള്ളവർ ഒന്ന് മനസ്സിലാക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ ഭാഗത്തിരിക്കുന്നവർക്ക് കിട്ടിയ അത്ര വികസന പ്രവർത്തനങ്ങൾ ഞങ്ങൾക്ക് കിട്ടിയിട്ടില്ല എന്ന് ഹൃദയത്തിൽ കൈവച്ചുകൊണ്ട് ശ്രീ. എ. കെ. ബാലനൊക്കെ സമ്മതിക്കേണ്ടിവരും. ഗവൺമെന്റുകൾ മാറിമാറി വരും. വണ്ടി തോണിയിലും കയറും, തോണി വണ്ടിയിലും കയറും. നാളെ വേറൊരു മുന്നണി അധികാരത്തിൽ വരും എന്ന കാര്യത്തിൽ ഞങ്ങൾക്കൊരു സംശയവുമില്ല. ശ്രീ. പാലോളി മുഹമ്മദ് കുട്ടി തോൽക്കാൻ മനസ്സില്ല എന്നൊക്കെ ഇവിടെ പറഞ്ഞു. അദ്ദേഹത്തിന്റെ വിശ്വാസം അദ്ദേഹത്തെ രക്ഷിക്കട്ടെ. പക്ഷേ ഇവിടെ ഭരണകൂടങ്ങൾ മാറിമാറി വരുമ്പോൾ പ്രതിപക്ഷ ഭരണകക്ഷി ഭേദമില്ലാതെ, ശ്രീ. ശങ്കര നാരായണൻ ചരിത്രത്തിൽ ആദ്യമായി എം.എൽ.എ. ഫണ്ട് പ്രഖ്യാപിച്ചു. കേരളത്തിലെ 140 എം.എൽ.എ.മാർക്കും ഒരേ രീതിയിലാണ് ഇവിടെ കൊടുത്തത്. അതുകൊണ്ട് അതിനെ സംബന്ധിച്ചൊന്നും പറയണ്ട. ചെയ്തത് ചെയ്തില്ല എന്ന് പറയാനൊന്നും ഞാൻ ആളല്ല. അതൊക്കെ ചെയ്തിട്ടുണ്ട്. ഞാൻ ധനകാര്യ മന്ത്രിയോട് കഴിഞ്ഞ ആറു വർഷമായി വളരെ അർഹതയുള്ള ട്രഷറി ആവശ്യപ്പെടുകയാണ്. ഇതുവരെ തന്നിട്ടില്ല. ഞാൻ ഇതിനു മുൻപ് വഖഫ് ബോർഡ് മെമ്പറായിരുന്നു. വഖഫ് ബോർഡിൽ ഒരു അന്വേഷണം ഏർപ്പെടുത്തുന്നതിന് ഞങ്ങൾ എതിരല്ല. പക്ഷേ പഠിക്കുന്ന കാലത്ത് കെ.എസ്.യു ക്കാരൻ ആയിരുന്നു എന്നുള്ളതിന്റെ പേരിൽ വഖഫ് ബോർഡിന്റെ സെക്രട്ടറിയായിരുന്ന ജമാലിനെ ലക്ഷ്യം വച്ച് മാർക്സിസ്റ്റ് സഹയാത്രികനായ ഒരു ജഡ്ജിയെ അന്വേഷണ കമ്മീഷനായി വച്ച്, ഇവിടെ ഒരു സ്ഥാനാർത്ഥിയായിരുന്ന ആളെ വച്ച് രാഷ്ട്രീയ പ്രേരിതമായാണ് ആ അന്വേഷണം നടത്തിയത്. തളിപ്പറമ്പ് ജമാ-അത്ത്-കമ്മിറ്റി ഹൈസ്കൂൾ നടത്തുന്ന ഒരു കമ്മിറ്റിയാണ്. ആ കമ്മിറ്റി സുവനീറിന് ഒരു പരസ്യം കൊടുത്തുവെങ്കിൽ ആ കമ്മിറ്റിയെ പിരിച്ചുവിടുകയും കമ്മിറ്റിയുടെ പേരിൽ നടപടിയെടുക്കുകയുമാണ് വേണ്ടത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ശ്രീ. സി. പി. മുഹമ്മദ്, അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. സി. പി. മുഹമ്മദ്:</u> ഇവിടെ ദൈവവിശ്വാസത്തെക്കുറിച്ച് പലയാളുകളും പറഞ്ഞു. ദൈവവിശ്വാസികൾക്ക് രക്ഷ നൽകുന്ന ഒരു ഗവൺമെന്റിനെ പിന്തുണയ്ക്കണമെന്നല്ലാതെ ഈ രാജ്യത്ത് നിരീശ്വരവാദികളായ മാർക്സിസ്റ്റുകാർക്ക് വോട്ടുനൽകണമെന്ന് പറയാൻ കഴിയുമോ? ...... (മൈക്ക് ഓഫ്).... അതുകൊണ്ട് കേരളത്തിലെ മതതീവ്ര വാദത്തിന് ആദ്ധ്യാത്മികമായ ആദർശപരമായ നേതൃത്വം നൽകിയ .... (മൈക്ക് ഓഫ്)........ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഈ ധനകാര്യ ബില്ലിനെ പിന്തുണയ്ക്കുന്നു. ധനമാനേജുമെന്റിന്റെ കാര്യത്തിലും കേരളം ഇന്ന് മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. കേരളത്തിന്റെ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്ന വിധത്തിൽ ധനകാര്യ വകുപ്പുമന്ത്രി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് പല അംഗങ്ങളും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വളരെ അഭിനന്ദനാർഹമായ വിധത്തിലാണ് അദ്ദേഹം കേരളത്തിന്റെ ധനമാനേജ്മെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. നമ്മുടെ രാജ്യം സാമ്പത്തിക മാന്ദ്യത്തിലാടിയുലഞ്ഞുകൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് കേരളത്തെപോലെയുള്ള ഒരു കൺസ്യൂമർ സ്റ്റേറ്റിനെ ഈ നിലയിൽ വളരെ സ്റ്റേബിളായി മുന്നോട്ടുകൊണ്ടുപോകാൻ ഈ ഗവൺമെന്റിന് കഴിയുന്നത്. കേരള ജനതയുടെ ജീവിതത്തെ ബാധിക്കാത്ത വിധത്തിൽ, പ്രത്യേകിച്ചും പാവപ്പെട്ടവന്റെ ജീവിതത്തെ ബാധിക്കാത്ത വിധത്തിൽ, സാമ്പത്തിക മാന്ദ്യകാലത്ത് കേരളത്തെപ്പോലെയുള്ള ഒരു സംസ്ഥാനത്തെ മുന്നോട്ട് നയിക്കുക എന്ന വളരെ ക്ലേശകരമായ കാര്യമാണ് ധനകാര്യ വകുപ്പുമന്ത്രി ഏറ്റെടുത്തത്. അത് അദ്ദേഹം കഴിഞ്ഞ നാലുവർഷക്കാലമായി ഇവിടെ നന്നായി നിർവ്വഹിക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രിയെക്കുറിച്ച് ശ്രീ. കെ. പി. മോഹനനെ പോലുള്ള ആളുകൾ പറഞ്ഞു വളരെ മോശമാണ് അദ്ദേഹത്തിന്റെ സമീപനമെന്നൊക്കെ. പക്ഷേ വ്യക്തിപരമായിത്തന്നെ കഴിഞ്ഞദിവസം അദ്ദേഹം പി.ഡബ്ല്യു.ഡി. മന്ത്രി എന്നനിലയിലും ധനമന്ത്രി എന്ന നിലയിലും വിളിച്ചുകൂട്ടിയ യോഗത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ എം.എൽ.എ.മാരും പങ്കെടുക്കുകയുണ്ടായി. അതാത് മണ്ഡലങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്, അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്, ഇനി എന്ത് ചെയ്യണം എന്നുള്ള കാര്യത്തെക്കുറിച്ച് അദ്ദേഹം ചോദിക്കുകയും അപ്പോഴപ്പോൾ തീരുമാനമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ ഒരു ധനമന്ത്രി മുൻപ് ഉണ്ടായിട്ടുണ്ടോ എന്ന് എനിക്ക് സംശയമാണ്. പ്രതിപക്ഷം എന്തുപറഞ്ഞാലും കേരളത്തിന്റെ ധനസ്ഥിതിയിലും ജീവിതനിലവാരത്തിലും ഒരുപാട് മാറ്റമുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. നിങ്ങളുടെ കാലത്ത് എന്താണ് സംഭവിച്ചത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി തന്നെ പറയുകയുണ്ടയി 6,500 തസ്തികകൾ പുതിയതായി സൃഷ്ടിക്കപ്പെടുകയുണ്ടായി. നിങ്ങളുടെ കാലത്ത് 14,500 തസ്തികകളല്ലേ വെട്ടിക്കുറച്ചത്. തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ തൊഴിൽ നഷ്ടപ്പെടുന്ന തരത്തിൽ 14,500 തസ്തികകൾ നിങ്ങൾ വെട്ടിക്കുറച്ചു. പാവപ്പെട്ടവന്റെ എല്ലാ ആനുകൂല്യങ്ങളും നിങ്ങൾ പിൻവലിച്ചു. എന്നിട്ട് നിങ്ങൾക്ക് ഈ സംസ്ഥാനത്തെ മുന്നോട്ട് നയിക്കാൻ കഴിഞ്ഞോ? ട്രഷറി എത്രതവണ അടച്ചു പൂട്ടാൻ നിങ്ങൾ സന്നദ്ധരായി ? നിങ്ങൾ ആയിരക്കണക്കിന് കോടി രൂപയുടെ കുടിശ്ശിക വരുത്തിയില്ലേ? ഫ്ളഡിന്റെ ഇനത്തിൽ ബഹുമാനപ്പെട്ട മാണിസാർ തന്നെ അനുവദിച്ചകാശ് ഈ ഗവൺമെന്റല്ലേ കൊടുത്തത്. അങ്ങനെ സാമ്പത്തിക പ്രതിസന്ധിയിലേക്ക് ഈ സംസ്ഥാനത്തെ മുതലക്കൂപ്പ് കുത്തിച്ചത് നിങ്ങളല്ലേ? ഞങ്ങളുടെ ഗവൺമെന്റ് വന്നതിനുശേഷമുള്ള കാര്യങ്ങളെക്കുറിച്ച് നിങ്ങൾ കുറച്ച്

LIBRARY ARCHIVES Kerala Legislative Assembly

കാണേണ്ട കാര്യമില്ല. ഈ സാമ്പത്തിക പ്രതിസന്ധിക്കിടയിലും ഈ ഗവൺമെന്റ് സാമൂഹ്യ നന്മയെ ലക്ഷ്യമാക്കി ഒരുപാട് കാര്യങ്ങൾ ചെയ്തു. പാവപ്പെട്ടവന്റെ മനസ്സ് കണ്ടുകൊണ്ട്, അവന്റെ ജീവിതത്തെക്കുറിച്ച് അറിഞ്ഞു കൊണ്ട് അവരുടെ മനസ്സിനെ നമിച്ചുകൊണ്ട്, ധ്യാനിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് ഓരോ പ്രവൃത്തിയും ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് കർഷകത്തൊഴിലാളികളുടെ പെൻഷൻ വർദ്ധിപ്പിച്ചത്. ഇവിടെ രണ്ട് രൂപയ്ക്ക് 35 ലക്ഷം കുടുംബങ്ങൾക്ക് അരി കൊടുക്കാൻ തീരുമാനിച്ച് 500 കോടി രൂപ ചെലവഴിക്കുന്നത് അതുകൊണ്ടാണ്. ഞങ്ങളുടെ ഗവൺമെന്റ് അതൊക്കെ ചെയ്യാൻ കാരണം, സാധാരണ മനുഷ്യന്റെ വികാരം അറിയുന്നതുകൊണ്ടാണ്. കേരളത്തിലെ സമ്പദ്ഘടന കാറും കോളും നിറഞ്ഞ കടലിലൂടെ നീങ്ങിക്കൊണ്ടിരിക്കുന്നതുപോലെ സാധാരണ ജനങ്ങളുടെ ജീവിത നൗക മുന്നോട്ടു പോകുമ്പോൾ അതിനെ വെള്ളത്തിൽ മുങ്ങാതെ മുന്നോട്ടു കൊണ്ടു പോവുകയാണ് കേരളത്തിൽ ധനകാര്യ വകുപ്പുമന്ത്രി ചെയ്തുകൊണ്ടിരിക്കുന്നത്. നിങ്ങളുടെ കാലത്ത് അതല്ല സ്ഥിതി. നിങ്ങൾ ചെയ്തത് എന്താണ്? പാവപ്പെട്ടവന്റെ ആനുകൂല്യം ആദ്യം വെട്ടിക്കുറച്ചു. തമ്പ്രാൻ ഇരിക്കുന്ന പറമ്പ് ആരും കിളയ്ക്കരുത് എന്ന നയമാണ് നിങ്ങൾ സ്വീകരിച്ചിരുന്നത്. കേന്ദ്ര ഗവൺമെന്റും അതുതന്നെയാണ് ചെയ്തു കൊണ്ടിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് ആരുടെ താൽപ്പര്യമാണ് സംരക്ഷിക്കുന്നത്. കഴിഞ്ഞദിവസം പത്രത്തിൽ ഒരു പരസ്യം കൊടുക്കുകയുണ്ടായി. 53,000 കോടി രൂപ പാവപ്പെട്ടവർക്ക് പാചകവാതകത്തിനും മണ്ണെണ്ണയ്ക്കുംവേണ്ടി ചെലവഴിച്ചുകൊണ്ടിരിക്കുന്നു എന്ന്. ഇതിനായി 53,000 കോടി രൂപയുടെ കണക്ക് വയ്ക്കുകയുണ്ടായി. എന്നാൽ 100 ഓളം കോർപ്പറേറ്റ് കമ്പനികൾക്ക് വേണ്ടി 2,80,050 കോടി രൂപയുടെ നികുതിയിളവ് കൊടുത്തതിനെ സംബന്ധിച്ച് നിങ്ങൾ ഒരക്ഷരം മിണ്ടിയില്ല.

സാമ്പത്തിക മാന്ദ്യത്തിന്റെ പേരിൽ പാവപ്പെട്ടവനുവേണ്ടി ഒരു നയാപൈസ ചെലവഴിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായിട്ടില്ല. അവിടെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ നാലു കൊല്ലക്കാലമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് പറയുമ്പോഴുള്ള വ്യത്യാസം. പെൻഷനുകൾ, മറ്റ് ആനുകൂല്യങ്ങൾ എല്ലാം എൽ.ഡി.എഫ് സർക്കാർ വർദ്ധിപ്പിച്ചു. എന്നുമാത്രമല്ല ഇവിടെ നികുതി പിരിക്കുന്ന കാര്യത്തിൽ 15 ശതമാനം വർദ്ധനവുണ്ടായി. നിങ്ങളുടെ കാലത്തെ നികുതി പിരിവിന്റെ കണക്കെടുത്തു പരിശോധിച്ചാൽ ഇപ്പോൾ ഏകദേശം 80 ശതമാനത്തിലധികം വർദ്ധനവുണ്ടായിട്ടുണ്ട്. സാമൂഹ്യ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ ഒരു സമ്പദ് ഘടനയെ മുന്നോട്ടുനയിക്കാൻ എന്തുചെയ്യണം എന്ന കാര്യത്തിൽ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒരു നയം സ്വീകരിക്കുകയുണ്ടായി. ഐ.ടി. മേഖലയിലും ടൂറിസം മേഖലയിലും കേരളം വളരാൻ പോകുന്നു. ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒരു ഗവൺമെന്റിന്റെ പ്രവർത്തനഫലമായി വളരാൻ പോകുന്ന മേഖല ഏതാണ് എന്ന് മനസ്സിലാക്കി ആ മേഖലയ്ക്കുവേണ്ടി 77 ശതമാനം അധികമായി ബഡ്ജറ്റ്

വിഹിതം ഈ ഗവൺമെന്റ് കൊടുത്തു. ഐ.ടി മേഖലയിലും ടൂറിസം മേഖലയിലും തൊഴിലവസരമുണ്ടായി. ലക്ഷക്കണക്കിന് പേർക്ക് തൊഴിലുണ്ടായി. നിങ്ങളുടെ കാലത്ത് തൊഴിലുണ്ടായോ? ആർക്കെങ്കിലും തൊഴിലുണ്ടാക്കാൻ കഴിഞ്ഞോ? എന്നുമാത്രമല്ല ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം കേരളത്തിലുണ്ടായി. അതാണ് ഞാൻ പറഞ്ഞത് ദീർഘവീക്ഷണത്തോടുകൂടി മുന്നോട്ടുപോകാൻ കഴിഞ്ഞു എന്ന്. എന്നാൽ രാജ്യത്തെമ്പാടും ഈ സാമ്പത്തിക മാന്ദ്യവും ഞെരുക്കവും അപകടവുമൊക്കെയുണ്ടായപ്പോൾ ഒരു തുരുത്തുപോലെ അല്ലെങ്കിൽ ശക്തമായ നിലയിൽ മുന്നോട്ടുപോകാൻ ഈ ഗവൺമെന്റിന്, എൽ.ഡി.എഫ്.-ന് സാധിച്ചു. അതാണ് ഈ ഗവൺമെന്റിന്റെ നേട്ടം. അതാണ് കേരളത്തിലെ ഏറ്റവും വലിയ പ്രത്യേകതകളിലൊന്ന്. മറ്റൊരു കാര്യം ഇവിടെ പലരും സൂസാരിക്കുകയുണ്ടായി, കേരളം മറ്റു പല കാര്യങ്ങളിലും മാതൃകയാണ്. വർഗ്ഗീയതയുടെ കാര്യത്തിലും മതതീവ്രവാദത്തിന്റെ കാര്യത്തിലുമൊക്കെതന്നെ പച്ചത്തുരുത്തുപോലെ നിൽക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ആ സംസ്ഥാനത്ത് ഇപ്പോൾ വർഗ്ഗീയത കുത്തിപ്പൊക്കുവാൻ ചിലർ ശ്രമിക്കുകയാണ്. തീവ്രവാദം വളരുകയാണ്. അതിനെതിരായി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിക്കുന്നു.

ശ്രീ. കെ. കെ. ഷാജു: ഈ ഗവൺമെന്റ് രണ്ട് രൂപയ്ക്ക് അരി കൊടുത്തു എന്നുള്ളതൊക്കെ അങ്ങ് ഇവിടെ പറഞ്ഞു, ഞാൻ ഒരു കാര്യം ചോദിക്കട്ടെ. രണ്ട് രൂപയ്ക്ക് ഇവിടെ പതിനേഴ് കിലോ അരിയാണ് കൊടുക്കുന്നത്. ബാക്കി കിലോയ്ക്ക് എട്ട് രൂപ നാൽപ്പത് പൈസ. രണ്ടും കൂടി കൂട്ടിവരുമ്പോൾ 92 രൂപ 80 പൈസ. മൂന്ന് രൂപ വച്ച് 25 കിലോ അരി യു.ഡി.എഫ്. ഗവൺമെന്റ് കൊടുത്തതും നിങ്ങൾ കൊടുത്തതും തമ്മിലുള്ള വ്യത്യാസമെന്താണെന്ന് മനസ്സിലായിട്ടുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: ഉണ്ട്, എവിടെ കൊടുത്ത കാര്യമാണ് ശ്രീ. കെ. കെ. ഷാജു പറയുന്നത്. നിങ്ങൾ മൂന്നുരൂപയ്ക്ക് (-----ബഹളം---) ഇവർ മൂന്ന് രൂപയ്ക്ക് അരി കൊടുക്കുമെന്ന് പ്രഖ്യാപിച്ചെങ്കിലും 50 ജില്ലകളിൽപോലും കൊടുക്കാൻ കേന്ദ്ര ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? കഴിഞ്ഞിട്ടില്ല. ഇന്ന് റേഷനരിയുടെ വില, പാവപ്പെട്ട ആളുകളുടെ റേഷനരിയുടെ വില ആറ് തവണ വർദ്ധിപ്പിച്ച നിങ്ങൾക്ക് ഇത് പറയാൻ എന്തവകാശമാണുള്ളത്? ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 36 ലക്ഷം കുടുംബങ്ങൾക്ക് 500 കോടി രൂപ ചെലവഴിച്ച് രണ്ട് രൂപയ്ക്ക് 25 കിലോ അരി കൊടുക്കുന്ന കാര്യം ഞങ്ങളെ സംബന്ധിച്ച് ചെറിയ കാര്യമല്ല. നിങ്ങൾക്ക് ഒരുപക്ഷെ ചെറിയ കാര്യമായിരിക്കും. ശ്രീ. സി. പി. മുഹമ്മദ് ഇവിടെ പറഞ്ഞു ഈ സർക്കാർ ധൂർത്തടിക്കുന്നുവെന്ന്. പാവപ്പെട്ടവന് അരി കൊടുക്കുന്നത് ധൂർത്താണോ സാർ ? ധൂർത്താണെങ്കിൽ ഞങ്ങൾ ധൂർത്തടിക്കുന്നു. ഞങ്ങളെ ധൂർത്ത് പുത്രന്മാരെന്ന് നിങ്ങൾ വിളിച്ചോളൂ. ഞങ്ങൾക്ക് ഒരു വിരോധവുമില്ല. പക്ഷേ ഞങ്ങൾ പറഞ്ഞുവരുന്നത് കേരളം ഒരു പച്ചത്തു

LIBRARY ARCHIVES Kerala Legislative Assembly

രുത്താണ്. മത വർഗ്ഗീയതയെ ചെറുത്തുനിൽക്കുന്നതിൽ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. ഇന്നലെ ശ്രീ. ജോസഫ് എം. പുതുശ്ശേരിയെപ്പോലുള്ള ആളുകൾ ഇടയലേഖനത്തെ രണ്ട് കയ്യും നീട്ടി സ്വീകരിക്കുന്നത് ഞങ്ങൾ കണ്ടു. ഇവിടെ പല ഇടയലേഖനങ്ങളും ഇറങ്ങിയിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ടാം വിമോചന സമരം പ്രഖ്യാപിച്ചല്ലോ, എന്തുണ്ടായി? വിശ്വാസികൾ സ്വീകരിച്ചോ. ശ്രീ. പുതുശ്ശേരി രണ്ടാം വിമോചന സമരാഹ്വാനം മാത്രമല്ല, രണ്ടാം വിമോചന സമരാഹ്വാനത്തിന്റെ ഒരു രണ്ടാം ആഹ്വാനം വീണ്ടും നടത്തി. വിശ്വാസികൾ അത് സ്വീകരിച്ചില്ല. കേരളത്തിന്റെ മഹാഭൂരിപക്ഷം വരുന്ന ആളുകൾ ഒന്നുകിൽ പള്ളിയിൽ പോകുന്നവർ, അല്ലെങ്കിൽ അമ്പലത്തിൽ പോകുന്നവർ, അല്ലെങ്കിൽ മോസ്കിൽ പോകുന്നവരാണ്. ഈ ആളുകൾക്കൊക്കെ ഞങ്ങളിലും വിശ്വാസമുണ്ട്. പെട്രോളിന്റെ വില കൂട്ടിയാൽ, ഡീസലിന്റെ വില കൂട്ടിയാൽ, റേഷനരിയുടെ വില വർദ്ധിച്ചാൽ പള്ളിയിൽ പോയി മെഴുകുതിരി കത്തിച്ചിട്ട് കാര്യമില്ല എന്നറിയാമല്ലോ? അമ്പലത്തിൽ പോയി രക്തപുഷ്പാഞ്ജലി കഴിപ്പിച്ചിട്ട് കാര്യമുണ്ടോ? അതിൽ കാര്യമില്ല. വിശ്വാസികൾക്കറിയാം. ഇവിടെ ആര് ആരുടെ കൂടെ നിൽക്കുന്നു. വിശ്വാസികളുടെ കൂടെ നിൽക്കുന്നവരാരാണ്. അവന്റെ റേഷനരിയുടെ വില വർദ്ധിപ്പിക്കുമ്പോൾ, പെട്രോളിന്റെ വില വർദ്ധിപ്പിക്കുമ്പോൾ, ഡീസലിന്റെ വില വർദ്ധിപ്പിക്കുമ്പോൾ അതിനെതിരായി നിലകൊള്ളുന്നവരെ ഇവിടത്തെ വിശ്വാസികൾക്കറിയാം. പള്ളിക്കാരും പട്ടക്കാരുമൊക്കെ തന്നെ എത്ര ഇടയലേഖനമിറക്കിയാലും ആ ഇടയലേഖനമൊന്നും വിശ്വാസികൾ കാര്യമായിട്ടെടുക്കാൻ പോകുന്നില്ല.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി:</u> കഴിഞ്ഞ രണ്ടു, മൂന്നു ദിവസമായി ഇടതുപക്ഷ ബന്ധുകളെല്ലാം ഇടയലേഖനത്തിന്റെ പേര് പറഞ്ഞ് ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ തന്നെ പറയുന്നു അവർക്ക് ഒരു സ്വാധീനവുമില്ല, അവർ പറഞ്ഞാൽ ആരും കേൾക്കില്ല എന്ന്. പിന്നെ എന്തിനാ നിങ്ങൾ ഇങ്ങനെ ബേജാറാകുന്നത്? അവരെ വെറുതെ വിട്ടാൽ പോരേ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> നിങ്ങൾക്കിത് മനസ്സിലാകാത്തതുകൊണ്ടാണ്. ഞാൻ പറയുന്നത് ഇടയലേഖനം യു.ഡി.എഫ്.നെ സഹായിക്കുന്നു എന്ന ഒറ്റ കാരണത്താൽ മതവും രാഷ്ട്രീയവും കൂട്ടിക്കലർത്താൻ വേണ്ടി നിങ്ങൾ കൂട്ടുനിൽക്കരുത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഇപ്പോൾ ചെയ്യുന്നതെന്താണ്? നിങ്ങൾ കണ്ടില്ലേ, ഇവിടെ പി.ഡി.പി. അതിനുശേഷം എൻ.ഡി.എഫ്. ഇപ്പോൾ പോപ്പുലർ ഫ്രണ്ട് അതുപോലെ എസ്.ഡി.പി.ഐ തുടങ്ങിയ സംഘടനകൾ ചേർന്നുകൊണ്ട് ആർ.എസ്.എസ്.നെപ്പോലെ പ്രച്ഛന്നവേഷത്തിൽ പ്രവർത്തിക്കുകയാണ്. ആർ.എസ്.എസ്. എന്ന വർഗ്ഗീയ ഫാസിസ്റ്റ്, ഹിന്ദു ഫാസിസ്റ്റ് സംഘടന പല പേരുകളിൽ അറിയപ്പെടുന്നതുപോലെ തന്നെയാണിതും. പല പേരുകളിൽ ഐ.എസ്.എസ്., പി.ഡി.പി. അതുപോലെ പോപ്പുലർ ഫ്രണ്ട്, ക്യാമ്പസ് ഫ്രണ്ട്, എസ്.ഡി.പി.ഐ. അങ്ങനെ ഒരുപാട് പേരുകളിൽ അറിയപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

വർഗ്ഗീയ സംഘടനകൾ, ഫാസിസത്തിന്റെ ലക്ഷണങ്ങളിലൊന്നാണിത്. ഫാസിസ്റ്റുകൾ വ്യത്യസ്തമായ രൂപങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കും. അവർ മതതീവ്രവാദം വളർത്തുന്നു. കൊലപാതകങ്ങൾ നടത്തുന്നു, മനുഷ്യന്മാരെ തമ്മിൽ ഛിദ്രപ്പെടുത്താൻ വേണ്ടിയുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ ഗവൺമെന്റ് ആരോമലുണ്ണിയെപ്പോലെ ഈ വർഗ്ഗീയ അരിങ്ങോടന്മാർക്കെതിരെ ശക്തമായി യുദ്ധം പ്രഖ്യാപിച്ച് അങ്കത്തട്ടിലേയ്ക്ക് വരുമ്പോൾ പ്രിയപ്പെട്ടവരെ ഞങ്ങൾ നിങ്ങളെ തുണയ്ക്ക് വിളിക്കുകയാണ്. പ്രതിപക്ഷത്തെ തുണയ്ക്കു വിളിക്കുമ്പോൾ നിങ്ങൾ ഇരുമ്പാണിക്കു പകരം മുളയാണി വച്ച് മാറ്റാൻ ചുരിക തന്നുകൊണ്ട് ചതിക്കാൻ പാടില്ല എന്നുമാത്രമേ ഞങ്ങൾക്ക് നിങ്ങളോട് പറയാനുള്ളൂ. നിങ്ങൾ ഇപ്പോൾ ഈ സമൂഹത്തെ ചതിച്ചുകൊണ്ടിരിക്കുകയാണ്. കാരണം കേരളത്തിന്റെ ഈ സ്ഥിതിവിശേഷത്തിൽ നാം ഒരുമിച്ച് നിൽക്കേണ്ടതല്ലേ? അപ്പോൾ നിങ്ങൾക്ക് ഇടയലേഖനം തള്ളിപ്പറയേണ്ടിവരും. കാരണം ഒരു പക്ഷെ താൽക്കാലിക ലാഭത്തിന് ഇടയലേഖനം നിങ്ങളെ സഹായിച്ചേക്കാം. പക്ഷേ പൊതുസമൂഹത്തിന്റെ നന്മ ലക്ഷ്യമാക്കിക്കൊണ്ട് നിങ്ങൾ അതിനെ പിന്തുണയ്ക്കാൻ പാടില്ല. അതാണ് ശ്രീ. ജോസഫ് എം. പുതുശ്ശേരിക്ക് മനസ്സിലാകാത്ത കാര്യം.

ശ്രീ. സാജു പോൾ: ബഹുമാനൃനായ വി. എസ്. സുനിൽ കുമാർ കോൺഗ്രസ്സിന്റെ വാക്കും പ്രവൃത്തിയും തമ്മിൽ ബന്ധമില്ല എന്നുള്ള കാര്യമാണല്ലോ ഇവിടെ സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്. ജനാധിപത്യത്തിന്റെ അന്തസ്സത്ത സഹിഷ്ണുതയാണെന്ന് നിയമസഭാ മന്ദിരത്തിന്റെ മുമ്പിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ പ്രതിമയുടെ അടിയിൽ എഴുതിവച്ചിട്ടുണ്ട്. ഇന്നലെ ബീഹാർ നിയമസഭയിൽ കോൺഗ്രസ്സിന്റെ ഒരു വനിതാ അംഗം കാണിച്ച കോപ്രായം, ഇതുതന്നെയാണ് ഇൻഡ്യയിലെമ്പാടും കോൺഗ്രസ്സിന്റെ പൊതുസ്വഭാവം എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. വി. എസ്. സുനിൽ കുമാർ: ഞാൻ കോൺഗ്രസ്സ് ഒരു വർഗ്ഗീയ പാർട്ടിയാണെന്നോ അത് ഒരു സാമൂഹ്യവിരുദ്ധ പാർട്ടിയാണെന്നോ പറയുന്നില്ല. പക്ഷേ കോൺഗ്രസ് എടുത്തിരിക്കുന്ന പല സമീപനങ്ങളും പല സന്ദർഭങ്ങളിലും പ്രത്യേകിച്ച് സമീപനമെടുക്കേണ്ട സമയത്ത് നിലപാടെടുക്കുന്നില്ല. വേണ്ട സമയത്ത് തോക്ക് ഉലയ്ക്കുന്ന സമീപനം നിങ്ങൾ എടുക്കുകയാണ്. ഇപ്പോൾ വർഗ്ഗീയ ശക്തികൾക്കെതിരായി ഒരുമിച്ചു നിന്ന് ഏക മനസ്സോടുകൂടി മുന്നോട്ടുപോകണമെന്നാണ് കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നത്. അതിനിടയിൽ ഇടയലേഖനമിറക്കുമ്പോൾ ശ്രീ. പുതുശ്ശേരിയെപ്പോലുള്ളവർ അതിനെ സ്വാഗതം ചെയ്യുന്നത് മനസ്സിലാക്കാം. കാരണം അത് കേരള കോൺഗ്രസ്സിന്റെ സ്വഭാവമാണ്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ കോൺഗ്രസ് അതിനെ ന്യായീകരിക്കുന്നുണ്ടോ?. ഞാൻ കോൺഗ്രസ്സിന്റെ അംഗങ്ങളോട് ചോദിക്കുന്നു നിങ്ങൾ ന്യായീകരിക്കുന്നുണ്ടോ? ഇതുപോലെ ഇടയലേഖനം ഇറക്കുന്നത് നമുക്ക് ഭൂഷണമാണോ? ബഹുമാന്യനായ കാർത്തികേയനെപ്പോലെയുള്ള ആളുകൾ ഇത്തരം കാര്യങ്ങളിലെല്ലാംതന്നെ സത്യസന്ധമായ സമീപനം സ്വീകരിക്കുന്ന ആളാണെന്നാണ് വ്യക്തിപരമായി എന്റെ വിശ്വാസം. ഞാൻ ചോദിക്കുന്നു അങ്ങേയ്ക്ക് പറയാമോ? ഇത്തരം കാര്യങ്ങളിൽ. നിങ്ങളുടെ സമീപനമെന്താണ് ? പല കാര്യങ്ങളിലും എസ്.ഡി.പി.ഐ.യുടെ കാര്യത്തിലാണെങ്കിലും പോപ്പുലർ ഫ്രണ്ടിന്റെ കാര്യത്തിലാണെങ്കിലും ശരി മുസ്ലീം ലീഗിന്റെയും കോൺഗ്രസ്സിന്റെയും സമീപനമെന്താണ്? തുറന്ന സമീപനമെടുക്കാൻ ഇവർ തയ്യാറാകുന്നില്ല. അതാണ് കേരള ജനത നോക്കിക്കൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ: അങ്ങ് അവസാനിപ്പിക്കൂ, യേസ്, പ്ലീസ്, അവസാനിപ്പിക്കൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ: അദ്ദേഹം പാമ്പൻ പാലത്തിന്റെ പരസ്യത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ശങ്കർ സിമെന്റിന്റെ പരസ്യത്തെക്കുറിച്ച് പറഞ്ഞ ശ്രീ. സി. പി. മുഹമ്മദ് ശങ്കർ സിമന്റിന്റെ പരസ്യം പാമ്പൻ പാലത്തിന്റെ ഉറപ്പേകുന്ന പിൻബലം എന്നൊക്കെ പറയുകയുണ്ടായി. ഞങ്ങളുടെ ഉറപ്പേകുന്ന പിൻബലം ഈ നാട്ടിലെ ലക്ഷക്കണക്കായ പാവപ്പെട്ട ജനങ്ങളാണ് , ഈ ഗവൺമെന്റിന്റെ ആനുകൂല്യങ്ങൾ നേടിയെടുത്ത ജനങ്ങൾ. പാവപ്പെട്ടവന്റെ കണ്ണീരൊപ്പാൻ വേണ്ടി ഈ ഗവൺമെന്റിന്റെ വിവിധ വകുപ്പുകൾ ചേർന്ന് നടത്തിയ പ്രവർത്തനങ്ങൾ, ആ പ്രവർത്തനങ്ങളിൽ ഞങ്ങൾ വിശ്വസിക്കുന്നു. നിങ്ങൾ വീണ്ടും അധികാരത്തിൽ വരുമെന്ന് ആരും വിചാരിക്കണ്ട. വേൾഡ് കപ്പ് തുടങ്ങുന്ന സമയത്ത് എന്തായിരുന്നു സ്ഥിതി? .....

മി. സ്പീക്കർ: പ്ലീസ്, ശ്രീ. സുനിൽ കുമാർ, അങ്ങ് അവസാനിപ്പിക്കൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ: പക്ഷേ അവരാരെങ്കിലും സെമി ഫൈനൽ കണ്ടോ? അതുകൊണ്ട് ഈ വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ അർജന്റീനയ്ക്കും ബ്രസീലിനും സംഭവിച്ചതുപോലെ സെമിഫൈനലിൽപ്പോലും നിങ്ങൾ എത്താൻപോകുന്നില്ല. (മൈക്ക് ഓഫ്)

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഇവിടെ ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. സാധാരണഗതിയിൽ ഫിനാൻസ് ബില്ലിനെ ആസ്പദമാക്കിക്കൊണ്ട് ചർച്ചകൾ നടക്കുമ്പോൾ ബഡ്ജറ്റിന്റെ ഉള്ളടക്കത്തെക്കുറിച്ചും ധനസ്ഥിതിയെക്കുറിച്ചും ധനനയത്തെക്കുറിച്ചുമെല്ലാമുള്ള ഒരു അപഗ്രഥനമാണ് പൊതുവേ നടക്കുന്നത്. വിശേഷിച്ചും അതിനെക്കുറിച്ചൊക്കെ ആധികാരികമായിട്ട് പറയുന്ന പാരമ്പര്യമുള്ള ആളുകൾ അങ്ങനെയാണ് സജസ്റ്റ് ചെയ്യുക. പക്ഷേ ഇവിടെ മുൻ ധനകാര്യ വകുപ്പുമന്ത്രിയും ഇത്തരം കാര്യങ്ങളിലൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

എപ്പോഴും ആധികാരികമായി അഭിപ്രായം പറയുന്ന നമ്മുടെ ശ്രീ. കെ. എം. മാണി ഇന്ന് ഇവിടെ പ്രസംഗിച്ചപ്പോൾ വളരെ ദയനീയമായ ഒരവസ്ഥയാണ് നമുക്ക് അനുഭവപ്പെട്ടത്. അദ്ദേഹത്തിന്റെ അതിദയനീയ ഭാവമാണ് ഇന്ന് കണ്ടത്. ഏതാണ്ട് 22 മിനിട്ടോളം അദ്ദേഹം സംസാരിച്ചു, ബില്ലിന്റെ പേര് പറഞ്ഞ് ഇത്തിരി സമയം കൂടുതലെടുത്തു. അദ്ദേഹം സാധാരണ ഗതിയിൽ ബഡ്ജറ്റിനെ സംബന്ധിച്ചും അല്ലെങ്കിൽ ഇന്നത്തെ ധനനയത്തെ സംബന്ധിച്ചും ഒക്കെയാണ് പറയാറുള്ളത്. എന്നാൽ ഇന്ന് അതിന്റെ ഗതിവിഗതികളെക്കുറിച്ചോ, പുരോഗതിയെക്കുറിച്ചോ ഒന്നുമല്ല പറഞ്ഞത്. ചില സ്പെല്ലിംഗ് മിസ്റ്റേക്ക്സിനെക്കുറിച്ച്, എന്തോ വിട്ടുപോയതിനെക്കുറിച്ചാണ്. അതുപോലെ അതിനകത്തുള്ള ഒമിഷൻസ്, ഗ്രാമർ മിസ്റ്റേക്ക്സ്, പിന്നെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ചിരിക്കാൻ പാടില്ല ഇങ്ങനെയുള്ള വളരെ പെറ്റി കാര്യങ്ങൾ പറഞ്ഞ് സമയം കൊല്ലുകയായിരുന്നു അദ്ദേഹം ചെയ്തത്. അപ്പോൾ നമുക്ക് കുറച്ചുകൂടി ആത്മവിശ്വാസമായി. കാരണം അദ്ദേഹത്തിനുപോലും വസ്തുതകളുടെ അടിസ്ഥാനത്തിൽ വിമർശനം ഉന്നയിക്കാനുള്ള ഒന്നും ഈ ബഡ്ജറ്റിലോ അല്ലെങ്കിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ധനപരമായ കാര്യങ്ങളിൽ സ്വീകരിക്കുന്ന പൊതുനയത്തിലോ ഇല്ല എന്നതിന്റെ സാക്ഷിപത്രമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം.

ഈ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം കഴിഞ്ഞ നാലു വർഷമായി അവലംബിക്കുന്ന ധനപരമായ കാര്യങ്ങളിൽ സ്വീകരിച്ച നയത്തിന്റെ ഭാഗമായി നമുക്ക് സാമ്പത്തിക കാര്യങ്ങളിൽ ഒരുതരം സ്റ്റെബിലിറ്റി നേടാനായി എന്നുള്ളതാണ്. അത് ഇന്ന് ലോകത്ത് എല്ലായിടങ്ങളിലും ചർച്ച ചെയ്തുകൊണ്ടിരിക്കുന്നതാണ്. എല്ലാ രാജ്യങ്ങളും മറ്റ് സംസ്ഥാനങ്ങളൊക്കെത്തന്നെ ധനപരമായ കാര്യങ്ങളിൽ സ്ഥിരത കൈവരിക്കാനുള്ള പരിശ്രമം നടത്തുകയാണ്. പക്ഷെ അതിനുള്ള മാർഗ്ഗം, ലോക ബാങ്കിന്റേയും അതുപോലെ ഐ.എം.എഫ്-ന്റേയുമെല്ലാം നിബന്ധനകളും അവരുടെ ഉപദേശവും സ്വീകരിച്ചുകൊണ്ട് കുറേപേർ അത് ചെയ്യുന്നു. ഇടതുപക്ഷങ്ങൾ അതിൽനിന്ന് വ്യത്യസ്തമായിട്ടുള്ള ബദൽ സംവിധാനങ്ങൾ സ്വീകരിച്ചുകൊണ്ട് ആ നയം നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. ഇപ്പോൾ ശരിയായ നിലയിൽ ലോക ബാങ്ക് നയര് ഇവിടെ അംഗീകരിച്ചു നടപ്പിലാക്കിയിട്ടുള്ള, ചെലവു ചുരുക്കി ധനസ്ഥിരത കൈവരിക്കുക എന്ന സമീപനം നടപ്പിലാക്കിയിട്ടുള്ള യു.ഡി.എഫ്-ന്റെ ഭരണകാലവും അതുപോലെ ബദൽ നയം സ്വീകരിച്ച എൽ.ഡി.എഫ്-ന്റെ ഭരണകാലവും അവിടത്തെ ധനപരമായ കാര്യങ്ങൾ താരതമ്യം ചെയ്യാനുള്ള സമയമാണ്. ഇവിടെ മിക്കവാറും അംഗങ്ങൾ അതിന്റെ വിശദാംശങ്ങളെക്കുറിച്ച് പറഞ്ഞതുകൊണ്ട് അതിനെക്കുറിച്ച് കൂടുതൽ പറയുന്നില്ല. യു.ഡി.എഫ്-ന്റെ കാലത്ത് ധനപരമായി കൈക്കൊണ്ട നയം നമ്മുടെ സമ്പദ്ഘടനയെ തകർക്കുകയാണ് ചെയ്തത്. ലോക ബാങ്ക് ഉപദേശിച്ചതനുസരിച്ച് നിങ്ങൾ ചെലവ് ചുരുക്കി, ക്ഷേമ പദ്ധതികളൊഴിവാക്കി, സേവന മേഖലയിൽനിന്നു പിൻവാങ്ങി, മൂലധന ചെലവുകൾ കുറച്ചു, വികസന ചെലവ് കുറച്ചു. റവന്യുകമ്മിയും

LIBRARY ARCHIVES Kerala Legislative Assembly

ധനകമ്മിയും കുറയ്ക്കാൻ ശ്രമിച്ചു. റവന്യൂ കമ്മിയേയും ധനകമ്മിയേയും കുറിച്ച് ഒരു വാക്കുപോലും ശ്രീ. കെ. എം. മാണി സാർ പറഞ്ഞിട്ടില്ല. പറയാൻ ആവില്ല എന്നുള്ളതുകൊണ്ടാണ്. പക്ഷെ ഇതു രണ്ടും കൂടിക്കൊണ്ടിരിക്കയായിരുന്നു. അതിന്റെ സ്റ്റാറ്റിസ്റ്റിക്സ് നേരത്തെ ഇവിടെ ശ്രീ. സൈമൺ ബ്രിട്ടോ ഉൾപ്പെടെയുള്ളവർ അവതരിപ്പിച്ചതുകൊണ്ട് ഞാൻ പറയുന്നില്ല. പക്ഷെ ഈ ഗവൺമെന്റ് എല്ലാ മേഖലകളിലും ചെലവ് വർദ്ധിപ്പിച്ചു. നിങ്ങൾ സിവിൽ സർവ്വീസ് ഡൗൺസൈസ് ചെയ്യുന്നതിന്റെ ഭാഗമായി പതിനാറായിരം തസ്തികകൾ അബോളിഷ് ചെയ്തു. നമുക്ക് ഓർമ്മയുണ്ടാകും. നിയമനിരോധനമൊക്കെ നടപ്പിലാക്കിയത്. ഈ ഗവൺമെന്റ് വന്നതിന് ശേഷം പോലീസിലും ആരോഗ്യ വകുപ്പിലും വിദ്യാഭ്യാസ വകുപ്പിലും ഒക്കെയായി 24,000 തസ്തികകൾ പുതുതായി സൃഷ്ടിച്ചു. ക്ഷേമ പദ്ധതികളുടേയും ജീവനക്കാരുടെ മറ്റ് ആനുകൂല്യങ്ങളുടേയും കുടിശ്ശികയെല്ലാം കൊടുത്തുതീർത്തു. കരാറുകാരുടെ ബിൽ കൊടുത്തു. എല്ലാ കുടിശ്ശികകളും തീർത്തിട്ടും റവന്യൂ കമ്മിയിൽ ഗണ്യമായ നിലയിൽ കുറവ് വരുത്താനായി. 2004-2005-ൽ 3.3 ശതമാനമായിരുന്നത് ഇപ്പോൾ 1.9 ശതമാനമായി കുറഞ്ഞു. 2010-2011-ൽ പൂജ്യം ശതമാനത്തിൽ എത്തിക്കുമെന്ന് ധനമന്ത്രി ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നതാണ്. അതിനെന്താണ് പ്രതിബന്ധമെന്നും അദ്ദേഹം തന്നെ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. പതിമൂന്നാം ധനകാര്യ കമ്മിഷന്റെ തീർപ്പിന്റെ ഭാഗമായി കേന്ദ്ര നികുതി വിഹിതത്തിൽ ഗണ്യമായ കുറവുവരുന്നു. ഏതാണ്ട് അയ്യായിരം കോടി രൂപയുടെ നഷ്ടം അതിന്റെ ഭാഗമായി സ്റ്റേറ്റിനുണ്ടാകുമെന്ന് പറഞ്ഞു. ആ സമീപനമൊന്ന് ഒഴിവായിക്കിട്ടിയാൽ നമുക്ക് സീറോ പേർസന്റിൽ എത്തിക്കാൻ കഴിയും. നിങ്ങളുടെ കാലത്ത് ധനകമ്മി 4.4 ശതമാനം ആയിരുന്നത് 3.12 ശതമാനമായി കുറഞ്ഞു. മൂലധനച്ചെലവിൽ ഒരുതരം സമാനതകളുമില്ലാത്ത വലിയ കുതിച്ചുചാട്ടം ഉണ്ടായി. 2004-2005-ൽ 682 കോടി രൂപ 4145 കോടി രൂപയിലേക്ക് വർദ്ധിപ്പിച്ചിട്ടാണ് ധനകമ്മിയിൽ കുറവ് ഉണ്ടാക്കിയത്. പ്രധാനപ്പെട്ട വികസന കാര്യങ്ങൾക്കാണ് ഈ പണമൊക്കെ ചെലവാക്കുന്നത്. പശ്ചാത്തല സൗകര്യ വികസനം, ശ്രീ. തിരുവഞ്ചൂർ ഇടപെട്ട് ഒരു കാര്യം പറഞ്ഞപ്പോൾ അത്ഭുതം തോന്നി. അങ്ങയെപ്പോലുള്ള പരിചയസമ്പന്നനായിട്ടുള്ള ഓരാൾ, ബഡ്ജറ്റിൽ ഇത്ര പണമൊക്ക വയ്ക്കുന്നതിൽ എന്താ കാര്യം, ഗവൺമെന്റ് ഉണ്ടെങ്കിലും ഇല്ലെങ്കിലും അതൊക്കെ വയ്ക്കില്ലേ? അതൊക്കെ ഉദ്യോഗസ്ഥൻമാർ ചെയ്യുന്നതല്ലേയെന്ന്. ശ്രീ. തിരുവഞ്ചൂർ പറഞ്ഞതുകൊണ്ടാണ് അത്ഭുതം തോന്നിയത്. നിങ്ങളുടെ ഭരണകാലത്ത് അങ്ങനെയാണോ നടന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ഞാൻ പറഞ്ഞത് അങ്ങ് മനസ്സിലാക്കാത്തതുകൊണ്ടാണ്. ഞാൻ പറഞ്ഞത് എ.എസ്. കിട്ടിയ വർക്കിനകത്ത് നാച്വറലായിട്ട് ബഡ്ജറ്റിനകത്ത് ക്യാരിഓവർ ചെയ്തുവന്നതിനെ പിന്നെ ഉപദ്രവിക്കാതിരുന്നാൽ മതി. ഉള്ള എ.എസും കളഞ്ഞ്, ഇതിലെ പണവും കളഞ്ഞ് അങ്ങനെ ഒരു ദ്രോഹം ചെയ്യാതിരുന്നാൽ മാത്രം മതി. അതല്ലെങ്കിൽ നാച്വറൽ കോഴ്സിൽതന്നെ അതങ്ങനെപോകും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പ്രദീപ് കുമാർ: എനിക്ക് മനസ്സിലാകാത്തത് എ.എസ്. എന്നൊക്കെ പറയുന്നത് സ്വമേധയാ വരുന്നതാണോ. ഓരോ പദ്ധതിക്കും വികസന പ്രവർത്തനങ്ങൾക്കും പണം അനുവദിക്കുന്നത് ഗവൺമെന്റ് രാഷ്ട്രീയപരമായി നയപരമായി തിരുമാനിച്ചട്ടല്ലേ ഇതിന് പ്രാധാന്യം കൊടുക്കണം എത്ര തുക അനുവദിക്കണമെന്നുള്ളത്. ശ്രീ. കെ. പി. മോഹനൻ സംസാരിക്കുന്ന സമയത്ത് പറഞ്ഞു. എന്താണ് ഇപ്പോൾ ഇവിടെ ഒരു വ്യത്യാസമുണ്ടായിട്ടുള്ളത്. ഇതൊക്കെ എല്ലാ കാലത്തും ഉണ്ടായിട്ടുള്ളതല്ലേ ; എന്ന നിലയിലൊക്കെ സംസാരിക്കുകയുണ്ടായി. ഒരുപാട് കാര്യങ്ങൾ പറഞ്ഞു, ഞാൻ എന്റെ അനുഭവത്തിൽനിന്നു പറയാം. എന്റെ അസംബ്ലി മണ്ഡലമായ കോഴിക്കോട് 1, അവിടത്തെ റോഡ് വികസനത്തിനുവേണ്ടി കേരള സംസ്ഥാനം ഉണ്ടായതിനുശേഷം അഞ്ചു കോടിയിലധികം രൂപ ഒരു കാലത്തും ബഡ്ജറ്റിൽ വച്ചിട്ടില്ല. ബഹുമാനപ്പെട്ട സുജനപാൽ ആയിരുന്നല്ലോ നേരത്തെ അവിടത്തെ എം.എൽ.എ. നേരത്തെ ആരോ ഇടപെട്ട് സംസാരിച്ചപ്പോൾ പറഞ്ഞു, ഞങ്ങളുടെ ഭരണകാലത്ത് ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ എം.എൽ.എ.മാർക്കും ഒരുപോലെ തുക കൊടുത്തു. എന്നിട്ടെന്താണ് നിങ്ങൾ എ. സുജനപാലിന് കൊടുക്കാതിരുന്നത്? അഞ്ചു കോടിയിലധികം രൂപ ഒരു ബഡ്ജറ്റിലും ഉണ്ടായിരുന്നില്ല. ഇപ്പോൾ 48 കോടി രൂപയുടെ റോഡ് വികസന പദ്ധതി എന്റെ മണ്ഡലത്തിൽ നടക്കുന്നുണ്ട്. ഈ രണ്ടു വർഷമായിട്ട് തന്നതാണ്. ബൈപ്പാസിൽ അതൊന്നും വരില്ല. ബൈപ്പാസിന്റെ ഫണ്ട് വേറെയാണ്. ഇത് സ്റ്റേറ്റ് പി. ഡബ്ള്യു.ഡി. വഴി 48 കോടി രൂപയുടെ പ്രവൃത്തി ഈ വരുന്ന രണ്ടാം തീയതി ബഹുമാനപ്പെട്ട മന്ത്രി ഉദ്ഘാടനം ചെയ്യാൻ പോകുന്നു. അത് 25 കോടി രൂപയുടെ വർക്കാണ്. 32 കോടി രൂപ മുടക്കി ടൂറിസം മേഖലയുടെ വികസന പദ്ധതി അവിടെ നടപ്പിലാക്കുന്നു. ഇതിന് മുമ്പ് ഇങ്ങനെ ഒന്നും ഉണ്ടായിട്ടില്ലല്ലോ. ഈ ഗവൺമെന്റ് തന്നതുകൊണ്ടല്ലേ? നേരത്തെ നിങ്ങൾ എല്ലാപേരെയും ഒരുപോലെ കണ്ടുവെന്നു പറഞ്ഞു. ശ്രീ. സുജനപാൽ ഉണ്ടായിരുന്ന സമയത്ത് എന്താണ് നിങ്ങൾ കൊടുക്കാതിരുന്നത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: കൊച്ചി നഗരത്തിൽ എന്റെ കോൺസ്റ്റിറ്റ്യുവൻസിയിൽ അയ്യായിരം കോടി രൂപയിലധികം വർക്ക് നടക്കുകയാണ്. എനിക്ക് വല്ല കാര്യവുമുണ്ടോ അതിനകത്ത് ? നാച്വറൽ ആയിട്ട് വരുന്ന വികസനമാണ് അത്. അതുപോലെ കോഴിക്കോട് നഗരമല്ലേ, വർക്ക് വരില്ലേ?

ശ്രീ. എ. പ്രദീപ് കുമാർ: സർ, അങ്ങയെപ്പോലുള്ള ആളുകൾ ഇങ്ങനെ പറയരുത്. കോടികളുടെ വർക്കുകൾ അവിടെ കോർപ്പേറേഷന്റെ നേതൃത്വത്തിൽ എ.ഡി.ബി.യുടെ സഹായത്തോടെ നടക്കുന്നുണ്ട്. ഇത് JNNURM പദ്ധതിയുടേതാണ്. കേന്ദ്രസഹായത്തോടെ കോർപ്പറേഷൻ നടത്തുന്നതാണ്. ഞാൻ പറഞ്ഞത് സംസ്ഥാന പി.ഡബ്ള്യു.ഡി.വഴി നിങ്ങൾക്കെല്ലാം മണ്ഡല

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിൽ തന്നപോലെ ഞങ്ങൾക്കും അനുവദിച്ചതാണ്. എം.എൽ.എ. മാർ ഫോളോ അപ് ചെയ്യുന്ന വർക്ക് മാത്രമേ ഞാൻ പറഞ്ഞുള്ളൂ. കോർപ്പറേഷന്റെ കോടികളുടെ വർക്ക്, ചരിത്രത്തിലില്ലാത്തവിധത്തിലുള്ള വികസനം കോഴിക്കോട് നടക്കുകയാണ്. ഇത് ഈ ഗവൺമെന്റ് തന്നതാണ്. ഐ.ടി. പാർക്കുകൾ, നഗരത്തിനകത്ത് രണ്ട് സൈബർ പാർക്കുകൾക്ക് അവിടെ തുടക്കം കുറിച്ചു. ഈ ഗവൺമെന്റ് ഐ.ടി. രംഗത്തുള്ള നിക്ഷേപം വർദ്ധിപ്പിച്ചു. നിങ്ങളുടെ കാലത്ത് മലബാർ മേഖലയെ പരിഗണിച്ചില്ല എല്ലാ മണ്ഡലങ്ങളിലും, വ്യവസായ വകുപ്പുമന്ത്രിയുടെ മണ്ഡലത്തിലും പി. എം. എ. സലാമിന്റെ മണ്ഡലത്തിലും അങ്ങനെ എല്ലാ മണ്ഡലങ്ങളിലും ഒരുകാലത്തുമില്ലാത്ത നിലയിൽ വൻതോതിലുള്ള വികസനം നടക്കുകയാണ്. അതിനുള്ള പണം അനുവദിക്കുക, അതിന് ഭരണാനുമതി നൽകുക. നേരത്തെ ആരോ പറഞ്ഞു, ധനകാര്യ വകുപ്പുമന്ത്രിമാർ അല്ലെങ്കിൽ വകുപ്പ് പലപ്പോഴും ഉടക്കുകൾ മാത്രമാണ് ഉണ്ടാക്കുക എന്ന്. ചില അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റുകളുടെ ബ്യൂറോക്രസിയുടെ കുഴപ്പം കാരണം എ.എസ്. കിട്ടാനും, ടി.എസ്. കിട്ടാനും കാലതാമസമുണ്ടായപ്പോൾ ഫയലുകൾ നേരിട്ട് ധനകാര്യമന്ത്രി വിളിപ്പിച്ച്, ധനകാര്യ വകുപ്പ് എല്ലാ ക്ലിയറൻസും തന്ന് അതിവേഗം ഈ കാര്യങ്ങൾ നടത്തുന്നതിനുള്ള എല്ലാ സഹായവും ചെയ്തിട്ടുണ്ട്. ഇത് നേരത്തെയില്ലാത്ത അനുഭവമാണ്. ഈ ചെലവുകളെല്ലാം ചെയ്തിട്ടും ഒരു ദിവസം പോലും ഓവർഡ്രാഫ്ട് അല്ലെങ്കിൽ അഡ്വാൻസ് വാങ്ങേണ്ട അവസ്ഥയും ഉണ്ടായിട്ടില്ല. അതാണ് ഏറ്റവും കാര്യക്ഷമമായ ധനകാര്യ മാനേജുമെന്റിന്റെ ഉത്തമ നിദർശനം. ധനപരമായ കാര്യങ്ങളിൽ ഒരു സ്റ്റെബിലിറ്റി നമുക്ക് കൈവരിക്കാൻ കഴിഞ്ഞു എന്നുള്ളതാണ് ഈ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടം. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് അത് എത്രയോ നഷ്ടത്തിലായ കണക്കാണ്. നേരത്തെ ശ്രീ. കെ. പി. മോഹനൻ സംസാരിച്ചപ്പോൾ പറഞ്ഞു. ഇന്നലെ വ്യവസായ വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് വിമർശനം ഉന്നയിച്ച ശ്രീ. രണ്ടത്താണി അവിടെയിരിപ്പുണ്ട്. വ്യവസായ വകുപ്പുമന്ത്രിയുടെ മറുപടിയോടുകൂടി ഉടയാടകളഴിഞ്ഞ് ബർത്ത്ഡേ സ്യൂട്ടിൽ ഇവിടെനിന്നത് കണ്ടതാണ്. ഇനി ഇന്നത്തെ മറുപടി കഴിയുമ്പോൾ ബാക്കി കൂടി വരും. ധനകാര്യവകുപ്പ് നേരിട്ട് കൈകാര്യം ചെയ്യുന്ന രണ്ടു പൊതുമേഖലാ സ്ഥാപനങ്ങളാണ് കെ.എസ്.എഫ്.ഇ.യും കെ.എഫ്.സി.യും. ഒരിക്കലും ഉണ്ടാകാത്ത തരത്തിലുള്ള വലിയ മുന്നേറ്റമാണ് അതിനകത്ത് ഉണ്ടായത്. നിങ്ങളുടെ കാലത്ത് കെ.എഫ്.സി. യുടെ നോൺ പെർഫോമിംഗ് അസറ്റ്, നിഷ്ക്രീയ ആസ്തിയുടെ പെർസെന്റേജ് 52.36 ശതമാനമാണ്. അത് അമ്പതു ശതമാനത്തിൽ കൂടിയാൽ പൊളിഞ്ഞു എന്നർത്ഥം. അത് നേരെ 6.5 ശതമാനമായി കുറയ്ക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. അതൊരു ധനപരമായ ആരോഗ്യത്തിന്റെ ലക്ഷണമാണ്. കെ.എസ്.എഫ്.ഇ.-യ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

പുതിയ ബ്രാഞ്ചുകൾ തുടങ്ങിയതുവഴി 266 ആയിരുന്നത് 339 ബ്രാഞ്ചായി. രണ്ടായിരത്തിയെണ്ണൂറോളം ആളുകൾക്ക് പുതിയതായി ജോലി കൊടുക്കാനുള്ള സൗകര്യം ഉണ്ടായി. ചിട്ടിക്കാരുടെ എണ്ണം ഏഴ് ലക്ഷത്തിൽനിന്ന് 13 ലക്ഷമായി വർദ്ധിച്ചു. അഭൂതപൂർവ്വമായ വളർച്ചയാണ് ഉണ്ടായത്. ഇതിന് നേതൃത്വം നൽകിയത് ധനകാര്യവകുപ്പാണ്. കേരളത്തിലുണ്ടായിട്ടുള്ള ധനപരമായ സ്റ്റെബിലിറ്റിയുടെ ലക്ഷണമാണ് ഈ പറഞ്ഞതെല്ലാം. ആ നിലയിൽ ധനകാര്യ മേഖലയെ നയിക്കാനായതുകൊണ്ടാണ് മാണി സാറിനിന്ന് സ്പെല്ലിംഗ് മിസ്റ്റേക്ക് പറഞ്ഞുകൊണ്ട് ഇരിക്കേണ്ടിവന്നതെന്നുള്ള താണ് എന്റെ അഭിപ്രായം. മറ്റ് രണ്ട് കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കാനുള്ളത്..... ശ്രീ. കെ. കെ. ഷാജുവിനെ നേരിടാൻ ഇപ്പോൾ പേപ്പറിന്റെയൊന്നും ആവശ്യമില്ല. ഇവിടെ ഞാൻ പറഞ്ഞുവരാൻ പോകുന്നത്, ഈ പറയുന്ന സ്റ്റെബിലിറ്റി.

<u>ശ്രീ. പി. വിശ്വൻ:</u> ബഹുമാനപ്പെട്ട എ. പ്രദീപ് കുമാർ ഈ ഗവൺമെന്റിന്റെ കാലത്തെ നേട്ടങ്ങളെ സംബന്ധിച്ച് പറയുമ്പോൾ നിങ്ങൾ മറന്നുപോയ ഒരു വിഷയം ഞാൻ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. എന്റെ മണ്ഡലമായ കൊയിലാണ്ടിയിൽ ബഡ്ജറ്റിൽ പണം വയ്ക്കാതെ ആരോഗ്യവകുപ്പുമന്ത്രി കൊയിലാണ്ടി താലൂക്ക് ആശുപത്രി പൊളിച്ചിട്ടു. പഴയ മന്ത്രി ശ്രീ. പി. ശങ്കരൻ താലൂക്ക് ആശുപത്രിയെ തകർത്തു. അവിടെ ഈ ഗവൺമെന്റ് വന്നതിനുശേഷം 12 കോടി രൂപയുടെ ഭരണാനുമതി കൊടുത്ത് ഒരു വലിയ കെട്ടിടം തുടങ്ങാനും ആ ആശുപത്രിയെ നല്ല നിലയ്ക്ക് കൊണ്ടുപോകാനും കഴിഞ്ഞുവെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. പ്രദീപ് കുമാർ:</u> അതിനേക്കാൾ ശ്രദ്ധയിൽപ്പെട്ട ഒരു കാര്യം, ആ മന്ത്രി ഒരു വ്യക്തതട്ടിപ്പുകാരന്റെ കാറിൽ പോയ വാർത്ത പത്രങ്ങളി ലൊക്കെ അച്ചടിച്ച് വന്നതാണ്. അതായിരുന്നു അന്ന് കൂടുതൽ ശ്രദ്ധയിൽപ്പെട്ടത്. ഞാൻ ഇവിടെ പറഞ്ഞുവന്നത്, നമ്മളെല്ലാവരും ഈ നേട്ടത്തെക്കുറിച്ചൊക്കെ അഭിമാനം കൊള്ളുകയാണ്. പക്ഷേ ഈ സ്റ്റെബിലിറ്റിയെ ഡീ-സ്റ്റെബിലൈസ് ചെയ്യാനുള്ള ശ്രമം ഇവിടെ നടക്കുന്നുണ്ട്. അത് യു.ഡി.എഫ്-ന്റെ ഭാഗത്തു നിന്ന് മാത്രം നടക്കുന്നതല്ല, നിങ്ങൾ രാഷ്ട്രീയമായി പലതും പറയും. പക്ഷേ ഇന്നലെ ഇവിടെ ചർച്ച ചെയ്തിട്ടുള്ള തീവ്രവാദത്തിന്റെ പ്രശ്നം നമ്മളെ ല്ലാവരും ഒന്നിച്ച് ഒരേ മനസ്സോടെ നേരിടേണ്ടത് തന്നെയാണ്. അതാണ് ഈ പറഞ്ഞ നേട്ടങ്ങളെയെല്ലാം തകിടം മറിക്കാൻ പോകുന്നത്. അതിന് പ്രധാന മായിട്ടും ചെയ്യേണ്ടത് നാം പരസ്പരം വിദ്വേഷത്തിന്റെയോ എതിർപ്പിന്റെയോ അന്തരീക്ഷം ഇല്ലാതെ സഹകരിക്കണമെന്നതാണ്. ഇന്നലെ ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി തീവ്രവാദവുമായി കൂട്ടുച്ചേർന്നു എന്നുള്ള ഒരു വാക്ക് പറഞ്ഞപ്പോൾ, അദ്ദേഹം പിൻവലിച്ചിട്ടും നിങ്ങൾ വലിയ കോലാ ഹലമുണ്ടാക്കി. യു.ഡി.എഫ്-ന്റെ ഭാഗത്തുനിന്ന് കുറച്ചുകൂടി വ്യക്തതയുള്ള നിലപാടുകളുണ്ടാകണമെന്ന ഉദ്ദേശ്യത്തിൽ തന്നെയാണ് എല്ലാവരും പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ചോദിക്കട്ടെ, കിനാലൂരിൽ എന്താണ് ഉണ്ടായത്? കിനാലൂരിൽ റോഡിന്റെ വികസന പ്രവർത്തനത്തിന് തടസ്സമുണ്ടാക്കാൻ വന്നത് തീവ്രവാദ രാഷ്ട്രീയം കൈകാര്യം ചെയ്യുന്ന മതാധിഷ്ഠിത രാഷ്ട്ര സങ്കൽപ്പം ഉയർത്തിപ്പിടിക്കുന്ന ജമാ അത്ത് ഇസ്ലാമിയാണ്. അവരോടൊപ്പം ചേർന്നുകൊണ്ട് നിങ്ങളുടെ ജില്ലാ നേതാക്കൻമാരെല്ലാം ആ സമരത്തിൽ പങ്കാളികളായില്ലേ ? നിങ്ങൾ അതിനെ അപലപിച്ചോ? അതല്ലേ തീവ്രവാദവുമായി ചേരുന്നു എന്നുപറഞ്ഞത്. അത് മാറേണ്ടതല്ലേ? എൻ.ഡി.എഫ്-ഉം എസ്.ഡി.പി.ഐ -യുമെല്ലാം, നിങ്ങളൊരിക്കലും ഇത് തുറന്നു പറയുന്നില്ലല്ലോ. ഇപ്പോൾ എല്ലാവർക്കുമറിയാം,..............

ശ്രീ. കെ. ബാബു: ശ്രീ. പ്രദീപ് കുമാർ തീവ്രവാദത്തിന് എതിരായിട്ട് പറയുകയാണല്ലോ? അങ്ങനെയാണെങ്കിൽ ശ്രീ. പ്രദീപ് കുമാർ തന്നെ ചൂണ്ടിക്കാണിച്ച പോപ്പുലർ ഫ്രണ്ടിന്റെയും ജമാ അത്ത് ഇസ്ലാമിയുടെയും, എല്ലാം പ്രതിനിധികളെ നിങ്ങൾ വഖഫ് ബോർഡിലും മറ്റും എടുത്തല്ലോ? അവരെ പുറത്തുവിടാമോ?.

ശ്രീ. എ. പ്രദീപ് കുമാർ: പോപ്പുലർ ഫ്രണ്ടിന്റെ പ്രതിനിധികൾ വഖഫ് ബോർഡിലൊന്നുമില്ല. അതൊക്കെ നിങ്ങൾ പറയുകയാണ്. ഞാൻ. ഇവിടെ പറഞ്ഞത്, എല്ലാവർക്കുമറിയാം.

ശ്രീ. പി. ജയരാജൻ: ഇപ്പോൾ കെ.പി.സി.സി ഭാരവാഹികളുടെ യോഗത്തിന്റെ വാർത്ത ടെലിവിഷനിലൊക്കെ വന്നുകൊണ്ടിരിക്കുന്നുണ്ട്. കെ.പി.സി.സി പ്രസിഡന്റ് പത്രസമ്മേളനം നടത്തിയപ്പോൾ നിങ്ങൾ പോപ്പുലർ ഫ്രണ്ടിന്റെ വോട്ട് വേണ്ട എന്നുപറയുമോ എന്ന് പത്രക്കാർ ചോദിച്ചു. പറയാൻ ഇപ്പോഴും തയ്യാറല്ല എന്നുള്ള കാര്യം ബഹുമാനപ്പെട്ട എ. പ്രദീപ് കുമാർ മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. എ. പ്രദീപ് കുമാർ: അതുതന്നെയാണ് ഞാൻ പറഞ്ഞത്. തീവ്രവാദം ഇന്ന് കൈകാര്യം ചെയ്യുന്നത് പോപ്പുലർ ഫ്രണ്ടാണെന്ന് ഇന്നത്തെ അറസ്റ്റോടുകൂടി എല്ലാവർക്കുമറിയാം. എല്ലാവരും പറയുന്നു, എല്ലാ മാധ്യമങ്ങളും പറയുന്നു. കോഴിക്കോടൊക്കെ പറയുന്നതുപോലെ, വട്ടക്കോഴി ആമയെ കണ്ട പോലെയാണ് ഈ തീവ്രവാദത്തോടുള്ള നിങ്ങളുടെ നിലപാട്. വട്ടക്കോഴി എന്നുപറഞ്ഞാൽ ആമയെ പോയി കണ്ടിട്ട് ആമ എന്നു പറയില്ല, ആമയെ നമ്മൾ തൊടുന്ന സമയത്ത് അതിന്റെ കയ്യും കാലുമൊക്കെ ഉള്ളിലേയ്ക്ക് എടുക്കും. പുറത്തേക്ക് എടുക്കും, അപ്പോൾ പറയും കൈകാലുണ്ട്, കൈകാലില്ല, കൈകാലുണ്ട്, കൈകാലില്ല, ഇതാണ് പറയുന്നത്. ഒരിക്കലും ആമ എന്നുപറയില്ല. നിങ്ങൾ ആമയെ ആമയെന്ന് പറയണം. അതേ ഞങ്ങൾ പറഞ്ഞുള്ളൂ. എന്തിനാണിത് പറയുന്നത്? നിങ്ങൾക്ക് വേണ്ടി കൂടിയാണ്. പണ്ടൊരു കാലത്ത് ബിന്ദ്രൻവാലയെ സിക്ക് ജനതയുടെ ആത്മീയ നേതാവായി നിങ്ങൾ അവതരിപ്പിച്ചു. ******

***സഭാദ്ധ്യക്ഷന്റെ തീരുമാന പ്രകാരം (ഫയൽ നമ്പർ 3520/ഇ.ബി/2010/ലെജി) സഭാ രേഖകളിൽ നിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് അവസാനിപ്പിക്കു. ശ്രീ. കെ. സി. ജോസഫ്,

ശ്രീ. എ. പ്രദീപ് കുമാർ: അതുകൊണ്ടുതന്നെ ആ ആപത്തുണ്ടാകാതിരിക്കാൻ നിങ്ങൾ ഇത് നെല്ലും പതിരും തിരിച്ചറിഞ്ഞ് പറയണം. ......(ബഹളം)..... ഒരൊറ്റ കാര്യം......

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് അവസാനിപ്പക്കണം, പോയിന്റ് ഓഫ് ഓർഡർ.....

ശ്രീ. എ. പ്രദീപ് കുമാർ: ഞാൻ പറയുന്നത്,

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് അവസാനിപ്പിക്കണം, പ്ലീസ്.....

ശ്രീ. എ. പ്രദീപ് കുമാർ: ഞാൻ പറയാൻ പോകുന്നത്, ഞങ്ങൾ ഇത് നിങ്ങളെക്കൊണ്ട് പറയിപ്പിക്കും.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, പോയിന്റ് ഓഫ് ഓർഡർ, *** ഈ നിയമസഭയിൽ അവാസ്തവമായ പ്രസ്താവന നടത്തുന്നത് ഓർഡറിലാണോ? അത് എക്സ്പഞ്ച് ചെയ്യണം, അത് നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം, ഞാനും കണ്ടിട്ടില്ല. പരിശോധിച്ച് ചെയ്യാം.

ശ്രീ. എ. പ്രദീപ് കുമാർ: അത് ഞാൻ പിൻവലിക്കില്ല, അത് അവാസ്തവമല്ല...

മി. ഡെപ്യൂട്ടി സ്പീക്കർ: ഞാനും കണ്ടിട്ടില്ല. പരിശോധിച്ച് ചെയ്യാം.

ശ്രീ. എ. പ്രദീപ് കുമാർ: അത് സത്യസന്ധമായിട്ടുള്ള കാര്യമാണ്. മനോരമയുടെ പഴയ താളുകൾ പരിശോധിച്ചാൽ അത് കിട്ടുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്, അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. എ. പ്രദീപ് കുമാർ: ഒരൊറ്റ കാര്യം, ഞാൻ പറഞ്ഞത്, ഈ തീവ്രവാദി, നിങ്ങൾ പേര് പറയാതെ കളിക്കുകയാണ്. നിങ്ങളെക്കൊണ്ട് പേര് പറയിപ്പിക്കും. ഈ സഭ കഴിയുന്നതിന് മുൻപ് നിങ്ങളെക്കൊണ്ട് ഞങ്ങൾ പറയിപ്പിക്കും. ....(ബഹളം).........അതുമാത്രമല്ല...

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് അവസാനിപ്പിക്കണം, ശ്രീ. കെ. സി. ജോസഫ്.....

ശ്രീ. എ. പ്രദീപ് കുമാർ: ഇനി ഈ സഭയിൽ പറഞ്ഞില്ലെങ്കിൽ, നിങ്ങൾക്ക് പറയാതെ പോകാൻ പറ്റില്ല. തെരുവിൽ വച്ച് പറയിപ്പിക്കും,

***സഭാദ്ധ്യക്ഷന്റെ തീരുമാന പ്രകാരം (ഫയൽ നമ്പർ 3520/ഇ.ബി/2010/ലെജി) സഭാ രേഖകളിൽ നിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളെ പിടിച്ചുകെട്ടി പറയിപ്പിക്കും. എങ്ങനെയാണെന്നറിയാമോ? ......(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്, അങ്ങ് അവസാനിപ്പിക്കണം.....

ശ്രീ. എ. പ്രദീപ് കുമാർ: അതായത് നല്ല സുദൃഢമായ.........

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്, അങ്ങ് അവസാനിപ്പിക്കണം.....

ശ്രീ. എ. പ്രദീപ് കുമാർ: .....അതുവച്ച് നിങ്ങളെ പറയിപ്പിക്കും. ഇത് പറയാതെ നിങ്ങൾക്ക് പോകാനാകില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് അവസാനിപ്പിക്കണം.....

ശ്രീ. എ. പ്രദീപ് കുമാർ: ഒറ്റ കാര്യം കൂടിയേ പറയാനുള്ളു. ശ്രീ. തിരുവഞ്ചൂരിനെപ്പോലെ ശ്രീ. സി. പി. മുഹമ്മദിനെപ്പോലെയുള്ള ആളുകളിൽ നിന്ന് പ്രതീക്ഷിക്കാത്ത എല്ലാ തീവ്രവാദത്തിനും പശ്ചാത്തല മൊരുക്കുന്ന ഒരു വലിയ പ്രഖ്യാപനമുണ്ടായി. എന്താണ്? ....(ബഹളം)..... ഇടയലേഖനത്തിലൂടെ നിരീശ്വരവാദികൾക്ക് വോട്ട് കൊടുക്കണ്ട..............(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...........ശ്രീ. കെ. സി. ജോസഫ് ....(ബഹളം)...... അത് ശരിയല്ല, അങ്ങ് സംസാരിക്കൂ, അങ്ങനെ സമയം തരാനാകില്ല, അത് ശരിയല്ലല്ലോ, ഇതിനൊക്കെ ഒരു സമയമില്ലേ. .... (ബഹളം)........ മാണി സാറിന് തന്നു, നിങ്ങൾ അത് തീരുമാനിക്കണ്ട, അങ്ങനെ എല്ലാറ്റിലും കയറി ഇടപെടേണ്ട, ശരിയല്ല അത്. അങ്ങനെയൊന്നും ശരിയല്ല.....(ബഹളം). അതൊന്നും ശരിയല്ല...............(ബഹളം).....

ശ്രീ. എ. പ്രദീപ് കുമാർ: ഞാൻ പറഞ്ഞുവന്നത്, അതിൽ അവരുടെ നിലപാട് വ്യക്തമാക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അതൊന്നും ശരിയല്ല.

ശ്രീ. എ. പ്രദീപ് കുമാർ: ശ്രീ. കെ. സി. ജോസഫ് സംസാരിക്കുമ്പോൾ നിലപാട് വ്യക്തമാക്കണം. നിങ്ങളുടെ നിലപാടാണോ ഇവർ രണ്ടുപേരും പറഞ്ഞത്.....

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് അവസാനിപ്പിക്കണം...

ശ്രീ. എ. പ്രദീപ് കുമാർ: ശ്രീ. തിരുവഞ്ചൂർ പറഞ്ഞത്......

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് അവസാനിപ്പിക്കണം, പറ്റില്ല, പറ്റില്ല, ശ്രീ. കെ. സി. ജോസഫ്, അങ്ങേയ്ക്ക് സംസാരിക്കാം. ഇത് ശരിയല്ല, ഇങ്ങനെ മോശമായി പോകാനാകില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, 2010-ലെ കേരള ധനകാര്യ ബില്ലിനെ എതിർക്കുകയാണ്. ഇവിടെ ധനകാര്യ ബില്ലിന്റെ ചർച്ച ഉന്നതമായ നിലവാരം പുലർത്തേണ്ട ചർച്ചയാണ്. ശ്രീ. പ്രദീപ് കുമാറിനെപ്പോലെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

എന്റെ സുഹൃത്ത്, പഴയ വിദ്യാർത്ഥി യുവജന നേതാവ്, കുറച്ചുകൂടി മാന്യമായ ഭാഷയിൽ സംസാരിക്കേണ്ടതായിരുന്നു. വായിൽ തോന്നുന്നതെല്ലാം അങ്ങേക്ക് പാട്ടാകാൻ പാടില്ലായിരുന്നു. ധനകാര്യ വകുപ്പുമന്ത്രി നിർദ്ദേശിച്ച നികുതികൾക്കൊക്കെ ഈ നിയമത്തിലൂടെ പ്രാബല്യം നൽകുകയാണ്. 874.14 കോടി രൂപയുടെ നികുതിയാണ് അങ്ങ് പ്രഖ്യാപിച്ചത്. അങ്ങയുടെ പല നികുതി നിർദ്ദേശങ്ങളും പ്രായോഗികമല്ല. വസ്തുവിന്റെ ന്യായവില നിശ്ചയിക്കാനുള്ള സ്റ്റാമ്പ് ആക്ടിലെ തീരുമാനങ്ങളടക്കം ഈ നാല് മാസത്തെ അനുഭവം പരിശോധിക്കുമ്പോൾ ബോദ്ധ്യമായി കാണും, ക്രയവിക്രയങ്ങൾ ഗണ്യമായി കുറയുന്നു. വരുമാന വർദ്ധനവ് ഉണ്ടാകുന്നില്ല. ന്യായവില മാർക്കറ്റ് വിലയുടെ 50 ശതമാനത്തിൽ കവിയാൻ പാടില്ലെന്ന് അങ്ങ് പറഞ്ഞു. ഒരു പരിധി വ്യക്തമായി പറയാത്തതുതന്നെ അഴിമതിക്കുള്ള അവസരം തുറന്നുകൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. ഇവിടെ തെരഞ്ഞെടുപ്പ് വർഷമായപ്പോൾ പ്രചാരണങ്ങളുടെ വലിയൊരു പെരുമഴക്കാലമാണ്. ഏതാണ്ട് 20 കോടി രൂപയാണ് ഇപ്പോൾ അങ്ങയുടെ ഡിപ്പാർട്ടുമെന്റ് കഴിഞ്ഞ മേയ് മാസം മുതൽ നിങ്ങളുടെ വാർഷികത്തിന്റെ പ്രചരണത്തിനുവേണ്ടി ചെലവഴിച്ചത്. നാട് മുന്നേറിയ നാല് വർഷങ്ങൾ എന്നു പറഞ്ഞ് വ്യാപകമായ പ്രചരണം. നാട് നരകിച്ച നാല് വർഷങ്ങളെ നിങ്ങൾ എങ്ങനെ വെള്ളപൂശാൻ ശ്രമിച്ചാലും നിങ്ങൾക്ക് രക്ഷപ്പെടാൻ സാധിക്കില്ല. എനിക്ക് ഓർമ്മ വരുന്നത്, എൻ.ഡി.എ ഗവൺമെന്റിന്റെ അവസാന കാലഘട്ടം, ശ്രീ. വാജ്പേയ് പ്രധാനമന്ത്രിയായിരുന്നു. തെരഞ്ഞെടുപ്പിന് മുൻപായി ഒരു വലിയ ക്യാമ്പയിൻ ഇൻഡ്യയിൽ ആരംഭിച്ചു. "India Shining, ആ ഗവൺമെന്റിന്റെ വർഗ്ഗീയ മുഖത്തെ വെള്ള പൂശാൻ വേണ്ടി നടത്തിയ "India Shining" ക്യാമ്പയിൻ എവിടെ അവസാനിച്ചു? പരാജയം ഏറ്റുവാങ്ങി ബി.ജെ.പി.ക്കും വാജ്പേയിക്കും പുറത്തുപോകേണ്ടി വന്നു. ആ അനുഭവം നിങ്ങളെയും കാത്തിരിക്കുകയാണ്. ഇവിടെ എനിക്കൊരു കാര്യം പറയാനുള്ളത്, ബഡ്ജറ്റിന് മുൻപായി ഒരു ഇക്കണോമിക് റിവ്യൂ അവതരിപ്പിക്കാറുണ്ട്. സാമ്പത്തിക അവലോകനം. ഇനിയെങ്കിലും അതിന് മുൻപായി പെർഫോർമൻസ് റിവ്യൂ നടത്തണം. ഓരോ കൊല്ലത്തെയും ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ പിറ്റേ വർഷമാകുമ്പോൾ എത്രമാത്രം നടപ്പിലായി എന്ന് പറയണ്ടേ? അങ്ങയുടെ അഞ്ചാമത്തെ ബഡ്ജറ്റാണിത്. ബഡ്ജറ്റ് പരിശോധിച്ചാൽ, അങ്ങ് എന്നോട് ക്ഷമിക്കണം, ബഡ്ജറ്റിന് ക്രെഡിബിലിറ്റിയില്ല, വിശ്വാസ്യതയില്ല.

2009-10-ലെ ബഡ്ജറ്റിൽ പാര 9-ൽ അങ്ങ് പറഞ്ഞു സാമ്പത്തിക തന്ത്രത്തിലെ രണ്ടാമത്തെ അടിസ്ഥാന വശം തൊഴിലും വരുമാനവും ഉല്പാദനവും വർദ്ധിപ്പിക്കാൻ കഴിയുന്ന പൊതു നിക്ഷേപമാണ് എന്ന്. അങ്ങ് എന്തെല്ലാം പ്രഖ്യാപിച്ചു. പതിനായിരം കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് രണ്ട് കൊല്ലം കൊണ്ട്. സർക്കാർ നിക്ഷേപം കുടിവെള്ള-ജലസേചന മരാമത്ത് മേഖലയിൽ 5,000 കോടി രൂപ, ഇതെല്ലാം കഴിഞ്ഞ കൊല്ലത്തേതാണ്. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ വ്യവസായം,

LIBRARY ARCHIVES Kerala Legislative Assembly

ഐ.ടി., ടൂറിസം ഇവയ്ക്ക് 5,000 കോടി രൂപ. പശ്ചാത്തല സൗകര്യ പാക്കേജ് 10,000 കോടി രൂപ. സ്വകാര്യ നിക്ഷേപ പദ്ധതികൾ 20,000 കോടി രൂപ. മലബാർ പാക്കേജ് 1,500 കോടി രൂപ. ഇൻകെൽ ഏറ്റെടുത്ത പ്രോജക്ടുകൾ 1,500 കോടി രൂപ. ഇൻകെലിന്റെ പുതിയ പത്ത് പ്രോജക്ടുകൾ 9,000 കോടി രൂപ. ആകെ ഏതാണ്ട് 52,000 കോടി രൂപ. 2009-10 ലെ ബഡ്ജറ്റിൽ അങ്ങ് പ്രഖ്യാപിച്ച ഈ വാഗ്ദാനങ്ങളിൽ എത്രമാത്രം നടപ്പിലാക്കാൻ സാധിച്ചു എന്ന് അങ്ങ് പറയണം. ഇതെല്ലാം പൊള്ളയായ വാക്കാണെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ അങ്ങ് നടത്തിയ വാഗ്ദാനങ്ങളിൽ ഒരു കാൽ ശതമാനം പോലും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഇവിടെ കഴിഞ്ഞ ദിവസത്തെ ചർച്ചകളിൽ വികസന രംഗത്ത് കേരളം നേടിയ നേട്ടങ്ങളെപ്പറ്റി പല സുഹൃത്തുക്കളും ഊറ്റം കൊള്ളുകയുണ്ടായി. നിങ്ങൾ ആ വിശ്വാസങ്ങളിൽ ഉറച്ചു നിന്നതിൽ എനിക്ക് പരാതിയില്ല. പക്ഷേ ഒരു കാര്യം, കേരളത്തിന്റെ വികസന മുന്നേറ്റത്തിന് ഇവിടത്തെ രണ്ട് മുന്നണികൾക്കും ഒരേ പങ്കാണുള്ളത്. നേട്ടങ്ങളാണെങ്കിലും കോട്ടങ്ങളാണെങ്കിലും ഒരുപോലെയാണ്. 1957-ലെ ആദ്യത്തെ ഗവൺമെന്റ് മുതൽ 2010 വരെ കേരളം ഭരിച്ചത് രണ്ട് മുന്നണികളും മാറിമാറിയാണ്. നേട്ടങ്ങളിൽ നമുക്കെല്ലാം ഒരു പോലെ അവകാശമുണ്ട്. അതുപോലെ കോട്ടങ്ങൾക്ക് ഉത്തരവാദിത്തവുമുണ്ട്. നാമെല്ലാം കൊട്ടിഘോഷിച്ച കേരള മോഡൽ വികസനം എവിടെ എത്തി. ശ്രീ. അമർത്യാസെൻപോലും പറഞ്ഞു, കേരള മോഡൽ വികസനം വികസ്വര രാജ്യങ്ങൾക്ക് പോലും മാതൃകയാണെന്ന്. സാമൂഹ്യ രംഗത്ത് നാം നേടിയ വമ്പിച്ച നേട്ടങ്ങൾ, ആരോഗ്യ മേഖലയിലെയും വിദ്യാഭ്യാസ മേഖലയിലെയും ശ്രദ്ധേയമായ മാറ്റങ്ങൾ, ഇന്ന് അത് പറയാൻ സാധിക്കുമോ. ഈ രണ്ട് മേഖലകളിലും കേരളം ദയനീയമായ വെല്ലുവിളികളെ നേരിടുന്നില്ലേ. ആരോഗ്യമേഖലയിൽ നാം ചൂണ്ടിക്കാണിച്ച നേട്ടങ്ങളെല്ലാം അസ്ഥാനത്തായിക്കൊണ്ടിരിക്കുന്നു. പകർച്ച വ്യാധികൾ കേരളത്തെ കാർന്നു തിന്നുന്നു. ഇവിടെ ഭംഗി വാക്കായി എന്തും പറയാമെങ്കിലും ഇന്ന് കേരളം പകർച്ച പനിയുടെ പിടിയിലല്ലേ ? ഇന്നലെവരെ കേട്ടുകേൾവിയില്ലാത്ത ധാരാളം രോഗങ്ങൾ ഡെങ്കിപ്പനി, ചിക്കുൻഗുനിയ, എലിപ്പനി, പക്ഷിപ്പനി ഇതെല്ലാം ആരോഗ്യ രംഗത്ത് കേരളത്തിന്റെ നേട്ടങ്ങളോടുള്ള വലിയ വെല്ലുവിളിയാണ്. അത് കാണാതെ പോകാൻ സാധിക്കുമോ? വിദ്യാഭ്യാസ മേഖലയെപ്പറ്റി എന്റെ സുഹൃത്ത് ശ്രീ. കെ. ടി. ജലീൽ രാവിലെ ഇവിടെ പറഞ്ഞു. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലായിരുന്നുവെങ്കിൽ കേരളം എങ്ങോട്ട് പോകുമായിരുന്നു. ഇവിടെ നിങ്ങൾ ഹയർ സെക്കണ്ടറി കൊടുത്തു. ഞാൻ അഭിനന്ദിക്കുന്നു. ഹയർ സെക്കണ്ടറി മതിയോ. ഹയർസെക്കണ്ടറി ടേമിനൽ കോഴ്സാണ്. നേരത്തെ എസ്.എസ്.എൽ.സി. യായിരുന്നു. ഇപ്പോൾ എസ്.എസ്.എൽ.സി. കഴിഞ്ഞു. ഇനി ഒരു ജോലിക്ക് മിനിമം യോഗ്യത ഹയർ സെക്കണ്ടറിയാണ്. സാധിക്കുമെങ്കിൽ കേരളത്തിലെ എല്ലാ ഹൈസ്ക്കൂളുകളിലും ഹയർ സെക്കണ്ടറി കൊടുക്കണം. അതു കഴിഞ്ഞാലോ, വിദ്യാഭ്യാസ രംഗത്ത് വമ്പിച്ച മാറ്റമുണ്ടാകുമ്പോൾ ശാസ്ത്ര സാങ്കേതിക മേഖലയിൽ വമ്പിച്ച പുരോഗതി

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകുമ്പോൾ പഠിക്കാനുള്ള സൗകര്യം കേരളത്തിൽ ഇല്ല. കേരളത്തിലെ കുട്ടികൾ പഠിക്കുന്നതിനുവേണ്ടി കോയമ്പത്തൂരിലേയ്ക്കോ മംഗലാപുരത്തേക്കോ, മണിപ്പാലിലേയ്ക്കോ, ഹൈദ്രാബാദിലേയ്ക്കോ പോകണം, എന്തുകൊണ്ട് ഈ സാഹചര്യം ഉണ്ടായി? ഇവിടെ ശ്രീ. കെ. ടി. ജലീൽ 20 കൊല്ലക്കാലമായി കേരളത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്ഥാപനങ്ങൾ ഉണ്ടായില്ല, ആകെ ഉണ്ടായത് അമ്പലപ്പുഴ കോളേജ് എന്നു പറഞ്ഞു. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഈ പണം മുടക്കാൻ നിങ്ങൾക്ക് സാധിക്കുമോ, നമുക്ക് സാധിക്കില്ല. സാധിക്കാതെ വരുമ്പോൾ എന്താണ് ചെയ്യേണ്ടത്. ആരെങ്കിലും പണം മുടക്കാൻ വന്നാൽ അവരെ സഹായിക്കണം. അവരെ പ്രോൽസാഹിപ്പിക്കണം. ആ നയമാണ് ശ്രീ. എ. കെ. ആന്റണി സ്വീകരിച്ചത്. ചരിത്രം എഴുതുമ്പോൾ ശ്രീ. എ. കെ. ആന്റണിയുടെ വിദ്യാഭ്യാസനയം ശരിയായിരുന്നുവെന്ന് നാളെ പറയേണ്ടിവരും.

ശ്രീ. പി. ജയരാജൻ: സർ, കേരളം ഇന്ത്യക്കും ലോകത്തിനും മാതൃകയാണെന്ന് അങ്ങ് പറഞ്ഞല്ലോ ? കേരളത്തിന്റെ നേട്ടങ്ങളിൽ പ്രതിപക്ഷത്തിനും ഭരണ പക്ഷത്തിനും ഒരുപോലെ പങ്കാളിത്തമുണ്ട് എന്നാൽ കേന്ദ്രത്തിന്റെ നയങ്ങൾ രൂപപ്പെടുത്തുന്നതിൽ നിങ്ങളുടെ പാർട്ടിക്ക് മാത്രമാണ് പങ്കാളിത്തം. ഇന്ത്യാ രാജ്യത്ത് കേരളം സമ്പൂർണ്ണ സാക്ഷരത നേടിയ അവസരത്തിൽ കോൺഗ്രസ് മാത്രം ഭരിച്ചിരുന്ന സംസ്ഥാനവും കോൺഗ്രസിന്റെ കീഴിലുള്ള കേന്ദ്ര ഭരണവും ഈ രാജ്യത്ത് വളർത്തിയെടുത്ത നിരക്ഷരത എത്രയാണെന്നുള്ള കണക്ക് ബഹുമാനപ്പെട്ട കെ. സി. ജോസഫിന് അറിയുമോ?

ശ്രീ. കെ. സി. ജോസഫ് : സർ, അങ്ങ് കൂത്ത്പറമ്പ് എം.എൽ.എ.ആണ്. സ്വാശ്രയ സ്ഥാപനങ്ങൾക്കെതിരായി പോരാടി രക്തസാക്ഷിത്വം വരിച്ച ഡി.വൈ.എഫ്.ഐ.യുടെ പോരാളികൾ സഭയെ സാക്ഷി നിർത്തിക്കൊണ്ടല്ലേ കേരളത്തിൽ സ്വാശ്രയ സ്ഥാപനങ്ങൾ ആരംഭിച്ചത്. നിങ്ങൾ സഹകരണ മേഖലയിൽ ആരംഭിച്ചില്ലേ ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ബഹുമാനപ്പെട്ട മെമ്പർ, അങ്ങേ ഭാഗത്ത് നിന്നു പറഞ്ഞു കേരളം മാത്രം അവർ ഭരിച്ചതുകൊണ്ടല്ല. പണ്ടു മുതൽ ഇവിടെ മിഷണറിയുണ്ടായിരുന്നു. നിങ്ങളൊക്കെ അധികാരത്തിൽ വരുന്നതിന് എത്രയോ മുമ്പ് തന്നെ കേരളം മുമ്പിലാണ്. ആ ബിഷപ്പുമാരെ തെറി പറഞ്ഞാണ് ഇപ്പോൾ ഈ ഭരണകക്ഷിക്കാർ നടക്കുന്നതെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ. സി. ജോസഫ് : സർ, ഇന്ന് രാവിലെ മുതൽ പ്രസംഗങ്ങളിലെല്ലാം ഇടയലേഖനത്തെക്കുറിച്ച് പറയുന്നുണ്ട്. ഇവിടെ ചർച്ച ഫിനാൻസ് ബില്ല് അല്ല ഇടയലേഖനമാണ്. ഡോ: തോമസ് ഐസക്, ഞാൻ ചോദിക്കുന്നു ബഡ്ജറ്റിൽ, അങ്ങ് പറഞ്ഞു. പാര 210-ൽ രുദ്രാക്ഷമാല, ജപമാല, വിഭൂതി, കൊന്ത, കുർബാന വസ്ത്രങ്ങൾ എന്നിവയെ നികുതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്ന് ഒഴിവാക്കുന്നു എന്ന്. ഇത് പറയാനുള്ള കാരണം എന്താണ്. ഇത് വലിയ ആനക്കാര്യമാണോ. അങ്ങേയ്ക്ക് ഒരു ലക്ഷ്യമുണ്ട്. അങ്ങ് ചില സമുദായങ്ങളെ മുന്നിൽ കാണുന്നു. അവരെ അപ്പീസ് ചെയ്യാൻ ശ്രമിക്കുന്നു. അങ്ങനെ പറയുന്ന നിങ്ങൾ ദയവായി സ്വയം ചികിൽസിക്കണം. ഇവിടെ വിദ്യാഭ്യാസ രംഗത്ത് നമുക്കൊരു ഓഫ് എക്സലൻസുണ്ടോ ? നമ്മുടെ സ്ഥാപനങ്ങളൊക്കെ മികവിന്റെ നിറകുടമാണോ ? പുറത്ത് നിന്ന് ആരെങ്കിലും പഠിക്കാൻ കേരളത്തിലേയ്ക്ക് വരുന്നുണ്ടോ ? കേരളത്തിലെ പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ പഠിക്കാൻവേണ്ടി പുറത്തേക്ക് പോകുന്നു. കേരളത്തിലേക്ക് ആരും വരുന്നില്ല. എന്താണ് കാര്യം. കേരളത്തിലെ സ്ഥാപനങ്ങളെല്ലാം ആവറേജ് സ്ഥാപനങ്ങളാണ്. ഇന്ന് കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ വിദ്യാർത്ഥികളില്ല. ശ്രീ. കെ. എം. മാണി സാറിനറിയാം പാലായിലെ ബ്രില്യന്റ് കോളേജ്, തൃശ്ശൂരിലെ പി. സി. തോമസിന്റെ കോളേജ്, അവിടേയ്ക്കെല്ലാം വലിയ പ്രവാഹമാണ്. എൻട്രൻസ് ഭ്രമമാണ്. പ്രധാന കാരണം. വിദ്യാഭ്യാസ രംഗത്ത് ഉണ്ടാകുന്ന തെറ്റായ പ്രവണതയെപ്പറ്റി നിങ്ങൾ ചിന്തിച്ചില്ലെങ്കിൽ കേരളത്തിന്റെ ഭാവി അപകടത്തിലാകും.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, ഒരു ക്ലാരിഫിക്കേഷൻ മാത്രം പറയാനാണ്. വിമർശിക്കാനല്ല. ആർട്സ് ആന്റ് സയൻസ് കോളേജിൽ കുട്ടികൾ ഇല്ല എന്നുള്ളത് ഏതെങ്കിലും ഒരു വിഷയത്തെ വച്ചു പറയുമ്പോൾ ശരിയല്ല. അമ്പലപ്പുഴ തുടങ്ങിയ കോളേജിലെ 75 സീറ്റുകളിലേയ്ക്ക് 847 അപേക്ഷകളുണ്ടായിരുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലൊക്കെ വിദ്യാർത്ഥികൾ ഒരിടത്തും അഡ്മിഷൻ കിട്ടിയില്ലെങ്കിലാണ് പോകുന്നത്. കേരളം ഇന്ന് ഒരു ഓൾഡ് ഏജ് ഹോമായി മാറിക്കൊണ്ടിരിക്കുകയാണ്. വയോജനങ്ങളുടെ കേന്ദ്രം. നമ്മുടെ സെൻസസ്സ് പ്രകാരം ഇന്ത്യയുടെ ദേശീയ ശരാശരി അനുസരിച്ച് ഇന്ത്യയിൽ 37.3 ശതമാനം ആളുകളാണ് 14 വയസുവരെയുള്ള പ്രായത്തിലുള്ളത്. കേരളത്തിൽ 26.1 ശതമാനം. വൃദ്ധന്മാരുടെ അംഗസംഖ്യ ഇന്ത്യയിൽ 6.7 ആണെങ്കിൽ കേരളത്തിൽ 10.5 ശതമാനമാണ്. വയോജനങ്ങളുടെ വലിയ ഒരു സംഖ്യ വർദ്ധിക്കുന്നു. കേരളത്തിലെ ചെറുപ്പക്കാരെ കാണാനുണ്ടോ, ഇവിടെ 15 വയസ് കഴിഞ്ഞാൽ, +2 കഴിഞ്ഞാൽ പഠിക്കാൻവേണ്ടി അന്യ സംസ്ഥാനങ്ങളിൽ പോകുന്നു. നമ്മുടെ നാട്ടിൽ ചെറുപ്പക്കാരില്ല. നമ്മുടെ യുവാക്കളുടെ ലക്ഷ്യം കേരളമല്ല. എന്തുകൊണ്ട് ഈ സാഹചര്യം ഉണ്ടായി. കേരള മോഡലിനെപ്പറ്റി പ്രശംസിക്കുമ്പോൾ ഒന്ന് ആലോചിക്കണം. കേരളത്തിന്റെ വികസന മാതൃക തിരുത്തി എഴുതിയില്ലെങ്കിൽ ഈ നാട് വികസന രംഗത്ത്

3.00 P.M.] മുന്നോട്ട് പോകുകയില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രാഷ്ട്രീയ നയങ്ങൾക്ക് മാർക്സിസ്റ്റ് പാർട്ടിയുടെ ഒരു സർട്ടിഫിക്കറ്റും ഇവിടെ ആവശ്യമില്ല. ഇവിടെ വ്യക്തമായി കോൺഗ്രസ്സിന് ഒരു നയമുണ്ട്. ഇന്ത്യയുടെ രാഷ്ട്രീയ രംഗത്ത് വർഗ്ഗീയ കക്ഷികളുമായി സന്ധി ചെയ്യാത്ത ഒരു പാരമ്പര്യമാണ് കോൺഗ്രസ്സിനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു: മാർക്സിസ്റ്റ് പാർട്ടിയുടെ വിജയവാഡ കോൺഗ്രസ്സിലേയ്ക്ക് തയ്യാറാക്കുന്ന രാഷ്ട്രീയ രേഖയിൽ ബി.ജെ.പി.യേയും കോൺഗ്രസ്സിനേയും ഒരുപോലെ കാണുന്ന ഒരു നിലപാടിലേയ്ക്കാണ് മാർക്സിസ്റ്റ് പാർട്ടി പോകുന്നത് എന്നുള്ള കാര്യം അറിയാമോ?

ശ്രീ. കെ. സി. ജോസഫ്: ശ്രീ. ബാബു, വിജയവാഡ കോൺഗ്രസ്സിന്റെ രാഷ്ട്രീയ രേഖ പത്ത് കൊല്ലം കഴിയുമ്പോൾ സി.പി.ഐ.(എം). തിരുത്തി പറയും. കാര്യം സി.പി.ഐ.(എം) എന്നും തിരുത്തൽ പാർട്ടിയാണ്. ഇവിടെ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾ പത്ത് വോട്ടിനുവേണ്ടി ആരോടും സഖ്യം ഉണ്ടാക്കിയിട്ടില്ല. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ അബ്ദുൾ നാസർ മഅ്ദനിയുമായി സഖ്യം ചേർന്ന് അദ്ദേഹവുമായി വേദി പങ്കിട്ട ശ്രീ. പിണറായി വിജയൻ പറയട്ടെ, ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഒരു മതേതര പ്രസ്ഥാനമാണ്, ഞങ്ങളുടെ രാഷ്ട്രീയ നയങ്ങൾ വോട്ടിനു വേണ്ടി മാറുന്ന നയങ്ങളല്ല. മറിച്ച് നിങ്ങളാണ് വർഗ്ഗീയ ശക്തികളുമായി സന്ധി ചേർന്നുകൊണ്ട് കേരളത്തിൽ വർഗ്ഗീയ പ്രസ്ഥാനങ്ങൾക്ക് വളക്കൂറുള്ള മണ്ണാക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നത് എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ ഈ ഫിനാൻസ് ബില്ലിനെ എതിർക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, ഇന്ന് രാവിലെ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി പറഞ്ഞ ഒബ്ജക്ഷൻ വീണ്ടും ബഹുമാനപ്പെട്ട മെമ്പർ ശ്രീ കെ. ശിവദാസൻ നായർ ഉന്നയിക്കുകയുണ്ടായി. അതുകൊണ്ട് ആദ്യം അത് ക്ലാരിഫൈ ചെയ്യാൻ ഉദ്ദേശിക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഒരു അധികാരവും ഈ ബില്ല് എടുക്കുന്നില്ല. സർചാർജ് ചുമത്താനുള്ള അവകാശം നിലനിൽക്കുകയാണ്. പിന്നെ എന്താണ് കുഴപ്പം? മുദ്രപ്പത്രത്തിനു മേൽ, സ്റ്റാമ്പ് ഡ്യൂട്ടിയുടെ മേൽ സർചാർജ് ചുമത്തി അത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന ഒരു വ്യവസ്ഥ നേരത്തെ ഉണ്ടായിരുന്നു. ഫിനാൻസ് കമ്മീഷനുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇങ്ങനെ ഓരോ ഇനം പറഞ്ഞ് ഗ്രാന്റ് വേണ്ട, നാൽപ്പതോളം ഗ്രാന്റുകളുണ്ട്. ഇവയ്ക്കൊക്കെ പകരമായി - ഡെവലപ്മെന്റ് ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ്. ഇങ്ങനെ മൂന്നിനം ഗ്രാന്റുകൾ മാത്രം, അതുകൊണ്ട് ഇവിടെ എത്ര സർചാർജ് പിരിക്കുന്നു എന്നുള്ളത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കിട്ടുന്ന ഒരു പണത്തേയും ബാധിക്കുന്നില്ല. യഥാർത്ഥത്തിൽ സർക്കാർ സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കുന്നതിനുവേണ്ടി ഖജനാവിലേക്ക് വരേണ്ട ഈ സർചാർജ് വേണ്ടെന്നു വയ്ക്കുകയാണ് ചെയ്യുന്നത്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ആക്ട് അങ്ങ് വായിച്ചു നോക്കിയിട്ടില്ല. സർക്കാർ നിശ്ചയിക്കുന്ന നോട്ടിഫിക്കേഷൻ പ്രകാരം പഞ്ചായത്തുകൾക്ക് സർചാർജ് ചുമത്താവുന്നതാണ്. ഈ ആക്ട് വന്നതിനുശേഷം ഇതുവരെ ഇങ്ങനെ ഒരു സർചാർജ് പഞ്ചായത്തുകൾ പിരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: ഇത് രണ്ടും രണ്ട് ക്ലാസ്സാണ്. സാർ പറയുന്നത് 199-ാം വകുപ്പ് സംബന്ധിച്ചാണ്. ആ ക്ലാസ്സല്ല ഞങ്ങൾ ഇവിടെ repeal ചെയ്യുന്നത്. ഇതാണ് ഞാൻ പറഞ്ഞത്. മാണി സാറിന്റെ മറ്റൊരു വാദം ഫെയർ വാല്യൂ നോട്ടിഫിക്കേഷൻ നിലവിലില്ല എന്നുള്ളതാണ്. 2008-ൽ ആണ് ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ വന്നത്. ഇതിലെ ഒബ്ജക്ഷൻസും മറ്റുമെല്ലാം സ്വീകരിച്ച് റിവൈസ് ചെയ്ത് ഈ മാർച്ച് ആറിനാണ് ഫൈനൽ നോട്ടിഫിക്കേഷൻ ഇറക്കിയത്.

ശ്രീ. കെ. എം. മാണി: That is not final. ഡിസ്ട്രിക്ട് കളക്ടേഴ്സ് അപ്പീൽ കേട്ടതിനു ശേഷം ഫോം സി അനുസരിച്ച് ഇഷ്യൂ ചെയ്യുന്ന നോട്ടിഫിക്കേഷൻ മാത്രമാണ് ഫൈനൽ. ഞാൻ വായിക്കാം. ....district is here by fixed finally as shown in the Schedule. ഡിസ്ട്രിക്ട് കളക്ടറുടെ മാത്രം നോട്ടിഫിക്കേഷനിലാണ് ഫൈനൽ എന്ന വാക്ക്. This is the notification. ഡിസ്ട്രിക്ട് കളക്ടറുടെ ഫൈനലായിട്ടുള്ള നോട്ടിഫിക്കേഷൻ വന്നിട്ടില്ല. അതുകൊണ്ട് ഇത് ഫൈനൽ അല്ല.

ഡോ. തോമസ് ഐസക്: ഇത് ഫൈനൽ നോട്ടിഫിക്കേഷനാണ്. ഒബ്ജക്ഷൻസ് സ്വീകരിക്കുന്നതിൽ individual ആയിട്ടുള്ള തെറ്റുകളുണ്ടാകും. എന്താണ് നേരത്തേ ഉണ്ടായത്? ഈ ക്ലാസ് വരാൻ കാരണം എന്താണെന്ന് അറിയാമല്ലോ? നോട്ടിഫൈ ചെയ്തു, അത് പിൻവലിക്കേണ്ടി വന്നു. സ്റ്റാമ്പ് ഡ്യൂട്ടി താഴ്ന്നുതന്നെയിരുന്നു. ശ്രീ. വക്കം പുരുഷോത്തമൻ വന്നപ്പോൾ വീണ്ടും ഉയർത്തേണ്ടി വന്നു. ചരിത്രമൊക്കെ അതിന്റെ പിന്നിലുണ്ട്. നമ്മൾ വളരെ careful ആയി നോക്കിയിട്ടു തന്നെയാണ് ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ പറയുന്ന പ്രയാസങ്ങൾ വരികയില്ല.

ശ്രീ. കെ. എം. മാണി: ഇത് ആർ.ഡി.ഒ.-യുടെ നോട്ടിഫിക്കേഷനാണ്. അപ്പീൽ കഴിഞ്ഞ് ഡിസ്ട്രിക്ട് കളക്ടർ ഫോം സി-യിൽ ഫൈനൽ നോട്ടിഫിക്കേഷൻ ഇറക്കിയിട്ടില്ല.

ഡോ. തോമസ് ഐസക്: ഡ്രാഫ്ട് നോട്ടിഫിക്കേഷൻ 2008-ൽ ഇറങ്ങി. മാർച്ച് 6-ന് ഇറങ്ങിയത് ഫൈനൽ നോട്ടിഫിക്കേഷനാണ്. എന്നാൽ നാട്ടിൽ ഇതിനെക്കുറിച്ച് ഒബ്ജക്ഷൻ ഉള്ളതുകൊണ്ട് ആർക്കെങ്കിലും ഒബ്ജക്ഷൻ ഉണ്ടെങ്കിൽ അതിന് അപ്പീൽ കേൾക്കുന്നതിന് സമയം കൊടുത്തിട്ടുണ്ട്. അതിന്റെ തീയതി മാത്രമാണ് നീട്ടിയിട്ടുള്ളത്.

പിന്നീട് സ്റ്റാമ്പ് ആക്ടിലെ ഷെഡ്യൂളിൽ ഏതെല്ലാം ആർട്ടിക്കിൾസിന് കൺവേയൻസ് റേറ്റ് ബാധകമാണോ അവയ്ക്കെല്ലാം കൺവേയൻസ് റേറ്റിൽ വരുത്തിയ മാറ്റവും ബാധകമാണ്. ഞാൻ എന്റെ പ്രസംഗത്തിൽ ഓരോന്നോരോന്നായി എടുത്തുപറഞ്ഞിട്ടില്ലെന്നുള്ളത് ശരിതന്നെ. അതാണ് എന്റെ പ്രസംഗത്തിന്റെ സാരം. മാണി സാർ പറഞ്ഞ ലീസ് ഡീഡ് സംബന്ധിച്ച്, ഭൂമിയുടെ ഫെയർ വാല്യൂവിന്റെ അടിസ്ഥാനത്തിലല്ല ലീസ് ഡീഡിന്റെ രജിസ്ട്രേഷൻ നടത്തുന്നത് ആനുവൽ റെന്റിന്റെ അടിസ്ഥാനത്തിലാണ്. എന്തിനാണ് മാണിസാർ അങ്ങനെ പറഞ്ഞതെന്ന് എത്ര ആലോചിച്ചിട്ടും

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് മനസ്സിലാകുന്നില്ല. ആനുവൽ റെന്റിന്റെ അടിസ്ഥാനത്തിൽ. മോർട്ട്ഗേജ് ഡീഡിന്റെ കാര്യം പറഞ്ഞപ്പോൾ, എന്തിനാണ് മോർട്ട്ഗേജ് ചെയ്യുന്നത്? ഭൂമിയുടെ വിലയല്ല എത്ര തുക വായ്പ എടുക്കുന്നു, എന്നതിന്റെ അടിസ്ഥാനത്തിലാണ് കൺവെയൻസ് റേറ്റ് വരുന്നത്. എന്നാൽ മാണി സാർ ഒരു കാര്യത്തിൽ അവ്യക്തത പറഞ്ഞത് ശരിയാണ്. മെഹർ, ഡവർ എന്നിവ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി പരിശോധിച്ച് വ്യക്തതയും വ്യവസ്ഥയും കൃത്യമായി വരുത്താം. സർക്കാരിന് അങ്ങനെ ഒരു ഇന്റൻഷനേ ഇല്ല. ക്ലാസ് സബ്സ്റ്റിറ്റ്യൂട്ട് ചെയ്യുമ്പോൾ അതിലുള്ള എക്സംപ്ഷൻ പിൻവലിക്കപ്പെട്ടു പോകുന്നു. ആ എക്സംപ്ഷൻ പുനഃസ്ഥാപിക്കും. ഒരു സംശയവും ആ കാര്യത്തിൽ വേണ്ട. ഇതുമായി ബന്ധപ്പെട്ട രണ്ട് മൂന്ന് കാര്യങ്ങൾ പറയട്ടെ. (1) ഈ ഭാഗാധാരത്തെ കുറിച്ച് പറഞ്ഞു. അഞ്ചിൽനിന്ന് രണ്ടാക്കി ചുരുക്കി. അത് വീണ്ടും കുറയ്ക്കണമെന്ന് രണ്ടുമൂന്നു പേർ അഭ്യർത്ഥിച്ചിട്ടുണ്ട്. അത് രണ്ടിൽനിന്ന് ഒന്നാക്കി ചുരുക്കാം. ശ്രീ. ശിവദാസൻ നായർ ഒരു കാര്യം ഉന്നയിക്കുകയുണ്ടായി. ഇപ്പോൾ പത്ത് സെന്റുള്ള ഒരാൾക്ക് അത് ഭാഗം വയ്ക്കുവാൻ തികയുകയില്ല. അപ്പോൾ റിലീസ് ഡീഡ്, അതായത് ബാക്കിയുള്ളവർ തങ്ങളുടെ അവകാശം വേണ്ടെന്ന് എഴുതിക്കൊടുക്കുകയാണ് ചെയ്യേണ്ടത്. റിലീസ് എടുത്ത് പ്രത്യേകം പറഞ്ഞിട്ടില്ല. അത് അഞ്ച് ശതമാനം വരില്ല, അതും ഒരു ശതമാനമായി നിജപ്പെടുത്തിക്കൊണ്ട് നമുക്ക് വ്യവസ്ഥയുണ്ടാക്കാം. അതുപോലെതന്നെ ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ സബ്ജക്ട് കമ്മിറ്റി പരിഗണിക്കുവാൻ പോകുന്ന മറ്റ് ചില കാര്യങ്ങൾകൂടി ഈ സഭയിൽ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്.

വാണിജ്യ നികുതി വകുപ്പിന്റെ കീഴിൽ വാറ്റ് കാലയളവിലുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി 2008 മുതൽ ആംനസ്റ്റി സ്കീമും 2009 മുതൽ പൊതു മേഖലയ്ക്കായി പ്രത്യേക ആംനസ്റ്റി സ്കീമും നടപ്പിലാക്കി വരുന്നു. പ്രസ്തുത സ്കീമുകൾ സി.എസ്.ടി. കുടിശ്ശികയ്ക്കും ബാധകമായിരിക്കുമെന്ന് വ്യക്തമാക്കുന്നതാണ്. കെ.ജി.എസ്.ടി. നിയമത്തിൽ കമ്മീഷന്റെ മുൻകൂർ അനുമതി വാങ്ങി അസെസ്സ്മെന്റുകൾ പുനരവലോകനം നടത്തിയ കേസ്സുകളിൽ പുനർ നിർണ്ണയത്തിന് കാലപരിധി ബാധകമായിരിക്കുകയില്ല. സി.എസ്.ടി. രജിസ്ട്രേഷനുള്ള വാഹനങ്ങൾ റിപ്പയറിംഗിന് കോൺട്രാക്ട് ചെയ്യുന്ന കോൺട്രാക്ടർമാർക്ക് കോമ്പൗണ്ട് നികുതി നിരക്ക് ബാധകമായിരിക്കുകയില്ലെന്ന് വ്യക്തമാക്കും. സംസ്ഥാനത്തിന് പുറത്തുനിന്ന് കൊണ്ടുവരുന്ന കോഴിക്ക് കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി കൊടുക്കുവാൻ വ്യാപാരികൾക്ക് സൗകര്യം നൽകുന്നതാണ്. ഈ വ്യവസ്ഥ സ്വീകരിക്കുന്ന വ്യാപാരികൾ കമ്മീഷൻ നിശ്ചയിക്കുന്ന വിലയിൽ 12.5 ശതമാനം നികുതി ചെക് പോസ്റ്റിൽത്തന്നെ നൽകേണ്ടതാണ്. 2007-ൽ കേരളാ ഫിനാൻസ് ആക്ട് പാസ്സാക്കുന്ന വേളയിൽ വെളിച്ചെണ്ണ, കൊപ്ര, പിണ്ണാക്ക് എന്നിവയ്ക്ക് 1-4-2007 മുതൽ മുൻകാല പ്രാബല്യത്തോടെ നികുതിയിളവ് നൽകിയിരുന്നു. അതിനാൽ 2007 മെയ്, ജൂൺ മാസങ്ങളിൽ ഇളവിനെ

LIBRARY ARCHIVES Kerala Legislative Assembly

ക്കുറിച്ച് അറിയാതെ വ്യാപാരികൾ വിൽപ്പന നികുതിക്ക് 4 ശതമാനം നികുതി ചുമത്തുകയും ആ തുക സർക്കാരിലേയ്ക്ക് അടയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ 2007-ലെ ഫിനാൻസ് ആക്ട് വാലിഡേഷൻ ക്ലാസ്സിന്റെ അഭാവംമൂലം വാങ്ങുന്ന വ്യാപാരിക്ക് ഈ മാസങ്ങളിൽ ഇൻപുട്ട് ആനുകൂല്യം ലഭ്യമായിരുന്നില്ല. അത് ലഭ്യമാക്കുന്നതിലേയ്ക്കായി ആവശ്യമായ ഭേദഗതികൾ വരുത്തുന്നതാണ്. വാറ്റ് നിയമത്തിലെ സെക്ഷൻ 94 പ്രകാരമുള്ള ക്ലാരിഫിക്കേഷന് അപേക്ഷിക്കുന്നവർ സംസ്ഥാനത്തിനകത്തുള്ള ആദ്യ വിൽപ്പനക്കാരന്റേയോ അല്ലെങ്കിൽ ഉൽപ്പാദകന്റേയോ വിവരങ്ങൾ അപേക്ഷയിൽ ലഭ്യമാക്കണമെന്ന വ്യവസ്ഥ ചെയ്യുന്നതാണ്.

ശ്രീ. പി. സി. ജോർജ്: അങ്ങനെയാണെങ്കിൽ അതിന് ഒരു നോട്ടീസ് നൽകണം. അതല്ലേ അതിന്റെ ശരി.

ഡോ. തോമസ് ഐസക്: ഭേദഗതിയല്ല. ഭേദഗതി സബ്ജക്ട് കമ്മിറ്റിയിലാണ്. ഞാൻ എന്റെ ഒരു ഇന്റൻഷൻ പറയുകയാണ്. ഓപ്പൺ ചെയ്യാത്ത ഒരു ക്ലാസ്സാണെങ്കിൽ സമ്മതിക്കണ്ട. ചർച്ച നിയമസഭയിൽ നടന്നു. അതിനുള്ള പ്രതികരണമായിട്ടാണ് മെമ്പർമാർ പറഞ്ഞ പലതും ഞാൻ സൂചിപ്പിക്കുന്നത്. എന്നാൽ മറ്റു ചില കാര്യങ്ങൾകൂടി സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുവേണ്ടി ഞാൻ പറഞ്ഞുപോകുകയാണ്. കുടുംബശ്രീയുടെ ഉൽപ്പന്നങ്ങൾ വിൽക്കുന്ന കുടുംബശ്രീയുടെ ഗവൺമെന്റ് അംഗീകൃത മാർക്കറ്റിംഗ് ഏജൻസികൾക്കുകൂടി പ്രസ്തുത ഉൽപ്പന്നങ്ങളുടെ നികുതിയിളവ് ലഭ്യമാക്കുന്നതിനാവശ്യമായ ഭേദഗതികൾ നിയമത്തിൽ വരുത്തുന്നതാണ്. സ്വർണ്ണത്തിന്റെ കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ കോമ്പൗണ്ട് നികുതി നിർണ്ണയിക്കുന്നതിന് പുതിയതായി തുടങ്ങുന്ന ബ്രാഞ്ചുകളെ പ്പോലെതന്നെ പുതിയതായി ആരംഭിച്ച ഫ്രാഞ്ചൈസികളേയും പരിഗണി ക്കുന്നതിനുള്ള നിയമ ഭേദഗതി കൊണ്ടുവരുന്നതാണ്. ഇതാണ് സാങ്കേതികമായി ബിൽ സംബന്ധിച്ചുള്ള പ്രതികരണങ്ങൾ.

ബഹുമാനപ്പെട്ട മെമ്പർ ശിവദാസൻ നായർ കെ.എഫ്.സി. യെക്കുറിച്ച് പറയുകയുണ്ടായി. കെ.എഫ്.സി.-ക്ക് പതിനൊന്ന് കോടി രൂപ ലാഭം കാണിക്കുന്നതിനുവേണ്ടി നടത്തിയ തിരിമറികളെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. എന്താണ് കെ.എഫ്.സി. ചെയ്യുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പർമാർ മനസ്സിലാക്കണം. ഒരുകാര്യം വ്യക്തമാക്കിയിട്ടുള്ളത് കെ.എഫ്.സി. ലാഭമുണ്ടാക്കേണ്ടന്നുള്ളതാണ്. പതിനൊന്ന് കോടി രൂപ ലാഭമുണ്ടായതിന്റെ അടിസ്ഥാനത്തിൽ ബോർഡിന് നൽകിയിട്ടുള്ള അഡ്വൈസ്, പലിശ കുറച്ച് ചെറുകിട വ്യവസായികൾക്കും മറ്റും വായ്പ നൽകുന്നതിനുവേണ്ടി പ്രത്യേകം സ്കീം തയ്യാറാക്കണം എന്നാണ്. പക്ഷേ ലാഭമുണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടിയ സ്ഥാപനമല്ല ഇത്. പിന്നെ എന്തിനുവേണ്ടിയിട്ടാണ് അതിന്റെ അക്യുമിലേറ്റഡ് ലോസ് ഷെയറിൽ തട്ടിക്കിഴിച്ചത്? കാരണം അക്യുമിലേറ്റഡ് ലോസുള്ള ഒരു സ്ഥാപനത്തിന്റെ ബാലൻസ്ഷീറ്റ് നോക്കി ബോണ്ട് ഇറക്കാൻ പറ്റുകയില്ല. നിങ്ങൾക്ക് റേറ്റിംഗ് കിട്ടുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് കെ.എഫ്.സി.-യെക്കുറിച്ചുള്ള ധാരണ SIDBI -ൽ നിന്ന് കിട്ടുന്ന പണം വായ്പ കൊടുത്ത് നിൽക്കേണ്ടതല്ല. ആക്ടീവായിട്ട് ബോണ്ടും മറ്റും ഇറക്കി പണം സമാഹരിച്ച് അവർക്ക് നാട്ടിൽ വായ്പ കൊടുക്കാൻ സാധിക്കണം. അതുകൊണ്ട് അതിന്റെ ബാലൻസ്ഷീറ്റ് ക്ലിയർ ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. അതിന് രണ്ട് കാര്യങ്ങളാണ് ചെയ്തത്. ഒന്ന് അക്യുമിലേറ്റഡ് ലോസ് ഈ രീതിയിൽ അഡ്ജസ്റ്റ് ചെയ്ത് മാറ്റി. രണ്ട്, 40 ശതമാനത്തിൽ ഏറെയായിരുന്ന എൻ.പി.എ., അതിന് bad debt provisioning നടത്തിക്കഴിഞ്ഞിരുന്നു. അതൊരു asset re-structuring company-ക്ക് കൊടുത്താൽ കിട്ടുന്നതിനേക്കാൾ കൂടുതൽ പണം ഉറപ്പുവരുത്തിക്കൊണ്ട് വൺ ടൈം സെറ്റിൽമെന്റിലൂടെ പത്ത് ശതമാനത്തിൽ താഴെ എൻ.പി.എ. കുറച്ചു. അപ്പോൾ അതിന്റെ ക്യാപ്പിറ്റൽ ബെയ്സ് നേരത്തെ പറഞ്ഞതുപോലെ 54 കോടി രൂപയായി മാറി. സർക്കാർ റീ-ക്യാപ്പിറ്റലൈസ് ചെയ്യാൻ തീരുമാനിച്ചു. 150 കോടി രൂപ കൂടുതൽ കൊടുത്തു. അപ്പോൾ നല്ല ക്യാപ്പിറ്റൽ ബെയ്സായി, ക്ലീൻ ബാലൻസ്ഷീറ്റായി. ബോണ്ട് ഇറക്കുന്നതിനുവേണ്ടി ഒരുപക്ഷേ ഇന്നോ അടുത്ത ദിവസങ്ങളിലോ കൂടുന്ന ഡയറക്ടർ ബോർഡ് യോഗം തീരുമാനിക്കും. ഇത്രയും വൈകി പോകാൻ കാരണവും ഞാൻ പറയാം. കേരള സർക്കാർ പണ്ടെടുത്ത Kerala Industrial Relief Fund (KIRF) ബോണ്ട് കുടിശ്ശികയിലാണ്. അത് നീക്കം ചെയ്യാതെ റേറ്റിംഗിന് പോയാൽ മോശം റേറ്റിംഗ് മാത്രമേ കിട്ടുകയുള്ളു Kerala Industrial Relief Fund (KIRF) ബോണ്ടിന്റെ ബാധ്യത ബഡ്ജറ്റിൽ നിന്നുതന്നെ കൊടുത്ത് ക്ലിയർ ചെയ്യണം. അതിന്റെ അടിസ്ഥാനത്തിൽ കെ.എഫ്.സി. വായ്പ എടുത്ത് ആയിരം കോടി രൂപ ഒരു വർഷം നൽകുന്ന രീതിയിൽ ലക്ഷ്യമിട്ട് പ്രവർത്തിക്കാനുമാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. കെ. ശിവദാസൻ നായർ: ഈ ഷെയർ ഓരോ സ്ഥാപനങ്ങൾ, വ്യക്തികൾ ഒരു സ്ഥാപനത്തിൽ കൊടുത്തിട്ടുള്ള ഷെയറുകളാണ്. ഈ ഷെയറുകൾ carried over loss-ലേയ്ക്ക് തട്ടിക്കിഴിക്കുന്നതിന് എന്ത് ന്യായമാണ് പറയാനുള്ളത്?

ഡോ. തോമസ് ഐസക്ക്: ജനറൽ ബോഡി തീരുമാനിച്ചതാണ്. സർക്കാരിന്റെ അനുവാദം ഉണ്ടായിരുന്നു. നിങ്ങൾക്ക് അതിനെക്കുറിച്ച് വ്യത്യസ്തമായ അഭിപ്രായമുണ്ടാകാം. ഇരുന്നോട്ടെ. നടന്ന കാര്യം ഞാൻ പറഞ്ഞതാണ്. അഭിപ്രായ വ്യത്യാസം അങ്ങനെ നിന്നോട്ടെ. ഞാൻ അത് റീ-ക്യാപ്പിറ്റലൈസ് ചെയ്ത് വ്യക്തികളുടേയും മറ്റും ഷെയറിന്റെ വാല്യു കൂട്ടി കൊടുക്കാൻ തയ്യാറല്ല. 150 കോടി രൂപ ഷെയർ ക്യാപ്പിറ്റൽ കൊടുക്കുകയല്ലേ. ? ഇത്രയും വർഷംകൊണ്ട് കോടിക്കണക്കിന് രൂപ നഷ്ടമുണ്ടാക്കി ആ നഷ്ടം നികത്തി ഇവർക്ക് പൂർണ്ണമായി ഷെയർ വാല്യു കൊടുക്കുന്നതിന് സർക്കാരിന്റെ പണം വയ്ക്കാൻ തയ്യാറല്ല. അതു തന്നെയാണ് പ്രശ്നം. അതുകൊണ്ടാണ് തട്ടിക്കിഴിക്കാൻ പറഞ്ഞത്. നമുക്കിതു സംബന്ധിച്ച് വ്യത്യസ്തമായ സമീപനം ഉണ്ടാകും. കാഴ്ചപ്പാട് ഇതാണെന്ന് മനസ്സിലാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊന്ന് ശ്രീ. കെ. പി. മോഹനൻ പ്രസംഗിക്കുമ്പോൾ ഞാൻ ഇവിടെ ഇല്ലായിരുന്നെങ്കിലും റൂമിലിരുന്ന് പ്രസംഗം കേൾക്കുകയുണ്ടായി. I am very sorry, if I am hurt in any manner. I have no intention to offend. എന്താണ് ഉണ്ടായതെന്ന് ഞാൻ വിശദീകരിക്കാം. ബഹുമാനപ്പെട്ട മെമ്പർ പലപ്രാവശ്യം എന്നോട് അദ്ദേഹത്തിന് പതിനഞ്ച് കോടി രൂപയുടെ വർക്ക് വന്നിട്ടില്ല എന്നു പറഞ്ഞു. ഇങ്ങനെയുള്ള പലരും ഉണ്ടാകും. അത് ഒരുമിച്ച് എടുക്കുമ്പോൾ പരിഗണിക്കാം എന്നു പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റ് ചോദിച്ചു. ലിസ്റ്റ് എനിക്ക് തന്നു. ഈ പതിനഞ്ച് കോടിരൂപ കിട്ടാത്തവർക്കുവേണ്ടിയുള്ള എ.എസ്. കൊടുത്തത് രണ്ട് മാസം മുൻപാണ്. ഇങ്ങനെ വന്ന അപേക്ഷകളിൽ ഓരോ മണ്ഡലത്തിലും എത്രയുണ്ടെന്ന് ഓരോ വർക്കുകളും കൊടുത്ത ടൂറിസം, ഇറിഗേഷൻ, പൊതുമരാമത്ത് എന്നീ വകുപ്പുകളോട് ആവശ്യപ്പെട്ടപ്പോൾ എഴുതിക്കിട്ടിയ ലിസ്റ്റ് പ്രകാരം ഇവിടെ ഈ കുടിവെള്ള പദ്ധതിക്കുള്ള പതിമൂന്ന് കോടിരൂപ വരുമ്പോൾ ഇരുപത് കോടിരൂപയുണ്ട്. അതുകൊണ്ട് അന്നത്തെ എ.എസ്.-ൽ അത് ഉൾപ്പെടുത്തിയില്ല. മെമ്പർ ഇവിടെ വന്ന് ഇല്ല എന്ന് ശഠിച്ചപ്പോൾ ഞാൻ പറഞ്ഞു ലിസ്റ്റ് തരാമെന്ന്. അങ്ങനെ മിനഞ്ഞാന്ന് ഈ ഇരുപത് കോടി രൂപയുടെ ലിസ്റ്റ് നൽകി. അദ്ദേഹം ഉണ്ടായിരുന്നില്ല, ഞാൻ കൊടുത്തുവിടുകയാണ് ചെയ്തത്. അപ്പോൾ അദ്ദേഹം പറയുന്നത് ഒരു കുടിവെള്ള പദ്ധതി വച്ചിരിക്കുന്നത് ആ മണ്ഡലത്തിൽ വളരെ ഭാഗീകമായിട്ടെ വരികയുള്ളു. എങ്കിൽ പരിശോധിച്ച് അതിൽ വേണ്ട മാറ്റം വരുത്താം. ഏതൊക്കെ മണ്ഡലങ്ങളിൽ ആണെന്ന് പറഞ്ഞത് ഞാനല്ല. വിവിധ വകുപ്പുകൾ എ.എസ്. കൊടുത്തിട്ടുള്ളതിൽ ഓരോ മണ്ഡലത്തിലും എത്രയെന്ന് ചോദിച്ച് വന്നത് കൂട്ടിച്ചേർത്തെടുക്കുകയാണുണ്ടായത് I am very sorry, if I offended in any manner.

ശ്രീ. കെ. പി. മോഹനൻ: ആ പ്രയോറിറ്റി ലിസ്റ്റല്ല ഞങ്ങൾക്ക് തന്നത്. ആദ്യത്തെ, പിന്നെ രണ്ടാമത്തേതും. ഇപ്പോൾ പറയുമ്പോൾ പതിനഞ്ച് കോടി ഒപ്പിക്കാൻ വേണ്ടി ഇതും കൂടി ചേർത്തു എന്നതാണ്.

ഡോ. തോമസ് ഐസക്: ഇതൊക്കെ പണമാണ്. കേരളത്തിലെ ഏതാണ്ട് ഇരുന്നൂറിൽപ്പരം ലിഫ്റ്റ് ഇറിഗേഷന്റെ മോട്ടോർ പുനഃസ്ഥാപിക്കുന്നതിന് നൂറ് കോടി രൂപ. ഇത് സ്റ്റിമുലസ് പാക്കേജിന്റെ ഭാഗമാണ്. ഇവിടെ നടക്കുന്ന കുടിവെള്ളത്തിന്റെ വൻകിട പ്രോജക്ടുകൾ ഇതിൽ പെടുത്താൻ പാടില്ല. ഒരു ലിമിറ്റ് ഉണ്ട്. അയ്യായിരം കോടി എന്നു പറഞ്ഞത് ഇപ്പോൾ ഇത് പറയുമ്പോൾ ഒരു കാര്യം മനസ്സിലാക്കാം, എ.എസ്. കൊടുത്തത് പതിനഞ്ച് കോടിരൂപ, അവസാനം സാംങ്ഷൻ വരുമ്പോൾ എത്ര രൂപ വരുമെന്ന് അറിയാമോ? ശരാശരി 50 ശതമാനം കൂടുതൽ വരുന്നുണ്ട്. കാരണം റിവൈസ്ഡ് എസ്റ്റിമേറ്റാണ്. റോഡിന് ഇത്രയും മതിയെന്നു പറഞ്ഞാണ് ആളുകൾ സാംഗ്ഷൻ വാങ്ങിക്കുന്നത്. പല റോഡുകളും ബി.എം. ആന്റ് ബി.സി. ആയിട്ട് മാറ്റിയിട്ടുണ്ട്. ഇത് ഈ പറയുന്ന എസ്റ്റിമേറ്റിലൊന്നും നിൽക്കുന്നില്ല. അതുകൊണ്ട് അയ്യായിരം കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപ എന്നുപറയുന്നത് എനിക്ക് തോന്നുന്നത് എണ്ണായിരം കോടിരൂപയെങ്കിലും ആയിട്ടുണ്ട് എന്നാണ്. It is very unfortunate, ഇങ്ങനെ ഒരു സംസാരം ഉണ്ടായിപ്പോയതിൽ.

ശ്രീ. സി. പി. മുഹമ്മദ് രണ്ടുമൂന്ന് കാര്യങ്ങൾ പറയുകയുണ്ടായി. അതിൽ ഒന്ന് കടം ഭയങ്കരമായി കൂടി. ഇ. കെ നായനാരുടെ കഴിഞ്ഞ ഭരണകാലത്ത് 23,919-ൽനിന്ന് 45,929 ആയി കടം ഉയർന്നതിനെക്കുറിച്ച് പറഞ്ഞവർ ഇപ്പോൾ 78,327 ആയിട്ട് കടം ഉയർത്തിയിരിക്കുന്നു എന്നാണ് വിമർശിച്ചത്. 23,919 -ൽ നിന്നും 45,929 ആകുമ്പോൾ എത്ര ശതമാനമാണ് കടം കൂടുന്നത് ? അഞ്ച് കൊല്ലംകൊണ്ട് ഇരട്ടിയായി. ഇപ്പോൾ അഞ്ച് കൊല്ലംകൊണ്ട് ഈ വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 45,929 -ൽ നിന്ന് 78,327 ആയിട്ട് ഉയരുമ്പോൾ 70 ശതമാനമാണ് കടഭാരം കൂടിയിട്ടുള്ളത്. ഇതാണ് വസ്തുത. വേറൊന്ന്, കടത്തിന്റെ തുകയുടെ വലിപ്പം കാണിച്ച് പേടിപ്പിക്കുകയല്ല വേണ്ടത്. ഈ കടത്തിന്റെ ഭാരം എത്രയുണ്ടെന്ന് അറിയണമെങ്കിൽ ഇത് സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനം വരും എന്ന് നോക്കണം. അതിന്റെ കണക്ക് ഞാൻ വായിക്കാം. 2005-06 ൽ 31.7 ശതമാനം. കഴിഞ്ഞ യു.ഡി.എഫ്. ഭരണമവസാനിക്കുമ്പോൾ 41.1 ശതമാനം. 31 ശതമാനത്തിൽ നിന്ന് 41 ശതമാനം. ഇപ്പോൾ എത്രയാണ്? ഈ പറഞ്ഞ 78,327 എന്നത് 32 ശതമാനം. കൃത്യമായിട്ടുള്ള കണക്കാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് പറയുന്നത് എല്ലാം ഇടിഞ്ഞുപൊളിഞ്ഞു വീഴുന്ന മട്ടിലാണ്. ഇത് കേട്ടാൽ ഒരുവിധപ്പെട്ടവർ ഇരുന്നുപോകും. ഇതാണ് യാഥാർത്ഥ്യം. ഒരു കാര്യം നമ്മൾ മനസ്സിലാക്കേണ്ടത് ഏത് സംസ്ഥാന സർക്കാർ ഭരിച്ചാലും ഇപ്പോൾ ധന ഉത്തരവാദിത്വ നിയമത്തിൽ പറയുന്ന മൂന്ന് ശതമാനത്തിനപ്പുറം വായ്പയെടുക്കാൻ പറ്റുകയില്ല. വേണമെന്ന് വച്ചാലും. So it is limited. കേരളത്തിന്റെ കടം ആ റേറ്റ് വച്ച് അഞ്ചു വർഷം കൂടുമ്പോൾ ഏതാണ്ട് ഇരട്ടിയായിക്കൊണ്ടിരിക്കുകയാണ്. ഇതാണ് അതിന്റെ നിജസ്ഥിതി. നാം അത് മനസ്സിലാക്കുന്നത് നന്നായിരിക്കും.

ശ്രീ. ആര്യാടൻ മുഹമ്മദ് : അങ്ങ് പറഞ്ഞു, പെർസന്റേജ് എത്തില്ലെന്ന്. ഒരുകാര്യം, ഇവിടെ അസംബ്ലി പാസ്സാക്കിത്തന്ന 2006-07, 2007-08, 2008-09, വർഷങ്ങളിലെ സി.&എ.ജി. റിപ്പോർട്ടിൽ വന്നതും, ഇതിൽ മാത്രം 25,000 കോടി രൂപ അസംബ്ലി പാസ്സാക്കിത്തന്നത് ചെലവിട്ടിട്ടില്ല. ഈ കൊല്ലത്തേത് വേറെയും. അപ്പോൾ എങ്ങനെ പോയാലും 30,000 കോടി രൂപ വരും. 78,000 കോടി രൂപ പ്ലസ് 30,000 കോടി രൂപ, ഒരു ലക്ഷത്തി എണ്ണായിരം കോടി രൂപ ചെലവഴിക്കാതെ പോയിരിക്കുന്നു. ഇതാണ് ഈ സംസ്ഥാനത്തെ സ്ഥിതി. അതിന്റെയൊന്നും വർക്ക് നടന്നില്ലല്ലോ? 30,000-ത്തോളം കോടി രൂപ ചെലവിട്ടാൽ കടം എത്രയാകുമായിരുന്നു? ഒരുലക്ഷത്തി എണ്ണായിരം കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക് : നമ്മുടെ പദ്ധതി എടുത്താൽ ഓരോ വർഷത്തെയും കണക്ക് ഞാൻ പറയുന്നില്ല. അഞ്ചു വർഷത്തെ ശരാശരിച്ചെലവ് ബഡ്ജറ്റഡ് എമൗണ്ടിന്റെ 90 പെർസന്റ് പ്ലസ് ആയിരിക്കും. ഇപ്പോൾ കുറച്ച് ചെലവായിട്ടില്ല. എന്താണ് കാര്യം? വായ്പയെടുത്ത് എക്സ്റ്റേണൽ എയ്ഡഡ് പ്രോജക്ട്സ് നടപ്പാക്കാത്തതിന്റെ ഭാഗമായി 90 ശതമാനത്തിൽ വന്നു നിൽക്കുകയാണ്. അപ്പോൾ ഈ ചെലവാക്കുന്നത് കുറവ് വന്നിരിക്കുന്നത് നോൺ പ്ലാനിലാണ്. ശമ്പളം തുടങ്ങിയ കാര്യങ്ങൾ എസ്റ്റിമേറ്റ് ചെയ്യുന്നത് ശരിയായ രീതിയിലല്ലെന്നാണ് എന്റെ പക്ഷം. അതുകൊണ്ട് മൊത്തത്തിൽ പരിശോധിക്കേണ്ടതുണ്ട്. ഇന്ററസ്റ്റ് എങ്ങനെ എസ്റ്റിമേറ്റ് ചെയ്യുന്നു? ഓരോ വകുപ്പിനുമുള്ള ശമ്പളവും തുകകളും എങ്ങനെയാണ്? ഇത് എത്രയുണ്ടെന്ന് നോക്കിയല്ല, മുൻവർഷത്തേക്കാൾ പത്തുശതമാനംവച്ച് കൂട്ടിക്കൊണ്ടുപോയിരിക്കുകയാണ്. യഥാർത്ഥത്തിലുള്ള ചെലവും ഇതുമായി പൊരുത്തക്കേടുകളുണ്ട്. അല്ലെങ്കിൽ നോൺപ്ലാൻ എക്സ്പെന്റീച്ചറിൽ ഈ വ്യത്യാസം വരേണ്ട കാര്യമില്ലല്ലോ? നമുക്ക് അത് കൂട്ടായി പരിശോധിക്കേണ്ട ഗൗരവമായ കാര്യമായി ഞാൻ കാണുന്നു. നമ്മുടെ ബഡ്ജറ്റിംഗ് പ്രോസസ്സിലുള്ള ഒരു പോരായ്മയായിട്ടാണ് ഞാൻ അതിനെ കാണുന്നത്.

ശ്രീ. കെ. എം. മാണി : അങ്ങ് ലീസിനെപ്പറ്റി പറഞ്ഞത് ഒന്നുകൂടി പരിശോധിക്കണം. കാരണം, ഞാൻ പറഞ്ഞത് ഷെഡ്യൂൾ 21, 22-ൽ പറയുന്ന കൺവെയൻസിന് ഈടാക്കുന്ന അതേ റേറ്റുതന്നെയായിരുന്നു മോർട്ട്ഗേജിനും അതുപോലെ ലീസിനും. ഇപ്പോൾ കൺവെയൻസിന്റേത് ഭേദഗതി ചെയ്തപ്പോൾ ഓട്ടോമാറ്റിക്കായി മോർട്ട്ഗേജിനും ലീസിനും ഈ ഫെയർ വാല്യു ആപ്ലിക്കബിളായി. അല്ലായിരുന്നുവെങ്കിൽ എക്സ്ക്ലൂഡ് ചെയ്തുകൊണ്ട് ഈ ക്ലോസിൽ ഒരു എക്സ്ക്ലൂഷൻ ക്ലോസ് കൊണ്ടുവരണമായിരുന്നു എന്നാണ് ഞാൻ പറഞ്ഞത്. അങ്ങ് അത് ശ്രദ്ധിച്ചില്ല. രണ്ടാമത്തെ കാര്യം, അങ്ങ് നോക്കിയാൽ മതി. എല്ലാം ഇപ്പോൾ ധനകാര്യമന്ത്രിമാർ സമ്മതിക്കണമെന്നില്ല. ചിലപ്പോൾ സമ്മതിക്കും. ചിലപ്പോൾ സമ്മതിക്കണമെന്ന് നിർബന്ധമില്ല. ധനകാര്യമന്ത്രിമാർ എല്ലാം സമ്മതിച്ചാൽ മോശമായിപ്പോവില്ലേ? എനിക്ക് അങ്ങനെ സമ്മതിക്കണമെന്നൊന്നും നിർബന്ധമില്ല. പക്ഷേ ഞാൻ പറഞ്ഞത് കറക്ടാണെന്ന് I believe. രണ്ടാമത്തെ കാര്യം, ഈ ഫെയർവാല്യുവിലാണ് സ്റ്റാമ്പ് ഡ്യൂട്ടി മുഴുവൻ നിൽക്കുന്നത്. ഫെയർവാല്യു എന്ന് പറയുമ്പോൾ ആർ.ഡി.ഒ. മാർ ആദ്യം ഫോം 'എ' അനുസരിച്ച് പബ്ലിഷ് ചെയ്യുന്നതാണ്. പ്രിലിമിനറി നോട്ടിഫിക്കേഷൻ. പരാതിയെല്ലാം കേട്ടതിനുശേഷം കളക്ടർ ഫോം 'സി' അനുസരിച്ച് നോട്ടിഫൈ ചെയ്യുന്നതാണ് ഫൈനൽ നോട്ടിഫിക്കേഷൻ. ഫൈനൽ എന്ന വാക്ക് ഇതിനകത്തുണ്ട്. ഞാൻ അത് വായിച്ചു കേൾപ്പിച്ചല്ലോ? അപ്പോൾ കളക്ടർമാർക്ക് പരാതി കേൾക്കുന്നതിന് ഓർഡിനൻസിലൂടെ സമയം നീട്ടിക്കൊടുത്തശേഷം ആ പരാതിയിൻമേലുള്ള തീരുമാനം കളക്ടർ എടുത്തിട്ടില്ല. അങ്ങനെ എടുത്ത് ഫോം 'സി' യിൽ

369/14

LIBRARY ARCHIVES Kerala Legislative Assembly

പറയുമ്പോഴാണ് ഫൈനൽ നോട്ടിഫിക്കേഷൻ. അപ്പോഴാണ് ഫൈനൽ ഫെയർ വാല്യു നിലവിൽ വരുന്നത്. ഇതുവരെ നിലവിൽ വന്നിട്ടില്ല. അങ്ങേയ്ക്ക് ഇത് എതിർക്കാനൊക്കില്ല. തർക്കിച്ചതുകൊണ്ട് കാര്യമില്ല, I believe, this is the true position of Law.

ഡോ. തോമസ് ഐസക് : ഇത് ഞങ്ങൾ രണ്ട് ധനകാര്യമന്ത്രിമാർ തമ്മിലുള്ള വർത്തമാനമായിരുന്നു. സാറാണ് പറഞ്ഞത് ധനകാര്യമന്ത്രിമാർക്ക് അങ്ങനെ സമ്മതിച്ചുകൊടുക്കാൻ പറ്റില്ലെന്ന്. നിങ്ങൾക്ക് പറയാം, എനിക്ക് പരാമർശിക്കാൻ പറ്റില്ലെന്ന് പറഞ്ഞാലോ? ....ഞാൻ ആദ്യം പറഞ്ഞത് പോയിന്റിൽ ഈ കൺവെയൻസ് വാല്യുവിന്റെയോ ഭൂമി വിലയുടെയോ അടിസ്ഥാനത്തിലല്ല, ലീസ് മോർട്ട്ഗേജാണെങ്കിൽ വായ്പയെടുക്കുന്ന തുക എത്രയാണ് അതിന്റെ ശതമാനം. തോട്ടത്തിന്റേയും മറ്റും ലീസ് ഡീഡ് ആണെങ്കിൽ അതിന്റെ റെന്റൽ വാല്യു എത്രയാണോ അതിന്റെ അടിസ്ഥാനത്തിൽ. ഇത് മാണിസാർ പറഞ്ഞതുപോലെയാണോയെന്നുള്ളത് നിശ്ചയമായിട്ടും സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാം. ഫെയർവാല്യുവിനെ സംബന്ധിച്ച് മാണിസാർ നിലപാട് പറയുന്നു. നമുക്ക് ഡിപ്പാർട്ടുമെന്റിൽ നിന്ന് പറയുന്നതാണ് കാര്യം. ഇതാണ് എന്റെ ഒഫീഷ്യൽ നിലപാട്. എന്റെ നിലപാട് തെറ്റിയാൽ I am going to pay a very heavy price. ആ റിസ്ക് എടുത്തിട്ടുണ്ട്. ഇരുന്നോട്ടെ. എനിക്ക് തെറ്റിപ്പോയിയെന്നിരിക്കട്ടെ, സാർ പറഞ്ഞതുപോലെ ഇതുവരെ പിരിച്ച മുഴുവൻ സ്റ്റാമ്പ് ഡ്യൂട്ടിയും തിരിച്ചു കൊടുക്കണ്ടേ? അതിന്റെ റിസ്കും ഞാൻ എടുത്തിരിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : ആമുഖമായി പറഞ്ഞത് പഞ്ചായത്തിന് സർച്ചാർജ്ജ് ചെയ്യാനുള്ളതൊന്നും ഞങ്ങൾ എടുത്തുകളയുന്നില്ല, ഒന്നും നഷ്ടപ്പെടുത്തുന്നില്ല എന്നാണ്. ഈ ബില്ലിൽ 30 (എ) -ൽ ഹെഡ്ഡിംഗ് തന്നെ എന്താണെന്ന് അറിയാമോ? മുദ്രവിലയിൻമേൽ സർച്ചാർജ്ജ് ഇല്ല. എന്നിട്ട് പറയുന്നത് "1994-ലെ പഞ്ചായത്ത്രാജ് ആക്ടിലോ 1994-ലെ മുനിസിപ്പൽ ആക്ടിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു കരണത്തിൻമേൽ ഒരു ഗ്രാമപഞ്ചായത്തോ മുനിസിപ്പാലിറ്റിയോ അല്ലെങ്കിൽ മുനിസിപ്പൽ കോർപ്പറേഷനോ മുദ്ര വിലയിൻമേൽ സർച്ചാർജ്ജ് ചുമത്തുവാനോ സമാഹരിക്കുവാനോ പാടുള്ളതല്ല." ഇത് പഞ്ചായത്തിന് നഷ്ടമല്ലേ? അങ്ങനെ വരില്ലെങ്കിൽ ഇത് ഒഴിവാക്കിക്കൂടേ?

ഡോ. തോമസ് ഐസക് : അതും നോക്കാം.

ശ്രീ. കെ. എം. മാണി: ബഡ്ജറ്റ് പാരാ 215-ൽ ഇറക്കുമതി ചെയ്ത പഞ്ചസാരയ്ക്ക് നികുതി ഒഴിവുനൽകുന്നു എന്ന് അങ്ങ് പറഞ്ഞു. നിലവിൽ 'വാറ്റ്' -ൽ മൂന്നാം പട്ടികയിൽ നാല് ശതമാനത്തിലാണ് ഇത് കിടന്നിരുന്നത്. ഇപ്പോൾ ഒഴിവാക്കണമെങ്കിൽ മൂന്നാം പട്ടികയിൽനിന്ന് ഒന്നാം പട്ടികയിലേയ്ക്ക് മാറ്റണം, സീറോയിലേയ്ക്ക് മാറ്റണം. പഞ്ചസാര ഒഴിവാക്കുന്നു എന്നുപറഞ്ഞാൽ പഞ്ചസാരയ്ക്ക് ഒഴിവ് കിട്ടണമെങ്കിൽ ഈ ബില്ലിൽ ചെയ്യേണ്ടത് മൂന്നാം പട്ടികയിൽ കിടക്കുന്നതിനെ സീറോയിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവരണം. പക്ഷേ ഇപ്പോൾ അത് കൊണ്ടുവന്നിട്ടില്ല. മൂന്നാം പട്ടികയിൽനിന്ന് ഒഴിവാക്കി.. ഒന്നാം പട്ടികയിൽ ചേർത്തതുമില്ല. അപ്പോൾ മൂന്നിലുമില്ല ഒന്നിലുമില്ലാത്തതിനാൽ പന്ത്രണ്ടര ശതമാനം നികുതി വർദ്ധിച്ചുവരികയാണ്. അങ്ങ് സദുദ്ദേശത്തോടെ ചെയ്തതാണ്. അങ്ങ് അത് നോക്കിയിട്ടില്ല. ഞാൻ നോക്കണമെന്നേ പറയുന്നുള്ളു. അല്ലാതെ കുറ്റപ്പെടുത്തുകയാണെന്ന് വിചാരിക്കരുത്. ഒഴിവാക്കുന്നു എന്ന സദുദ്ദേശത്തോടെ പ്രഖ്യാപിച്ചു. ഡ്രാഫ്റ്റ് ചെയ്ത് ഞങ്ങൾക്ക് തന്നിരിക്കുന്ന ബില്ലിൽ അത് നടപ്പിലാകുകയാണെങ്കിൽ പഞ്ചസാരയ്ക്ക് പന്ത്രണ്ടര ശതമാനം നികുതി വരികയാണ്. പണ്ട് നാല് ശതമാനമേ ഉണ്ടായിരുന്നുള്ളു. ഒഴിവാക്കുന്നതിന് പകരം പന്ത്രണ്ടര ശതമാനമായി കൂടുകയാണ് ചെയ്തത്. അങ്ങ് ലാ സെക്രട്ടറിയോട് അഡ്വൈസ് ചോദിച്ചാൽ മതി. ചോദിച്ചിട്ട് ഞാൻ പറയുന്നത് ശരിയാണെങ്കിൽ സബ്ജക്ട് കമ്മിറ്റിയിൽ മാറ്റുക.

ഡോ. തോമസ് ഐസക് : നിശ്ചയമായും. അങ്ങനെ പോരായ്മയുണ്ടെങ്കിൽ സബ്ജക്ട് കമ്മിറ്റിയിൽ നോക്കി പരിശോധിച്ച് തിരുത്താവുന്നതേയുള്ളു.

കുഴിയടയ്ക്കുന്നതിനെക്കുറിച്ച് ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞു. അതുകൂടി പറഞ്ഞ് ഞാൻ നിർത്തുകയാണ്. ഇത് കാക്ക എണ്ണിയതുപോലെയല്ല. ബഹുമാനപ്പെട്ട മെമ്പർ നാട്ടിൽ ചെന്ന് അവിടുത്തെ സബ്ഡിവിഷൻ ഓഫീസിൽ പോയി ഓരോ റോഡിലും അതിന്റെ ചെയിനേജ്, സ്ഥലപ്പേര് എന്നിവ വച്ച് എന്തായിരുന്നു അവിടത്തെ കുഴി, അത് അടച്ചോ ഇല്ലയോ എന്ന് നോക്കണം. അത് നടക്കുമോ ഇല്ലയോ എന്നൊരു സംശയമുണ്ടായിരുന്നു. കാരണം സാധാരണ ഗതിയിൽ നടപ്പില്ലാത്ത ഒരു കാര്യമാണ്. അതുകൊണ്ട് കഴിഞ്ഞ ഒരാഴ്ചയായി ഫിനാൻസ് ഇൻസ്പെക്ഷന്റെ 75 അംഗ ടീം കേരളത്തിലെ എല്ലാ ജില്ലകളിലും റാന്റം പരിശോധന നടത്തുകയാണ്. അതിൽനിന്ന് വളരെ വ്യക്തമായി വരുന്ന ഒരു കാര്യം ഈ പണി നടന്നിട്ടുണ്ടെന്നാണ്. അല്ലാതെ വെറുതെ ചെയ്യുമെന്ന് പ്രഖ്യാപിക്കലല്ല. ഇത് നടക്കുമെന്ന് പറയുന്നതിന് എന്താണ് കാരണം? അതിനുള്ള സംവിധാനം എന്താണ്? ഒന്ന്, ഏത് പത്രത്തിലും ടെലിവിഷനിലും ഒരു വാർത്തയോ ചിത്രമോ വന്നാൽ അതിനോട് പ്രതികരിച്ചിരിക്കണം. പതിനാറ് പേരാണ് പരാതി കോൾ സെന്ററിൽ വർക്ക് ചെയ്യുന്നത്. ഒരു പരാതി വന്നുകഴിഞ്ഞാൽ അത് ഏത് റോഡെന്ന് കണ്ടുപിടിക്കാൻ സ്വല്പം സമയമെടുക്കുന്നുണ്ട്. എങ്കിലും വലിയ താമസമില്ലാതെ അവിടത്തെ എ.ഇ.യോ എ.എക്സ്.ഇ.യോ വിളിച്ചു പറഞ്ഞിരിക്കും. അയാൾ 48 മണിക്കൂറിനുള്ളിൽ പരാതിക്കാരനെ ബന്ധപ്പെട്ട് പരിഹാരം പറയണം, പരിഹാരം നടപ്പാക്കണം. ഇത് റിപ്പോർട്ട് ചെയ്യണം. ഇത് വെബ്സൈറ്റിൽ വരികയാണ്. ഏതെങ്കിലും എഞ്ചിനീയർ തുടർച്ചയായി ചെയ്യുന്നില്ലെന്ന് പരാതി വന്നാൽ അടുത്തയാഴ്ചമുതൽ ഓട്ടോമാറ്റിക്കായി വെബ്സൈറ്റിൽ വരും. പരാതി വന്നില്ലെങ്കിലോ? അതൊക്കെ കാണാം, നടപടിയെടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരത്തിൽ നമ്മുടെ ഡിപ്പാർട്ടുമെന്റിന് പരിപൂർണ്ണ ഫ്രീഡം കൊടുക്കുകയാണ്. 50,000 രൂപ ഇംപ്രെഡ്സ് മണി. അവർക്ക് നേരിട്ട് എക്സിക്യൂട്ട് ചെയ്യാം. ലോക്കൽ റേറ്റ് എടുക്കാം. കാർ എടുക്കുകയാണെങ്കിൽ കാറിന്റെ വാടകയ്ക്ക് എടുത്തോ? But it must be accountable. ഈ അക്കൗണ്ടബിലിറ്റി കൊണ്ടുവരുന്ന ഒരു സംവിധാനമാണ് ഇത്. പക്ഷേ ആ അക്കൗണ്ടബിലിറ്റി വരുന്നുണ്ട്.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഇവിടെ അങ്ങ് തെറ്റിദ്ധരിച്ചതാണ്. അങ്ങ് കുഴിയടയ്ക്കാനുള്ള ശ്രമം നടത്തുന്നില്ലെന്നൊന്നും ഞാൻ പറഞ്ഞില്ല. കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി കുഴിയടയ്ക്കുന്നിടത്ത് പോയി നിന്ന് അപഹാസ്യനാകരുത്, അങ്ങയുടെ കീഴിലുള്ള പി.ഡബ്ല്യു.ഡി.വകുപ്പിനെ അങ്ങേയ്ക്കിപ്പോൾ കുറച്ചുകാലമായിട്ടുള്ള വിശ്വാസം പോലെ ഞങ്ങൾക്കു വിശ്വാസമല്ല. അതുകൊണ്ട് അങ്ങയുടെ പേര് മോശമാകണ്ടയെന്ന അർത്ഥത്തിൽ പറഞ്ഞതാണ്.

ഡോ. തോമസ് ഐസക്: സർ, ആ അപകടവും സാദ്ധ്യതയും റിസ്ക്കുമെല്ലാം കാണുന്നുണ്ട്. പക്ഷേ ഞാൻ സഭയിൽ പറയുകയാണ് It has started ticking, it is responding. അത് രണ്ടാഴ്ചയ്ക്കുള്ളിൽ മാറ്റം കാണാം. ഇപ്പോൾ 6,200 കിലോമീറ്റർ ദൈർഘ്യത്തിന് പാച്ച്വർക്കിന് ടെന്റർ വിളിച്ചിട്ടുണ്ട്. Wait and see the difference. അവസാനമായി ഇവിടെ കെ. സി. ജോസഫ് പ്രസംഗിച്ചപ്പോഴും നേരത്തെ തിരുവഞ്ചൂരും ഫിനാൻസ് ബില്ലിന്റെ ചർച്ചയിൽ മതേതരത്വത്തെക്കുറിച്ച് പറയുകയുണ്ടായി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പ്രസംഗം തീർക്കുകയാണെന്ന് എനിക്ക് തോന്നുന്നു. എം.എൽ.എ.ഫണ്ട് നാട്ടിൽ വികസനത്തിനുവേണ്ടി വിനിയോഗിക്കുന്നതാണ്. ആ എം.എൽ.എ. ഫണ്ടിനകത്ത് ഞങ്ങൾ ഈ തുക നിർമ്മിതി കേന്ദ്രം പോലെ ഗവൺമെന്റിന്റെ തന്നെ സ്ഥാപനങ്ങൾ അവിടെ ഈ പണി ചെയ്യുകയാണ്. അതിന് വാറ്റിന്റെ 12 ശതമാനം ടാക്സ് പിടിക്കുന്നതിനുവേണ്ടി നടപടിയെടുക്കുകയാണ്. ഒന്നുകിൽ അങ്ങ് തുക വർദ്ധിപ്പിക്കുക. അതല്ലെങ്കിൽ വാറ്റെങ്കിലും ഒഴിവാക്കിത്തരുക. എം.എൽ.എ. ഫണ്ടിന് ടാക്സ് അടയ്ക്കുന്ന ഏർപ്പാട് ശരിയല്ല. അത് അങ്ങ് പിൻവലിക്കുമോ? പിൻവലിക്കണമെന്ന് ഞങ്ങൾ നിരവധി പ്രാവശ്യം അങ്ങയോട് ആവശ്യപ്പെട്ടതാണ്. അങ്ങ് അന്നൊന്നും ചെയ്തില്ല. പണി നടക്കുന്ന ഈ സന്ദർഭത്തിലെങ്കിലും ഇവിടെ എൻജിനീയർമാരുടെ കാര്യങ്ങളൊക്കെ അങ്ങ് പറഞ്ഞല്ലോ. ഞാൻ അതിന്റെ മറുവശത്ത് പോകുന്നില്ല. ഈ സന്ദർഭത്തിലെങ്കിലും ഈ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനത്തിന് വാറ്റിൽനിന്ന് ഇതിനെ ഒഴിവാക്കുന്നതിനുള്ള നടപടിയെടുക്കുമോ?

ഡോ. തോമസ് ഐസക്: സർ, അത്തരത്തിലുള്ള ഒരു എക്സംപ്ഷൻ നൽകാൻ പാടില്ലെന്നുള്ളതാണ് എന്റെ നിലപാട്. പക്ഷേ അത് ഞാൻ ആലോചിക്കാം. കാരണമെന്താണെന്നുവച്ചാൽ സർക്കാരിന്റെ വർക്കുണ്ട്, ഇത് എം.എൽ.എ.യുടെ വർക്ക്. സർക്കാരിന്റെ വർക്കുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് കോൺട്രാക്ടർമാർ വഴി ചെയ്യിക്കുന്നത്. ഇതിലെല്ലാറ്റിൽനിന്നും ഒഴിവാക്കണോ? സർക്കാർ സ്ഥാപനങ്ങൾ, പഞ്ചായത്ത് ഇവരെല്ലാം നടത്തുന്നതിനൊന്നും നികുതി വേണ്ടെന്നുള്ള നിലപാടിലേയ്ക്ക് എത്തിച്ചേരാം. അതുകൊണ്ട് അതിനോട് എനിക്ക് യോജിപ്പില്ല. എങ്കിലും ആലോചിക്കാം.

ഞാൻ പറഞ്ഞുവന്നത്, ഇവിടത്തെ സംസാരം കേട്ടിട്ട് വലിയ അത്ഭുതമുണ്ടായി തിരുവഞ്ചൂരേ. കാരണം മതവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ വോട്ട് ചെയ്യണം, രാഷ്ട്രീയത്തിൽ ഇടപെടണം എന്ന് പള്ളിയിലെ ഒരു വിഭാഗം ഇടയലേഖനമിറക്കിയിട്ട് അതിനെ കയ്യടിക്കാൻ നിൽക്കുന്നത് നമുക്ക് ഭൂഷണമാണോ? ഇതിപ്പോൾ ഈശ്വരവിശ്വാസമുണ്ടോ ഇല്ലയോയെന്നുള്ള ഹിതപരിശോധനയാക്കി തെരഞ്ഞെടുപ്പിനെ മാറ്റാൻ ചിലർ ഇറങ്ങിയിരിക്കുകയാണ്. അതിന് കോൺഗ്രസ്സ്, ... അല്ല മാണി സാർ തന്നെയാണ് അതിന്റെ വക്താവ്. ആർ.എസ്.എസ്. പറയുന്നത് അവരും ഹൈന്ദവമത വിശ്വാസം എന്നുകരുതുന്നതിന്റെ അടിസ്ഥാനത്തിൽ വേണം രാഷ്ട്രീയം കൈകാര്യം ചെയ്യാനെന്നാണ്. എസ്.ഡി.പി.ഐ.പോപ്പുലർ ഫ്രണ്ട് പറയുന്നത് മതവിശ്വാസത്തെക്കുറിച്ചുള്ള അവരുടെ സങ്കൽപ്പം അനുസരിച്ച് പ്രവർത്തിച്ചില്ലെങ്കിൽ കൈ വെട്ടും, കാല് വെട്ടും .... ഈ കേരളത്തിൽ, ഇങ്ങനെ തന്റേടത്തോടുകൂടി തെരുവിൽ നടന്നുപറയാൻ ആരെങ്കിലും ധൈര്യപ്പെടുമെന്ന് ഒരു പതിറ്റാണ്ടുമുമ്പ് നിങ്ങൾ കരുതിയിട്ടുണ്ടോ? അങ്ങോട്ടാണ് പോകുന്നത്. അപ്പോൾ ഈ കോൺഗ്രസ്സിനെപ്പോലുള്ള പാർട്ടി, കെ. എം. മാണി സാർ പറഞ്ഞാൽ എനിക്ക് അത്ഭുതമില്ല. പക്ഷേ കോൺഗ്രസ്സുണ്ടല്ലോ. നിങ്ങൾ ഈ സഭയിൽ ഇന്നുപറഞ്ഞൊരു നിലപാട് അത് മതേതരസങ്കൽപ്പങ്ങൾക്ക് വിരുദ്ധമാണ്. ഈ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന അധഃപതനത്തിന് നിങ്ങൾ കൂട്ടുനിന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സംശയമൊന്നും വേണ്ട ഈ രാഷ്ട്രീയം കേരളത്തിൽ നമുക്ക് ചർച്ച ചെയ്യാം. സകലസ്ഥലത്തും ചർച്ച ചെയ്യാം. മതവിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണോ അല്ലയോ രാഷ്ട്രീയം കൈകാര്യം ചെയ്യേണ്ടത് എന്നുളളത് സംബന്ധിച്ച് ചർച്ചയാകാം.

<u>ശ്രീ. കെ. എം. മാണി:</u> സർ, Religion is the opium. മതം മനുഷ്യനെ കറക്കുന്ന കറുപ്പാണ് എന്നു വിശ്വസിക്കുന്ന മാർക്സിസ്റ്റ് പാർട്ടിക്ക് അനുകൂലമായി ഈശ്വരവിശ്വാസമുള്ള ഏതൊരു സമൂഹത്തിനും യോജിക്കാൻ കഴിയില്ല. നിങ്ങൾക്ക് അനുകൂലമായി പള്ളിയിൽ വായിക്കണമെന്ന് പറഞ്ഞാൽ വല്ലതും പറ്റുമോ? മാർക്സിസ്റ്റ് പാർട്ടിക്ക് വേണ്ടി പള്ളിയിൽ ഇപ്പോൾ വായിക്കാൻ പറ്റുമോ? എന്താണ് ഈ പറയുന്നത്.....(ബഹളം)...

<u>ഡോ. തോമസ് ഐസക്:</u> സർ, മാണിസാറേ പള്ളിയിൽ കേരള കോൺഗ്രസ്സിനുവേണ്ടി വായിക്കണ്ട, കോൺഗ്രസ്സിനുവേണ്ടി വായിക്കണ്ട, മാർക്സിസ്റ്റ് പാർട്ടിക്കുവേണ്ടിയും വായിക്കണ്ട. പള്ളിയിൽ ദൈവകാര്യങ്ങൾ, മതത്തിന്റെ കാര്യങ്ങൾ ചർച്ച ചെയ്താൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: സർ, പല ദിവസമായി ഈ കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുന്നതുകൊണ്ടാണ്. ഞാൻ മതേതരത്തിൽ വിശ്വസിക്കുന്നവനാണ്. പക്ഷേ യഥാർത്ഥ ക്രൈസ്തവ വിശ്വാസിയാണ്. എന്താണ് ഇപ്പോൾ ഇടയലേഖനം? ഇടയലേഖനം എന്നുപറയുന്നത് ബിഷപ്പുമാർ, രൂപതകളുടെ തലവൻ എന്ത് ആഗ്രഹിക്കുന്നു, വിശ്വാസികളോട് പറയാൻ ആഗ്രഹിക്കുന്നു ആ കാര്യം ഞായറാഴ്ച ദിവസങ്ങളിൽ വിശദീകരിക്കും. ....(ബഹളം)..... പറയട്ടെ...ഒന്നുപറയട്ടെ.....

മി. സ്പീക്കർ: അദ്ദേഹം പറയട്ടെ.

ശ്രീ. പി. സി. ജോർജ്: സർ, ഈ ഇടയലേഖനം ഞാൻ കേട്ടതാണല്ലോ സർ. ആ ഇടയലേഖനത്തിൽ ആർക്കും വോട്ട് ചെയ്യരുതെന്നല്ല. നിരീശ്വരപ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കരുതെന്ന് അർത്ഥം വരത്തക്കരീതിയിൽ വോട്ടിനെ പറ്റി പറഞ്ഞിരിക്കുന്നു. അത്രയേയുള്ളു.

ഡോ. തോമസ് ഐസക്: സർ, അവിടെ സ്വതന്ത്രന്മാരെക്കുറിച്ച്, സ്വതന്ത്രന്മാരായി വന്നാലും അവരെ നോക്കണം എന്നൊക്കെ ഒത്തിരിയുണ്ട്.

മി. സ്പീക്കർ: യെസ്.....യെസ്..... പ്ലീസ്.....

ശ്രീ. പി. സി. ജോർജ്: സർ, യഥാർത്ഥത്തിൽ ഒരു തെരഞ്ഞെടുപ്പ് നടക്കുമ്പോൾ സ്വതന്ത്രന്മാർ മത്സരിക്കുന്നതിൽ തർക്കമില്ല. പക്ഷേ സ്വതന്ത്രന്മാരെ വേഷം കെട്ടി....ആട്ടിൻതോലിട്ട ചെന്നായ്ക്കളെ സൂക്ഷിക്കണം. അതിന് എന്താണ് സർ തർക്കം....(ബഹളം).....

ഡോ. തോമസ് ഐസക്: സർ, അതുതന്നെയാണ്. ജോർജ് ആയാലും .... കേരള കോൺഗ്രസ്സ് ആ നിലപാട് പറയുന്നതിൽ എനിക്ക് അത്ഭുതമില്ല. പക്ഷേ കോൺഗ്രസ്സ് ഏത് കോൺഗ്രസ്സ്? ജവഹർലാൽ നെഹ്രുവിന്റെ കോൺഗ്രസ്സ് ഈ നിലപാട് എടുക്കാൻ പാടില്ല. ...(ബഹളം)....

ശ്രീ. കെ. എം. മാണി: സർ, ...ഞങ്ങൾ ഉള്ളത് പറയും ഈ രാജ്യത്ത് എല്ലാവർക്കും ഫണ്ടമെന്റൽ റൈറ്റ് ഉണ്ട്. നമുക്ക് ഇഷ്ടമുള്ള പാർട്ടിക്ക് വോട്ട് ചെയ്യാൻ, ഇഷ്ടമുള്ള പാർട്ടിക്കുവേണ്ടി പ്രചരണം നടത്താൻ ഫണ്ടമെന്റൽ റൈറ്റ് ഉണ്ട്. പള്ളി ഒരിക്കലും....പ്ലീസ്......പള്ളി ഒരിക്കലും ഒരു പാർട്ടിക്കുവേണ്ടിയല്ല. ചർച്ച് ഒരിക്കലും ഒരുപാർട്ടിക്ക് വേണ്ടി നിലകൊള്ളുന്നില്ല. ....സെക്കുലർ........(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ .....

ഡോ. തോമസ് ഐസക്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്......

ശ്രീ. വി. ഡി. സതീശൻ: സർ, ബഹളം ഉണ്ടാക്കല്ലേ. അങ്ങ് ജവഹർലാൽ നെഹ്രുവിന്റെ കോൺഗ്രസ്സിന്റെ അഭിപ്രായത്തെക്കുറിച്ചാണല്ലോ പറഞ്ഞത്. അങ്ങ് പറഞ്ഞ ഒരു പ്രധാനപ്പെട്ട പോയിന്റ് മതവിശ്വാസികൾ സഭ, സാമൂഹിക പ്രശ്നങ്ങളും രാഷ്ട്രീയകാര്യങ്ങളും ചർച്ച ചെയ്യരുത്, മതം മാത്രം ചർച്ച ചെയ്യണമെന്നാണ്. എന്നിട്ട് അങ്ങ് ആർ.എസ്.എസ്.നേയും സഭയേയുംകൂടി കൂട്ടിയിണക്കി വളരെ മോശമായ രീതിയിൽ. യഥാർത്ഥത്തിൽ.....(ബഹളം)....മന്ത്രി മറുപടി പറയുമല്ലോ. നിങ്ങൾ എന്തിനാണ് മറുപടി പറയുന്നത്. നിങ്ങളാണോ മറുപടി പറയുന്നത്. മന്ത്രി മറുപടി പറയും.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: യെസ്...യെസ്...

ശ്രീ. വി. ഡി. സതീശൻ: അതിനുപകരം ഞങ്ങൾ കോൺഗ്രസ്സുകാർ ആർ.എസ്.എസ്.നേയും നിങ്ങളേയും കൂട്ടിയിണക്കുന്നു. കാരണം നിങ്ങളും ആർ.എസ്.എസ്-ഉം രാഷ്ട്രീയത്തിനപ്പുറം പരസ്പരം തമ്മിലടിക്കാനും പരസ്പരം കുത്തിക്കൊല്ലാനും ശ്രമിക്കുന്ന ആളുകളാണ്. ആ നിങ്ങളാണ് യഥാർത്ഥത്തിൽ ഫാസിസ്റ്റുകൾ. അപ്പോൾ ഈ SDPI -യെ കുറ്റപ്പെടുത്തുന്ന നിങ്ങളും അതേ പാതയിൽത്തന്നെയാണ്. അല്ലാതെ സഭാവിശ്വാസത്തേയും ആർ.എസ്.എസ്.നേയും കൂട്ടിയിണക്കുന്നത് ശരിയായ സമീപനമല്ല. .... (ബഹളം)...

ശ്രീ. സാജു പോൾ: സർ, ബഹുമാനപ്പെട്ട മാണിസാർ ഇവിടെ ഈശ്വരവിശ്വാസമില്ലാത്ത ആളുകൾക്ക് വോട്ട് ചെയ്യരുതെന്ന് പറയാൻ ബിഷപ്പുമാർക്ക് അവകാശമുണ്ടെന്ന് പറഞ്ഞു. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുതന്നെയാണ് എനിക്കും ചോദിക്കാനുള്ളത്. ജവഹർലാൽ നെഹ്രുവിന്റെ, ഇന്ദിരാഗാന്ധിയുടെ, രാജീവ് ഗാന്ധിയുടെ പാർട്ടി ഇന്നും ദൃഢപ്രതിജ്ഞയെടുക്കുന്ന ശ്രീ. എ. കെ. ആന്റണിയുടേയും ശ്രീ. വയലാർ രവിയുടേയും പാർട്ടി നയിക്കുന്ന മുന്നണിക്കകത്ത് ഈശ്വരവിശ്വാസിയാണെന്നു പറയുന്ന മാണി സാറിന് ചടഞ്ഞിരിക്കാൻ കൊള്ളാമോ? ഈ പറയുന്ന ശ്രീ. വി. ഡി. സതീശൻ മഹാത്മാഗാന്ധിയെ കൊന്ന ആർ.എസ്.എസ്.ന്റെ നരാധമൻ നാഥുറാം വിനായക് ഗോഡ്സെയെ ന്യായീകരിക്കുന്ന സമീപനമല്ലേ ഇവിടെ എടുത്തത്? കോൺഗ്രസ്സുകാർക്ക് ചേർന്നതാണോ ഇത്?...... ....(ബഹളം).....

ശ്രീ. കെ.എം. മാണി: ഈ രാജ്യത്ത് ഈശ്വര വിശ്വാസമുള്ള ക്രൈസ്തവർക്കും നായർക്കും ഈഴവർക്കും ബ്രാഹ്മണർക്കും ഈശ്വര വിശ്വാസമുള്ള ഏതൊരു പൗരനും ഈശ്വര വിശ്വാസമില്ലാത്ത ഒരു പാർട്ടിക്ക് വോട്ട് ചെയ്യാതിരിക്കാനുള്ള അവകാശമുണ്ടെന്നേ ഞാൻ പറഞ്ഞുള്ളു. അല്ലാതെ എല്ലാവരും നിങ്ങൾക്ക് വോട്ട് ചെയ്യണം എന്നു പറഞ്ഞാലൊക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ, വളരെ ഗൗരവതരമായിട്ടുള്ള ഒരു പ്രശ്നമാണ് സഭ ചർച്ച ചെയ്യുന്നത്. ബഹുമാനപ്പെട്ട ഡോക്ടർ തോമസ് ഐസക് ഇവിടെ അനലൈസ് ചെയ്തത് ഞാൻ മനസ്സിലാക്കുന്നത് വിശ്വാസത്തിന് അനുകൂലമായ നിലപാട് സ്വീകരിക്കാത്തവരെ ബഹിഷ്കരിക്കുക എന്നൊരു സിദ്ധാന്തം കേരളത്തിൽ ശക്തമായി വളർന്നു വന്നുകൊണ്ടിരിക്കുന്നു എന്നാണ്. എനിക്കറിയാം ഒരുപാട് അനുഭവങ്ങൾ വേണമെങ്കിൽ ചൂണ്ടിക്കാണിക്കാം. ......(ബഹളം)......

ശ്രീ. വി. ഡി. സതീശൻ: മഅ്ദനിയുടെ കൂടെ സ്റ്റേജിൽ ഇരുന്നപ്പോൾ ഇത് ഓർത്തില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: ആ നിലപാട് കേരളത്തിന്റെ മത നിരപേക്ഷതയെ തകർക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട. അതാണ് ഗൗരവതരമായി ചർച്ച ചെയ്യേണ്ടത്. .....(ബഹളം)......

ശ്രീ. ജി. കാർത്തികേയൻ: സർ, ഡോ. തോമസ് ഐസക് സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി മാത്രമല്ല, പാർട്ടിയുടെ സെൻട്രൽ കമ്മിറ്റി അംഗവും കൂടിയാണ്. ശ്രീ. സതീശൻ പറഞ്ഞതുപോലെ അങ്ങ് ഇക്വേറ്റ് ചെയ്തത് കോൺഗ്രസ്സിനെയും ആർ.എസ്.എസ്.-നെയുമാണ്. അങ്ങ് കൈ വെട്ടിയ കാര്യം പറഞ്ഞു. കേരളത്തിൽ കൈകാലുകൾ വെട്ടിയെടുക്കുന്ന അക്രമ രാഷ്ട്രീയം അതിന് പാർട്ടി ഗ്രാമങ്ങളെ തെരഞ്ഞെടുത്ത്...... (ബഹളം)...... സംസാരിക്കാൻ സമ്മതിക്കില്ല.... അത് ശരിയല്ല...അനിഷ്ടമായത് പറയുമ്പോൾ ബഹളമുണ്ടാക്കിയിട്ട് കാര്യമില്ല. പാർട്ടി ഗ്രാമങ്ങളെ തെരഞ്ഞെടുത്ത്, കേരളത്തിൽ പാർട്ടി ഗ്രാമങ്ങൾ ഉള്ളത് നിങ്ങൾക്കും ആർ.എസ്.എസ്.-നും മാത്രമാണ്. പാർട്ടി ഗ്രാമങ്ങളിൽ പാർട്ടി പ്രവർത്തകരെക്കൊണ്ടുവന്ന് ആടുമാടുകളെ കുത്തിക്കൊന്ന് അതിന്റെ ചോര ഒലിപ്പിച്ച് അതിന്റെ മുക്ക് വിറപ്പിച്ച് അവരുടെ ഭയം അകറ്റി ആളുകളെ ട്രെയിൻ ചെയ്യിപ്പിക്കുന്നത് നിങ്ങളാണ്. ആ നിങ്ങൾ കൈകാലുകൾ വെട്ടിയെടുക്കുന്ന രാഷ്ട്രീയം എന്തുമാകട്ടെ. എതിരാളിയെ ഇല്ലാതാക്കുക എതിരാളികളുടെ കൈകാൽ വെട്ടിയെടുക്കുക എന്നുപറയുന്ന ആ രാഷ്ട്രീയം കേരളത്തിൽ കൊണ്ടുവന്നത് നിങ്ങളാണ്.

ഡോ. തോമസ് ഐസക്:. ചർച്ച അവസാനിപ്പിച്ചുകൊണ്ട് എനിക്ക് പരാമർശിക്കാനുള്ളത് ശ്രീ സതീശനും ശ്രീ. കാർത്തികേയനും പറഞ്ഞു ആർ.എസ്.എസ്-നെയും പള്ളിയെയും കൂട്ടിക്കെട്ടരുത് എന്ന്. കൂട്ടിക്കെട്ടുന്നില്ല. ഇപ്പോൾ ഈശ്വര വിശ്വാസിക്കേ വോട്ട് ചെയ്യാൻ പാടുള്ളു എന്നുപറയുന്ന നിലപാടിന്റെ തുടർച്ചയാണ് അടുത്ത സ്റ്റെപ്പെന്താണ്? അടുത്ത സ്റ്റെപ്പാണ് എസ്.ഡി.പി.ഐ.... ഈ പോക്ക് ശരിയല്ല. ആർക്കാണ് വോട്ട് ചെയ്യുന്നത്; എന്തിനുവേണ്ടിയാണ് വോട്ട് ചെയ്യുന്നത്? വോട്ട് ചെയ്യുന്നത് സെക്കുലർ സ്റ്റേറ്റിനുവേണ്ടിയാണ്. ആ സെക്കുലർ സ്റ്റേറ്റിനെ തെരഞ്ഞെടുക്കുന്നത് മതവിശ്വാസത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് പറയുന്നത് രാഷ്ട്രീയമല്ല. ശ്രീ. കാർത്തികേയൻ പറഞ്ഞതിനെക്കുറിച്ച് ഒരു കാര്യംകൂടി പറയാനുണ്ട്. ആർ.എസ്.എസു-മായി ഏറ്റുമുട്ടലുണ്ടായിട്ടുണ്ട്. എസ്.ഡി.പി.ഐ.-യുമായും ഏറ്റുമുട്ടലുണ്ടായിട്ടുണ്ട്. ഞങ്ങളുടെ നൂറുകണക്കിന് സഖാക്കളെ അവർ കൊല ചെയ്തിട്ടുണ്ട്. ഇവിടത്തെ മത ന്യൂനപക്ഷങ്ങളെ വേട്ടയാടുന്ന ആർ.എസ്.എസ്.-ന്റെ ശത്രു ഞങ്ങളാണെങ്കിൽ അക്കാര്യത്തിൽ ഞങ്ങൾക്ക് അഭിമാനമേയുള്ളു. സർ, ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: സർ, ഇപ്പോൾ ഒരു കാര്യം മനസ്സിലായി. മതവിശ്വാസികൾക്കും ഈശ്വര വിശ്വാസികൾക്കും എതിരെയുള്ള ബോധപൂർവ്വമായ നീക്കം ആരംഭിച്ചിരിക്കുന്നു. അതിന്റെ പ്രചരണമാണ് ഈ നിയമസഭയിൽ ഡോ. തോമസ് ഐസക് തുടങ്ങിവച്ചത്.

ഡോ. തോമസ് ഐസക്: ഒരു കാര്യം വ്യക്തമായി ഈ കോൺഗ്രസ്സ് അവരുടെ മതേതര നിലപാടൊക്കെ വിട്ട് മാണിസാറിന്റെ പുറകേ പോകുകയാണ്.

മി.സ്പീക്കർ: ശ്രീ. കെ. കുഞ്ഞിരാമൻ അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. കുഞ്ഞിരാമൻ : പ്രസ് ചെയ്യുന്നില്ല

മി. സ്പീക്കർ : ശ്രീ. കെ. കുഞ്ഞിരാമൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. ശിവദാസൻ നായർ: പ്രസ് ചെയ്യുന്നില്ല

മി. സ്പീക്കർ : ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ഭേദഗതി സഭ നിരാകരിച്ചു.

2010-ലെ കേരള ധനകാര്യ ബിൽ പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച അഞ്ചാം സബ്ജക്ട് കമ്മിറ്റിയുമായി ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ....ഓർഡർ......സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2010 ജൂലൈ മാസം 23-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.45-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly